www.malankaralibrary.com

# കൂദാശകൾ മലങ്കരസഭയിൽ



ഫാ. ലൂയിസ് മൂലവീട്ടിൽ O.I.C.
(എഡിറ്റർ)

www.malankaralibrary.com

# കൂദാശകൾ മലങ്കരസഭയിൽ

ഡോ. ലൂയിസ് മൂലവീട്ടിൽ, ഒ. ഐ. സി.
(എഡിറ്റർ)

Bethany Scholasticate
Poona - 411 014; Maharashtra
India.

www.malankaralibrary.com

**Nihil Obstat:**

Very Rev. Fr. John Berchmans, O. I. C.
Superior General

**Imprimatur:**

† Most Rev. Benedict Mar Gregorios,
Archbishop of Trivandrum

www.malankaralibrary.com

## രചയിതാക്കൾ

| | |
|---|---|
| മാമോദീസാ | — റവ. ഏബ്രഹാം മുളമൂട്ടിൽ |
| മൂറോനഭിഷേകം | — റവ. ജോൺ അരീക്കൽ |
| കുർബാന | — ഡോ. ലൂയിസ് മൂലവീട്ടിൽ, O.I.C |
| കുമ്പസാരം | — ഡോ. ജോൺ പടിഞ്ഞാറേക്കുറ്റ് |
| രോഗികളുടെ തൈലാഭിഷേകം | ഡോ. ലൂയിസ് മൂലവീട്ടിൽ, O.I.C |
| പട്ടത്വം | — റവ. മാത്യു മണലേൽ, M.Th. |
| വിവാഹം | — റവ. തോമസ് പാഴൂർ, M.A. |

www.malankaralibrary.com

*(MALAYALAM)*

**Kudashakal Malankarasabhayil**
(A study of Sacraments in the
Malankara Church)

Editor

**Rev. Dr. Louis Moolaveetil, O.I.C.**
Bethany Scholasticate
Poona—411 014

First Published : December 1980

*Printed at:*

Catholic Mission Press, Kottayam

Price Rs. 10

Copy Right : The Editor

Cover : Jose Palathinkal

Published and available at:

1) Bethany Scholasticate,
Poona—411 014, Maharashtra

2) Bethany Ashram, Kottayam—686010

www.malankaralibrary.com

# ആമുഖം

മനുഷ്യക്ക ജീവൻ ഉണ്ടാകുവാനും അതു് സമൃദ്ധിയായി ഉണ്ടാകുവാനുമാണല്ലോ ദൈവം മനുഷ്യനായിഅവതരിച്ചതു്. അവിടുത്തെ ജനനം, പീഡാസഹനം, മരണം, ഉയിർപ്പു് എന്നിവ പാപത്തിൽ ആണ്ടിരുന്ന ജനതതിക്കു് നിത്യജീവനെ പ്രദാനം ചെയ്തു. ക്രിസ്തുവിൻെറ വേർപാടിനു ശേഷവും ലോകാവസാനം വരെ മനുഷ്യമക്കാംക്ക നിത്യജീവൻ ലഭിക്കുന്നതിനായി അവിടുന്നു സഭയെ സ്ഥാപിച്ചതിൻെറ ഫലമാണു് ജീവൻെറ സ്രോതസ്സുകളായ ഏഴു കൂദാശകാം.

'കാദേശ്', എന്ന സുറിയാനിപദത്തിൽ നിന്നുമാണു് 'കൂദാശ' എന്ന വാക്കിൻെറ ഉത്ഭവം. പ്രസ്തുത പദത്തിൻെറ അത്ഥം 'വിശുദ്ധീകരിക്കുക', 'ശുദ്ധീകരിക്കുക', 'പരിശുദ്ധമാക്കുക' എന്നൊക്കെയാണു്. 'വിശുദ്ധീകരണം' അല്ലെങ്കിൽ ശുദ്ധീകരിക്കൽ എന്നതുകൊണ്ടു് അത്ഥമാക്കുന്നതു് പ്രസാദവരം വഴി ഒരുവനിൽ നടക്കുന്ന പവിത്രീകരണ പ്രക്രിയയാണു്. പ്രസാദവരമോ ഒരുവനെ ദൈവപുത്രനും സ്വഗ്ഗരാജ്യത്തിനവകാശിയുമാക്കി തീർക്കുന്ന ദൈവികദാനമാണു്. പവിത്രീകരണ പ്രക്രിയയിൽ പ്രവത്തിയ്ക്കുന്നതു് ക്രിസ്തു തന്നെയാണു്; കൂദാശ പരികമ്മം ചെയ്യുന്ന പുരോഹിതൻ ക്രിസ്തുവിൻെറ പ്രതിനിധിയും ഉപകരണവുമത്രേ.

ജീവിതത്തിൻെറ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ ദൈവവരപ്രസാദത്തെ പ്രദാനം ചെയ്തു് ദൈവോന്മുഖ യാത്രയിൽ മനുഷ്യനെ സഹായിക്കുകയെന്നതാണു് കൂദാശകളുടെ ലക്ഷ്യം. മാമോദീസായിൽ സ്വീകരിക്കുന്ന പുതുജീവൻ മൂറോനഭിഷേകത്തിലൂടെ പൂണ്ണത പ്രാപിക്കു

www.malankaralibrary.com



കയും തന്മൂലം ഒരുവൻ ക്രിസ്തുവിൻെറ യഥാർത്ഥ പടയാളിയായിതീരുകയും ചെയ്യുന്നു. വിശുദ്ധ കുർബാനയാകട്ടെ ക്രിസ്തുശിഷ്യൻെറ അനുദിനഭക്ഷണമാണ്, ആദ്ധ്യാത്മികാഹാരമാണ്. അവനുണ്ടാകുന്ന രോഗത്തിനുള്ള രണ്ടു ഔഷധങ്ങളാണ് 'കുമ്പസാരവും' 'രോഗികളുടെ തൈലാഭിഷേകവും'. 'കുമ്പസാരം' ആത്മാവിലേററ പാപമുറിവുകളെ സുഖപ്പെടുത്തുമ്പോഠം, പാപത്തിൽ നിന്നുള്ള മോചനവും മരണത്തെ സന്തോഷത്തോടുകൂടി അഭിമുഖീകരിക്കുന്നതിനു വേണ്ട ശക്തി (രോഗിക്കു) നൽകുന്നതു് 'രോഗികളുടെ തൈലാഭിഷേകം' മുഖേനയാണ്. ദൈവജനത്തിൻെറ സാമൂഹ്യവ്യവസ്ഥിതിയ്ക്കു് ഉറപ്പേകുന്ന കൂദാശകളാണ് 'പട്ടത്വ'വും 'വിവാഹ'വും, ദൈവികജീവനിൽ ജനിപ്പിച്ചു് ക്രിസ്തുശിഷ്യനായി വളർത്തുന്നതു് 'പട്ടത്വ'മെന്ന കൂദാശയാണ്; പട്ടത്വം സ്വീകരിച്ച പുരോഹിതനു മാത്രമേ കൂദാശകഠം പരികർമ്മം ചെയ്യുന്നതിനു് അധികാരമുള്ളു. കുടുംബ രൂപീകരണത്തിലൂടെ ദൈവമക്കഠംക്കു് സമൂഹത്തിൽ ജന്മം നൽകുന്നതു് 'വിവാഹമെന്ന' കൂദാശയാണ്. ചുരുക്കത്തിൽ ദൈവികജീവനിൽ ജനിപ്പിച്ചു്, സ്ഥിരീകരിച്ചു്, ഭക്ഷണപാനീയങ്ങഠം മുഖേന ശക്തിപ്പെടുത്തി, രോഗാവസ്ഥയിൽ ഔഷധങ്ങഠം പ്രദാനം ചെയ്തു ശുദ്ധീകരിച്ചു്, ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലുമുള്ള മക്കളെ സമൂഹത്തിനു സംഭാവന ചെയ്തു് സഹായിക്കുകയാണ് കൂദാശകഠം ചെയ്യുന്നതു്.

ഓരോ സഭയ്ക്കും അതിൻെറതായ ആരാധനക്രമവും പാരമ്പര്യങ്ങളും ദൈവശാസ്ത്രസമ്പത്തുമുണ്ടു്. മലങ്കര ആരാധനക്രമത്തിലെ കൂദാശകളുടെ ദൈവശാസ്ത്രം, ആദ്ധ്യാത്മീകത, പ്രതീകാത്മകത്വം എന്നിവയാണ് ഈ പുസ്തകത്തിൻെറ ഉള്ളടക്കം. ഈ പഠനത്തിൽ സുറിയാനിപാരമ്പര്യത്തോട് വിശ്വസ്തത പാലിക്കുവാൻ ലേഖനകർത്താക്കഠം പരിശ്രമിച്ചിട്ടുണ്ടു്. സുറിയാനി സഭാപിതാക്കന്മാരും മല്പാന്മാരുമായ അഫ്രാത്തസ് (+ c. 345), എഫ്രേം (306–373), മോസസ് ബാർ കേഫാ (815–903),

www.malankaralibrary.com



ബാർ സലീബി ( + 1171 ), ബാർ ഹെബ്രേയൂസ് (1226–86) എന്നിവരുടെ ദൈവശാസ്ത്രക്കുറിപ്പുകളും, പ്രഗത്ഭ എഴുത്തുകാരനായ അസ്സമാനിയുടെ (1687–1768) കൗദാശിക ശാസ്ത്ര പഠിപ്പീരും രചയിതാക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ഗ്രന്ഥരൂപീകരണത്തിനു് സഹായിച്ചവർ പലരുണ്ട്. ലേഖനങ്ങൾ തയ്യാറാക്കിതന്നവർ, പ്രസിദ്ധീകരണത്തിനുവേണ്ട പ്രോത്സാഹനം തന്ന തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ററ് മാർ ഗ്രിഗോറിയോസ്, ബഥനി ആശ്രമാദ്ധ്യക്ഷൻ പെ. ബഹു. ഫാ. ജോൺ ബക്കമാൻസ് ഒ. ഐ. സി, എന്നിവരെല്ലാം കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നു. കൂടാതെ ഭാഷാവൈകല്യങ്ങൾ തിരുത്തി തന്നവരോടും അച്ചടി നിർവ്വഹിച്ച കാത്തലിക് മിഷൻ പ്രസ്സ് അധികൃതരോടുമുള്ള കടപ്പാട് അറിയിച്ചുകൊള്ളട്ടെ. അവസാനമായി ഗ്രന്ഥരൂപീകരണത്തിനു് പ്രത്യക്ഷമായൊ പരോക്ഷമായൊ സഹകരിച്ചിട്ടുള്ള ഏവർക്കും നന്ദിയുടെ കൂപ്പുകൈ.

മനുഷ്യ മനസ്സിൽ ആരാധനയുടെ ഭാവങ്ങളുണർത്തി സായൂജ്യം നേടാൻ ആഗ്രഹിക്കുന്ന ഏവർക്കും സഹായകമാകട്ടെയെന്നാശംസിച്ചുകൊണ്ടു് ഈ ഗ്രന്ഥം ബഹുജന സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഡോ. ലൂയിസ് മൂലവീട്ടിൽ, ഒ. ഐ. സി.

പൂനാ

1–12–1980

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം

അദ്ധ്യായം 1: മാമോദീസാ 1

വിശ്വാസത്തിന്റെ കൂദാശ — 3; ഏററുപറച്ചിലിന്റെ കൂദാശ—4; പെസഹാ രഹസ്യത്തിലുള്ള പങ്കുകൊള്ളൽ—4; മാമോദീസായും പുനർജനനവും — 6; മലങ്കര ആരാധനക്രമത്തിൽ — 6; നാമകരണം—14; സാത്താനെ ബഹിഷ്ക്കരിക്കൽ—17; മിശിഹായെ സ്വീകരിക്കൽ — 19; വെള്ളം വാഴ്ത്തൽ — 25; സ്നാപനകർമ്മം — 31.

അദ്ധ്യായം 2: മൂറോനഭിഷേകം 35

വേദപുസ്തകത്തിൽ — 36; പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ—37; ദൈവശാസ്ത്രകാഴ്ചപ്പാടിൽ — 39; മലങ്കരസഭയിൽ — 40; കിരീടധാരണം — 52; ബലിപീഠം മുത്തിക്കുന്നു — 53; കുർബാനാനുഭവം — 57;

അദ്ധ്യായം 3: വി. കുർബാന 60

പ്രാരംഭം — 60; പരസ്യ ശുശ്രൂഷയും വേദവായനകളും — 63; അന്നാഫുറായ്ക്കു മുമ്പുള്ള ഭാഗം — 67; അന്നാഫുറാ — 71; മദ്ധ്യസ്ഥ പ്രാർത്ഥനകൾ — 80; വി. കുർബാന സ്വീകരണത്തിനുള്ള ഒരുക്കം — 82; കുർബാന സ്വീകരണം — 84; സമാപന ശുശ്രൂഷ — 87;

www.malankaralibrary.com



**അദ്ധ്യായം 4: കമ്പസാരം** 89

പാപമോചനത്തിന്റെ കൂദാശ – 89: വിശുദ്ധ ഗ്രന്ഥത്തിൽ – 90; പാപമോചനാധികാരം സഭയിൽ – 94; പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ – 95; പാപമോചന രീതികൾ – 100; മലങ്കര സഭയിൽ – 103; കമ്പസാരത്തിനാവശ്യമായ കാര്യങ്ങൾ – 106; ആദ്യ കമ്പസാരം – 111.

**അദ്ധ്യായം 5: രോഗികളുടെ തൈലാഭിഷേകം** 115

വിശുദ്ധ ഗ്രന്ഥത്തിൽ – 117; ആദിമ നൂററാണ്ടുകളിൽ – 118; ലേപന തൈലം – 121; പ്രതീകാത്മകത്വം – 123; അഭിഷേക കർമ്മം – 125; കന്തീലാ ശുശ്രൂഷ – 134.

**അദ്ധ്യായം 6: പട്ടത്വം** 136

വേദ പുസ്തകത്തിൽ – 137; പാരമ്പര്യത്തിൽ – 139; സ്ഥാനികളും അവരുടെ കടമകളും – 141; മലങ്കര സഭയിൽ – 144; കാശ്ശീശ്ശോ പട്ടം – 145.

**അദ്ധ്യായം 7: വിവാഹം** 157

വേദപുസ്തകത്തിൽ – 158; പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ – 161; വിളിച്ചുചൊല്ല് – 167; വിവാഹ ശുശ്രൂഷ – 168; ഒന്നാം ശുശ്രൂഷ – 169 രണ്ടാം ശുശ്രൂഷ – 176; കിരീടം വാഴ്വ് – 187 പുനർവിവാഹം – 196; ഉപസംഹാരം – 197.

**ഗ്രന്ഥസൂചിക** 198

www.malankaralibrary.com

## അദ്ധ്യായം ഒന്നു്

# മാമോദീസാ

പാപമോചനത്തിനും ദൈവപുത്രസ്ഥാനത്തിനും, സ്വർഗ്ഗപ്രാപ്തിക്കും ഒരുവനെ അർഹനാക്കുവാൻ ക്രിസ്തുവിനാൽ സ്ഥാപിതമായ കൂദാശയാണു് മാമോദീസാ. മാമോദീസാ സ്വീകരണത്തോടുകൂടി അയാൾ ക്രിസ്തീയ സമൂഹത്തിലെ അംഗമായിത്തീരുന്നതുകൂടാതെ മററു കൂദാശകൾ സ്വീകരിക്കുന്നതിനു് അർഹനായിത്തീരുകയും ചെയ്യുന്നു.

'മാമോദീസൊ' (പൗരസ്ത്യ സുറിയാനി ഭാഷയിൽ 'മാമോദീസാ') എന്ന വാക്കിൻെറ അർത്ഥം 'ജ്ഞാനസ്നാനം' എന്നാണു്. 'മാമോദീസൊ' എന്ന പദത്തിനു് സമാനമായിട്ടുള്ള മറെറാരു സുറിയാനി പദമാണു് 'ഒമോദോ'. ഇവ രണ്ടും 'ഒമ്ദൊ', 'ഒമേദ്' എന്നീ ക്രിയാരൂപങ്ങളിൽ നിന്നു് ഉണ്ടായിട്ടുള്ളതാണു്. പ്രസ്തുത വാക്കിൻെറ അർത്ഥം 'കഴുകുക', 'മുക്കുക' എന്നൊക്കെയാണു്. ആദ്യകാലങ്ങളിൽ ജ്ഞാനസ്നാനം കൊടുത്തിരുന്നതു് വെള്ളത്തിൽ മുക്കിയായിരുന്നു. അതിൽനിന്നാണു് 'മാമോദീസാ മുക്കുക' എന്ന പ്രയോഗം തന്നെ നിലവിൽ വന്നതു്.

പഴയ നിയമത്തിലെ നോഹിൻെറ കാലത്തെ ജലപ്രളയം, നോഹിൻെറ പേടകം, ബന്ധനത്തിൽ നിന്നു് മോചനം പ്രാപിക്കുന്നതിനുവേണ്ടി ഇസ്രായേൽ ജനത്തിൻെറ ചെങ്കടൽ മുറിച്ചുള്ള യാത്ര തുടങ്ങിയവയെല്ലാം പുതിയ നിയമത്തിലെ മാമോദീസായുടെ പ്രതിരൂപങ്ങ

www.malankaralibrary.com



ളായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. വി. പത്രോസ് ശ്ലീഹാ പറയുന്നു: "ആ പെട്ടകത്തിൽ (നോഹിന്റെ) വളരെ കുറച്ചു പേർ അതായത്ു എട്ടുപേർ മാത്രം, വെള്ളത്തിലൂടെ രക്ഷപ്പെട്ടു. ഇപ്പോഠം നിങ്ങളെ രക്ഷിക്കുന്ന ജ്ഞാനസ്നാനത്തിന്റെ മുൻ ഛായയായിരുന്നു അത്ു (1 പത്രോ. 3 : 20). പഴയനിയമത്തിലെ ആ രക്ഷാപേടകം പോലെ പുതിയ നിയമത്തിലെ രക്ഷാപേടകമാണ് മാമോദീസാ അല്ലെങ്കിൽ ജ്ഞാനസ്നാനം. ദൈവ രാജ്യത്തിന്റെ സുവിശേഷത്തിൽ വിശ്വസിച്ചുകൊണ്ട് സമഗ്രവും, സമൂലവുമായ മാനസാന്തരത്തിലൂടെ പാപത്തിന്റെ ദാസ്യത്തിൽ നിന്നു രക്ഷ പ്രാപിക്കുന്നവക്ക് ദൈവം നൽകുന്ന രക്ഷാകര ദാനമാണിത്ു. "ജ്ഞാനസ്നാനം ജഡത്തിന്റെ മാലിന്യം കഴുകിക്കളയലല്ല, പ്രത്യുത ഈശോ മിശിഹായുടെ പുനരുത്ഥാനം വഴി ദൈവത്തോട്ു ഒരു നല്ല മനസ്സാക്ഷിയ്ക്കു വേണ്ടിയുള്ള യാചനയാകുന്നു (1 പത്രോ. 3 : 21). ക്രിസ്തുവിൽ വിശ്വസിച്ചും ദൈവത്തിൽ ജീവിച്ചും, നിർമ്മലഹൃദയർക്കുള്ള ദൈവരാജ്യത്തിൽ അംഗങ്ങളാകുവാൻ ജ്ഞാനസ്നാനം ജനങ്ങളെ പ്രാപ്തരാക്കുന്നു.

ക്രിസ്തുവിന്റെ മുന്നോടിയായ സ്നാപകയോഹന്നാന്റെ പ്രസംഗംകേട്ട് അനേകർ തങ്ങളുടെ പാപങ്ങഠം ഏറ്റു പറഞ്ഞ് ജോർദ്ദാൻ നദിയിൽവച്ച് ജ്ഞാനസ്നാനം സ്വീകരിച്ചതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ. 3:6). വീണ്ടും ജനനത്തെപ്പററി ഉപദേശിക്കുന്ന ഭാഗത്ത് യേശു അരുളിച്ചെയ്യുന്നു: 'ഒരു മനുഷ്യൻ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു സാധിക്കുകയില്ല' (യോഹ. 3:6). തന്റെ ഇഹലോക വാസത്തിന്റെ അന്ത്യത്തിൽ ക്രിസ്തു സ്വശിഷ്യഗണത്തിനു കൊടുത്ത പ്രത്യേക ദൗത്യവും മാമോദീസായുടേതായിരുന്നു. '....നിങ്ങഠം പോയി സകല ജനപദങ്ങളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെ

www.malankaralibrary.com



ടുത്തുവിൻ' (മത്താ. 28:18—20). പ്രസ്തുത കല്പനയനുസരിച്ച് അപ്പസ്തോലന്മാർ ജാതികളുടെയിടയിൽ സുവിശേഷം പ്രസംഗിക്കുകയും ക്രിസ്തുവിൽ വിശ്വസിച്ചവർക്ക് ജ്ഞാനസ്നാനം നൽകുകയും ചെയ്തു (നട. 2:38—41; 8:12—13; 16:36—38). അങ്ങനെ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതും, അപ്പസ്തോലന്മാരിൽകൂടി സഭയിൽ ആരംഭം മുതൽ നിലവിലിരിക്കുന്നതുമായ ഒരു കൂദാശയാണ് മാമോദീസാ. പ്രസ്തുത കൂദാശയെക്കുറിച്ചുള്ള മലങ്കരസഭയുടെ പ്രബോധനം, അനുഷ്ഠാനക്രമം, പ്രതീകാത്മകത എന്നിവയാണ് ഇവിടുത്തെ പ്രതിപാദ്യ വിഷയങ്ങൾ.

## മാമോദീസാ: വിശ്വാസത്തിന്റെ കൂദാശ.

സഭാപിതാക്കന്മാർ മാമോദീസായെ വിശ്വാസത്തിന്റെ കൂദാശയെന്നാണ് വിളിക്കുന്നത്. ഇതു് പ്രസ്തുത കൂദാശയുടെ നിർവ്വഹണത്തിൽനിന്നു തന്നെ വ്യക്തമാണ്. മാമോദീസായിലെ പ്രധാന ഘടകങ്ങൾ വിശ്വാസ പ്രഖ്യാപനവും വെള്ളത്തിൽ മുക്കലുമാണ്. വിശ്വാസ പ്രഖ്യാപനത്തിനു ശേഷമാണ് സ്നാപനകർമ്മം തന്നെ നടക്കുന്നതു്. മലങ്കരക്രമത്തിൽ സ്നാനാർത്ഥി (സ്നാനാർത്ഥി ശിശുവാണെങ്കിൽ മദ്ധ്യസ്ഥൻ) വിശ്വാസം പ്രഖ്യാപനം ചെയ്യുന്നതു് ഇപ്രകാരമാണ് '.... മിശിഹാ തമ്പുരാനേ, നിന്നിലും, പരിശുദ്ധന്മാരായ പ്രവാചകന്മാർ, ശ്ലീഹന്മാർ, പിതാക്കന്മാർ എന്നിവരിൽകൂടി ദൈവീകമായി നീ ഭരമേല്പിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും പൂർണ്ണമായി (ഞാൻ) വിശ്വസിക്കുന്നു'.[1] സ്നാനാർത്ഥിയുടെ ഈ വിശ്വാസ പ്രഖ്യാപനം വഴി ആദ്ധ്യാത്മിക രംഗത്തു് അയാളും കൂദാശയിലെ ക്രിസ്തുവും തമ്മിൽ ഒരു സമാഗമമാണ് നടക്കുന്നതു്. വിശ്വാസവും മാമോദീസായും രക്ഷ

1 മലങ്കര സഭയുടെ ആരാധനക്രമം: കൂദാശകൾ (Trivandrum, 1973) P. 15

www.malankaralibrary.com



യുടെ രണ്ടു രൂപങ്ങളാണു്. അവ തമ്മിൽ അടിസ്ഥാന പരമായി ബന്ധപ്പെട്ടിരിക്കുന്നു; അവ തമ്മിൽ വേർപെടു ത്താവുന്നതല്ല.

## മാമോദീസാ: ഏററുപറച്ചിലിൻെറ കൂദാശ.

മാമോദീസാ സ്വീകരിക്കുന്നതോടുകൂടി ഒരുവൻ വി ശ്വാസത്തിൻെറ വിഷയമായ ക്രിസ്തുവിനെ ഏററുപറയു ന്നു. മാമോദീസാ ക്രിസ്തുവിലുള്ള പരിപൂർണ്ണ സമർപ്പണ മാണു്, ക്രിസ്തുവിൻെറ വിളിക്കുള്ള മറുപടിയുമാണു്. ക്രിസ്തുവിലുള്ള സമർപ്പണം കാണിക്കുവാൻ വേണ്ടിയാണു് സ്നാനാർത്ഥി മാമോദീസാ വേളയിൽ വിശ്വാസ പ്രഖ്യാപ നം നടത്തുന്നതും തുടർന്നു് വിശ്വാസപ്രമാണം ചൊല്ലുന്ന തും. കാർമ്മികൻ സ്നാനാർത്ഥിയുടെമേൽ കുരിശടയാളം വരയ്ക്കുന്നതു് ക്രിസ്തുവുമായി സ്നാനാർത്ഥി ബന്ധപ്പെട്ടിരി ക്കുന്നതിനെയാണു് കാണിക്കുന്നതു്. സ്നാനാർത്ഥി ക്രിസ്തു വിൻെറ സഹവർത്തിത്വത്തിലേയ്ക്കു് പ്രവേശിച്ചിരിക്കുന്ന തിൻെറ ബാഹ്യപ്രകടനമാണു്. അതുവഴി, അയാളും, വി. തോമ്മാശ്ലീഹായെപ്പോലെ 'എൻെറ കർത്താവും എൻെറ ദൈവവുമെ'[2] എന്നു് ക്രിസ്തുവിനെ ഏററുപറയുകയാണു് ചെയ്യുന്നതു്.

## മാമോദീസാ: പെസഹാ രഹസ്യത്തിലുള്ള പങ്കുകൊള്ളൽ

മാമോദീസാ വഴി ഒരുവൻ ക്രിസ്തുവിനെ അനുധാ വനം ചെയ്യുന്നതിനു് പ്രതിജ്ഞാബദ്ധനായിത്തീരുന്നു; ക്രിസ്തുവിൻെറ ജീവിതത്തിലെ കേന്ദ്രസംഭവമായ പെ സഹാരഹസ്യത്തോടു് — പീഡാസഹനം, മരണം, ഉയിർ പ്പു് എന്നിവയോടു് — അനുരൂപപ്പെടുന്നു. വി. പൗലോ

2. യോഹ. 20:28

www.malankaralibrary.com



സ്ലീഹാ റോമാക്കാർക്ക് എഴുതുന്നു. "ജ്ഞാനസ്നാനം വഴി നാം അവിടുത്തോടുകൂടി മൃതരായി സംസ്കരിക്കപ്പെടുന്നു........ അവിടുത്തെ മരണത്തിന്റെ സാദൃശ്യത്തിൽ അവിടുത്തോട് യോജിച്ച നാം അവിടുത്തെ ഉത്ഥാനത്തിലും സദൃശമായി അവിടുത്തോട് യോജിക്കണം" 3.

ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തിൽ പ്രധാനമായി രണ്ടു ഘട്ടങ്ങൾ കാണുവാൻ സാധിക്കും: (1) ക്രൂശിക്കൽ, മരണം, സംസ്കാരം, (2) ഉത്ഥാനം. ക്രൈസ്തവീകരണത്തിനും ഈ രണ്ടു ഘട്ടങ്ങൾ കാണാം. (1) പാപത്തിനടിമയായ പഴയ മനുഷ്യന്റെ ക്രൂശിക്കപ്പെടലും മരണവും, സംസ്കാരവും (2) നവജീവനിലേയ്ക്കുള്ള ഉയിർപ്പും മാമോദീസായിൽ ഒരുവൻ പാപം നിറഞ്ഞ പഴയ മനുഷ്യനെ സംസ്ക്കരിക്കുകയും ക്രിസ്തുവിന്റെ പുതിയ വ്യക്തിത്വത്തെ ധരിക്കുകയും ചെയ്യുന്നു: "മിശിഹായിൽ മാമോദീസാ സ്വീകരിച്ച നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നു," എന്ന് വി. പൗലോസ് പറയുന്നതിന്റെ അർത്ഥം ഇതാണ്. വി. അംബ്രോസ് പുറപ്പാടിന്റെ പൂർത്തീകരണമായിട്ടാണ് മാമോദീസായെ കാണുന്നത്. "ചെങ്കടലിൽക്കൂടെ കടന്നുപോന്ന ഇസ്രായേൽ ജനം മരുഭൂമിയിൽ വച്ചു മരിച്ചു; എന്നാൽ മാമോദീസാത്തൊട്ടിയിൽക്കൂടി കടന്നുവരുന്ന, അതായത് ലൗകികതയിൽ നിന്ന് സ്വർഗ്ഗീയതയിലേക്കു കടക്കുന്ന, മരണത്തിൽ നിന്ന് ജീവനിലേക്കു കടക്കുന്ന, പാപത്തിൽ നിന്നു പ്രസാദവരത്തിലേക്കു കടക്കുന്ന; അശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്കു കടന്നു വരുന്ന, മനുഷ്യൻ മരിക്കുന്നില്ല, പ്രത്യുത ഉയിർക്കുന്നു." 4

---

3. റോമ. 6:1–11

4. Beasley-Murray, *Baptism in the New Testament*, Great Britain, 1972 p 268.

www.malankaralibrary.com



## മാമോദീസായും പുനർ ജനനവും

മാമോദീസായിൽ ഒരുവൻ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു് പുതിയ മനുഷ്യനെ ധരിക്കുന്നു: "മിശിഹായിൽ പുതിയ സൃഷ്ടിയായിത്തീരുന്നു." അവൻ അന്ധകാരത്തിൽ നിന്നു് പ്രകാശത്തിലേക്കും അടിമത്വത്തിൽ നിന്നു് സ്വാതന്ത്ര്യത്തിലേക്കും, സാത്താൻെറ സാമ്രാജ്യത്തിൽ നിന്നു് ക്രിസ്തുവിൻെറ സാമ്രാജ്യത്തിലേക്കും കടക്കുന്നു. ഈ നവോത്ഥാനം പൂർണ്ണമല്ല; മാമോദീസായിൽ പുതിയ സൃഷ്ടിയായി ജനിക്കുന്നതേയുള്ളു; പുതിയ സൃഷ്ടി തുടൎന്നു് വളരേണ്ടിയിരിക്കുന്നു; പ്രസാദവരജീവനിൽ അനുസ്യൂതം വളൎന്നു വരണം. മൊപ്സുവെസ്ത്യായിലെ തിയഡോറിൻെറ അഭിപ്രായത്തിൽ "പുനരുത്ഥാനത്തിൽ നമുക്കു കൈവരുന്ന നവീനവും യഥാൎത്ഥവുമായ ജന്മത്തിൻെറ പ്രതീകമാണു് മാമോദീസാ". മാമോദീസാ ജലമാകട്ടെ "ക്രിസ്തുവിൽ ജനിക്കുന്ന പുതിയ മനുഷ്യൻെറ ശവകുടീരവും ഗൎഭ പാത്രവും" ആണു്.[5] ഇപ്രകാരം നവക്രിസ്ത്യാനി ക്രിസ്തുവിൽ പുതിയ വ്യക്തിത്വവും അസ്തിത്വവും പ്രാപിച്ചു് പുതിയ സൃഷ്ടിയായിത്തീരുന്നു.

## മാമോദീസാ മലങ്കര ആരാധനക്രമത്തിൽ

### സജ്ജീകരണങ്ങൾ[6].

മാമോദീസാ ശുശ്രൂഷ ആഘോഷമായി നടത്തുമ്പോൾ, കാൎമ്മികൻ വി. കുർബ്ബാനക്കുള്ള അംശവസ്ത്ര

---

5. Theodore of Mopsuestia: quoted in 'The Making a Christian', by Charles Davis.
6. Cfr. a) മലങ്കര സഭയുടെ ആരാധനക്രമം: p. 72 op cit, pp. IV–VI
   b) വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാന ക്രമം, (Tiruvalla, 1967) p. 67 ff.

www.malankaralibrary.com



ങ്ങളും ധരിക്കുന്നു. നമസ്കാര മേശമേൽ ഇരുവശത്തുമായി രണ്ടു് കത്തിച്ച മെഴുകുതിരികളും, മദ്ധ്യത്തിൽ കുരിശു്, മാമോദീസായ്ക്കുള്ള സൈത്തു്, മൂറോൻ എന്നിവയും മാമോദീസാത്തൊട്ടിയുടെ അടുത്തു് മാമോദീസാക്കുള്ള വെള്ളം, കൈതുടയ്ക്കുവാൻ തുവാല, തുടങ്ങിയവയും ഉണ്ടായിരിക്കണം. മദ്ബഹാ തുറന്നിട്ടുകൊണ്ടാണു് ശുശ്രൂഷ നടത്തുന്നതു്. നമസ്കാരമേശയുടെ മുമ്പിൽ (പടിഞ്ഞാറുവശത്തു്) കാർമ്മികനും, അദ്ദേഹത്തിന്റെ പിന്നിൽ സ്ലാനാർത്ഥിയും (സ്ലാനാർത്ഥി ശിശുവാണെങ്കിൽ വലതുകൈയിൽ ശിശുവിന്റെ തല വരത്തക്കവണ്ണം മദ്ധ്യസ്ഥൻ ശിശുവിനെ എടുത്തുകൊണ്ടു് നിൽക്കുന്നു) നിന്നുകൊണ്ടു് ശുശ്രൂഷയാരംഭിക്കുന്നു. ആൺകുട്ടിക്കു് ഒരു പുരുഷനും പെൺകുട്ടിക്കു് ഒരു സ്ത്രീയുമായിരിക്കണം തല തൊടേണ്ടതു്.

മാമോദീസാ ശുശ്രൂഷയെ പഠനസൗകര്യാർത്ഥം രണ്ടു ഭാഗങ്ങളായി തിരിക്കാം: ഒന്നാം ഭാഗത്തു് പ്രധാനമായും അർത്ഥിയുടെ നാമകരണം, അർത്ഥി, സാത്താനെ ഉപേക്ഷിച്ചു് മിശിഹായെ സ്വീകരിക്കുന്നതു്, സൈത്തുകൊണ്ടുള്ള മുദ്രകുത്തൽ എന്നിവയും, രണ്ടാം ഭാഗത്തു് മാമോദീസാ വെള്ളം വാഴ്ത്തൽ, സ്ലാപന കർമ്മം തുടങ്ങിയവയും ഉൾപ്പെടുന്നു. ഇവയുടെ വിശദീകരണമാണു് ചുവടെ ചേർക്കുന്നതു്.[7]

## ഒന്നാം ഭാഗം

മലങ്കര ആരാധനക്രമമനുസരിച്ചു് കാർമ്മികൻ ത്രിത്വസ്തുതിയോടുകൂടി ശുശ്രൂഷ ആരംഭിക്കുന്നു. അതിനു പ്രത്യുത്തരമായി ജനങ്ങൾ ചൊല്ലുന്ന പ്രാർത്ഥനയിൽ കാണുന്ന "രണ്ടു ലോകങ്ങളിലും" എന്ന പ്രയോഗം സുറിയാനി രീതിയിൽ മാത്രം കാണുന്ന ഒന്നാണു്. 'ഈ ലോകത്തിലും

7. Dr. Mathew Elenjikal – ന്റെ 'Baptism in the Malankara Church (Banglore; 1974), എന്ന പുസ്തകമാണു് ആധാരമായി സ്വീകരിച്ചിട്ടുള്ളതു്.

www.malankaralibrary.com



വരുവാനിരിക്കുന്ന ലോകത്തിലും' എന്നാണ് അതിന്റെ അർത്ഥം. തുടർന്ന് ചൊല്ലുന്ന പ്രാരംഭ പ്രാർത്ഥനയുടെ ആദ്യ ഭാഗത്ത്, മാമോദീസാ എന്ന കൂദാശാനുഷ്ഠാനത്തിന് തന്നെ യോഗ്യനാക്കുന്നതിന് കാർമ്മികൻ ദൈവമായ കർത്താവിനോട് അപേക്ഷിക്കുന്നു; രണ്ടാം ഭാഗത്ത് മാമോദീസായും വീണ്ടും ജനനത്തിനുമായി അടുത്തു വന്നിരിക്കുന്ന സ്നാനാർത്ഥിക്ക് ആത്മരക്ഷ ലഭിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കുന്നു. ഈ പ്രാരംഭ പ്രാർത്ഥനയിൽ ക്രിസ്തീയ മാമോദീസായുടെ സ്വഭാവം, ഫലം തുടങ്ങിയവ ശരിയായി പ്രതിഫലിപ്പിച്ചിട്ടുണ്ട്. തുടർന്നു വരുന്ന ശുശ്രൂഷാ ഭാഗങ്ങളിൽ സ്നാനാർത്ഥിക്ക് ആത്മരക്ഷ എങ്ങനെ ലഭ്യമാകുന്നുവെന്ന് വ്യക്തമാക്കുന്നു.

ജനങ്ങളുടെ നേർക്ക് തിരിഞ്ഞ് നിന്നുകൊണ്ടാണ് 'കുക്കിലിയോൻ' ചൊല്ലുന്നത്. ആൺകുട്ടികൾക്ക് 29–ാം സങ്കീർത്തനം ഒന്നു മുതൽ നാലു വരെയുള്ള വാക്യങ്ങളും പെൺകുട്ടികൾക്ക് 45–ാം സങ്കീർത്തനം ഒൻപതു മുതൽ പതിമൂന്നുവരെയുള്ള വാക്യങ്ങളും പദ്യമായിട്ടോ, ഗദ്യമായിട്ടോ ചൊല്ലുന്നു. 29–ാം സങ്കീർത്തനം 2–ാം വാക്യത്തിൽ കാണുന്ന "വി. മന്ദിരം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവാലയത്തെയാണ്. ആരാധനാലയം ദൈവത്തിന്റെ ഭവനമാണ്; അതുകൊണ്ട് അതു പരിശുദ്ധവുമാണ്. മാമോദീസാ ഒരാളെ ദൈവ ഭവനത്തിലേയ്ക്ക്–സഭയിലേയ്ക്ക്–അടുപ്പിക്കുന്നു. സഭയുടെ അംഗത്വം സ്വീകരിക്കുന്നതോടുകൂടി സ്വർഗ്ഗഭാഗ്യത്തിന് അയാൾ അവകാശിയായിത്തീരുന്നു. 45–ാം സങ്കീർത്തനത്തിൽ "........ എന്റെ മകളേ നീ കാണുകയും ശ്രദ്ധിച്ചുകേൾക്കുകയും ചെയ്യുക............നീ നിന്റെ ജനത്തെയും പിതൃകുലത്തെയും മറക്കുക...." എന്നിങ്ങനെയുള്ള ഉപദേശത്തിൽക്കൂടെ സ്നാനാർത്ഥിയെ മാമോദീസായിലേക്കും, ക്രിസ്തുവിന്റെ പ്രബോധനങ്ങളിലേക്കും ക്ഷണിക്കുന്നു; അവൾ ഇഹലോക ജീവിതത്തെ മറന്ന് പുതിയ ജീവനിലേയ്ക്ക് കടന്ന് ക്രിസ്തുവിൽ ഐക്യപ്പെടുവാൻ ഉദ്ബോധിപ്പിക്കുന്നു. മേല്പ

www.malankaralibrary.com



റഞ്ഞ രണ്ടു പ്രാർത്ഥനകളിലൂടെയും സഭ സ്നാനാർത്ഥികളെ ദൈവശുശ്രൂഷയ്ക്കായി ക്ഷണിക്കുകയാണു് ചെയ്യുന്നതു്.

പുരോഹിതൻ ചൊല്ലുന്ന അടുത്ത പ്രാർത്ഥനയിൽ, അതായതു് "മാമോദീസാ സ്വീകരിക്കുന്നയാളിൻെറ സമീപം........" എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ, ആദ്യമായി അർത്ഥിയെ മാമോദീസാ ജലാശയത്തിലേക്കു് ക്ഷണിക്കുകയും തുടർന്നു് ക്രിസ്തീയ മാമോദീസായുടെ സ്വഭാവം വിവരിക്കുകയും ചെയ്യുന്നു. "ആദ്ധ്യാത്മികമായി നിന്നുകൊണ്ടു് ദാവീദു് പറയുന്നതു്" എന്നതുകൊണ്ടർത്ഥമാക്കുന്നതു് ദാവീദു് പരിശുദ്ധാത്മാവിനാൽ പൂരിതനായി നിന്നുകൊണ്ടു് എന്നതാണു്. "അധ:പതിച്ചവനും........മറുപടിയരുളി" എന്ന ഭാഗം 34-ാം സങ്കീർത്തനം ആറാം വാക്യത്തിൽ നിന്നെടുത്തതാണു്. തുടർന്നുവരുന്ന ഭാഗം ക്രിസ്തുവിൻെറ ജോർദ്ദാനിലെ മാമോദീസായെ സൂചിപ്പിക്കുന്നു. ക്രിസ്തീയ മാമോദീസായുടെ മാതൃകയും അതുതന്നെയാണല്ലോ. പ്രസ്തുത പ്രാർത്ഥനയുടെ രണ്ടാം ഭാഗത്തു് പുതിയ നിയമത്തിലെ മാമോദീസായുടെ സ്വഭാവം വ്യക്തമായി കാണുവാൻ കഴിയും. വരപ്രസാദത്തിൻെറ അടയാളമായിട്ടാണു് മാമോദീസായെ ഇവിടെ വിവരിക്കുന്നതു്. 'കൃപയുടെ മുദ്ര' 'പൊലിഞ്ഞുപോകാത്ത ദീപം' എന്നിവ മാമോദീസായെ ആണു് സൂചിപ്പിക്കുന്നതു്.

കാർമ്മികൻ കിഴക്കോട്ടു് തിരിഞ്ഞുനിന്നുകൊണ്ടു് ചൊല്ലുന്ന അടുത്ത പ്രാർത്ഥനയിൽ അന്ധകാരപൂരമായ പാപജീവിതമുപേക്ഷിച്ചു് നിത്യജീവൻെറ വെളിച്ചത്തിലേയ്ക്കു് വരുന്ന സ്നാനാർത്ഥികൾക്കുവേണ്ടി ദൈവത്തോടു് അപേക്ഷിക്കുകയാണു്. ലോകവ്യഗ്രത അല്ലെങ്കിൽ പാപജീവിതം മൂലമുണ്ടാകുന്ന ദോഷം മനസ്സിലാക്കുന്നതിനു് സ്നാനാർത്ഥിയുടെ ആന്തരിക നയനങ്ങളെ പ്രകാശിപ്പിക്കുന്നതിനും, അതിൻെറ ഫലമായി അയാാം പാപജീവിതമുപേക്ഷിച്ചു് ത്രിയേക ദൈവത്തിനു് സ്തുതിയും സ്തോത്രവുമർപ്പിച്ചുകൊണ്ടുള്ള ഒരു ജീവിതം നയിക്കുന്നതിനും വേ

www.malankaralibrary.com



ണ്ടി നടത്തുന്ന ഒരു അഭ്യർത്ഥനയാണിതു്. തുടർന്നു ചൊല്ലുന്ന 23-ാം സങ്കീർത്തനം ഒന്നു മുതൽ മൂന്നു വരെയുള്ള വാക്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണു്. ദൈവത്തെ ഇടയനായും ആതിഥേയനായുമാണു് ഇതിൽ വിവരിക്കുന്നതു്. ഇടയനായ ദൈവം സ്വന്ത ആടിനെ അല്ലെങ്കിൽ ജനത്തെ എങ്ങനെ കാത്തുപാലിക്കുന്നുവെന്നു് തുടർന്നുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നു. വി. കുർബ്ബാനയുടെ സമാപനപ്രാർത്ഥനയിലും ഈ സങ്കീർത്തനം ചേർത്തിട്ടുണ്ടു്. "ശാന്തമായ ജലാശയം" എന്നതു് ആത്മാവിനു് സമാധാനം നൽകുന്ന മാമോദീസാവെള്ളത്തെയാണു് ഇവിടെ സൂചിപ്പിക്കുന്നതു്.

"യൂഹാനോൻ ഞെട്ടി...." എന്നു തുടങ്ങുന്ന ഗാനത്തിന്റെ പ്രാരംഭത്തിൽ ദൈവത്തിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും 8 തുടർന്നു വെള്ളത്തിന്റെ മാഹാത്മ്യത്തെ വിവരിക്കുകയും ചെയ്യുന്നു. ജലത്താലുള്ള മാമോദീസാ വഴി ക്രിസ്തുതന്നെ വെള്ളത്തെ വിശുദ്ധീകരിക്കുകയും ആദാമിന്റെ മക്കൾക്കു് പുനർജീവൻ ലഭിക്കുന്നതിനുള്ള മാർഗ്ഗമായി അതിനെ ഉയർത്തിക്കാട്ടുകയുമാണല്ലോ ചെയ്തതു്. അത്ഥിയുടെ നേരെ തിരിഞ്ഞു നിന്നുകൊണ്ടാണു് ഈ ഗാനം ആലപിക്കുന്നതു്.

പ്രുമിയോൻ, സെദറാ, എത്രോ പ്രാർത്ഥനകൾ അർത്ഥിക്കുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളാണു്. എന്നാൽ വിശുദ്ധ രഹസ്യത്തിന്റെ വിശദീകരണമെന്ന നിലയിൽ പ്രബോധനത്തിന്റെ സ്ഥാനവുമിതിനുണ്ടു്. തന്റെ ആലയിലേയ്ക്കു് ചേരുന്നവർക്കായി മാമോദീസാ എന്ന കൂദാശ സ്ഥാപിച്ച ക്രിസ്തുവിനോടാണു് കാർമ്മികൻ പ്രാർത്ഥിക്കുന്നതു്. സഭയെ ആടുകളുടെ ആലയായും മാമോദീസായെ ആലയിലേയ്ക്കുള്ള വാതിലായും, ക്രിസ്തു

8. ഐസ.6:3; സങ്കീ. 22:3; വെളി. 4:8

www.malankaralibrary.com



വിനെ ആടുകളുടെ ഇടയനായും ഇതിൽ പ്രതീകാത്മകമാം വിധം ചിത്രീകരിക്കുന്നതു് വളരെ അർത്ഥവത്തും സന്ദർഭോചിതവുമാണു്. പ്രുമിയോനിൽ കാർമ്മികൻ പ്രാർത്ഥിക്കുന്നു: ''വീണ്ടും ജനനത്താൽ ഇവനെ നിന്റെ ജനകന്റെ പുത്രനാക്കണമെ'' എന്നു്. വി. പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്ന 'ദത്തുപുത്രസ്ഥാനം' 9 തന്നെയാണു് ഇവിടുത്തെയും പ്രതിപാദനം. ക്രിസ്തു ദൈവപുത്രനായിരിക്കുന്നതുപോലെ മാമോദീസാവഴി എല്ലാവരും പരമപിതാവിന്റെ പുത്രന്മാരും, ക്രിസ്തുവിന്റെ സഹോദരരും, അവിടുത്തെ കൂട്ടവകാശികളും ആയിത്തീരുന്നു. 'എത്രോ' പ്രാർത്ഥനയിൽ ''ഇവനെ നീ ജീവനിലേയ്ക്കു് മുദ്രകുത്തുകയും നിന്റെ ഭവനാവകാശിയാക്കുകയും ചെയ്യണമെ'' എന്നു ചൊല്ലുമ്പോഴും മേല്പറഞ്ഞ പുത്രസ്ഥാനത്തെയാണു് സൂചിപ്പിക്കുന്നതു്.

സെദറായ്ക്കു ശേഷമുള്ള ഗീതത്തിൽ ജോർദ്ദാൻ നദിയിൽ വച്ചുള്ള ക്രിസ്തുവിന്റെ മാമോദീസായെ പ്രധാനമായും വിശദീകരിക്കുന്നു; എന്നാൽ അതോടൊപ്പം തന്നെ യോഹന്നാന്റെ മാമോദീസായും ക്രിസ്തീയ മാമോദീസായും തമ്മിലുള്ള വ്യത്യാസത്തെയും പ്രസ്തുത ഗീതത്തിൽ എടുത്തു കാണിക്കുന്നുണ്ടു്.

വചനശുശ്രൂഷാഭാഗമാണടുത്തതു്. മററു ശുശ്രൂഷകൾക്കെന്നതുപോലെ മാമോദീസാ ശുശ്രൂഷയ്ക്കും വേദപുസ്തകത്തിൽ നിന്നുള്ള വായനകൾ ഉണ്ടു്. പ്രസ്തുത വായനകളെല്ലാം തന്നെ മാമോദീസായുടെ ദൈവ ശാസ്ത്രമുഖം കൊള്ളുന്നതാണു്. രണ്ടു ലേഖനഭാഗങ്ങളാണു് വായനയ്ക്കായി ശുശ്രൂഷാക്രമത്തിൽ കൊടുത്തിട്ടുള്ളതു്. 10 അതിൽ സാധാരണ വായിക്കുന്നതു് വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിൽനിന്നാണു്. പ്രസ്തുത ഭാഗത്തു്

---

9. റോമ. 8: 15; 9:14 ഗാല. 4:5 എഫേ.1:15
10. റോമ. 5:20—6:4 തീത്തൂസ് 3:5–7

www.malankaralibrary.com



നീതീകരണത്തേയും അതിനുള്ള ദാനത്തെയും കുറിച്ച് പൗലോസ് ശ്ലീഹാ പ്രതിപാദിക്കുന്നു. മനുഷ്യരക്ഷയുടെ ഉറപ്പ്, മനുഷ്യരോടുള്ള ദൈവത്തിന്റെ സ്നേഹത്തിലും, ദൈവികാത്മാവിനെ മനുഷ്യർക്കു നല്കിയിരിക്കുന്നതിലും അടങ്ങിയിരിക്കുന്നു. ഈ ആശയം വ്യക്തമാക്കുവാനായി മനുഷ്യവർഗ്ഗത്തിന്റെ സ്വാഭാവിക തലവനായ ആദാമിനേയും, രണ്ടാമത്തെ ആദാമായ ക്രിസ്തുവിനെയും തമ്മിൽ താരതമ്യപ്പെടുത്തി പൗലോസ് ശ്ലീഹാ സംസാരിക്കുന്നു. അതായതു് ആദം വഴി പാപവും ക്രിസ്തു വഴി രക്ഷയും ഉണ്ടായി; ക്രിസ്തുവഴിയുള്ള രക്ഷയ്ക്കു് ഇന്നു് ഒരുവൻ അർഹനാകുന്നതു് മാമോദീസായെന്ന കൂദാശസ്വീകരണം വഴിയാണു്; മാമോദീസാ വഴി ക്രിസ്തുവിന്റെ മരണത്തിലും, ഉയിർപ്പിലും ഒരുവൻ പങ്കുചേരുന്നു; അതുവഴി നിത്യജീവനിലും അയാരം ഭാഗഭാക്കാകുന്നു. മാമോദീസായുടെ പ്രാധാന്യം ഈ ലേഖനഭാഗത്തു് വ്യക്തമായി കാണുവാൻ സാധിക്കും.

ലൂക്കോസിന്റെ സുവിശേഷം മൂന്നാം അദ്ധ്യായം പതിനഞ്ചും പതിനാറും വാക്യങ്ങളും, യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായം അഞ്ചും ആറും വാക്യങ്ങളും ഉൾക്കൊള്ളുന്നതാണു് സുവിശേഷഭാഗം. ലൂക്കോസിന്റെ സുവിശേഷ ഭാഗത്തു് സ്നാപകയോഹന്നാന്റെ മാമോദീസായും, പുതിയ നിയമത്തിലെ മാമോദീസായും തമ്മിൽ താരതമ്യപ്പെടുത്തുന്നു. ആദ്യത്തേതു് വെള്ളംകൊണ്ടുള്ളതും, പൂർണ്ണമായും സൂചനാപരവുമാണു്. രണ്ടാമത്തേതു് പരിശുദ്ധാത്മാവിനാലും അഗ്നിയാലുമുള്ളതാണു്. യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായം അഞ്ചും ആറും വാക്യങ്ങളിൽ വീണ്ടും ജനനത്തെപ്പററിയും അതിൽ പരിശുദ്ധാത്മാവിനുള്ള പങ്കിനെപ്പററിയും വിവരിക്കുന്നു "ഒരു മനുഷ്യൻ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു് സാധിക്കുകയില്ല." പരിശുദ്ധാത്മാവിനെ ആവസിപ്പിച്ചിറക്കിയ വെള്ളത്തിലാണല്ലോ ഇന്നു് സ്നാനാർത്ഥി

www.malankaralibrary.com



മാമോദീസാ മുക്കപ്പെടുന്നതു്. ആ വിധത്തിൽ നോക്കുമ്പോൾ വെള്ളത്തിൽനിന്നും പരിശുദ്ധാത്മാവിന്റെ ആവാസത്താലുമുള്ള ഒരു വീണ്ടും ജനനമാണു് സ്നാനാർത്ഥിയിൽ സംഭവിക്കുന്നതു്. ഇങ്ങനെയുള്ള ഒരു വീണ്ടും ജനനം സ്നാനാർത്ഥിയുടെ ശരീരത്തെയും ആത്മാവിനെയും ഒരുപോലെ ബാധിക്കുമെന്നതിൽ സംശയമില്ല.

വചന ശുശ്രൂഷ കഴിയുമ്പോൾ ശുശ്രൂഷകൻ "കർത്താവേ ഞങ്ങളോടു് കരുണ ചെയ്യണമെ" എന്നർത്ഥമുള്ള 'കുറിയേലായിസോൻ' എന്ന പദം ഉച്ചത്തിൽ ആവർത്തിച്ചാവർത്തിച്ചു് ചൊല്ലുന്നു. തദവസരത്തിൽ കാർമ്മികൻ കിഴക്കോട്ടു് തിരിഞ്ഞു നിന്നുകൊണ്ടു് തല കുനിച്ചു് "ആത്മ" ശരീരങ്ങളെ പ്രകാശിപ്പിക്കുന്ന പ്രകാശ ദാതാവെ...." എന്നു തുടങ്ങുന്ന പ്രാർത്ഥന രഹസ്യത്തിൽ ചൊല്ലുന്നു. പ്രസ്തുത പ്രാർത്ഥനയിൽ അർത്ഥിയുടെ ജ്ഞാനോദ്ദീപനം, വിശുദ്ധീകരണം എന്നിവ ഭംഗിയായി വ്യക്തമാക്കുന്നുണ്ടു്. അതുപോലെ തന്നെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിൽ സ്വീകരിക്കുന്ന മൂന്നു കൂദാശകളെയും പററി ഈ പ്രാർത്ഥനയിൽ വിവരിക്കുന്നുണ്ടു്. "സൗഭാഗ്യദായകമായ വെള്ളം മുഖാന്തരം രക്ഷാകരമായ നൈർമ്മല്യം നീ പ്രദാനം ചെയ്തു. വിശുദ്ധ തൈലാഭിഷേകത്താൽ ദൈവീകമായ വിശുദ്ധിയും, ഞങ്ങളുടെ കർത്താവായ യേശു മിശിഹായുടെ തിരുശ്ശരീര രക്തങ്ങളിലുള്ള ഭാഗഭാഗിത്വം വഴി അവനോടുള്ള ഐക്യവും നീ ഞങ്ങൾക്കു നൽകി." കൂടാതെ ജീവന്റെ പുസ്തകത്തിൽ അർത്ഥിയുടെ പേരു് എഴുതുന്നതിനും, അതായതു്, വിശുദ്ധന്മാരുടെ സംഘത്തിൽ അവനെ ചേർക്കുന്നതിനും കാർമ്മികൻ പ്രാർത്ഥിക്കുന്നു. പേരെഴുതലിനെപ്പററി പല ആദ്ധ്യാത്മിക വ്യാഖ്യാനങ്ങളുമുണ്ടു്. മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെ അഭിപ്രായത്തിൽ ഈ മനുഷ്യൻ ഇനിമേൽ സാത്താന്റെ സ്വന്തമല്ല, പി

www.malankaralibrary.com



ന്നയൊ ദൈവത്തിന്റെ സ്വന്തമാണ് 11. നിസായിലെ ഗ്രിഗറി അൎത്ഥികളെ ക്ഷണിച്ചുകൊണ്ടു പറയുന്നു: "നിങ്ങളുടെ പേരുകൾ തരുക, ഞാൻ അവ മഷിയാൽ എഴുതട്ടെ; എന്നാൽ ദൈവം അവ നാശമില്ലാത്ത എഴുത്തു പലകകളിൽ എഴുതും. എബ്രായക്കാരുടെ നിയമം എഴുതിയതുപോലെ അവിടുന്നു് തന്റെ കൈവിരലുകൾ കൊണ്ടു് അതു് എഴുതും". 12 രഹസ്യത്തിലുള്ള പ്രാൎത്ഥന കഴിയുമ്പോൾ കാർമ്മികൻ പടിഞ്ഞാറോട്ടു് തിരിഞ്ഞു്, നിർട്ടിഷ്ട പ്രാൎത്ഥന ഉച്ചത്തിൽ ചൊല്ലുകയും അതിന്റെ അവസാനത്തിൽ അൎത്ഥിയുടെ മുഖത്തു് കുരിശാകൃതിയിൽ മൂന്നു പ്രാവശ്യം ഊതുകയും ചെയ്യുന്നു. ക്രിസ്തു തന്റെ ശിഷ്യന്മാരുടെമേൽ ഊതിയതിനെയാണു് ഇവിടെ അനുസ്മരിക്കുന്നതു്. 13

## നാമകരണം

സ്നാനാൎത്ഥിയുടെ നേക്കു് തിരിഞ്ഞു് നിർട്ടിഷ്ട പ്രാൎത്ഥനചൊല്ലിക്കൊണ്ടു് കാൎമ്മികൻ അൎത്ഥിയുടെ നെററിയിൽ തൈലംകൂടാതെ തള്ളവിരൽകൊണ്ടു് മൂന്നു പ്രാവശ്യം മുദ്രകുത്തുന്നു. 'മുദ്ര' എന്ന വാക്കു് ഈ ശുശ്രൂഷയിൽ പലയിടത്തും കാണുന്നുണ്ടു്. മാമോദീസാ ശുശ്രൂഷയെ മുഴുവനായുദ്ദേശിച്ചുകൊണ്ടു് 'മുദ്ര', 'ജീവന്റെ മുദ്ര', 'ക്രിസ്തുവിന്റെ മുദ്ര', 'കൃപയുടെ മുദ്ര', 'പരിശുദ്ധാത്മാവിന്റെ മുദ്ര' എന്നിങ്ങനെയുള്ള പ്രയോഗങ്ങളും കാണാം. മാമോദീസാ ശുശ്രൂഷയിൽ രണ്ടു പ്രാവശ്യം കുരിശടയാളത്താൽ മുദ്രകുത്തുന്നുണ്ടു്: ഒന്നാമതു് എണ്ണകൂടാതെയുള്ള മുദ്രകുത്തൽ, രണ്ടാമതു് എണ്ണകൊണ്ടുള്ളതു്.

11. A. Mingana, Commentary of Thecdore of Mopsuestia, wood-brooke studies vol. vi (Cambridge, 1933) pp. 26 f.
12. P. G 46, 417 B
13. യോഹ. 20;22

www.malankaralibrary.com


മാമോദീസ ശുശ്രൂഷയിൽ 'മുദ്ര' എന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതു് നെററിയിൽ കുരിശടയാളം വരയ്ക്കുന്നതിനെയാണു്. പൌരസ്ത്യപിതാക്കന്മാർ 'മുദ്രയെ' കാണുന്നതു് 'ഉടമസ്ഥത' 'സംരക്ഷണം' എന്നീ അത്ഥങ്ങളിലാണു്. ഗ്രിഗറി നസിയാൻസൻ ഈയത്ഥങ്ങളെ ഒന്നിപ്പിച്ചുകൊണ്ടു് ഇങ്ങനെ ചൊല്ലുന്നു ''മാമോദീസായെ മുദ്രയായി കാണുന്നതിനു കാരണം, അതു നമ്മെ പരിപാലിക്കയും, അതോടൊപ്പം അതിനു് നമ്മുടെ മേലുള്ള ആധിപത്യത്തെ ചൂണ്ടിക്കാണിക്കയും ചെയ്യുന്നു''14 എന്നതാണു്. മൊപ്സുവെസ്ത്യായിലെ തിയഡോറിനു് 'മുദ്ര' ഉടമസ്ഥാവകാശത്തിൻെറ അടയാളമാണു്. മാമോദീസാ സ്വീകരിച്ചയാാം ക്രിസ്തുവിൻെറ അജഗണത്തിലെ ഒരാടും, അവിടുത്തെ സേനയിലെ ഭടനും, അവിടുത്തെ രാജ്യത്തിലെ പൗരനുമാണു്. 15

വി. പൗലോസിൻെറ വീക്ഷണത്തിൽ 'മുദ്രയ്ക്കു്' യഹൂദരുടെഛേദനാചരണവുമായിബന്ധമുണ്ടു്(കൊലോ.2:11-12) പഴയനിയമത്തിൽ ഛേദനാചാരം ദൈവവും മനുഷ്യനുമായുണ്ടായിരുന്ന ബന്ധത്തിൻെറ ദൃശ്യമായ അടയാളമായിരുന്നു. അതുപോലെ തന്നെ പുതിയ നിയമത്തിൽ – സഭയിലേയ്ക്കു്, പുതിയ ഇസ്രായേലിലേയ്ക്കു്, ചേക്കുന്നതിൻെറ ദൃശ്യമായ അടയാളമാണു് മാമോദീസാ. അതായതു് പുതിയ ബന്ധത്തിൻെറ അടയാളമാണതു്. ചിലർ 'മുദ്രയും' 'ജ്ഞാനസ്നാനവും' യഹൂദരുടെ ഛേദനാചാരവും അതിനുശേഷമുള്ള സ്നാനവുമായി ബന്ധിപ്പിച്ചു കാണാറുണ്ടു്.

ആരാധനക്രമത്തിൽ കുരിശടയാളം പിശാചിനെ ബഹിഷ്ക്കരിക്കാനും ഉപയോഗിച്ചിരുന്നതായി കാണാം. അത്ഥിയുടെ നെററിയിൽ വരയ്ക്കുന്ന കുരിശടയാളം തിന്മ

14. P.G. 46, 417 B.

15. Mingana, op.cit., p.46

www.malankaralibrary.com



യുടെ ശക്തികളിൽനിന്നു് അവനെ രക്ഷിക്കുന്നു. കുരിശു് തിന്മയുടെ ശക്തിക്കു് എതിരായ ആയുധമായിട്ടാണു് ഇവിടെ നിലകൊള്ളുന്നതു്.

പൗരസ്ത്യർ കുരിശിനെ കാണുന്നതു് ക്രിസ്തുവിൻെറ മരണത്തിൻെറ അടയാളമായിട്ടു മാത്രമല്ല, പ്രത്യുത അവിടുത്തെ ഉയിർപ്പിൻെറയും മഹത്വത്തോടുകൂടിയുള്ള രണ്ടാമത്തെ വരവിൻെറയും പ്രതീകമായിട്ടുകൂടിയാണു്. ക്രിസ്തു കുരിശിൽ മരിച്ചു എങ്കിലും അവൻെറ കുരിശിലെ മരണം ദൈവിക ശക്തിയുടെ വെളിപ്പാക്കലായിരുന്നു. കുരിശിൻെറ നാലു കൈകളും രക്ഷാകര പ്രവർത്തിയുടെ പ്രാപഞ്ചിക മാനത്തിൻെറ ചിഹ്നമായിട്ടാണു് കാണുന്നതു്.[16] സ്യൂഡോ – ഡയനീഷ്യസ് പറയുന്നു: "ഈ അടയാളം അശുദ്ധ ജീവിതത്തിൻെറ അവസാനവും ക്രിസ്തുവിനോടു ചേർന്നുള്ള വിശുദ്ധ ജീവിതത്തിൻെറ ആരംഭവുമാണു്".[17] ദനഹായുടെ ഒരു പാട്ടിൽ വി. അപ്രേം കുരിശടയാളത്തെ "ജീവൻെറ മുദ്ര" യെന്നും പാപത്തെ കീഴ്പ്പെടുത്തുന്ന രാജകീയ നിലവറയു[18] മെന്നും വിളിക്കുന്നു. ഒരു സന്യാസിയുടെ സഭാവസ്ത്ര സ്വീകരണത്തിൽ കുരിശടയാളം സൂചിപ്പിക്കുന്നതു് ലോകത്തിനു മരിച്ചു് ക്രിസ്തുവിനു് ജീവിക്കുന്നതിനെയാണു്.[19] ചുരുക്കത്തിൽ കുരിശടയാളത്തെ 'മുദ്ര' യെന്നു് വിളിക്കുന്നതിൽ വലിയ അർത്ഥമുണ്ടെന്നു് പറയാം.

---

16. For other aspects of the cross, see H. Leelereq " corix et crucifix" DACL vol, III/2 (Paris, 1914) col 3045 - 3131
17. P. G. 3, II
18. St. Ephrem, Hymni et sermones ed. Lamy. vol. 1, Col. 39
19. cfr. The latest e ition of the Catholic Syrian Pontifical (Charfeh, 1950) vol.II, pp 309 ff.

www.malankaralibrary.com



മാമോദീസാ ശുശ്രൂഷയിൽ മുദ്രയോടൊപ്പം അർത്ഥി കൾ ക്രിസ്തീയ നാമവും നൽകുന്നുണ്ട്. ആദ്യമായി വൈ ദികൻ അർത്ഥിയുടെ ക്രിസ്തീയ നാമം വിളിക്കുന്നതു ഈ സന്ദർഭത്തിലാണ്. ഈ പുതിയ പേരിലാണ് അർത്ഥി തുടന്ന് അറിയപ്പെടുന്നതും. പേരിനു പ്രത്യേകമായ പ്രാ ധാന്യമുണ്ട്; പഴയ നിയമത്തിൽ, മററുള്ളവക്ക് അധികാ രം ഉണ്ടെന്നു കാണിച്ചിരുന്നതു പേരു നൽകിക്കൊണ്ടാ ണ്. ദൈവം തനിക്കു സ്വന്തമായവരെ പേരു ചൊല്ലി വിളിക്കുന്നു (ഇസ.49:1). മാമോദീസായിൽ അർത്ഥിക്കു മുദ്രയോടൊപ്പം ക്രിസ്തീയ നാമവും നൽകി. അയാളെ സ ഭയുടെ അംഗമായി ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു.

## സാത്താനെ ബഹിഷ്ക്കരിക്കൽ

നാമകരണത്തിനു ശേഷം സാത്താനെ ബഹിഷ്ക്ക രിക്കുന്നതിനുള്ള പ്രാർത്ഥനയാണ്. പ്രാരംഭമായി കിഴ ക്കോട്ടു തിരിഞ്ഞു നിന്നു കാർമ്മികൻ ഒരു പ്രാർത്ഥന രഹസ്യത്തിൽ ചൊല്ലിയതിനു ശേഷം, അർത്ഥിയുടെ നേ രെ തിരിഞ്ഞു നിന്നു ഉച്ചത്തിൽ സാത്താനെ വിലക്കുന്ന തിനുള്ള പ്രാർത്ഥന ചൊല്ലുന്നു. ചെറുതും വലുതുമായ രണ്ടു പ്രാർത്ഥനകൾ ശുശ്രൂഷകർമ്മത്തിൽ ചേർത്തിട്ടുണ്ട്. ഇ തിൽ ഏതെങ്കിലും ഒന്നു ചൊല്ലുകയും അർത്ഥിയുടെ മേൽ ഒൻപതു പ്രാവശ്യം കുരിശു വരക്കുകയും ചെയ്യുന്നു. ഈ സമയം അർത്ഥി പൂർവ്വാഭിമുഖമായി നില്ക്കണം, പ്രാർത്ഥന ചൊല്ലുമ്പോൾ കാർമ്മികന്റെ വലതുകൈ അർത്ഥിയുടെ തലക്കു മീതെ കമിഴ്ത്തി പിടിക്കുന്നു.

ആരാധന ക്രമത്തിൽ, തലക്കുമീതെ കൈവെച്ചുകൊ ണ്ടുള്ള പ്രാർത്ഥനക്കു വലിയ പ്രാധാന്യമാണുള്ളതു. അഭി ഷേകകർമ്മം, ബാധ ഒഴിപ്പിക്കൽ, പാപികളുടെ അനുര ഞ്ജനം തുടങ്ങിയവ കൈവയ്പ്പിലൂടെയാണ് നിർവ്വഹി ക്കുക. പിശാചുബാധിച്ചവരെ കൈവയ്പിലൂടെ സുഖ

www.malankaralibrary.com



പ്പെടുത്തുന്നതായി വേദപുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 13: 10–13; മക്കോ. 7:32). ഇവയിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്: കൈവയ്പിലൂടെയുള്ള പിശാചുബഹിഷ്കരണം ക്രിസ്തീയ പാരമ്പര്യത്തിനു യോജിച്ചതും വേദപുസ്തകാധിഷ്ഠിതവുമാണെന്നു്.

മേൽപ്പറഞ്ഞ പ്രാത്ഥനയുടെ ഉള്ളടക്കം ഇതാണ്: 1. സ്നാനാത്ഥിയെ ദുഷ്ടാരൂപിയുടെ പിടിയിൽ നിന്നും വിടുവിച്ച് അയാളുടെ ബുദ്ധിയേയും മനസ്സിനെയും ശുദ്ധീകരിക്കുന്നു; 2) അത്ഥി ദൈവത്തിൻെറ ആലയമായിത്തീരുന്നു, പരിശുദ്ധാത്മാവിനു യോജിച്ച വാസസ്ഥലമായിത്തീരുന്നു. ചെറിയ ക്രമത്തിലെ പ്രസ്തുത പ്രാത്ഥന താഴെ ചേക്കുന്നു: ''ദൈവമായ കത്താവേ, തിരുനാമത്തിൽ ഈ ദാസനെ ഞാൻ മുദ്ര കുത്തുന്നു. നിൻെറ സൃഷ്ടിയിൽനിന്നു ദുഷ്ടനും മ്ലേച്ഛനുമായ അരൂപിയെ ഞാൻ ബഹിഷ്ക്കരിക്കുന്നു. വക്രബുദ്ധിയും മത്സരക്കാരനുമായ അവനെ നീ ശാസിക്കണമേ (+) വഞ്ചകന്മാരിൽ നിന്നു നിൻെറ ദാസനെ സ്വതന്ത്രനാക്കണമെ. അശുദ്ധാത്മാവേ, വരുവാനിരിക്കുന്ന ന്യായവിധിയെ നീ ഭയപ്പെടുക. (+) ദൈവസൃഷ്ടിയെ നീ സമീപിക്കരുതു്. എന്തെന്നാൽ ഇതു് പിശാചുക്കളുടെ വാസസ്ഥലമല്ല; ദൈവത്തിൻെറ ആലയമാകുന്നു. പിതൃപുത്രപരിശുദ്ധാത്മാവായ ദൈവത്തിൻെറ നാമത്തിൽ നിന്നോടു് ഞാൻ ആജ്ഞാപിക്കുന്നു: (+) അശുദ്ധാത്മാവേ നീ മത്സരിക്കാതെ നിശ്ശേഷം വേഗത്തിൽ ഒഴിഞ്ഞുപോവുക[20]''. പഴയ നിയമത്തിൽ, ഇസ്രായേൽ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനം അല്ലെങ്കിൽ ''ദൈവജനം''മായി കണക്കാക്കപ്പെട്ടിരുന്നു. ദൈവം അവരോടുകൂടി വസിക്കുമെന്നു വാഗ്ദാനം ചെയ്തിരുന്നു. ''ഞാൻ നിങ്ങളോടുകൂടി നടക്കുകയും, ഞാൻ നിങ്ങളുടെ ദൈവവും, നിങ്ങൾ എനിക്കു ജനവുമായിരിക്കുകയും ചെയ്യും''. പുതിയ നിയമത്തിൽ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമായ ക്രിസ്ത്യാനികൾ

20. മലങ്കര സഭയുടെ ആരാധനക്രമം, op. cit, p. 12

www.malankaralibrary.com



ജീവനുള്ള ദൈവത്തിന്റെ ആലയങ്ങളാണ്. കൂടാതെ മാമോദീസായിൽ, നെററിയിൽ മൂന്നു പ്രാവശ്യം മുദ്രകുത്തി ക്രിസ്തീയ നാമം സ്വീകരിക്കുന്നതുവഴി, അർത്ഥി പ്രത്യേകമായ വിധത്തിൽ ദൈവത്തിന്റേതായി മാറുന്നു; അയാഠം ദൈവത്തിന്റെ പുതിയ സൃഷ്ടിയായിത്തീരുന്നു; സാത്താന് അവനിൽ പ്രവേശനമില്ല. നേരേമറിച്ച് ദൈവം അവനിൽ വസിക്കുകയും അവനെ നടത്തുകയും ചെയ്യും.

ജറുസലേമിലെ കൂറില്ലോസ് സ്നാനാർത്ഥികളോടുള്ള തന്റെ ഉപദേശത്തിൽ പറയുന്നുണ്ട്: "എത്രയും വേഗം സാത്താനെ ഒഴിവാക്കുക നല്ലതാകുന്നു. നിങ്ങഠം അസംസ്കൃത സ്വർണ്ണം പോലെയാകുന്നു. ഞങ്ങഠം നല്ല സ്വർണ്ണത്തിനായി ആഗ്രഹിക്കുന്നു. എന്നാൽ നല്ല സ്വർണ്ണം വേർതിരിച്ചെടുക്കുവാൻ തീയ് ആവശ്യമായിരിക്കുന്നതുപോലെ ആത്മാവിനെ ശുദ്ധീകരിക്കുവാൻ ദൈവവചനത്താലുള്ള 'സാത്താനെ ഒഴിപ്പിക്കൽ' അത്യാവശ്യമാണ്. സ്വർണ്ണപ്പണിക്കാരൻ മൂശയിൽ ഇട്ട് സ്വർണ്ണം ശുദ്ധി ചെയ്യുന്നതുപോലെ ദൈവാത്മാവ് നിന്നിൽ നിന്നും അശുദ്ധാത്മാവിനെ അകററി നിത്യജീവന്റെ പ്രത്യാശ നൽകുകയും ചെയ്യുന്നു" [21].

## സാത്താനെ ഉപേക്ഷിച്ച് മിശിഹായെ സ്വീകരിക്കുന്നു.

സ്നാനാർത്ഥി സാത്താനെ ഉപേക്ഷിച്ച് മിശിഹായെ സ്വീകരിച്ചേററു പറയുന്ന ഭാഗമാണ് അടുത്തതായിട്ടുള്ളത്. സാത്താനെ ഉപേക്ഷിച്ചു പറയുമ്പോഠം സ്നാനാർത്ഥി പശ്ചിമാഭിമുഖമായും, ക്രിസ്തുവിനെ സ്വീകരിച്ച് ഏററു പറയുമ്പോഠം പൂർവ്വാഭിമുഖമായും നില്ക്കണമെന്നാണ് വ്യവസ്ഥ.

21. P. G. 33, 349 A. B.

www.malankaralibrary.com



പ്രതീകാത്മകാൎത്ഥത്തിൽ നോക്കുമ്പോൾ ഇതു് വളരെ അൎത്ഥവത്തും സന്ദൎഭോചിതവുമാണു്. പടിഞ്ഞാറു് അസ്തമയ സൂൎയ്യന്റെ ദിക്കാണല്ലോ. സൂൎയ്യാസ്തമയത്തോടു കൂടി ഇരുട്ടു് അനുഭവപ്പെടുന്നു; ഇരുട്ടു് പിശാചിന്റെ പ്രതീകവും അന്ധകാരശക്തികളുടെ പ്രവൎത്തന മണ്ഡലവുമായിട്ടാണു് പാരമ്പൎയ്യം ഉദ്ഘോഷിക്കുന്നതു്. ആയതിനാൽ സ്നാനാൎത്ഥി പിശാചിനെ ഉപേക്ഷിച്ചു് ഏററു പറയുമ്പോൾ പശ്ചിമ ദിക്കിലേയ്ക്കു് തിരിഞ്ഞു നില്ക്കുന്നതിനു് പ്രത്യേകാൎത്ഥമുണ്ടു്. സ്നാനാൎത്ഥി പടിഞ്ഞാറോട്ടു് തിരിഞ്ഞു നിന്നു പിശാചിനെ ഉപേക്ഷിച്ചു പറയേണ്ടതിന്റെ ആവശ്യകതയെപ്പററി സഭാപിതാക്കന്മാർ വ്യക്തമായി പ്രതിപാദിക്കുന്നുണ്ടു്. ജറുസലേമിലെ വിശുദ്ധ കൂറില്ലോസ് പറയുകയാണു്: "എന്തിനാണു് പടിഞ്ഞാറോട്ടു് അഭിമുഖമായി നില്ക്കേണ്ടതെന്നു ഞാൻ പറയാം. പടിഞ്ഞാറുഭാഗം അന്ധകാരത്തിന്റെ ദിക്കാണു്. അന്ധകാരം പിശാചിന്റെ വാസസ്ഥലവും. അവന്റെ സാമ്രാജ്യം അന്ധകാരത്തിൽ സ്ഥിതിചെയ്യുന്നു. സൂചനാപരമായി നിങ്ങൾ പടിഞ്ഞാറോട്ടു് തിരിഞ്ഞു നില്ക്കുമ്പോൾ ഈ അന്ധകാരത്തെയും അതിന്റെ ശക്തികളെയും തള്ളിപ്പറയുകയാണു ചെയ്യുന്നതു്". [22]

"അറബികളുടെ മെത്രാൻ"എന്ന അപരനാമത്താൽ അറിയപ്പെടുന്ന ഗീവൎഗീസ് (+724) വിവരിക്കുന്നു "അവൻ (സ്നാനാൎത്ഥി) പശ്ചിമാഭിമുഖമായി നിൽക്കുകയും പിശാചിനെ തള്ളിപ്പറയുകയും ചെയ്യുന്നു. ഇതു് സൂചിപ്പിക്കുന്നതു് അന്ധകാരത്തേയും അന്ധകാര നിവാസികളെയും പിശാചുക്കളെയും അവരുടെ തലവനെയും സ്നാനാൎത്ഥി ഉപേക്ഷിച്ചേററു പറയുന്നു എന്നാണു്."[23]

22. P. G. 33, 1069 A
23. Connolly and Codrington, Two Commentaries on the Jacobite Liturgy by George, Bishop of the Arab Tribes and Moses BarKepha ..............., London, 1913, P. 12

www.malankaralibrary.com



കിഴക്കോട്ട് അഭിമുഖമായി നിന്നുകൊണ്ടാണ് സ്നാനാർത്ഥി ക്രിസ്തുവിനെ സ്വീകരിച്ച് ഏററു പറയുന്നത്. കിഴക്കുഭാഗം ഉദയ സൂര്യന്റെ ദിക്കാണ്. ഉദയ സൂര്യൻ ക്രിസ്തുവിന്റെ പ്രതിരൂപവും. അപ്പോൾ ക്രിസ്തുവിനെ ഏററുപറയുന്ന വ്യക്തി കിഴക്കോട്ട് തിരിഞ്ഞു നിൽക്കുന്നതിന് പ്രത്യേകാർത്ഥമുണ്ട്. പ്രസ്തുത കാരണത്താൽ തന്നെയാണ് പൗരസ്ത്യർ കിഴക്കോട്ട് തിരിഞ്ഞു നിന്നു പ്രാർത്ഥിക്കുന്നത്. സഭാപിതാക്കന്മാരുടെ വേദപുസ്തകാധിഷ്ഠിതമായ വിശദീകരണം ഇവിടെ ശ്രദ്ധേയമാണ്: ജറുസലേമിലെ വി. കൂറിലോസ് പറയുന്നു: സ്നാനാർത്ഥി സാത്താനെ ഉപേക്ഷിച്ചു പറയുമ്പോൾ, ദൈവം തന്നെ നട്ടുപിടിപ്പിച്ചതും, പാപം മൂലം നമ്മുടെ പിതാവായ ആദം പുറന്തള്ളപ്പെട്ടതും പൂർവ്വദിക്കിൽ സ്ഥിതിചെയ്യുന്നതുമായ പറുദീസാ അവനായി തുറന്നു കൊടുക്കുന്നു''.[24] അറബികളുടെ മെത്രാനായ ഗീവർഗ്ഗീസിന്റെ വിവരണത്തിൽ ''അതിനുശേഷം സ്നാനാർത്ഥി, കിഴക്കോട്ട് — പ്രകാശങ്ങളുടെ ഉത്ഭവസ്ഥാനമായ കിഴക്കു ദിക്കിലേക്ക് — തിരിഞ്ഞു നില്ക്കുന്നു. അയാൾ ദൈവിക വെളിച്ചം സ്വീകരിച്ചു എന്നാണ്, ഇതു സൂചിപ്പിക്കുന്നത്. അനന്തരം ക്രിസ്തുവിനെ ഏററുപറയുമ്പോൾ, അത് അവൻ സാത്താനെ ഉപേക്ഷിച്ചു എന്നതിന്റെയും സത്യദൈവത്തിലേക്ക്, സ്വർഗ്ഗീയ കാര്യങ്ങളിലേക്ക്, തിരിയുന്നു, എന്നതിന്റെയും സൂചനയാണ്.''[25] വി. അംബ്രോസ് പറയുന്നു: ''നിങ്ങൾ പൂർവ്വാഭിമുഖമായി നില്ക്കുന്നു: സാത്താനെ ഉപേക്ഷിക്കുന്നവൻ ക്രിസ്തുവിലേക്കു തിരിയുകയും അദ്ദേഹത്തെ മുഖാഭിമുഖം ദർശിക്കുകയും ചെയ്യുന്നു.''[26]

---

24. Cfr. A. Stolz, Theologie de la mystique, Chevetogne, 1939, pp, 18–39.

25. Connolly and Codrington, Op. cit., P. 12–13.

26. P. L. 44, 505 A.

www.malankaralibrary.com



ക്രിസ്തുവിലുള്ള സ്നാനാർത്ഥിയുടെ വിശ്വാസം ഏറ്റുപറയുവാനും ക്രിസ്തുവിനോടു കൂറു പ്രഖ്യാപിക്കുവാനും ഉപയോഗിക്കുന്ന വിശ്വാസ വാചകം ഇതാണ്: "മാമ്മോദീസാ സ്വീകരിക്കുന്ന (ഇന്നാർ ആയ) ഞാൻ മിശിഹാ തമ്പുരാനെ, നിന്നിലും, പരിശുദ്ധന്മാരായ പ്രവാചകന്മാർ, ശ്ലീഹന്മാർ, പിതാക്കന്മാർ എന്നിവരിൽക്കൂടി ദൈവികമായി നീ ഭരമേല്പിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും പൂർണ്ണമായി വിശ്വസിക്കുന്നു." ക്രിസ്തുവിലുള്ള വിശ്വാസം സ്നാനാർത്ഥി കാണിക്കുന്നത്, പ്രവാചകന്മാർ, ശ്ലീഹന്മാർ, പിതാക്കന്മാർ എന്നിവരിൽ കൂടി, ക്രിസ്തു ഭരമേല്പിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും പൂർണ്ണമായി വിശ്വസിച്ചുകൊണ്ടാണ്. അങ്ങനെ ഈ ക്രമം പ്രവാചകന്മാരുടെയും (പഴയനിയമം), അപ്പസ്തോലന്മാരുടെയും (പുതിയനിയമം), സഭാപിതാക്കന്മാരുടെയും (സഭാപാരമ്പര്യം) പഠിപ്പിക്കലിലുള്ള അർത്ഥിയുടെ വിശ്വാസപ്രഖ്യാപനമാകുന്നു. ഇത് കൂടുതൽ വ്യക്തമാകുന്നതു് വിശ്വാസപ്രമാണം തുടർന്നു് ചൊല്ലുന്നതോടുകൂടിയാണ്. സമൂഹം മുഴുവനും കൂടിയാണ് വിശ്വാസപ്രമാണം ചൊല്ലുന്നത്. പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ സാത്താനെ ഉപേക്ഷിച്ച വ്യക്തി, ക്രിസ്തുവിനോട് വിശ്വാസവാഗ്ദാനം ചെയ്ത ആൾ, സമൂഹത്തോടു ചേർന്ന് വിശ്വാസപ്രഖ്യാപനം നടത്തുന്നതു് വളരെ സാർത്ഥകമാണ്.

വിശ്വാസപ്രമാണത്തിനുശേഷം കാർമ്മികന്റെ രഹസ്യത്തിലുള്ള പ്രാർത്ഥനയാണ്. തൈലം പൂശുന്നതിനു മുമ്പുള്ള ഈ പ്രാർത്ഥനയിൽ, സൃഷ്ടി, പരിശുദ്ധാത്മാവിന് അതിലുള്ള പങ്ക്, മാമോദീസാ മുഖേനയുള്ള പുനർജന്മവും വിശുദ്ധീകരണവും എന്നിവയെപ്പറ്റിയെല്ലാം പരാമർശിച്ചിട്ടുണ്ട്. "വിശുദ്ധ ശ്ലീഹന്മാരുടെ അടിസ്ഥാനത്തിന്മേൽ ഇവനെ നീ ഉപേക്ഷിക്കണമേ" എന്ന വാചകം സഭയുടെ സ്വഭാവത്തെപ്പറ്റിയുള്ള വി. പൗ

www.malankaralibrary.com



ലോസിന്റെ വീക്ഷണം നമ്മെ അനുസ്മരിപ്പിക്കുന്നു.[27] സഭ ദൈവത്തിന്റെ ആലയമാണെന്ന വസ്തുത സഭയിലെ അംഗങ്ങളും ദൈവവും തമ്മിൽ പരിശുദ്ധാത്മാവിലൂടെ ഐക്യപ്പെട്ടിരിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. അടുത്തു വരുന്ന വാചകം ഇതു കൂടുതൽ വ്യക്തമാക്കുന്നു. "വി. സഭയിൽ ഒരു യഥാർത്ഥ ചെടിയായി ഇവനെ നട്ടുവളർത്തണമേ." ഇത് വി. ഗ്രന്ഥത്തിലെ പല ഭാഗങ്ങളേയും പ്രതിധ്വനിപ്പിക്കുന്നുണ്ട്. "എന്റെ സ്വർഗ്ഗീയ പിതാവ് നടാത്ത ഏതു ചെടിയും പിഴുതെറിയപ്പെടും" (മത്താ, 15:13); വി. പൗലോസ് കൊറിന്ത്യക്ക് എഴുതുന്നു: 'ഞാൻ നട്ടു. അപ്പോളോ നനച്ചു. എന്നാൽ ദൈവമാണ് വളർത്തിയത്' (1 കൊറി. 3:6) ഇവയിലൂടെയെല്ലാം വെളിപ്പെടുന്നത് സഭയിലെ അംഗങ്ങളുടെ പരസ്പരൈക്യവും അവർക്ക് ദൈവത്തോടുള്ള ബന്ധവുമാണ്. പലതരം ചെടികൾ ഉൾക്കൊള്ളുന്ന ഒരു തോട്ടമാണ് സഭ. മാമ്മോദീസാ സ്വീകരിച്ച് സഭയിൽ പ്രവേശിക്കുന്നവരെല്ലാം ദൈവത്തിന്റെ തോട്ടത്തിലെ ചെടികളാകുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സഭയെക്കുറിച്ചുള്ള ഡിക്രിയിലും ഇതുപോലെയുള്ള പ്രയോഗങ്ങൾ കാണാം.[28] ക്രിസ്തുനാഥനാണ് പ്രസ്തുത തോട്ടത്തിന്റെ നടുവിലുള്ള ജീവതരു. പറുദീസായിൽവച്ച് ആദാം രുചിച്ചു നോക്കാത്ത ആ ജീവമരത്തിന്റെ ഫലത്തിലേക്ക്, ഇന്ന് മാമ്മോദീസായിലൂടെ ആദാമിന്റെ സന്തതികൾ അടുത്തു വരുന്നു.[29]

---

27. എഫേ : 2:20

28. രണ്ടാം വത്തിക്കാൻ പ്രമാണരേഖകൾ: ജനതകളുടെ പ്രകാശം (Lumen Gentium), No. 6.

29. Cfr. മലങ്കര സഭയുടെ ആരാധന ക്രമം, Op. cit, P. 29 (1973).

www.malankaralibrary.com



തുടർന്നു കാർമ്മികൻ തന്റെ (പെരുവിരൽ) അഭിഷേക തൈലത്തിൽ മുക്കി സ്നാനാർത്ഥിയുടെ നെററിയിൽ വരച്ചുകൊണ്ടു് താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലുന്നു: "വീണ്ടും ജനനത്താൽ പുത്രസ്വീകാര്യത്തിനു് യോഗ്യനാകുവാൻ † പിതാവിന്റെയും † പുത്രന്റെയും † ജീവനുള്ള വിശുദ്ധ റൂഹായുടെയും നാമത്തിൽ ആനന്ദതൈലംകൊണ്ടു് (ഇന്നാരു്) നിത്യജീവനിലേക്കു് മുദ്രകുത്തപ്പെടുന്നു. ആമ്മേൻ."[30] ഈ അഭിഷേകം മുഖേന വിശുദ്ധീകരണവും വീണ്ടും ജനനവുമാണു് അർത്ഥികൾ ലഭിക്കുക. മററു പൗരസ്ത്യസഭകളിലെപ്പോലെ, മലങ്കര സഭയിലും അഭിഷേക തൈലത്തിനു് 'ആനന്ദ തൈലം' എന്നാണു പറഞ്ഞിരിക്കുന്നതു്. ഇതു് ഓർമ്മയിൽ കൊണ്ടുവരുന്നതു് 'സന്തോഷതൈലം' അല്ലെങ്കിൽ 'ആനന്ദതൈലത്തെപ്പററി പറയുന്ന വേദപുസ്തക ഭാഗങ്ങളാണു് (ഏശ. 61:2; സങ്കീ. 45:8; ഹെബ്രാ. 1:9). ക്രിസ്തുവിന്റെ അഭിഷേകത്തോടു ബന്ധപ്പെടുത്തി മേൽ പറഞ്ഞ തൈലത്തെപ്പററി ലൂക്കോസിന്റെ സുവിശേഷത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. 'അവിടുന്നു എന്നെ അഭിഷേചിച്ചിരിക്കുന്നു.' (ലൂക്കാ. 4:18). അപ്പസ്തോലനടപടികളിൽ, 'നസ്രസിൽ നിന്നുള്ള ഈശോയെ ദൈവം തന്റെ പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തു', എന്നു വായിക്കുന്നു (അപ്പ. പ്രവ. 10:38). അതുകൊണ്ടാണു് ക്രിസ്തുവിനെ 'മിശിഹാ' അല്ലെങ്കിൽ 'അഭിഷിക്തൻ' എന്നു വിളിക്കുന്നതു്. ക്രിസ്തുവിന്റെ അഭിഷേക കർമ്മവുമായി സ്നാനാർത്ഥിയുടെ അഭിഷേക കർമ്മത്തെ താരതമ്യപ്പെടുത്താം. സ്നാനാർത്ഥി സഭയിലേക്കു് സ്വീകരിക്കപ്പെടുമ്പോൾ അഭിഷേകം ചെയ്യപ്പെടുകയാണു്; അയാൾ നിത്യ ജീവനിലേക്കു് മുദ്ര കുത്തപ്പെടുകയാണു് ചെയ്യുന്നതു്.

അർത്ഥിയുടെ നെററിമേലുള്ള മുദ്ര കുത്തൽ സാത്താനെതിരായ ഒരു സംരക്ഷണം കൂടിയാണു്. സാത്താന്റെ

30. മലങ്കര സഭയുടെ ആരാധന ക്രമം, Op. cit, P. 15.

www.malankaralibrary.com



പ്രവർത്തനം അർത്ഥിയിൽ ഉണ്ടാകാതിരിക്കുന്നതിനും, ക്രിസ്തീയ ജീവിതത്തിലെ ആദ്ധ്യാത്മിക പോർക്കളത്തിൽ സാത്താനോട് പോരാടുന്നതിനും ഈ മുദ്രകുത്തൽ സഹായിക്കുന്നുണ്ട്. കൂടാതെ വീണ്ടും ജനനത്തിലൂടെ ദത്തുപുത്രസ്ഥാനത്തിനും ഇത് സ്നാനാർത്ഥിയെ ഒരുക്കുന്നു.

## രണ്ടാം ഭാഗം

ഈ ഭാഗത്ത് പ്രധാനമായും രണ്ടു കാര്യങ്ങൾ ഉൾക്കൊള്ളുന്നു: (1) മാമോദീസായ്ക്കുള്ള വെള്ളം തയ്യാറാക്കൽ; (2) സ്നാപനകർമ്മം. മാമോദീസാത്തൊട്ടി സ്ഥിതിചെയ്യുന്ന സ്ഥലത്തു വച്ചാണ് പ്രസ്തുത ശുശ്രൂഷകൾ നടത്തുന്നത്. സൈത്തുകൊണ്ടുള്ള മുദ്രകുത്തലിനു ശേഷം കാർമ്മികനും സ്നാനാർത്ഥിയും മദ്ധ്യസ്ഥനും മററും മാമോദീസാത്തൊട്ടിയുടെ അടുത്തേക്കു പോകുന്നു. തുടർന്ന് കാർമ്മികൻ ചൂടുവെള്ളവും പച്ചവെള്ളവും തൻെറ ഇരുകൈകളിലായി എടുത്ത്, വലത്തുകൈ ഇടത്തുകൈയുടെ മീതെ കുരിശുപോലെ പിടിച്ച്, മാമോദീസാത്തൊട്ടിയിൽ ഒഴിച്ചുകൊണ്ട് താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലുന്നു. "ദൈവമായ കർത്താവേ, ഈ വെള്ളം ആത്മീയമായ ഉദരവും അനശ്വരതയുടെ മൂശയും ആയിത്തീരുവാൻ നിൻെറ പരിശുദ്ധാത്മാവിൻെറ ശക്തി ഇതിൽ നിവേശിപ്പിക്കണമേ. ഇതിൽ സ്നാനപ്പെടുന്ന ഈ ദാസന് നിൻെറ പ്രീതിയാലും നിൻെറ ഏകപുത്രൻെറ മനുഷ്യസ്നേഹത്തിലും പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താലും ഇതു് നാശമില്ലായ്മയുടെ ആദ്ധ്യാത്മിക വസ്ത്രവും പാപബന്ധനങ്ങളിൽനിന്നുള്ള മോചനവും ആയിത്തീരുവാൻ കൃപ നല്കണമേ. ആമേൻ." 31 ചൂടു വെള്ളവും തണുത്ത വെള്ളവും ഒന്നിച്ചു ചേർക്കുന്നതിനെപ്പററി പല അഭിപ്രായങ്ങൾ പറയുന്നുണ്ട്. അതിലൊന്ന്: ക്രിസ്തു മാമോദീസാ സ്വീകരിച്ച ജോർദ്ദാൻ നദിയിലേക്ക് രണ്ടു് ഉറവകൾ ഒഴുകിയിരുന്നു.

31. മലങ്കര സഭയുടെ ആരാധനക്രമം, Op. cit. p. 16

www.malankaralibrary.com



ഒന്നു് ചൂടുവെള്ളത്തിന്റെയും മററതു് തണുത്ത വെള്ളത്തിന്റെയും. അങ്ങനെയുള്ള വെള്ളത്തിലാണു് ക്രിസ്തുവിന്റെ മാമോദീസാ നടന്നതു്. അതിനെ അനുസ്മരിപ്പിക്കാനാണു് ചൂടുള്ളതും തണുത്തതുമായ ജലം ഒന്നിച്ചു ചേർക്കുന്നതു് 32. മറെറാന്നു്, 'ക്രിസ്തുവിന്റെ തിരുവിലാവിൽനിന്നും പുറപ്പെട്ട രക്തത്തിന്റെയും വെള്ള'ത്തിന്റെയും പ്രതീകമാണു് മാമോദീസായിലെ ചൂടുള്ളതും തണുത്തതുമായ വെള്ളം എന്നതാണു്. മൂന്നാമതു്, ശിശുവിനെ മാമോദീസാ മുക്കുമ്പോൾ തണുപ്പനുഭവപ്പെടാതിരിക്കുന്നതിനു വേണ്ടിയാണു് ചൂടുവെള്ളം കൂട്ടിക്കലർത്തുന്നതു് എന്നു പറയുന്നവരുമുണ്ടു്. മേല്പറഞ്ഞ വിശദീകരണങ്ങൾ എല്ലാം തന്നെ ദൈവശാസ്ത്രപരമായി നോക്കുമ്പോൾ വേണ്ടത്ര സ്ഥിരീകരണം ലഭിക്കാത്തതാണെന്നു് പറയേണ്ടിയിരിക്കുന്നു. എന്നാൽ ഉഷ്ണജലവും ശീതജലവും തമ്മിലുള്ള കലർത്തൽ മാമോദീസാ ജലത്തിലേക്കുള്ള എരിയുന്ന ദൈവശക്തിയുടെ പ്രവാഹത്തെ സൂചിപ്പിക്കുന്നതായി കണക്കാക്കാം. തുടർന്നു വരുന്ന റൂഹാ ആവാസവും മൂറോൻ കലർത്തലും ഇതു കൂടുതൽ വ്യക്തമാക്കുന്നു. ചൂടുവെള്ളവും തണുത്ത വെള്ളവും തമ്മിൽ കലർത്തുമ്പോൾ കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനയിൽ മാമോദീസാ വെള്ളത്തെ "ആദ്ധ്യാത്മീക ഉദരം" "അനശ്വരതയുടെ മൂശ" എന്നൊക്കെ വിശേഷിപ്പിക്കുന്നുണ്ടു്. മാമോദീസാജലത്തെ 'ഉദരം' അല്ലെങ്കിൽ 'ഗർഭപാത്രം' എന്നു വിളിക്കുന്നതു് സ്നാനാർത്ഥി അതിൽ മുങ്ങി പുതിയ ജീവൻ നേടുന്നതിനാലാണു്. അതുപോലെതന്നെ പ്രസ്തുത വെള്ളത്തെ 'മൂശ' എന്നും വിളിക്കുന്നുണ്ടു്. കാരണം, സ്വർണ്ണം മൂശയിലിട്ടു് ശുദ്ധീകരിക്കുന്നതുപോലെ, അർത്ഥിയെ പാപത്തിൽനിന്നും ശുദ്ധീകരിക്കുന്നതു് ഈ മാമോദീസാവെള്ളം വഴിയാണല്ലോ. വെള്ളത്തിനു് അതി

---

32. J. Thomas Narakatesh, Die Syrisch – Orthodoxe Kirche (Wurzburg, 1967), P. 127.

www.malankaralibrary.com



ൻെറ സ്വഭാവത്താൽതന്നെ മേൽപ്പറഞ്ഞ ഗുണവിശേഷങ്ങൾ ഒന്നുമില്ല. എന്നാൽ കാർമ്മികൻ തൻെറ പൗരോഹിത്യത്തിനടുത്ത അധികാരം ഉപയോഗിച്ച് അനുഷ്ഠാന വിധികൾ നിർവ്വഹിക്കുമ്പോൾ വെള്ളത്തിനു് ഈ ഗുണങ്ങൾ ലഭിക്കുന്നു. പരിശുദ്ധാത്മാവിൻെറ പ്രസാദവരം മാമോദീസാവെള്ളത്തിൽ വരുന്നതിനും, വീണ്ടുംജനനത്തിനായി പരിശുദ്ധവും പരിപാവനവുമായ ദൈവികാവാസം വഴി ജലത്തെ ഒരുക്കുവാനും കാർമ്മികൻ പ്രാർത്ഥിക്കുന്നു. അങ്ങനെ മാമോദീസാത്തൊട്ടി ആദ്ധ്യാത്മിക ഉദരവും മുശയുമായിത്തീരുന്നു. ഇതിൻെറ ഫലങ്ങൾ നാശമില്ലായ്മയുടെ ആദ്ധ്യാത്മിക വസ്ത്ര ലഭ്യതയും പാപബന്ധങ്ങളിൽനിന്നുള്ള മോചനവുമാണു്. "നാശമില്ലായ്മയുടെ ആദ്ധ്യാത്മികവസ്ത്രം" ആദം പറുദീസായിൽ വെച്ച് നഷ്ടപ്പെടുത്തിയ വസ്ത്രംതന്നെയാണു് ഓർമ്മിപ്പിക്കുന്നതു്. മാമോദീസായിലൂടെ ലഭിക്കുന്ന പുതിയ വസ്ത്രം ബാഹ്യമല്ല പിന്നെയോ ആന്തരികമാണു്. അതു് നിത്യജീവനെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

മാമോദീസാത്തൊട്ടിയിൽ വെള്ളം (ചൂടുവെള്ളവും തണുത്തവെള്ളവും) ഒഴിച്ചതിനുശേഷം ഒരു കുരിശു് തൊട്ടിയുടെ മുകളിൽവെച്ചു്, ശോശപ്പ, അല്ലെങ്കിൽ വെള്ളത്തുണികൊണ്ടു് തൊട്ടി മൂടുന്നു. തുടർന്നു് "കേഠപ്പിൻ ജാതികളെല്ലാമെ........" എന്നു തുടങ്ങുന്ന ഗാനം ആലപിക്കുന്നു. പ്രസ്തുത ഗാനത്തിനു് നാലു പാദങ്ങളാണുള്ളതു്. മൂന്നാമത്തെ പാദം തുടങ്ങുമ്പോൾ കാർമ്മികൻ തൊട്ടിമൂടിയിരിക്കുന്ന ശോശപ്പായെടുത്തു വി. കുർബ്ബാനയിലെപ്പോലെ ആഘോഷിക്കുന്നു. മേല്പറഞ്ഞ ഗാനം വളരെ അർത്ഥവത്തും, ആശയ സമ്പുഷ്ടവുമാണു്. ഒന്നാമത്തെ പാദത്തിൽ ക്രിസ്തുവിൻെറ ജോർദ്ദാനിലെ മാമോദീസായെപ്പററി വിവരിക്കുമ്പോൾ രണ്ടാമത്തേതിൽ മാമോദീസായെയും സഭയെയും രണ്ടു സഹോദരികളോടു് ഉപമിച്ചിരിക്കുന്നു. ഒരുവൾ ആത്മികശിശുവിനെ പ്രസവിക്കു

www.malankaralibrary.com



മ്പോൾ മററവൾ, അതിനെ പാലൂട്ടി വളർത്തുന്നു. അതായത് ഒരുവൾ വെള്ളത്തിൽനിന്നു് ആത്മികശിശുവിനു് ജന്മം നല്കുമ്പോൾ മററവൾ (സഭ) ശിശുവിനെ വളത്തി കർത്താവിനു സമർപ്പിക്കുന്നു. മൂന്നാമത്തെ പാദം റൂഹാ ക്ഷണവും, വെള്ളത്തിന്മേലുള്ള റൂഹായുടെ ആവാസവും അതു മുഖേന മാമോദീസാ ജലത്തിൻെറ ശുദ്ധീകരണവും വിളിച്ചറിയിക്കുന്നു. നാലാമത്തെ പാദത്തിൽ മാമോദീസാത്തൊട്ടി "ജീവൻെറ ഉറവ"യാണെന്നും ഈ വിധത്തിൽ ആക്കിത്തീർത്തതു് പരിശുദ്ധ ത്രീത്വമാണെന്നും ഏററുപറയുന്നു.

തുടന്നു്, കാർമ്മികൻ രഹസ്യ പ്രാത്ഥനയും അതിനു ശേഷമുള്ള പരസ്യ പ്രാത്ഥനയും നടത്തുന്നു. പരസ്യ പ്രാത്ഥനയുടെ അവസാനത്തിൽ കാർമ്മികൻ വെള്ളത്തിൽ പടിഞ്ഞാറുനിന്നു കിഴക്കോട്ടും തെക്കുനിന്നു വടക്കോട്ടും ഊതുകയും "കത്താവേ കൃപയുണ്ടായി ഈ വെള്ളത്തെ ശുദ്ധീകരിക്കണമേ" എന്നു് ഉച്ചത്തിൽ ചൊല്ലുകയും ചെയ്യുന്നു.

അടുത്തതായി, വി. റൂഹായെ (പരിശുദ്ധാത്മാവിനെ) ആവസിപ്പിച്ചിറക്കി വെള്ളം, വിശുദ്ധീകരിക്കുന്ന ക്രമമാണു് കാർമ്മികൻ "കർത്താവേ മനുഷ്യരെ കൊല്ലുന്നവനായ........" ഇത്യാദി പ്രാത്ഥന രഹസ്യത്തിലും തുടന്നു കൈകൾ ഉയർത്തി പിടിച്ചു കൊണ്ടു് "കർത്താവേ നിൻെറ സ്ലീബായാൽ........" എന്നു തുടങ്ങുന്ന പ്രാത്ഥനഉച്ചത്തിലും ചൊല്ലുന്നു. പ്രസ്തുത പ്രാത്ഥനയുടെ അവസാനത്തിൽ "സവ്വശക്തിയുള്ള ദൈവമേ ഞങ്ങളോടു കരുണ ചെയ്യണമേ" എന്നു് ജനം പ്രത്യുത്തരം നൽകുന്നു. വീണ്ടും കാർമ്മികൻ "കർത്താവേ ബലഹീനരും........" ഇത്യാദി പ്രാത്ഥന ചൊല്ലുന്നു. തുടർന്നു് ശുശ്രൂഷി, "വാത്സല്യമുള്ളവരെ, ജീവപ്രദനായ പരിശുദ്ധാത്മാവു്........" എന്നു തുടങ്ങുന്ന ഭാഗം ചൊല്ലുകയും, അതോടൊപ്പം തന്നെ കാർമ്മികൻ പരിശുദ്ധാത്മാവിനെ ക്ഷണിച്ചു കൊണ്ടു്

www.malankaralibrary.com



നിർദ്ദിഷ്ട പ്രാത്ഥന ചൊല്ലി വെള്ളത്തിനു മീതെ കൈകരം ആവസിപ്പിക്കുകയും ചെയ്യുന്നു. അതിനു പ്രത്യുത്തരമായി ''ഞങ്ങൾക്കെല്ലാവക്കും സമാധാനവും ശാന്തിയും ഉണ്ടാകണമേ'' എന്നു് ജനങ്ങൾ അപേക്ഷിക്കുന്നു. ചുരുക്കത്തിൽ പരിശുദ്ധാത്മാവിൻെറ ആവാസം മുഖേന മാമോദീസാജലം പുതു ജീവൻ നൽകുന്ന ജലമായി മാറുന്നുവെന്നു് വ്യക്തമാക്കുകയാണിവിടെ.

അവസാനം കാർമ്മികൻ താഴെ വരുന്ന പ്രാത്ഥന ചൊല്ലിക്കൊണ്ടു് വെള്ളത്തിൽ കുരിശടയാളം വരയ്ക്കുന്നു. ''സവ്വ ശക്തിയുള്ള ദൈവമായ കർത്താവേ ഇതിനെ നവ ചൈതന്യത്തിൻെറയും സന്തുഷ്ടിയുടെയും വെള്ളവും + നിൻെറ ഏക പുത്രൻെറ മരണത്തിലും ഉത്ഥാനത്തിലും പങ്കാളികളാക്കുന്ന ശുദ്ധീകരണത്തിൻെറ വെള്ളവുമാക്കി ത്തീർക്കണമേ. ആമ്മേൻ. ഇതിനെ ആത്മശരീരങ്ങളുടെ മാലിന്യത്തെ നീക്കിക്കളയുന്നതും ബന്ധനങ്ങൾ അഴിക്കുന്നതും + പിഴകൾ മോചിക്കുന്നതും ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നതുമായ വെള്ളമാക്കിത്തീക്കണമേ. ആമ്മേൻ.

ഇതിനെ വീണ്ടും ജനനത്തിനുള്ള സ്നാനവും പുത്രസ്വീകാര്യത്തിൻെറ നൽവരവും നാശമില്ലായ്മയുടെ വസ്ത്രവും പരിശുദ്ധാത്മാവിലുള്ള നവീകരണവും ആക്കിത്തീർക്കണമേ + ആമ്മേൻ.'' 33

മേല്പറഞ്ഞ പ്രാത്ഥനയിൽ സന്തുഷ്ടിയുടെ ജലം, ആത്മശരീരങ്ങളുടെ മാലിന്യങ്ങളെ നീക്കിക്കളയുന്ന ജലം, വീണ്ടും ജനനത്തിനുള്ള ജലം എന്നിങ്ങനെ മാമോദീസാ വെള്ളത്തെപ്പററിയുള്ള പ്രയോഗങ്ങൾ പ്രത്യേകം അത്ഥവത്താണു്. പ്രസ്തുത വെള്ളത്തിൽ മാമോദീസാ സ്വീകരിക്കുന്ന വ്യക്തി, ദൈവജ്ഞാനത്താൽ പ്രകാശിക്കുകയും ദൈവത്തിൻെറ ദത്തുപുത്രസ്ഥാനത്തിനു് അർഹനായി

33. മലങ്കര സഭയുടെ ആരാധനക്രമം, Op. cit, P. 21.

www.malankaralibrary.com



ത്തീരുകയും ചെയ്യുന്നു. (റോമ. 8:15,23; ഗാല. 4:5; എഫെ. 1:5). അങ്ങനെ പരിശുദ്ധാത്മാവാൽ പുത്രതാക്കപ്പെട്ട്, സ്നാനാർത്ഥി നാശമില്ലായ്മയുടെ വസ്ത്രം അണിയുകയും നിത്യജീവനിൽ ഓഹരിക്കാരനായിത്തീരുകയും ചെയ്യുന്നു (1 കോറ. 15:53).

കാർമ്മികൻ മൂറോൻ കുപ്പി കൈയിലുയർത്തി സ്ലീബാരൂപത്തിൽ മൂന്നു പ്രാവശ്യം ആഘോഷിച്ചുകൊണ്ട് ചൊല്ലേണ്ടതാണ് അടുത്തുവരുന്ന പ്രാർത്ഥന. മാമോദീസാവെള്ളത്തെക്കുറിച്ചാണ് പ്രസ്തുത പ്രാർത്ഥനയിൽ പറയുന്നത്. "കർത്താവിന്റെ ശബ്ദം വെള്ളത്തിൻമീതെ" എന്ന ഭാഗം ഈശോയുടെ ജോർദ്ദാനിലെ മാമോദീസായെയാണ് അനുസ്മരിപ്പിക്കുന്നത്. ഇവിടെ കാർമ്മികന്റെ പ്രാർത്ഥന കർത്താവിന്റെ ശബ്ദത്തിന്റെ പ്രതീകമാണ്.

മേല്പറഞ്ഞ പ്രാർത്ഥനകൾശേഷം മാമോദീസാത്തൊട്ടിയിലെ വെള്ളത്തിൽ കാർമ്മികൻ കുരിശാകൃതിയിൽ മൂറോൻ ഒഴിച്ചുകൊണ്ടു ചൊല്ലുന്നു: "പഴയ മനുഷ്യൻ നവീകരിക്കപ്പെടുവാൻ മാമോദീസായുടെ ഈ വെള്ളത്തിൽ + പിതാവിന്റെയും + പുത്രന്റെയും + ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും നാമത്തിൽ ഞങ്ങൾ വിശുദ്ധ മൂറോൻ ഒഴിക്കുന്നു. ആമ്മേൻ." 34 ഈ പ്രാർത്ഥനയിൽ വി. മൂറോൻ സൂചിപ്പിക്കുന്നത് നവീകരണം അല്ലെങ്കിൽ വിശുദ്ധീകരണമാണ്. വി. മൂറോൻ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നതിനാൽ മുമ്പു പറഞ്ഞ റൂഹാ ആവാസപ്രാർത്ഥനയോടു് ഇതിനു ബന്ധമുണ്ട്. വി. മൂറോനെപ്പററിയും അതു കൂദാശ ചെയ്യുന്ന വിധത്തെപ്പററിയും മററും 'മൂറോനഭിഷേകം' എന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ ചേർക്കുന്നില്ല.

---

34. മലങ്കരസഭയുടെ ആരാധനക്രമം, Op. cit, P. 22.

www.malankaralibrary.com



അടുത്തു വരുന്ന രഹസ്യ പ്രാത്ഥനയിൽ കാർമ്മികൻ സ്നാനാത്ഥിയുടെ പരിശുദ്ധിക്കായി അപേക്ഷിക്കുന്നു: പരിശുദ്ധാത്മാവിനെ അയച്ച് ജോർദ്ദാൻ നദീജലത്തെ ശുദ്ധീകരിച്ച ദൈവം മാമോദീസാസ്നാനായി അടുത്തു വന്നിരിക്കുന്ന അത്ഥിയെ പൂർണ്ണനും നിർമ്മലനും ആക്കി, തൻെറ അഭിഷിക്തനായ ക്രിസ്തുവിനോട് സംബന്ധമുള്ളവനാക്കണമേ എന്ന്.

രഹസ്യത്തിലുള്ള പ്രാത്ഥനയ്ക്കുശേഷം കാർമ്മികൻ സമാധാനം ആശംസിക്കുകയും, ''അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ'' എന്ന് ജനം പ്രതിവചിയ്ക്കുകയും ചെയ്യുന്നു. അതിനുശേഷം വെള്ളത്തിന്മേൽ വലതു കൈ ആവസിപ്പിക്കുകയും റൂശ്മാ ചെയ്തുകൊണ്ട് ''വീണ്ടും ജനനത്തിൽ........'' എന്നു തുടങ്ങുന്ന പ്രാത്ഥന ഉച്ചത്തിൽ ചൊല്ലുകയും ചെയ്യുന്നു. വെള്ളം വാഴ്ത്തൽ ക്രമത്തിൻെറ അവസാന ഭാഗമാണിത്. മാമോദീസാ വീണ്ടും ജനനത്തിനുള്ള ദൈവികമായ ഒരു കഴുകലാണെന്നും അതുവഴി നിത്യജീവൻ ലഭിക്കുമെന്നും ജനങ്ങളെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുകയാണിവിടെ ചെയ്യുന്നത്. പ്രസ്തുത മാമോദീസാവെള്ളം പരിശുദ്ധ ത്രീത്വത്തിൻെറ നാമത്തിൽ ഔദ്യോഗികമായി കാർമ്മികൻ ആശീർവദിക്കുന്നതോടെ വിശുദ്ധീകരണ കർമ്മത്തിൽ പ. ത്രീത്വത്തിനുള്ള സ്ഥാനം പ്രത്യക്ഷമായിട്ട് ഏററു പറയുകയും ചെയ്യുന്നു.

തദനന്തരം കാർമ്മികൻ മാമോദീസാത്തൊട്ടിയുടെ കിഴക്കുവശത്ത് (പശ്ചിമാഭിമുഖമായി) നിന്ന്, വലതു കൈ അത്ഥിയുടെ തലയിൽ വെച്ച്, ഇടതു കൈകൊണ്ട് വെള്ളം കോരി അത്ഥിയുടെ തലയിൽ ഒഴിക്കുന്നതോടൊപ്പം താഴെക്കാണുന്ന പ്രാത്ഥന ചൊല്ലുന്നു. ''ജീവൻെറ ശരണത്തിനും പാപങ്ങളുടെ മോചനത്തിനും വേണ്ടി + പിതാവിൻേറയും + പുത്രൻെറയും + ജീവനുള്ള വിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ (ഇന്നാരു്) നിത്യജീവന്നായി മമോദീസാ മുക്കപ്പെടുന്നു.'' മാമോദീസാ എ

www.malankaralibrary.com



ന്ന കൂദാശയിലെ ഏററവും പ്രധാന ഭാഗമാണിതു്: അ ത്ഥി സ്നാനം സ്വീകരിക്കുന്നതു് ജീവൻെറ ശരണത്തിനാ യിട്ടാണെന്നു്; സ്വർഗ്ഗത്തിൽ അവനുവേണ്ടി ഒരുക്കിയി രിക്കുന്ന നിത്യജീവനുവേണ്ടിയാണെന്നു്; ചുരുക്കത്തിൽ, മാമോദീസായിലൂടെ സ്നാനാത്ഥി നിത്യജീവനു് അവ കാശിയായിത്തീരുകയാണു്, എന്നു സാരം. സ്വർഗ്ഗ ത്തിലെ നിത്യഭാഗ്യാനുഭവത്തിനു് പാപങ്ങളുടെ മോച നം അത്യന്താപേക്ഷിതമാണു്. മാമോദീസാ മുഖേന സ്നാനാത്ഥിക്കു പാപങ്ങളുടെ മോചനവും ലഭിക്കുന്നു. മാമോദീസായുടെ അത്ഥം മുഴുവൻ "നിത്യജീവനായി" എന്ന ഒററപ്പദത്തിൽ ഉംക്കൊള്ളുന്നുണ്ടു്. പ്രസ്തുത പദം വേദപുസ്തകാധിഷ്ഠിതമാണു് (യോഹ. 3:15, 16; 4:14; 10:28; റോമ. 2.7; 5.21; 16.22). മാമോദീസാ ശുശ്രൂ ഷയിൽ വായിച്ച സുവിശേഷത്തിൻെറയും ലേഖനത്തി ൻെറയും ഒരു ചുരുക്കം ഇവിടെ കാണുവാൻ സാധിക്കും; പാപത്തിൽനിന്നു് മനുഷ്യൻ മോചിതനാകുന്നതോടുകൂ ടി വിശുദ്ധീകരണം സാധിക്കുന്നു; അതു് പൂർണ്ണതയിൽ എത്തുന്നതു് നിത്യ ജീവിതത്തിലാണു്. എന്തെന്നാൽ പാപത്തിൻെറ വേതനം മരണവും ദൈവത്തിൻെറ സൗ ജന്യ ദാനം നമ്മുടെ കർത്താവായ ഈശോമിശിഹായി ലുള്ള നിത്യജീവനുമാണു് (റോമ 6:23).

ഒരു കാര്യം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണു്. പരിശുദ്ധ ത്രിത്വത്തിൻെറ നാമത്തിലാണു് ഒരുവൻ മാ മോദീസാ സ്വീകരിക്കുന്നതു്. അതായതു് പുതുതായി ജനിച്ച ആ വ്യക്തി ക്രിസ്തുവുമായി സംയോജിക്കപ്പെടു ക മാത്രമല്ല, പിന്നെയോ, പരിശുദ്ധ ത്രിത്വം അവനെ ദത്തെടുക്കുകയാണു്; അതുവഴി അവൻ സഭയിലേയ്ക്കു സ്വീ കരിക്കപ്പെടുന്നു.

മററു് പൗരസ്ത്യ സഭകളിലെന്നപോലെ മലങ്കര സ ഭയിലും കർമ്മണി പ്രയോഗമാണുള്ളതു്. ഇതു് വെളി വാക്കുന്നതു്, യഥാത്ഥത്തിൽ മാമോദീസാ നൽകുന്നതു്"

www.malankaralibrary.com



ദൈവമാണ്; കാർമ്മികൻ ദൈവത്തിന്റെ വെറും സേവകനാണ്: ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള മദ്ധ്യസ്ഥൻ മാത്രമാണ്. അറബികളുടെ മെത്രാനെന്ന പേരിൽ അറിയപ്പെടുന്ന ഗീവർഗ്ഗീസ് പറയുകയാണ്, "ഇന്നാരു് മാമോദീസാ മുക്കപ്പെടുന്നു എന്നു് കാർമ്മികൻ പറയുമ്പോഴം, ആ പ്രവർത്തനം അദ്ദേഹത്തിന്റേതല്ല പിന്നെയോ വി. കർമ്മങ്ങളും പരികർമ്മം ചെയ്യുവാൻ കാർമ്മികനു് നല്കിയിട്ടുള്ള ദൈവത്തിന്റെയാണെന്നു സ്പഷ്ടമാണ്." 35

അവസാനമായി കാർമ്മികൻ മാമോദീസാ സ്വീകരിച്ച ആളെ മദ്ധ്യസ്ഥനെ ഏല്പിക്കുന്നു. തദവസരത്തിൽ ശുശ്രൂഷകൻ നിർദ്ദിഷ്ട ഗാനം ആലപിക്കുന്നു. നാലു പാദങ്ങളുള്ള പ്രസ്തുത ഗാനത്തിന്റെ ആദ്യത്തെ പാദത്തിൽ സഭയാണ് വിഷയം. തള്ളപ്പക്ഷി അതിന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴ് സൂക്ഷിക്കുന്നതു പോലെയും, ഇടയൻ ആലയിൽ ആടിനെ സ്വീകരിക്കുന്നതു പോലെയും, മാമോദീസാ സ്വീകരിച്ച വ്യക്തിയെ സഭ ഇപ്പോഴം സ്വീകരിക്കുകയാണെന്നു വ്യക്തമാകുന്നു. സഭയെ ഒരു ആലയായിട്ടും അതിലേയ്ക്കു് പുതുതായി സ്വീകരിക്കപ്പെടുന്ന വ്യക്തി കളങ്കമില്ലാത്ത കുഞ്ഞാടായിട്ടും ഉള്ള ചിത്രീകരണം പല പ്രാർത്ഥനകളിലും കാണാവുന്നതാണ്. രണ്ടാം പാദത്തിൽ, യോഹന്നാൻ സ്നാപകൻ മാമോദീസായെക്കുറിച്ചു പറഞ്ഞ പ്രവചന പൂർത്തീകരണമായി ക്രിസ്തീയ മാമോദീസായെ ചിത്രീകരിച്ചിരിക്കുന്നു. ആത്മാവിനാലും അഗ്നിയാലുമുള്ള മാമോദീസായായിട്ടാണ് യോഹന്നാൻ പുതിയ നിയമ മാമോദീസായെ വിശേഷിപ്പിച്ചിരിക്കുന്നതു്. മൂന്നാം പാദം, മാമോദീസായിൽ പരിശുദ്ധ ത്രിത്വത്തിനുള്ള പങ്ക് വ്യക്തമാക്കുന്നു. നാലാം പാദത്തിൽ, ഗദയോൻ ജലം മുഖേന പടയാളികളെ തെരഞ്ഞെടുത്തു യുദ്ധത്തിനു പുറപ്പെട്ടതുപോലെ, മിശിഹാ

35. Connolly and codrington op, cit, p. 14

www.malankaralibrary.com



തന്റെ ആരാധകരെ മാമോദീസാ ജലത്താൽ ആദ്ധ്യാത്മിക യുദ്ധക്കളത്തിലേയ്ക്കു തെരഞ്ഞെടുത്തിരിക്കുന്നു എന്നും സ്പഷ്ടമാകുന്നു.

മാമോദീസായുടെ ക്രമം ഇവിടെ അവസാനിച്ചു. മലങ്കര സഭയിൽ മാമോദീസായോടു കൂടി മൂറോനഭിഷേകവും നൽകുന്നതുകൊണ്ടു് കൂദാശ ക്രമത്തിൽ രണ്ടും കൂടെ ഒന്നു ചേർത്താണു് കൊടുത്തിരിക്കുന്നതു്. എന്നാൽ, പഠന സൗകര്യത്തെപ്രതി മൂറോനഭിഷേക കൂദാശയെപ്പററി പ്രത്യേകമായി അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നതാണു്.

www.malankaralibrary.com

## അദ്ധ്യായം രണ്ട്

# മൂറോനഭിഷേകം

പരിശുദ്ധാത്മാവിന്റെ പ്രത്യേക ആവാസത്താൽ ഒരുവനെ വിശ്വാസത്തിൽ സ്ഥിരതയുള്ളവനും, ഉത്തമ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ പടയാളിയും ആക്കിത്തീർക്കുന്നതും ഈശോമിശിഹായാൽ സ്ഥാപിതവുമായ ഒരു കൂദാശയാണു് മൂറോനഭിഷേകം. മാമോദീസാ സ്വീകരിച്ച വ്യക്തികൾ മാത്രമേ മൂറോനഭിഷേകത്തിനു് അർഹതയുള്ളു. ഈ കൂദാശാസ്വീകരണത്തോടുകൂടി പ്രത്യേകമായ വിധത്തിൽ പരിശുദ്ധാത്മാവു് ഒരുവനിലേക്കു് എഴുന്നള്ളിവരുകയും അതോടെ ക്രിസ്തുവിന്റെ പടയാളിയായി സ്വന്തവിശ്വാസത്തെ പ്രഖ്യാപിക്കുവാനുള്ള ധൈര്യം അയാൾക്കു് ലഭിക്കുകയും ചെയ്യുന്നു.

'മൂറോൻ' എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം 'തൈലം' എന്നാണു്. വിവിധ തരത്തിലുള്ള സുഗന്ധദ്രവ്യങ്ങളും സൈത്തെണ്ണയും 'ബലസ്മോൻ' എന്ന സുഗന്ധവസ്തുവും ചേർത്തു് കൂദാശ ചെയ്തു് എടുക്കുന്നതാണു് പ്രസ്തുത തൈലം. ബാർ എബ്രായൂസിന്റെ (13-ാം നൂററാണ്ടു്) ഹൂദായകാനോനിൽ പരിമള തൈലത്തിന്റെ ചേരുവ, തയ്യാറാക്കുന്ന വിധം, കൂദാശചെയ്യുന്ന രീതി എന്നിവയെപ്പററിയെല്ലാം വിവരിക്കുന്നുണ്ടു്[1]. കൂദാശചെയ്ത തൈലം അഥവാ വി. മൂറോൻ കൊണ്ടു് അർത്ഥിയെ അഭിഷേചിക്കുന്നതിനാലാണു് മൂറോനഭിഷേകമെന്ന പേരിൽ

1. Cfr. ഹൂദായ കാനോൻ, വിവർത്തകൻ: കോനാട്ടു് എബ്രഹാം കത്തനാർ, പാമ്പാക്കുട, (1963), pp 29–36.

www.malankaralibrary.com



ഈ ക്രമമാണു അറിയപ്പെടുന്നതു്. ആദിമ സഭയിൽ അനുഷ്ഠിച്ചിരുന്നതുപോലെ മാമോദീസാ, മൂറോനഭിഷേകം, വി. കർബാന എന്നിവ ഒരുമിച്ചു് അർത്ഥിക്കു് കൊടുക്കുന്ന പതിവാണു് മലങ്കര സഭയിലും ഇന്നു് നിലവിലുള്ളതു്.

## വേദപുസ്തകത്തിൽ

സമരിയായിലുള്ളവർ ദൈവവചനം സ്വീകരിച്ചതായി ജറുസലേമിലുണ്ടായിരുന്ന ശ്ലീഹന്മാർ അറിഞ്ഞപ്പോരം അവർ പത്രോസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ അവിടെ എത്തി, വിശ്വസിച്ചവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിനു് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. എന്തെന്നാൽ അവരിൽ ആരുടെമേലും അതുവരെ പരിശുദ്ധാത്മാവു് വന്നിരുന്നില്ല. കർത്താവായ യേശുവിന്റെ നാമത്തിൽ അവർ മാമോദീസാ സ്വീകരിക്കുക മാത്രമേ ചെയ്തിരുന്നുള്ളു. അനന്തരം അയയ്ക്കപ്പെട്ടവർ അവരുടെമേൽ കൈകരം വയ്ക്കുകയും അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു 2. ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്നുള്ള വാഗ്ദാനം പന്തക്കുസ്താനാളിൽ ക്രിസ്തു നിറവേറുകയും അതോടെ അവരെ വിശ്വാസത്തിൽ സ്ഥിരീകരിക്കുകയും സകല സത്യത്തിലും നീതിയിലും അവരെ നടത്തുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. സഭയിൽ അംഗങ്ങളായിത്തീരുന്ന എല്ലാവർക്കും ക്രിസ്തു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തിട്ടുണ്ടു് 3. ശ്ലീഹന്മാർ ഇതു് മനസ്സിലാക്കിയിരുന്നതിനാലാണു് മാമോദീസാനന്തരം പരിശുദ്ധാത്മാഭിഷേകത്തിനായി തലയിൽ കൈവച്ചു് പ്രാർത്ഥന നടത്തിയിരുന്നതു് 4. പന്തക്കുസ്തായുടെ ന

2. നട. 8: 14–18
3. യോഹ. 7: 38–39, 14:16, 15:26.
4. നട. 19:6

www.malankaralibrary.com



ല്വരങ്ങൾ എല്ലാ വിശ്വാസികൾക്കുമുള്ളതാണെന്ന് പത്രോസ് പ്രഖ്യാപിക്കുന്നുണ്ട് 5. ശ്ലീഹന്മാർ മാമോദീസാ നല്കിയ ശേഷം പ്രത്യേക കർമ്മം വഴി പരിശുദ്ധാത്മാവിനെ വിശ്വാസികൾക്ക് നല്കിയിരുന്നതായി വേദപുസ്തകവും സാക്ഷിക്കുന്നു 6.

## പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ

മാമോദീസായെ തുടർന്ന് അത്മിക്ക് മൂറോൻ നല്കാത്ത കാർമ്മികൻ സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവിശ്വാസിയാണെന്നുള്ള പാരമ്പര്യത്തെ, ലാഹ്മൻ രേഖപ്പെടുത്തിയിട്ടുണ്ട് 7. വിശുദ്ധ കൂറിലോസ് സാക്ഷിക്കുന്നു: "തൈലത്താൽ അഭിഷേചിക്കപ്പെടുന്നതുമൂലം നിങ്ങൾ ക്രിസ്തുവിൻെറ പങ്കുകാരും ഓഹരിക്കാരുമായി ഭവിച്ചിരിക്കുന്നു. കേവലം ഒരഭിഷേചനമായി മാത്രം ഇതിനെ നിങ്ങൾ പരിഗണിക്കരുത്. എന്തെന്നാൽ, വി. കുർബാനയിലെ അപ്പം, പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയ്ക്കുശേഷം കേവലം അപ്പമല്ല, പിന്നെയോ ക്രിസ്തുവിൻെറ ശരീരമാണ്. അപ്രകാരം തന്നെ പ്രാർത്ഥനയ്ക്കുശേഷം വി. തൈലം സാധാരണ തൈലമല്ല, പിന്നെയോ ദൈവത്വത്താൽ ശക്തി പ്രാപിച്ച ക്രിസ്തുവിൻെറയും പരിശുദ്ധാത്മാവിൻെറയും ദാനമാകുന്നു. ദൈവകല്പനയെ ആദ്യമായി ലംഘിച്ച മനുഷ്യൻ അനുഭവിച്ചുപോരുന്ന ലജ്ജയിൽനിന്നും നമ്മെ മോചിക്കുന്നതിനും, ആവരണരഹിതമായ മുഖത്തോടുകൂടെ ദൈവത്തിൻെറ

---

5. നട. 2:38
6. 2 കൊരി 1: 20-27, എഫേ. 1:13, തെത്തൂസ് 3: 5-6 1 യോഹ 2:20
7. L. Lahman, Der pneumatisehe Aspekt der Sakramente, der christliehen mystagogue, in Kyrios 12 (Berlin 1972) 104.

www.malankaralibrary.com



മഹത്വം നാം ദർശിക്കുന്നതിനും വേണ്ടി നമ്മുടെ നെററി തൈലത്താൽ അഭിഷേചിക്കപ്പെട്ടു. ജ്ഞാനസ്നാനത്തിന്റെയും പരിശുദ്ധാത്മാധിവാസത്തിന്റെയും ശേഷം, പരിപാവനമായ സ്നാനത്തിനും അത്ഭുതകരമായ അഭിഷേചനത്തിനും ശേഷം, പരിശുദ്ധാത്മാവിന്റെ നിർമ്മലവസ്ത്രം നാമും ധരിച്ചു് പ്രതികൂലശക്തികൾക്കെതിരെ പോരാടുകയും 'എന്നെ ശക്തിപ്പെടുത്തുന്ന ക്രിസ്തുവിൽ എനിക്കെല്ലാം സാധിക്കും' എന്നു പ്രസ്താവിച്ചുകൊണ്ടു് ശത്രുവിനെ കീഴടക്കുകയും ചെയ്തുകൊള്ളുക'' 8.

രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന തെർത്തുല്യൻ ഇപ്രകാരം എഴുതിയിരിക്കുന്നു: 'ആത്മാവിനെ നിർമ്മലമാക്കുന്നതിനു വേണ്ടി മാംസം അഭിഷേചിക്കപ്പെടുന്നു. ആത്മാവിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി മാംസം മുദ്രകുത്തപ്പെടുന്നു. പരിശുദ്ധാത്മരൂപിയാൽ ആത്മാവു് പ്രകാശിതമാകുന്നതിനുവേണ്ടി കൈ വയ്പിനാൽ മാംസം മറയ്ക്കപ്പെടുന്നു' 9 നിയമാനുസൃതമായി ജ്ഞാനസ്നാനം സ്വീകരിച്ചതു നിമിത്തം അവർക്കു തുടർന്നു എന്താവശ്യമായിരുന്നുവോ അതു് വി. പത്രോസും യോഹന്നാനും, പ്രാർത്ഥനയും കൈവെയ്പും വഴി നൽകുകയും ചെയ്തു. അതു് ഇപ്പോഴും നമ്മുടെ ഇടയിൽ നിർവ്വഹിക്കപ്പെടുന്നു. 'സഭയിൽനിന്നു് ജ്ഞാനസ്നാനം സ്വീകരിച്ചവർ മെത്രാന്മാരുടെ മുമ്പാകെ ആനയിക്കപ്പെടുകയും, നമ്മുടെ പ്രാർത്ഥനയും കൈവയ്പും മൂലം അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും കർത്താവിന്റെ മുദ്രയാൽ പൂർണ്ണരാക്കപ്പെടുകയും ചെയ്യുന്നു' 10 എന്നു് മൂന്നാം ശതകത്തിൽ ജീവിച്ചിരുന്ന വി. സിപ്രിയാനും സാക്ഷിക്കുന്നു.

8. Cat 21 Mys 3 De S Chrism, Migne, "P.G. Vol 33".
9. De Resur, ear: P.L. Vol. I
10. Epist. 73, P.L. Vol. IV

www.malankaralibrary.com



ഇതിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ച സമര്യാക്കാ ക്ക് അപ്പസ്തോലന്മാർ നൽകിയിരുന്ന അതേ കൂദാശ ത ന്നെയാണ് വി. സിപ്രിയാന്റെ കാലത്തുള്ള ക്രൈസ്ത വർക്കും നല്കപ്പെട്ടതെന്ന് തെളിയുന്നു.

## മൂറോൻ: ദൈവശാസ്ത്രകാഴ്ചപ്പാടിൽ

ഒരു ക്രൈസ്തവനെ ഉത്തമ ക്രിസ്ത്യാനിയും ക്രിസ്തുവി ന്റെ പടയാളിയുമാക്കിത്തീർക്കുന്ന കൂദാശയാണല്ലൊ മൂറോനഭിഷേകം. ഈ കൂദാശ സ്വീകരണത്തോടു കൂടി ഒരുവന് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. മാമോദീ സായുടെ ഫലങ്ങളും പൂർത്തിയാകുക സ്ഥൈര്യലേപനം സ്വീകരിക്കുമ്പോഴാണ്. ക്രിസ്തുവിന്റെ സാക്ഷികളും അവിടുത്തെ സഹപ്രവർത്തകരും എന്ന നിലയിൽ ജീവി ക്കുവാൻ പരിശുദ്ധാത്മാവ് ഒരുവന് ശക്തി നൽകുന്നു. ക്രിസ്തു പിതാവിനെ സ്നേഹിച്ചതുപോലെ മനുഷ്യരും തമ്മിൽ തമ്മിൽ സ്നേഹിക്കുവാൻ അവരെ കഴിവുററവരാ ക്കുന്നു; ക്രിസ്തു ചിന്തിച്ചതുപോലെ ചിന്തിക്കുവാനും പ്രവ ർത്തിച്ചതുപോലെ പ്രവർത്തിക്കുവാനും അവർക്കു ശക്തി നൽകുന്നു. ചുരുക്കത്തിൽ യഥാർത്ഥ ക്രൈസ്തവനെപ്പോ ലെ ജീവിക്കുവാൻ ഒരുവനെ സഹായിക്കുന്നു.

തന്റെ മരണവും ഉയിർപ്പുംവഴി ക്രിസ്തു സഭയ്ക്ക് ആരംഭമിട്ടെങ്കിൽ, അതിന് വളർച്ച നല്കുന്നത് പരി ശുദ്ധാത്മാവാണ്. പന്തക്കുസ്താദിനത്തിൽ പരിശുദ്ധാ ത്മാവിനെ അയച്ച് സഭയെ ശക്തിപ്പെടുത്തി. ഒരുവന് ദൈവിക ജീവൻ ലഭിക്കുന്നത് മാമോദീസാ വഴിയാണ്; പ്രസ്തുത ജീവനിൽ അവൻ കരുത്താർജ്ജിക്കുന്നത് മൂറോ നഭിഷേകമെന്ന കൂദാശവഴി പരിശുദ്ധാത്മാവിനെ സ്വീ കരിച്ചുകൊണ്ടാണ്.

www.malankaralibrary.com



മൂറോനഭിഷേകം മൂലം പരിശുദ്ധാത്മാവിന്റെ ദാനങ്ങളായ ജ്ഞാനം, ബുദ്ധി, അറിവ്, ഭക്തി, ദൈവഭയം, ആലോചന, ആത്മശക്തി എന്നിവ ഒരുവനു ലഭിക്കുന്നു. ദൈവിക കാര്യങ്ങളെ സ്നേഹിക്കുവാനും, ലോകത്തിലുള്ള എല്ലാവരെയും എല്ലാ വസ്തുക്കളെയും ദൈവം വീക്ഷിച്ചതുപോലെ വീക്ഷിക്കുവാൻ ജ്ഞാനം എന്ന ദാനം സഹായിക്കുമ്പോൾ, ദൈവം വെളിപ്പെടുത്തിയതും സഭ പഠിപ്പിക്കുന്നതുമായ കാര്യങ്ങളെ ഗ്രഹിക്കുന്നതിനു ബുദ്ധി ഒരുവനെ സഹായിക്കുന്നു. ബുദ്ധി ഉദ്ദീപിപ്പിച്ച് ദൈവിക കാര്യങ്ങൾ ഗ്രഹിക്കുന്നതിനും ദൈവേഷ്ടം അറിയുന്നതിനും ഒരുവന് അറിവും ആവശ്യമാണ്. ദൈവ സ്നേഹത്തിൽ വളരുന്നതിന് ഭക്തി നമ്മെ സഹായിക്കുന്നു. ദൈവസ്നേഹത്തെ പ്രതി പാപത്തെ വിട്ടകന്ന് ജീവിക്കുന്നതിനുള്ള ശക്തി നൽകുന്നതിന് ദൈവഭയവും, സ്വന്തം കാര്യങ്ങളിലും മറ്റുള്ളവരുടെ കാര്യങ്ങളിലും യുക്തമായ തീരുമാനമെടുക്കുന്നതിന് പരിശുദ്ധാത്മ ദാനമായ ആലോചനയും സഹായിക്കുന്നു. അതുപോലെ തന്നെ ഏതൊരു സാഹചര്യത്തിലും ദൈവത്തോട് വിശ്വസ്തരായി വർത്തിക്കുന്നതിന് കരുത്തു നൽകുന്നതും പരിശുദ്ധാത്മ ശക്തിയാണ്. ഇങ്ങനെ ക്രിസ്തുവിന്റെ പ്രകാശത്തിൽ സഞ്ചരിക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചിരിക്കുന്നവനാണ് മൂറോൻ സ്വീകരിച്ച ഓരോ ക്രിസ്ത്യാനിയും. 'ക്രിസ്ത്യാനികൾ പ്രകാശത്തിന്റെ പുത്രന്മാരാണ്; അവനാൽ നാം വെളിച്ചം കാണുന്നു.'

## മൂറോനഭിഷേകം മലങ്കര സഭയിൽ [11]

മലങ്കര സഭയിൽ മൂറോനഭിഷേക കർമ്മം സാധാരണയായി നമസ്കാര മേശയുടെ മുമ്പിൽവച്ചാണ് നടത്തുക.

---

11. തുടർന്നു വരുന്ന വിശദീകരണത്തിന് റവ. ഡോ. മാത്യു ഇലഞ്ഞിക്കലിന്റെ 'Baptism in the Malankara Church' (Bangalore 1974) എന്ന പുസ്തകത്തോട് കടപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



മാമോദീസാത്തൊട്ടി സ്ഥാപിച്ചിരിക്കുന്നതു് പ്രത്യേക മുറിയിലാണെങ്കിൽ സ്നാപനകർമ്മം കഴിഞ്ഞാലുടൻ കാർമ്മികനും ശുശ്രൂഷകരും അർത്ഥിയോടൊപ്പം ഹൈക്കലായിലേക്കു് വരുകയും അഭിഷേക കർമ്മം നടത്തുകയും ചെയ്യുന്നു. നമസ്ക്കാര മേശയുടെ മുമ്പിൽ കാർമ്മികൻ കിഴക്കോട്ടു് തിരിഞ്ഞു നിന്നു്, വലത്തു കൈയിൽ മൂറോൻ കുപ്പിയും ഇടത്തു കൈ മുമ്പോട്ടു നീക്കി മലർത്തി പിടിച്ചും പ്രാർത്ഥന ആരംഭിക്കുന്നു. അന്ത്യോക്യൻ സഭയിൽ നിലവിലിരുന്ന ഒരു ക്രമത്തിൽ കാണുന്നതു് 'മൂറോൻ കുപ്പി കാർമ്മികന്റെ ഇടത്തു കൈയിലും വലത്തു കൈ അർത്ഥിയുടെ തലയിലും വച്ചു് പ്രാർത്ഥന ആരംഭിക്കുന്നു എന്നാണു് 12. അജപാലനോദ്ദേശ്യം കണക്കിലെടുത്താൽ ഈ രീതി കൂടുതൽ അർത്ഥവത്തും സ്വീകാര്യവുമായി തോന്നുന്നു.

മാമോദീസായിൽ അർത്ഥിക്കു ലഭിച്ച വിശ്വാസത്തെപ്പറ്റിയും മൂറോനഭിഷേകത്തിൽ സ്വീകരിക്കുവാൻ പോകുന്ന പ്രത്യേക ദാനങ്ങളെപ്പറ്റിയുമുള്ള വിവരങ്ങൾ എല്ലാം പ്രാരംഭ പ്രാർത്ഥനയിൽ അടങ്ങിയിട്ടുണ്ടു്. പ്രസ്തുത പ്രാർത്ഥന താഴെ ചേർക്കുന്നു: "കർത്താവേ, മാമോദീസാമുഖാന്തരം ലഭിച്ച വിശ്വാസത്താൽ നിന്റെ ഭക്തന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിരിക്കുന്ന ഈ ദാസൻ നിന്റെ നാമത്തിൽ ഈ വിശുദ്ധ മുദ്രയും അടയാളവും സ്വീകരിക്കുവാൻ ഇടയാകട്ടെ. ഈ മൂറോനാൽ ഇവൻ ആത്മീയ സുഗന്ധത്താൽ നിറയട്ടെ. പ്രതികൂല സൈന്യങ്ങൾക്കു് ഇവൻ വിധേയനാകരുതെ. ഇനിമേൽ ഇവൻ ദുഷ്പ്രഭുക്കളായ പിശാചുക്കളെയും അന്ധകാര ശക്തികളെയും ഭയപ്പെടാതിരിക്കട്ടെ. നിന്റെ പ്രകാശത്തിൽ കൂടി സഞ്ചരിക്കുന്നതിനും പ്രകാശത്തിന്റെ പുത്രനായിത്തീരുന്നതിനും നിന്നിൽ ജീവിച്ചു് നിന്റെ അടുക്കൽ വന്നുചേരു

12. Liber Ritualis Usui Ecclesia Antiochenae Syrouum (charfeh: 1922)' order of Baptism, pp. 5–73·

www.malankaralibrary.com



ന്നതിനും ഇടയാകട്ടെ'',13. മാമോദീസായിലൂടെ ക്രിസ്തീയ വിശ്വാസം സ്വീകരിച്ച് വിശ്വാസികളുടെ കൂട്ടത്തിൽ അംഗമാകുന്ന അർത്ഥികൾ 'മുദ്രയും അടയാളവും' ലഭിക്കുന്നതു് 'മൂറോനഭിഷേകം' എന്ന കൂദാശ വഴിയാണ്. മാമോദീസാ,മൂറോനഭിഷേകം, തിരുപ്പട്ടം എന്നീ കൂദാശകൾ ഒരിക്കലും മാഞ്ഞുപോകാത്ത മുദ്ര ആത്മാവിൽ പതിക്കുന്നു. അതിനാൽ ഈ കൂദാശകൾ ഒരിക്കൽ മാത്രമെ സ്വീകരിക്കുവാൻ പാടുള്ളു. മാമോദീസാ ക്രിസ്തുവിൻെറ അനുയായിയുടെ മുദ്രയും തിരുപ്പട്ടം ക്രിസ്തുവിൻെറ പൗരോഹിത്യത്തിൻെറ മുദ്രയും ആണ് ആത്മാവിൽ പതിക്കുന്നതു''.

'മുദ്ര' സാധാരണയായി അധികാരത്തിൻെറ അടയാളമാണ്. ഉദാഹരണമായി രാജാക്കന്മാരുടെ മുദ്ര, അവരുടെ അധികാരത്തെയാണ് പ്രഖ്യാപനം ചെയ്യുന്നതു്. ഇസ്രായേൽക്കാരുടെയിടയിൽ മുദ്ര കൊടുത്തു് അധികാരം കൈമാറിയിരുന്നതായി കാണാം. 14 എല്ലാ പൗരന്മാർക്കും അവരവരുടെ പ്രത്യേക മുദ്രയും പേരു കൊത്തിയ വടിയും ഉണ്ടായിരുന്നു. യൂദാ താമാറിനെ സ്വീകരിക്കുന്നതിനു പ്രതിഫലമായി അവൾ ആവശ്യപ്പെട്ടതു് മുദ്രമോതിരവും മോതിരച്ചരടും കൈയിലെ വടിയും ആണ്. 15 നബോത്തിൻെറ മുന്തിരിത്തോട്ടം അപഹരിക്കുന്നതിനായി ഇസബെല്ലാ രാജ്ഞി ആഹാബിൻെറ പേരു വച്ചു കത്തുകൾ എഴുതി, അദ്ദേഹത്തിൻെറ അംഗുലീയം കൊണ്ടു് മുദ്ര വച്ച് നബോത്തിൻെറ പട്ടണത്തിൽ താമസിക്കുന്ന കാരണവന്മാർക്കും ജനപ്രമാണികൾക്കും അയച്ചു16. വെളിപാടു പുസ്തകത്തിൽ ഏഴു മുദ്രകൾ പതിച്ച ഒരു ഗ്രന്ഥത്തെക്കുറിച്ചും, ആ ഗ്രന്ഥം വാങ്ങാനും അതിൻെറ മുദ്രപൊ

---

13. മലങ്കരസഭയുടെ ആരാധനക്രമം: കൂദാശകൾ തിരുവനന്തപുരം pp 25—26.
14. ഉല്പത്തി 41:42, എസ്തേർ 3:12, ആവ 6:17.
15. ഉല്പത്തി 38:18
16. 3 രാജാ 21:8

www.malankaralibrary.com



ട്ടിക്കാനും അർഹതയുള്ള വ്യക്തിയെക്കുറിച്ചും പറയുന്നു. [17] കർത്താവിന്റെ ശരീരം ശിഷ്യന്മാർ മോഷ്ടിച്ചുകൊണ്ടു പോകാതിരിക്കുവാൻ മുദ്ര വച്ചതായും കാണുന്നു. [18] മുദ്രയെപറ്റി ഒന്നാം അദ്ധ്യായത്തിൽ കൊടുത്തിട്ടുള്ള വിവരണവും മേൽപ്പറഞ്ഞ ആശയങ്ങൾ വ്യക്തമാക്കുന്നുണ്ട്.

ദൈവികമുദ്ര, സൃഷ്ടാവിന് സൃഷ്ടികളുടെ മേലുള്ള അധികാരത്തെയും അവകാശത്തെയുമാണ് കാണിക്കുന്നത്. മുദ്ര കുത്തപ്പെട്ട സാധനമോ വ്യക്തിയോ മുദ്ര കുത്തിയ ആളിന്റേതും അദ്ദേഹത്തിനു മാത്രമുള്ളതുമാകുന്നു. മൂറോനഭിഷേകം മുഖേന ഒരുവൻ ക്രിസ്തുവിന്റെ പടയാളിയായി അദ്ദേഹത്തിനു മാത്രമുള്ളവനായിത്തീരുകയാണ് ചെയ്യുന്നത്.

മൂറോനഭിഷേക ശുശ്രൂഷയുടെ പ്രാരംഭ പ്രാർത്ഥനയിൽ കാണുന്ന 'മുദ്രയും അടയാളവും' എന്നതുകൊണ്ട് പരിശുദ്ധാത്മാവിനെയാണ് കുറിക്കുന്നത്. ക്രിസ്തുവിന്റെ മാമോദീസാ സമയത്ത് പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് അവന്റെ മേൽ ആവസിച്ചു. ഇതിനെപ്പറ്റി ക്രിസ്തു തന്നെ പറയുന്നത് 'പിതാവായ ദൈവം തന്റെ മേൽ അംഗീകാരമുദ്ര വെച്ചിരിക്കുന്നു', [19] എന്നാണ്. മാമോദീസാ സമയത്ത് ക്രിസ്തുവിന്റെ മേലുള്ള പരിശുദ്ധാത്മാവിന്റെ ആവാസം, താൻ ദൈവപുത്രനാണെന്നുള്ളതിന്റെ മുദ്രയും അടയാളവുമായിരുന്നു. ഈ കൂദാശയിൽ പരിശുദ്ധാത്മാവിന്റെ പ്രതീകമായിട്ടാണ് വി. മൂറോൻ നിലകൊള്ളുന്നത്. പരിശുദ്ധാത്മാവിന്റെ മുദ്രയാണ് മൂറോനഭിഷേകത്തിൽ അർത്ഥിക്കു ലഭിക്കുന്നത്. മാമോദീസായിൽ ഒരു വിത്തിനു സമമായി അർത്ഥിക്കു ലഭിച്ച പരിശുദ്ധാത്മ ദാനം, ഈ കൂദാശാസ്വീകരണത്തോടുകൂടി വളർന്നു ശക്തിപ്പെടുന്നു. അങ്ങനെ വി. തൈലാ

---

17. വെളി 5:2, 5:9

18. മത്താ 27:6

19. യോഹ. 6: 27

www.malankaralibrary.com



ഭിഷേകം മാമോദീസാ സ്വീകരിച്ച വ്യക്തിയെ പരിശുദ്ധാത്മ ദാനങ്ങറം കൊണ്ടു് നിറച്ചു് പൂർണ്ണതയിലേക്കു് നയിക്കുന്നു.

പ്രായോഗികവും പ്രതീകാത്മവുമായ മറെറാരത്ഥവും മൂറോൻ തൈലത്തിൽ ദർശിക്കാം. മൽപ്പിടുത്തക്കാരും പടയാളികളും തങ്ങളുടെ കൈകാലുകറംക്കും മാംസപേശികറംക്കും കൂടുതൽ ഉറപ്പും ശക്തിയും ലഭിക്കുന്നതിനുവേണ്ടി എണ്ണ അല്ലെങ്കിൽ തൈലം തേച്ചു് തിരുമ്മുന്ന പതിവു് ഇന്നും സാധാരണമാണല്ലൊ. അതുപോലെതന്നെ, മൃതശരീരങ്ങറം കേടുകൂടാതെ സൂക്ഷിക്കുന്നതിനുവേണ്ടി പരിമള തൈലം പൂശുന്ന പതിവും ആദ്യകാലങ്ങളിൽ എന്നപോലെ ഇന്നും നടപ്പുള്ളതാണു്. മൂറോൻ തൈലത്താലുള്ള അഭിഷേകം ക്രിസ്തുവിൻെറ ധീരനായ ഒരു പടയാളിയെപ്പോലെ യുദ്ധം ചെയ്യുന്നതിനു് അവശ്യം വേണ്ട ശക്തി ലഭിക്കുന്നതിനെയും ആത്മാവിനു് നാശം സംഭവിക്കാതെ പ്രകൃത്യാതീത ജീവനാൽ സംരക്ഷിക്കപ്പെടുന്നതിനെയും സൂചിപ്പിക്കുന്നു. [20]

'പ്രതികൂലസൈന്യങ്ങറംക്കു് ഇവൻ വിധേയനാകരുതെ': ആരെല്ലാമാണീ പ്രതികൂലസൈന്യങ്ങറം? വി. പൗലോസു് ശ്ലീഹാ എഫേസൂസു്കാർക്കെഴുതിയ ലേഖനത്തിൽ [21] ആദ്ധ്യാത്മികസമരത്തെപ്പററി പ്രതിപാദിക്കുന്നുണ്ടു്. ദുഷ്ടാരൂപികറംക്കെതിരായി ആദ്ധ്യാത്മികയുദ്ധം നടത്തണമെന്നു് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. മൂറോനഭിഷേകം സ്വീകരിച്ച ഓരോ വ്യക്തിയും വിശ്വാസസംരക്ഷകനെന്നുള്ള നിലയ്ക്കു് പ്രതികൂല സൈന്യങ്ങറംക്കു് അതായതു് ദുഷ്ടാരൂപികളുടെ പരീക്ഷകറംക്കു് വിധേയനാകാതെ സൂക്ഷിക്കുവാൻ കടപ്പെട്ടിരിക്കുന്നു. അതു

20. 'ക്രിസ്തുമതപ്രകാശിക', By റവ. ഫാദർ തോമസ്സു് ഇഞ്ചക്കലോടി, തിരുവനന്തപുരം (1964), P. 178.

21. എഫേ. 6: 10-12.

www.malankaralibrary.com



പോലെതന്നെ, ദുഷ്പ്രഭുക്കളായ പിശാചുക്കളെയും അന്ധകാര ശക്തികളെയും ഭയപ്പെടുകയുമരുത്. വാഴ്ത്തപ്പെട്ട തൈലം, അന്ധകാരത്തിന്റെയും തിന്മയുടെയും ശക്തികൾക്ക് എതിരായി പോരാടുന്നതിനുള്ള ആയുധം കൂടിയാണ്. അതുകൊണ്ടാണ് വി. മൂറോൻ കൂദാശ ചെയ്യുന്ന അവസരത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നത്: "ഇതിനെ (വി. മൂറോൻ) പുതിയ ജീവന്റെ ഉറവയും വിശുദ്ധിയുടെ ഒഴുക്കും പിശാചുക്കളെ ഓടിച്ചുകളയുന്നതും ഞങ്ങളുടെ വർഗ്ഗത്തിന്റെ ശത്രുക്കൾ കണ്ടു് ഓടത്തക്ക ഭയങ്കര അടയാളവും അന്ധകാരത്തെ നീക്കിക്കളയുന്നതും പൂർവ്വിക ലജ്ജയെ മാററിക്കളയുന്നതുമാക്കിത്തീർക്കണമെ". വി. തൈലം കൊണ്ടു് അഭിഷേകവും മുദ്രയും പ്രാപിക്കുന്നവർ എതിരാളികൾക്കു് ഭയങ്കരന്മാരും അവരാൽ പിടിക്കപ്പെടാത്തവരും, കർത്തൃസന്നിധിയിൽ അറിയപ്പെടുന്നവരും എല്ലാ ദുഷ്ടതകളിൽ നിന്നും തിന്മകളിൽ നിന്നും അകന്നിരിക്കുന്ന വിശുദ്ധന്മാരും സകലവിധ പാപങ്ങളിൽ നിന്നും വിമുക്തരുമായിത്തീരുന്നതിനു് നാം പ്രാർത്ഥിക്കണം. ദൈവത്തിന്റെ ആയുധം ധരിച്ചു്, വിശ്വാസത്തിന്റെ പരിചയെടുത്തു്, രക്ഷയുടെ പടത്തൊപ്പി അണിഞ്ഞു് യുദ്ധം ചെയ്വാൻ ശ്ലീഹാ ഉപദേശിക്കുന്നു. 22 അങ്ങനെ മൂറോനഭിഷേകം വഴി അന്ധകാരശക്തികളെ ഭയപ്പെടാതെ അതിനെ സധൈര്യം നേരിട്ടു് ജയിക്കുവാനുള്ള ശേഷിയും അർത്ഥിക്കു ലഭിക്കുന്നു. 23

പ്രാരംഭപ്രാർത്ഥനയുടെ അവസാന ഭാഗം പ്രത്യേകം ശ്രദ്ധേയമാണു് "നിന്റെ പ്രകാശത്തിൽ കൂടി സഞ്ചരിക്കുന്നതിനും പ്രകാശത്തിന്റെ പുത്രനായിത്തീരുന്നതിനും നിന്നിൽ ജീവിച്ചു് നിന്റെ അടുക്കൽ വന്നു ചേരുന്നതിനും ഇടയാകട്ടെ" 24. 'പ്രകാശ'മെന്നതുകൊണ്ടു് ഇവിടെ

22. എഫേ. 13: 17

23. ഏശയ്യാ. 11: 5, 52: 7, 59: 17, 1 തെസ്സ 5: 8.

24. മലങ്കര സഭയുടെ ആരാധനക്രമം: കൂദാശകൾ, തിരുവനന്തപുരം (1973) p. 26.

www.malankaralibrary.com



ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്തു തന്നെ ഈ യാഥാർത്ഥ്യം വെളിപ്പെടുത്തിയിട്ടുണ്ട്. 'ഞാൻ ലോകത്തിന്റെ പ്രകാശമാണ്; എന്നിൽ കൂടെ സഞ്ചരിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല'. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഈ പ്രകാശത്തിന് വളരെ അർത്ഥമുണ്ട്. ദൈവത്തെ സ്വീകരിച്ചവർ, അവിടുത്തെ അറിഞ്ഞവർ, കർത്താവിന്റെ പ്രകാശത്തിൽ നടക്കുന്നുവെന്ന് പഴയനിയമത്തിലും കാണാവുന്നതാണ്.[25] ഒരുവൻ ക്രിസ്ത്യാനിയാകുന്നതോടെ പ്രകാശത്തിന്റെ പുത്രനായിത്തീരുന്നു. കാരണം അവനിൽനിന്ന് അന്ധകാരം അകററപ്പെടുന്നു[26]. പകലിന്റെ മക്കളായ നമുക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കവചവും രക്ഷയുടെ പ്രത്യാശയാകുന്ന പടത്തൊപ്പിയും ധരിച്ച് സുബോധമുള്ളവരായിരിക്കാമെന്നും[27] ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. ഒരിക്കൽ നിങ്ങൾ കർത്താവിന്റെ പ്രകാശത്തിൽ വസിച്ചിരുന്നു. ഇന്നു നിങ്ങൾ കർത്താവിന്റെ പ്രകാശത്തിൽ വസിക്കുന്നു. പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ എന്ന് ശ്ലീഹാ എഫേസോസിലെ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു[28]. അവസാനമായി ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നവർ ക്രിസ്തുവിനെ അനുഗമിക്കാൻ ബാദ്ധ്യസ്ഥരാണ്. ക്രിസ്തുവിനെ അനുഗമിക്കുക അല്ലെങ്കിൽ അനുധാവനം ചെയ്യുക എന്നു വച്ചാൽ അവിടുത്തെ പൂർണ്ണമായി സ്വീകരിക്കുക എന്നാണല്ലോ അർത്ഥം.

പ്രാരംഭ പ്രാർത്ഥനയ്ക്കുശേഷം കാർമ്മികൻ അർത്ഥിയുടെ നേരെ തിരിഞ്ഞ് പെരുവിരൽ മൂറോനിൽ തൊട്ട് അർത്ഥിയുടെ നെററിയിൽ മൂന്നു പ്രാവശ്യം കുരിശാകൃതിയിൽ മുദ്രയിട്ടുകൊണ്ട് താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലുന്നു. "സത്യവിശ്വാസത്തിന്റെ മുദ്രയും അടയാളവും

25. സങ്കീ. 86:16, ഏശയ്യാ. 2:5, 60:30 etc.
26. 1 തെസ 5:5
27. 1 തെസ 4:8
28. എഫേ 5:8

www.malankaralibrary.com



പരിശുദ്ധാത്മ നൽവരങ്ങളുടെ പൂർണ്ണതയും, മിശിഹായുടെ പരിമളവുമായ വിശുദ്ധ മൂറോൻ കൊണ്ടു് + പിതാവിൻെറയും + പുത്രൻെറയും + ജീവനുള്ള വിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവനിലേക്കു് (ഇന്നാരു്) മുദ്രകുത്തപ്പെടുന്നു. ആമ്മീൻ'' മാമോദീസാ സ്വീകരിച്ച ഒരാാംക്കു് മൂറോനഭിഷേകം വഴി വിശുദ്ധ മുദ്രയും അടയാളവും ലഭിക്കുന്നുവെന്നു് പ്രാരംഭ പ്രാത്ഥനയിൽ കാണുകയുണ്ടായി. ഒരു ക്രിസ്ത്യാനിക്കു് മൂറോനഭിഷേകംമൂലം ലഭിക്കുന്ന മറെറാരു ദാനമാണു് പരിശുദ്ധാത്മ നൽവരങ്ങളുടെ പൂർണ്ണത. ക്രിസ്തു തൻെറ പീഢാനുഭവവും മരണവും ഉയിർപ്പും വഴി സഭയ്ക്കു് ജീവൻ നൽകി. അതിനെത്തുടന്നു് അവളെ പരിപാലിക്കുകയും വിശുദ്ധീകരിക്കുകയും വളർത്തുകയും ചെയ്യുന്നതു് പരിശുദ്ധാത്മാവാണു്. ക്രിസ്തുവിൽ നമ്മുടെ പുതു ജീവിതം കെട്ടിപ്പടുക്കുന്നതിനു് പരിശുദ്ധാത്മ സ്വീകരണം നമ്മെ സഹായിക്കുന്നു. മൗതിക ജീവിതം സാദ്ധ്യമാകുന്നതു തന്നെ പരിശുദ്ധാത്മ നൽവരങ്ങളുടെ സ്വീകരണത്താലാണു്. ക്രീസ്തീയ സമൂഹത്തിൽ പരിശുദ്ധാത്മാവു് വിതയ്ക്കുന്ന പലതരം ദാനങ്ങളുണ്ടു്. അതിൻെറയെല്ലാം പൂർണ്ണതയാണു് വി. മൂറോനഭിഷേകം വഴി ലഭിക്കുന്നതെന്നു് കർമ്മവാക്യം വ്യക്തമാക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ 'അത്മായ പ്രേഷിതത്വം' എന്ന ഡിക്രീയിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: ''ശിരസ്സാകുന്ന ക്രിസ്തുവിനോടുള്ള ഐക്യത്തിൽ നിന്നാണു് അത്മായക്കു് പ്രേഷിത ജോലിക്കുള്ള കടമയും അവകാശവും ഉത്ഭവിക്കുന്നതു്. ജ്ഞാനസ്നാനം വഴി തൻെറ മൗതിക ശരീരത്തോടു് യോജിപ്പിച്ചുകൊണ്ടും മൂറോനഭിഷേകം പരിശുദ്ധാത്മാവിയുടെ ശക്തിയാൽ ബലപ്പെടുത്തികൊണ്ടും കർത്താവു് തന്നെയാണു് അവരെ പ്രേഷിത പ്രവർത്തനത്തിനു് ഏർപ്പെടുത്തിയിരിക്കുന്നതു്''[29].

29. രണ്ടാം വത്തിക്കാൻ പ്രമാണ രേഖകൾ: അത്മായ പ്രേഷിതത്വം No. 3

www.malankaralibrary.com



അഭിഷേക പ്രാർത്ഥനയിൽ 'മിശിഹായുടെ പരിമള മായ വിശുദ്ധ മൂറോൻ' എന്ന ഭാഗം പ്രത്യേകം ശ്രദ്ധേയ മാണ്. 'മിശിഹായുടെ പരിമളം' എന്ന പ്രയോഗം വ ളരെ അർത്ഥവത്തും ദൈവശാസ്ത്രപ്രകാരം പ്രാധാന്യമേറി യതുമാണ്. പുരാതന രേഖകളിൽ ഒന്നായ "അപ്പസ്തോലി ക് കോൺസ്റ്റിററ്യൂഷ"നിൽ ക്രിസ്തുവിന്റെ പരിമളത്തെ 'സുവിശേഷ പരിമള'ത്തോടാണ് താരതമ്മ്യപ്പെടുത്തിയി രിക്കുന്നത് [30]. ക്രിസ്തുവിന്റെ സുവിശേഷമാകുന്ന പരി മളം സകല ജാതികളേയും അറിയിക്കുവാനുള്ളതും ലോക ത്തിന്റെ ഒരററം മുതൽ മറെറ അററം വരെ അതിന്റെ സു ഗന്ധം വ്യാപിച്ചുകൊണ്ടിരിക്കുവാനുള്ളതുമാകുന്നു. സു വിശേഷമാകുന്ന പരിമള തൈലം സ്വീകരിച്ചവനിൽ മി ശിഹായുടെ പരിമളമാകുന്ന വി. മൂറോൻ ധാരാളം ഫല ങ്ങളുളവാക്കുന്നു; പ്രത്യേകിച്ചും സ്വർഗ്ഗീയ പരിമളാസ്വാദ നത്തിനു് അയാളെ അർഹനാക്കുന്നു.

വി. ത്രിത്വത്തിന്റെ നാമത്തിൽ ഒരുവൻ നിത്യജീ വനിലേക്കു് മുദ്ര കുത്തപ്പെടുന്നതാണ് അവസാനത്തെ ഭാ ഗം. "+ പിതാവിന്റെയും + പുത്രന്റെയും + ജീവനുള്ള വി. റൂഹായുടെയും നാമത്തിൽ നിത്യജീവനിലേക്കു് (ഇ ന്നാരു്) മുദ്രകുത്തപ്പെടുന്നു." പൗരസ്ത്യ പാരമ്പര്യമനുസരി ച്ചു് മിക്കവാറും എല്ലാ കൂദാശകളിലും കൂദാശവചനങ്ങൾ കർമ്മണി പ്രയോഗത്തിലാണ് കാണുന്നതു്. അതിനാലാ ണ് ഇവിടെയും 'മുദ്ര കുത്തപ്പെടുന്നു' എന്നു് ചേർത്തിരി ക്കുന്നതു്. ഇതിൽനിന്നും ഒരു കാര്യം വ്യക്തമാണ്; യഥാ ർത്ഥത്തിൽ കൂദാശയനുഷ്ഠിക്കുന്നതു് കൂദാശകളുടെ സ്ഥാപക നായ ക്രിസ്തുതന്നെയാണ്. പുരോഹിതർ അല്ലെങ്കിൽ കാ ർമ്മികർ ക്രിസ്തുവിന്റെ പ്രതിപുരുഷന്മാർ മാത്രമാണ്. മൂറോനഭിഷേക കർമ്മത്തിലും അർത്ഥിയെ മുദ്രകുത്തുന്നതു് ക്രിസ്തുവാണ്. നിത്യജീവനിലേക്കാണ് ക്രിസ്തു അവനെ മുദ്രകുത്തുന്നതു്. പൗരസ്ത്യ പാരമ്പര്യമനുസരിച്ചു് മാമോദീ

30. Cfr. Const. Apost. VII, 4, 2; ed. Funk, t. I, p. 480

www.malankaralibrary.com



സാ ആദ്ധ്യാത്മിക ജനനത്തെയും, മൂറോനഭിഷേകം ആത്മീയ വളർച്ചയേയുമാണ് കാണിക്കുന്നത്. അതായത് മാമോദീസാ സ്വീകരിച്ച ഒരുവന് പരിശുദ്ധാത്മ നൽവരങ്ങളുടെ പൂർണ്ണത മൂറോനഭിഷേകത്തോടുകൂടി ലഭിക്കുന്നു. 8–ാം നൂററാണ്ടിൽ ജീവിച്ചിരുന്നവനും അറബികളുടെ മെത്രാൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്നവനുമായ ഗീവർഗ്ഗീസ് മെത്രാൻ പറയുന്നത് 'ഈ മുദ്ര തന്നെയാണ് ദൈവികദാനങ്ങളുടെ പൂർത്തീകരണമെന്ന്' 31. ഇക്കാരണത്താലാകാം മാമോദീസായെ വീണ്ടും ജനനത്തിന്റെ കൂദാശയെന്നും, മൂറോനഭിഷേകത്തെ പരിപൂർണ്ണതയുടെ കൂദാശയെന്നും വിളിക്കുന്നതും, 'ആചാര്യന്മാരേയും പ്രധാനാചാര്യന്മാരെയും അഭിഷേകം ചെയ്ത് വിശുദ്ധീകരിച്ച വി. മൂറോൻ' എന്ന് കൂദാശാനുഷ്ഠാനത്തിൽ ചൊല്ലുന്നതും.

മേല്പറഞ്ഞ അഭിഷേക പ്രാത്ഥന ചൊല്ലിത്തീരുമ്പോൾ കാർമ്മികൻ തന്റെ വലതുകൈ അർത്ഥിയുടെ തലയിൽ വയ്ക്കുന്നു. തുടർന്ന് കണ്ണ്, ചെവി, മൂക്ക്, അധരങ്ങൾ, കൈകാലുകൾ എന്നീ സ്ഥാനങ്ങളിൽ മൂറോൻ പൂശുന്നു. അർത്ഥി ശിശുവാണെങ്കിൽ ശിരസുമുതൽ പാദംവരെ എല്ലായിടത്തും മൂറോൻ പൂശേണ്ടതാണ്. ആ സമയത്ത് ചൊല്ലേണ്ട ഗാനമാണ് താഴെ കാണുന്നത്:–

"ചൊന്നാൻ ദൈവം അഹറോനെപ്പൂശുക
നിർമ്മലനാവാൻ പാവന തൈലത്താൽ
പൂശുന്നിപ്പോൾ സ്നാനം പ്രാപിച്ചൊരു
കുഞ്ഞാടിനെയീ–പാവന തൈലത്താൽ.

ബാറെക്മോർ

ശുബഹോ ..........മെനഓലം............

മാമോദീസായെറെറാരു കുഞ്ഞാടിനെ
തെളിവായ് പൂശും തൈലവുമിതുതന്നെ

31 H.R. Connolly and H.W Codrington,
Two Commentaries on the Jacobite liturgy...., P.14

www.malankaralibrary.com



റൂഹാശ്രുദ്ധം തൻ റൂ—ശ്മാ നൽകി
ദൈവികമായ് വാ_ണിവനെ വാഴ്ത്തുന്നു"

മുകളിൽ കണ്ട ഗാനത്തിൻെറ ആദ്യഭാഗം പുറപ്പാട് പുസ്തകത്തിൽ നിന്നെടുത്തിട്ടുള്ളതാണ് 32. പുരോഹിത ശുശ്രൂഷ നിർവ്വഹിക്കുവാൻവേണ്ടി തെരഞ്ഞെടുത്ത അഹറോനെ അഭിഷേകം ചെയ്യണമെന്ന് ദൈവം അരുളിചെയ്തു: അതുവഴി അഹറോൻ വിശുദ്ധീകരിക്കപ്പെട്ടു. അതുപോലെ, ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തി ഇപ്പോൾ അഭിഷേകം ചെയ്യപ്പെടുകയും അതിനാൽ രാജകീയ പൗരോഹിത്യമുള്ള അംഗങ്ങളുടെ കൂട്ടത്തിൽ ചേർക്കപ്പെടുകയും ചെയ്യുന്നു. പഴയനിയമം പരിശോധിക്കുകയാണെങ്കിൽ രാജാക്കന്മാർ, പ്രവാചകന്മാർ, പുരോഹിതന്മാർ എന്നിവരെല്ലാം അഭിഷിക്തരായി ദൈവദാനം സ്വീകരിച്ചവരാണെന്നു കാണുവാൻ സാധിക്കും. രണ്ടാം ഖണ്ഡികയിൽ, സ്നാനം സ്വീകരിച്ച കുഞ്ഞാട് പരിശുദ്ധമായ തൈലത്താൽ പൂശപ്പെടുന്നു എന്ന ആശയം ആവർത്തിക്കപ്പെടുന്നു. അങ്ങനെ മൂറോൻ തൈലത്തിൻെറ ശുദ്ധീകരണ ശക്തിയും മൂറോനഭിഷേകത്തിൻെറ പ്രാധാന്യവും എത്രമാത്രമെന്ന് ഒരിക്കൽക്കൂടെ എടുത്തു പറയുകയാണിവിടെ. അഹറോനെ നിർമ്മലനാക്കിയ വിശുദ്ധ തൈലം ഇപ്പോഴിതാ സ്നാനം സ്വീകരിച്ച വ്യക്തിക്കു് നല്കപ്പെടുന്നുവെന്നും പ്രസ്തുത തൈലംകൊണ്ട് പരിശുദ്ധാത്മാവ് ആശീർവദിച്ച് അർത്ഥിയെ ദൈവികമായി വളർത്തട്ടെയെന്നും വീണ്ടും പ്രാർത്ഥിക്കുകയാണ്.

ഗാനാലാപത്തിനു ശേഷം കാർമ്മികൻ അർത്ഥിയുടെ നേക്കു തിരിഞ്ഞ് "കൃപയുടെ സ്നാനത്താൽ നിൻെറ ഹൃദയം ബലം പ്രാപിച്ച് പുഷ്ടിപ്പെടട്ടെ. ഒരു ജ്യോതിർ ഗോളംപോലെ നീ ലോകത്തിൽ വിളങ്ങട്ടെ. പരിശുദ്ധാത്മാവ് മുഖാന്തിരം സ്വർഗ്ഗീയശക്തികൊണ്ട് നീ പുഷ്ടി പ്രാ

32 പുറപ്പാട് 29: 7

www.malankaralibrary.com



പിക്കട്ടെ. വഞ്ചനാപരമായ മായാമോഹങ്ങളിൽ നാശം സംഭവിച്ച നമ്മുടെ പഴയ മനുഷ്യനെ നീ വെറുത്ത് അവ നിൽനിന്നു പിന്തിരിയുക. അതുപോലെ അവിശ്വാസി കളുമായി ഇടപെടുമ്പോൾ ജീവന്റെ വചനത്തെ അവ ലംബിക്കുക. വരുവാനിരിക്കുന്നതും, വിശ്വാസികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടതുമായ പുതിയ ജീവിതത്തിലേയ്ക്കു യാത്രിയായി നീ പൊയ്ക്കൊണ്ടിരിക്കുന്നുവെന്നു ധരിച്ചു കൊള്ളുക. മിശിഹായുടെ കൃപാ ബാഹുല്യത്തിനനുസര ണം അവനോടുകൂടി വാഴുന്നതിനു നീ യോഗ്യനായിത്തീ രട്ടെ''[33] എന്ന മനോഹരമായ പ്രാർത്ഥന ചൊല്ലുന്നു. ഈ പ്രാർത്ഥനയുടെ ആദ്യഭാഗം 27-ാം സങ്കീർത്തനത്തിൽനിന്നു എടുത്തിട്ടുള്ളതാണ്.[34] സ്നാനാർത്ഥി സത്യവിശ്വാസത്തിൽ എന്നും നില നില്ക്കുന്നതിനുള്ള ഉപദേശമാണ്. പ്രാർത്ഥന യുടെ ആരംഭം മുതൽ അവസാനംവരെ. ഈ പ്രാർത്ഥനയിൽ മൂറോനഭിഷേകത്തിന്റെ മേന്മ പ്രത്യേകം എടുത്തു പറ യുന്നുണ്ട്. 'കൃപയുടെ സ്നാന' മെന്നാണ് മൂറോനഭിഷേക ത്തെപ്പററി പറയുന്നത്. മൂറോനഭിഷേകം മുഖേന കൃപാവ രം ലഭിക്കുന്നു; അതിന്റെ ഫലമായി സ്നാനാർത്ഥി പ്രകാശ ത്തിന്റെ പാത കാണുകയും അതിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നു. അങ്ങനെ എല്ലാവിധ മാലിന്യങ്ങളേയും ആ ത്മാവിൽനിന്നു നിർമ്മാർജ്ജനം ചെയ്തു ഉയരത്തിൽനിന്നുള്ള പുതിയ ജീവനെ സ്വീകരിക്കുകയാണ് പരിശുദ്ധമായ ഈ കർമ്മംവഴി സാധിക്കുന്നത്. അവിശ്വാസികളുമായി ഇടപെടേണ്ടിവരുമ്പോൾ ജീവന്റെ വചനത്തെ അവലം ബിക്കുകയാണ് വേണ്ടതെന്നും കാർമ്മികൻ ഉപദേശിക്കു ന്നു. അതായത്, അവിശ്വാസികൾ അക്രൈസ്തവർ എ ന്നിവരുമായി ഇടപെടുമ്പോൾ ക്രിസ്തീയ വിശ്വാസത്തെ മുറുകെപ്പിടിക്കണമെന്നു സാരം. കൂടാതെ മൂറോനഭിഷേകം മുഖേന വിശ്വാസികൾക്കു വാഗ്ദാനം ചെയ്തിരിക്കുന്ന പു തിയ ജീവനിലേക്കുള്ള പ്രയാണത്തിലാണെന്നും അവ

---

33 മലങ്കര സഭയുടെ ആരാധനക്രമം: കൂദാശകൾ, (1973) P. 27
34 സങ്കീ. 27: 14

www.malankaralibrary.com



സാനനാളിൽ ക്രിസ്തുവിനോടുകൂടി മഹത്തായ സൌഭാഗ്യത്തിന് അവൻ അർഹനായിത്തീരുമെന്നും അർത്ഥിയെ ഓർമ്മിപ്പിക്കുന്നു. ഇത്ര ഉന്നതമായ പദവി കൈവരുന്നത് മിശിഹായുടെ അളവില്ലാത്ത കൃപാ ബാഹുല്യമാണ്. അതിനാൽ മിശിഹായുടെ കൃപയ്ക്കൊത്തവിധം അവനോടുകൂടെ വാഴുന്നതിന് ഈ പരിശുദ്ധ തൈലം പൂശൽ സഹായിക്കുമാറാകട്ടെ എന്നു ചൊല്ലി കാർമ്മികൻ പ്രാർത്ഥന അവസാനിപ്പിക്കുന്നു.

## കിരീടധാരണം

മൂറോനഭിഷേകത്തെത്തുടർന്ന് വരുന്നത് കിരീടധാരണച്ചടങ്ങാണ്. കിരീടധാരണ പ്രാർത്ഥനയുടെ അവസരത്തിൽ കാർമ്മികൻ അർത്ഥിയുടെ തലയിൽ കിരീടം അണിയിക്കുന്നു. മലങ്കര സഭയിൽ ശിശുക്കൾക്ക് മാമോദീസായോടുകൂടിത്തന്നെയാണല്ലൊ മൂറോനഭിഷേകം നൽകുന്നത്. അപ്പോൾ കിരീടത്തിനുപകരം തിരുവസ്ത്രത്തിന്റെ കൈയുറയോ, 'ഹൈമ്നിയായോ' ശിശുവിന്റെ തലയിൽ വയ്ക്കുകയാണ് പതിവ്. കിരീടം ധരിപ്പിക്കുമ്പോൾ കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥന താഴെ ചേർക്കുന്നു. ''പിതൃപുത്രപരിശുദ്ധാത്മാവായ ദൈവമെ നിന്റെ ഈ ദാസനെ മഹത്വത്താലും പ്രഭയാലും കിരീടം ധരിപ്പിക്കണമെ. ഇവന്റെ ജീവിതം കർത്താവായ നിനക്ക് പ്രീതികരവും, തിരുനാമത്തിന് മഹത്വം നല്കുന്നതുമായിരിക്കണമേ''[35] ക്രിസ്തീയ പാരമ്പര്യത്തിൽ കിരീടത്തിനുള്ള പ്രാധാന്യവും പ്രതീകാത്മകതയും വളരെയേറിയതാണെന്നു മാത്രമല്ല വേദപുസ്തകാടിസ്ഥിതവുമാണ്. കിരീടം രാജത്വത്തിന്റെ അടയാളം, വിജയത്തിന്റെ നാന്ദി, തുടങ്ങിയ അർത്ഥത്തിൽ പഴയ നിയമത്തിൽ

35. മലങ്കര സഭയുടെ ആരാധനക്രമം, op, cit. p.27.

36. ഏശയ്യാ.28:5, ജെറ; 13:18; സങ്കീ. 21:4

37. 1 കോറി.9:25; 2 തിമോ.4:8

www.malankaralibrary.com



പലയിടങ്ങളിലും കാണുന്നുണ്ട്[36]. പുതിയ നിയമത്തിലും മേല്പറഞ്ഞ അർത്ഥത്തിൽ കിരീടത്തെ ചിത്രീകരിക്കുന്നുണ്ടെങ്കിലും എപ്പോഴും അതു് സ്വർഗ്ഗീയ മഹത്വം അനശ്വര ജീവൻ എന്നിവകളുടെ അടയാളമെന്നവിധമാണു് കാണുന്നതു്[37].

വളരെ പ്രാചീന കാലം മുതൽതന്നെ കിരീടങ്ങൾ ഉപയോഗത്തിലിരുന്നു. ആദ്യകാലങ്ങളിൽ മത്സരക്കളികളിൽ വിജയിക്കുന്നവർക്കു് മാലകളും റീത്തുകളും കൊടുത്തിരുന്നു. പിന്നീടു് സ്വർണ്ണം, വെള്ളി ഇവകൊണ്ടുള്ള ശിരോഭൂഷണങ്ങൾ അവർക്കു് നല്കുവാൻ തുടങ്ങി. രാജ്യ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവർക്കും ഇത്തരത്തിലുള്ള സമ്മാനങ്ങൾ പ്രദാനം ചെയ്തു. ക്രമേണ കിരീടം ഒരു രാജകീയ ചിഹ്നമായി മാറി. രാജാക്കന്മാർ ഭരിക്കുന്ന രാഷ്ട്രങ്ങളിൽ കിരീടധാരണം ഇന്നും ഒരു ദേശീയാഘോഷമായി കൊണ്ടാടാറുണ്ടല്ലോ. മാമോദീസാ, മൂറോനഭിഷേകം എന്നീ കൂദാശകളുടെ സ്വീകരണത്തോടുകൂടി ഓരോ ക്രിസ്ത്യാനിയും രാജകീയ പദവിക്കു് അർഹനായിത്തീരുന്നു. രാജാവായ ക്രിസ്തുവിന്റെ സഹോദരൻ അല്ലെങ്കിൽ സഹോദരി എന്ന നിലയിൽ കിരീടധാരണത്തിനു് ഇവിടെ പ്രത്യേക സ്ഥാനമുണ്ടു് — അർത്ഥമുണ്ടു്.

## ബലിപീഠം മുത്തിക്കുന്നു

കിരീട ധാരണത്തെത്തുടർന്നു് ബലിപീഠം മുത്തിക്കുകയെന്ന കർമ്മമാണു്. ആൺകുട്ടികൾക്കു മാത്രമെ ഈ കർമ്മം നടത്താറുള്ളു. തദവസരത്തിൽ ചൊല്ലുന്ന ഗീതം താഴെ കൊടുക്കുന്നു:

നൃപകാമ്യം മകുടം നിന്നെ — അണിയിച്ചു
സഹജാ (സഹജേ)
സ്തുതിചെയ്നീ സകലേ — ശാത്മജനെ
ഹിമവെ—ണ്മസമം നിൻവസനം—മിന്നുന്നുയോർദ്ദാൻ

www.malankaralibrary.com



നദിയേക്കാൾ രമ്യം—നിൻകാന്തി
റൂഹാ—തൻശക്ത്യാമല—ഖാ സമനായ് മാമോ
ദീസായിന്നോറി—നീ പ്രിയനെ
ചൂടി—യക്ഷയമാം മകുടം—നിൻ ശിരസ്സിൽ മാനവ
കുലമഹിമാവിനാൽ—നീയാർന്നു.
സ്വർഗ്ഗീയം ഭാഗ്യനേടി—നീ സഹജാ
കരുതി—ട്ടക ദുഷ്ടൻ മോഷ്ടിച്ചീടാനായ് വാൻ
ഇന്നാ—ചാര്യൻവഴി ആദ്യൻ—നല്കിയതാം മകുടം
യോഗ്യം നിൻ വസനം—കമനീയം!

എദേസായിലെ മാർ യാക്കോബിന്റെ (+ 708) അനുഷ്ഠാനവിധിയനുസരിച്ച് അത്ഥി ആൺകുട്ടിയാണെങ്കിൽ കാർമ്മികൻ അവനെ ബലിപീഠത്തിലേക്ക് ആനയിക്കുകയും അവിടെ വച്ച് കിരീടം ചൂടിക്കുകയും അരക്കെട്ടുകൊണ്ട് ബന്ധിക്കുകയും ചെയ്യുന്നു.[38]

മലങ്കര സഭയുടെ ക്രമമനുസരിച്ച്, അത്ഥി ശിശുവാണെങ്കിൽ കാർമ്മികൻ കൈകളിൽ ശിശുവിനെ എടുത്തുകൊണ്ടു പോയി മുത്തിക്കുന്നു. സ്ത്രീകളെ മദ്ബഹായിൽ പ്രവേശിപ്പിക്കുകയില്ല. അത്ഥിയെ ത്രോണോസ് മുത്തിക്കുന്ന അവസരത്തിൽ ചൊല്ലാനുള്ള ഗീതം ഒൻപതു് ഈരടികളായി തിരിച്ചിരിക്കുന്നു. ആശയ സംപുഷ്ടമായ പ്രസ്തുത പാട്ടു് വിശദീകരണാർഹമാണ്.

മാമോദീസാ, മൂറോനഭിഷേകം എന്നിവയാൽ പുതിയ ഇസ്രായേലായ സഭയിലേക്ക് സഹോദരനായി സ്വീകരിക്കപ്പെട്ടിരിക്കുന്ന, അത്ഥിയോടു് കാർമ്മികൻ ആദ്യമായി ഉപദേശിക്കുന്നു. 'സഹോദരാ, സർവ്വേശ്വരനു് സ്തുതി പാടുക'യെന്നു്. കാരണം, ദൈവം അവനായി മുടി തയ്യാറാക്കിയിരിക്കുന്നു. 'രാജാക്കന്മാർ മോഹിക്കുന്ന മുടി (കിരീടം) സർവ്വേശ്വരൻ നിനക്കായി മെടഞ്ഞിരിക്കു

38. Assemam, J.A. codex liturgicus Ecclesiae Universal.... Vol. 2 Rome 1749

www.malankaralibrary.com



ന്നു' എന്ന പ്രയോഗം ശ്രദ്ധേയമാണ്. പുരോഹിതവർഗ്ഗത്തിലേക്കാണ് നവക്രിസ്ത്യാനിയെ ദൈവം സ്വീകരിച്ചിരിക്കുന്നതു്. അതു് രാജാക്കന്മാർക്കും പ്രവാചകന്മാർക്കും കിട്ടാത്തതായ ഒരു ഭാഗ്യമാണ്. ക്രിസ്തുതന്നെ പറയുന്നു: 'അനേകം പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങൾ കാണുന്നവ കാണുവാൻ ആഗ്രഹിച്ചു, എങ്കിലും കണ്ടില്ല. നിങ്ങൾ കേൾക്കുന്നവ കേൾക്കുവാനാഗ്രഹിച്ചു, എങ്കിലും കേട്ടില്ല.[39] ജ്ഞാനസ്നാനവും മൂറോനഭിഷേകവും മുഖേന പരിശുദ്ധാത്മാവിന്റെ പ്രത്യേക ശക്തിയാൽ നവക്രിസ്ത്യാനി മഞ്ഞിനു സമം വെണ്മയാർന്നിരിക്കുന്നു. മഞ്ഞിന് നല്ല വെള്ളനിറമാണല്ലോ. വെള്ളനിറം കറയില്ലാത്ത – അശുദ്ധതയുടെ കലർപ്പില്ലാത്ത – അവസ്ഥയെയാണ് കാണിക്കുന്നതു്. ഇപ്രകാരം തന്നെ വെണ്മയാക്കിത്തീർത്തതിനും ദൈവത്തിനു സ്തോത്രം ചെയ്യുവാൻ അർത്ഥിക്ക് കടമയുണ്ടെന്നു കാർമ്മികൻ അയാളെ ഓർമ്മിപ്പിക്കുന്നു. ജോർദ്ദാൻ നദിയിൽ വച്ചുള്ള ക്രിസ്തുവിന്റെ മാമോദീസാ സമയം, പരിശുദ്ധാത്മാവ് അവന്റെ മേൽ ഇറങ്ങി ആവസിച്ചു. അതേ പരിശുദ്ധാത്മാവ് തന്നെയാണ് ഇപ്പോൾ മാമോദീസാ, മൂറോനഭിഷേകം എന്നിവയിലൂടെ നവക്രിസ്ത്യാനിയെ മനോഹരനാക്കുന്നതു് – വെണ്മയുള്ളവനാക്കിത്തീർക്കുന്നതു്.

മാമോദീസായാൽ ഒരുവനെ ദൈവികഗണത്തിൽ ചേർക്കപ്പെടുന്നു. അങ്ങനെ ക്രിസ്തുവിലും ക്രിസ്തുവിനോടു കൂടിയും അവൻ പിതാവായ ദൈവത്തിനു സ്തുതിയാകുന്ന ബലി സമർപ്പിക്കുകയും പുരോഹിതവർഗ്ഗത്തിന്റെ പ്രധാന ദൗത്യം നിർവ്വഹിക്കുകയും ചെയ്യുന്നു. മാലാഖയ്ക്കുതുല്യനായിത്തീർന്നിരിക്കുന്ന അർത്ഥിയുടെ ദൗത്യവും മാലാഖയുടേതിൽ നിന്നു് വ്യത്യസ്തമല്ല. നിരന്തരം ദൈവത്തെ സ്തുതിക്കുന്ന മാലാഖയെപ്പോലെ പരിശുദ്ധാത്മാവിന്റെ ശക്തി സ്വീകരിച്ച അർത്ഥിയും നിരന്തരം സ്തുതിക്കുന്ന മാ

39. ലൂക്കാ 10.24

www.malankaralibrary.com



ലാഖയെപ്പോലെ പരിശുദ്ധാത്മാവിന്റെ ശക്തി സ്വീകരിച്ച് അർത്ഥി യും നിരന്തരം സ്തുതി പാടണം. അതിന്റെ പ്രതീകമായിട്ടാണ് അക്ഷയമായ കിരീടം വച്ചുപ്പെടുന്നവെന്ന് അർത്ഥിയെ അനുസ്മരിപ്പിക്കുന്നത്. ആദാമിന്റെ മഹത്വം എന്ന പ്രയോഗം ആദ്യനൂററാണ്ടുകളിലെ രേഖകളിൽ ഒന്നിലധികം പ്രാവശ്യം കാണുന്നുണ്ട്. 40 ആദാം പറുദീസായിൽ അനുഭവിച്ച സൗഭാഗ്യാവസ്ഥയെയാണ് ഇവിടെ വിവക്ഷിക്കുന്നത്. അതുപോലുള്ള ഒരു അവസ്ഥയിലേക്കാണല്ലോ ജ്ഞാനസ്നാനം മുഖേന ഇപ്പോൾ നവക്രൈസ്തവനും വന്നിരിക്കുന്നത്.

ക്രിസ്തുവിന്റെ മഹനീയദാനം ലഭിച്ച അർത്ഥിക്ക് കൊടുക്കുന്ന നല്ല ഉപദേശമാണ് തുടർന്നു വരുന്നത്. "........ സഹോദരാ, സ്വർഗ്ഗീയഭാഗ്യങ്ങൾ നീ പ്രാപിച്ചിരിക്കുന്നു. ദുഷ്ടൻ നിന്നെ വീണ്ടും അപഹരിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. ആദാമിന് ലഭിച്ച ദാനം ദുഷ്ടൻ അപഹരിച്ച് ഇല്ലാതാക്കിയതുപോലെ ഇപ്പോൾ അർത്ഥിക്കു ലഭിച്ചിരിക്കുന്ന ദാനവും അയാൾ നഷ്ടപ്പെടുത്തരുത് എന്നു സാരം. ഈ ലോകത്തിൽ ജീവിക്കുന്നിടത്തോളംകാലം യഥാർത്ഥ ക്രിസ്ത്യാനിയായിരിക്കുന്നതിന് അർത്ഥി നിരന്തരം ദുഷ്ടനുമായി പോരാടേണ്ടിയിരിക്കുന്നു; ആദ്ധ്യാത്മിക യുദ്ധം തന്നെ അതിനാവശ്യമായി വരും. പക്ഷെ പ്രതികൂലസൈന്യങ്ങൾക്ക് ഒരിക്കലും വിധേയമാകരുത് എന്നിങ്ങനെയുള്ള ആശയമാണ് ഉപദേശത്തിന്റെ ഉള്ളടക്കം. തുടർന്നുള്ള 'സമാധാനത്താലെ പോകുക' എന്ന ഭാഗവും അന്ത്യോക്യൻ ആരാധനക്രമങ്ങളിലെല്ലാം സാധാരണ കണ്ടുവരുന്ന ഒന്നാണ്. വി. കുർബാനയു

40. The Rule of Qumaran Community 4: 24; Psalms of Qumaran 7: 16; The Damascus Document 3: 20. Scholars are of the opinion that "Adem" in these texts refers to the first man, as in Eccli 49: 16.

www.malankaralibrary.com



ടെ അവസാനത്തിലും ഇതുപോലുള്ള സമാധാനാശംസ നാം കാണുന്നുണ്ട്. ഇവിടുത്തെ സമാധാനാശംസയിൽ 'മാമോദീസായുടെ പുത്രാ, നീ സമാധാനപൂർവ്വം പോയി നിന്നെ സംരക്ഷിക്കുന്ന സ്ലീബായെ വന്ദിക്കുക' എന്നു അർത്ഥിയെ ഉപദേശിക്കുന്നു. പിരിച്ചുവിടൽ ചടങ്ങിന്റെ ആരംഭമായി ഈ ഭാഗത്തെ മനസ്സിലാക്കേണ്ടതാണ്. ക്രിസ്ത്യാനിയുടെ അടയാളമാണല്ലോ കുരിശ്. കുരിശില്ലാതെ കിരീടമില്ല. സ്ലീബായാലാണ് ക്രിസ്തു നമുക്കു രക്ഷ നേടിത്തന്നതു്. അതേ സ്ലീബായാണ് ക്രൈസ്തവന്റെയും രക്ഷയുടെ അടയാളം. അതിനാൽ സ്ലീബായെപ്പററി സദാ സ്മരിക്കേണ്ടതാണെന്നു സാരം. തുടർന്നു ത്രീത്വ സ്തുതിയോടുകൂടിയാണ് ഗീതം അവസാനിപ്പിക്കുന്നതു്.

## വിശുദ്ധ കുർബാനാനുഭവം

മാമോദീസാ മൂറോനഭിഷേകം എന്നീ കൂദാശകൾ സ്വീകരിച്ച ശേഷം വി. കുർബാന കൊടുക്കുന്ന അന്ത്യോക്യൻ പാരമ്പര്യം മലങ്കരസഭയിലും നിലവിലിരിക്കുന്നു. അർത്ഥി ശിശുവാണെങ്കിൽ കാർമ്മികൻ വിരൽ കാസായിൽ മുക്കി ഒരു തുള്ളി തിരുരക്തം നാക്കിൽ തൊട്ടു കൊടുക്കുകയാണ് പതിവ്. മാമോദീസായും മൂറോനഭിഷേകവും സ്വീകരിച്ച ശേഷം ക്രിസ്തുവുമായുള്ള ബന്ധം ദൃഢമാകുന്നതിനെയാണ് വി. കുർബാന സ്വീകരണം സൂചിപ്പിക്കുന്നതു്. പുരാതനമായ ഈ ചടങ്ങു് എല്ലാ പൗരസ്ത്യ സഭകൾക്കും പൊതുവായുള്ളതാണ്.

ആദിമസഭയിൽ മാമോദീസായെത്തുടർന്നു് വി. കുർബാന നൽകിയിരുന്നതായി വിശുദ്ധ ജസ്റ്റിനും (150 A. D.), അപ്പസ്തോലിക പാരമ്പര്യവും (215 A. D.), സാക്ഷിക്കുന്നു. വി. അംബ്രോസിന്റെയും (339-397 A.D.) ജറുസലേമിലെ വിശുദ്ധ സിറിലിന്റെയും (A. D. 350– 387), പ്രബോധനങ്ങളിലും മാമോദീസാക്കു ശേഷം വി. കുർബാനയെപ്പററിയുള്ള വ്യാഖ്യാനം കാണാം. പ്രസ്തുത

www.malankaralibrary.com



ക്കുദാശകരം തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പററിയും പിതാക്കന്മാർ വിവരിച്ചിട്ടുണ്ട്. മാമോദീസായും മൂറോനഭിഷേകവും സ്വീകരിച്ച അർത്ഥിയെ, ബലിപീഠവും വി. രഹസ്യങ്ങളും കാണിക്കാൻ കാർമ്മികൻ ആദ്യമായി കൊണ്ടുപോകുകയാണിവിടെ. സ്വർഗ്ഗീയരഹസ്യങ്ങളുടെ പ്രതിരൂപമാണ് ഒരുവൻ ഇവയിൽ ദർശിക്കുക. കാരണം വി. പൗലോസ് പറയുന്ന 'മേഘത്തിൻ കീഴ'' കടലിലൂടെ കടന്ന ശേഷം എല്ലാവരും ഒരേ ആദ്ധ്യാത്മിയ ഭക്ഷണം കഴിച്ചു; ഒരേ ആദ്ധ്യാത്മിക പാനീയം കുടിച്ചു. 41

ക്രിസ്തുവിൻെറ ബലിയിൽ നിന്നാണ്, മാമോദീസാ അതിൻെറ ശക്തി ആർജ്ജിക്കുന്നത്. മാമോദീസാ ഒരുവനെ കർത്താവിൻെറ ശരീരത്തോടു് ചേർക്കുകയും ആ ഐക്യത്തിനു മുദ്ര വയ്ക്കാൻ കർത്താവിൻെറ ശരീരം ഭക്ഷണമായി നൽകുകയും ചെയ്യുന്നു.

വി. കുർബാനസ്വീകരണം, ക്രിസ്തുവിനോടു കൂടിയുള്ള പ്രയാണത്തിൻെറ ആരംഭത്തെയാണ് കുറിക്കുന്നത്. രാജകീയ പൗരോഹിത്യമുള്ള സമൂഹത്തിൽ ചേർന്ന് വി. കുർബാന സ്വീകരിക്കുന്ന വ്യക്തി ആദ്യമായി ബലിയിൽ ഭാഗഭാഗിത്വം വഹിക്കുകയാണെന്നുള്ള കാര്യം പ്രഥമ ദിവ്യകാരുണ്യത്തിനണയുന്നവർ പ്രത്യേകം ഓർക്കേണ്ടതാണ്.

ഈജിപ്തിൻെറ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനം ചെങ്കടലിലെ ജലത്തിലൂടെ കടന്നു രക്ഷപ്പെട്ടു. ഇതുപോലെ ക്രിസ്ത്യാനിയിലും മാമോദീസാ വഴി ഒരു പാരതന്ത്ര്യ മോചനമുണ്ടാകുന്നു. കടൽ കടന്ന് ഇസ്രായേൽ ജനം ദീർഘമായ യാത്രയുടെ ഫലമായി തേനും പാലും ഒഴുകുന്ന കനാൻനാട്ടിലേയ്ക്കു കയറി. മാമോദീസായിലൂടെ ഓരോ ക്രിസ്ത്യാനിയും സഭയാകുന്ന കനാൻദേശത്തു പ്രവേശിച്ച് തേനും പാലുമാകുന്ന വി. കുർബാനാനുഭവ

41. 1 കോറി. 10: 34

www.malankaralibrary.com



ത്തിൽ പങ്കു കൊള്ളുന്നു: ആദാമിനു് രുചി നോക്കാൻ സാധിക്കാത്ത ആ ഭാഗ്യം ഇന്നിതാ നിനക്കു് കൈവന്നിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണു് കാർമ്മികൻ അർത്ഥിക്കു് വി. കുർബാന കൊടുക്കുന്നതു്. പ്രസ്തുത ഭാഗം താഴെ ചേർക്കുന്നു.

"പറുദീസായിലാദം രുചി നോക്കാഞ്ഞ ഫലം
സാമോദം വസ്സുന്നീനാദം — നിൻ നാവിൽ". 42

അനന്തരം സമാപന പ്രാർത്ഥന ചൊല്ലി യാത്ര പറഞ്ഞു് അവസാനിപ്പിക്കുന്നു. കാർമ്മികൻ പടിഞ്ഞാറോട്ടു തിരിഞ്ഞു് അർത്ഥിയെ അഭിമുഖീകരിച്ചുകൊണ്ടാണു് പ്രസ്തുത പ്രാർത്ഥന ചൊല്ലുന്നതു. പിതാവു്, പുത്രൻ, പരിശുദ്ധ റൂഹാ എന്നീ ത്രിയേക ദൈവത്തിന്റെ അനുഗ്രഹാശിസ്സുകൾ അർത്ഥിക്കു് ലഭിക്കുന്നതിനും അർത്ഥി പ്രാപിച്ച മാമോദീസായുടെയും മൂറോനഭിഷേകത്തിന്റെയും ഫലം എന്നും അയാളിൽ നിലനില്ക്കുന്നതിനുംവേണ്ടി കാർമ്മികൻ അർത്ഥിയുടെമേൽ കുരിശുവരച്ചു് ആശീർവ്വദിച്ചു് സമൂഹത്തെ പിരിച്ചു വിടുന്നു.

മാമോദീസായ്ക്കും മൂറോനഭിഷേകത്തിനും ശേഷം വീണ്ടും കുളിപ്പിക്കുന്നതുവരെ അർത്ഥിയെ അക്രൈസ്തവർ തൊടുന്നതിനു് അനുവദിക്കുകയില്ല. മാമോദീസാശേഷം ആദ്യമായി ശിശുവിനെ കുളിപ്പിക്കുന്ന വെള്ളവും മൂറോൻ പുരണ്ട വസ്ത്രങ്ങൾ കഴുകിയ വെള്ളവും മററും ആളുകൾ ചവുട്ടി അനാദരം ഉണ്ടാകാത്ത വിധത്തിൽ മറവു ചെയ്യേണ്ടതാണു്.

---

42. മലങ്കരസഭയുടെ ആരാധനക്രമം: കൂദാശകൾ (1973), pp. 28

www.malankaralibrary.com

## അദ്ധ്യായം മൂന്ന്

# വിശുദ്ധ കുർബാന

മലങ്കര ആരാധന ക്രമത്തിൽ വിശുദ്ധ കുർബാനയ്ക്കു പയോഗിക്കുന്ന യാക്കോബിന്റെ അന്നാഫൂറായുടെ ചുരുങ്ങിയ വിവരണം, ദൈവശാസ്ത്ര സമ്പത്ത്, പ്രതീകാത്മകത്വം എന്നിവയാണ് താഴെ ചേർത്തിരിക്കുന്നത്. 1

മലങ്കര കുർബാന പഠന സൗകര്യത്തെപ്രതി എട്ട് പ്രധാന ഭാഗങ്ങളായി തിരിക്കാവുന്നതാണ്. a. പ്രാരംഭ ഭാഗം, b. പരസ്യ ശുശ്രൂഷയും വേദവായനകളും, c. അന്നാഫൂറായ്ക്കു മുമ്പുള്ള ഭാഗം, d. അന്നാഫൂറാ e. മധ്യസ്ഥ പ്രാർത്ഥനകൾ. f. വി. കുർബാന സ്വീകരണത്തിനുള്ള ഒരുക്കം, g. വി: കുർബാന സ്വീകരണം, h. സമാപന ശുശ്രൂഷ. ഓരോ ഭാഗത്തിന്റെയും അതിലുള്ള പ്രധാന പ്രാർത്ഥനകളുടെയും അർത്ഥം, ദൈവശാസ്ത്രം, പ്രതീകാത്മകത എന്നിവ താഴെ കൊടുക്കുന്നു.

### a. പ്രാരംഭ ശുശ്രൂഷ

മൽക്കിസദേക്കിന്റെ ക്രമം, അഹറോന്റെ ക്രമം എന്നീ പേരുകളിൽ അറിയപ്പെടുന്ന രണ്ടു ശുശ്രൂഷകൾ ഇതിൽ ഉൾപ്പെടുന്നു. ഈ പ്രാരംഭ ശുശ്രൂഷ തിരുശ്ശീലയ്ക്കുള്ളിൽ വച്ച് രഹസ്യമായിട്ടാണ് നടത്തുന്നത്.

**മൽക്കിസദേക്കിന്റെ ക്രമം**

പുരോഹിതനും രാജാവുമായ മൽക്കിസദേക്ക് അത്യ

1 വിശുദ്ധ കുർബാനയുടെ ദീർഘവും ചരിത്രപരവുമായ പഠനത്തിന് cfr. 'യാക്കോബിന്റെ അന്നാഫൂറാ ഒരു പഠനം', കോട്ടയം, 1976.

www.malankaralibrary.com



ന്നതനായ ദൈവത്തിനു് അപ്പവും വീഞ്ഞും കാഴ്ചവച്ച് ബലിയർപ്പിച്ചതുപോലെ ബലിക്കുള്ള അപ്പ–വീഞ്ഞുകൾ ഒരുക്കിവയ്ക്കുകയാണു് ഈ ശുശ്രൂഷയിൽ നടക്കുന്നതു്. അതിനാലാണു് മൽക്കിസദേക്കിൻെറ ക്രമം എന്ന പേരിൽ ഈ ശുശ്രൂഷ അറിയപ്പെടുന്നതു്.

മദ്ബഹായുടെ മുമ്പിൽ വന്നു് കാർമ്മികൻ സാഷ്ടാംഗ പ്രണാമം ചെയ്തശേഷം കുരിശുവരച്ചുകൊണ്ടു് ത്രീത്വസ്തുതിയും തുടർന്നു് പ്രാരംഭ പ്രാർത്ഥനയും 51–ാം മസ്മൂറായും ചൊല്ലുന്നു. മസ്മൂറായുടെ അവസാനത്തിൽ കാർമ്മികൻ ജനങ്ങളുടെ നേരെ തിരിഞ്ഞു് വണങ്ങിക്കൊണ്ടു് ദിവ്യശുശ്രൂഷാ പരികർമ്മത്തിനു് അവരുടെ പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നു. അതിനുശേഷം ഒരുക്കമുറിയിലേയ്ക്കു പോയി തിരുവസ്ത്രങ്ങൾ അണിഞ്ഞിട്ടു് വീണ്ടും മദ്ബഹായിൽ പ്രവേശിക്കുകയും നിർദ്ദിഷ്ട പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടു് ബലിപീഠത്തെ സമീപിച്ച് അപ്പവും വീഞ്ഞുംഒരുക്കിവയ്ക്കുയും ചെയ്യുന്നു. ഈ സമയത്തു് ശുശ്രൂഷകൻ ബലിപീഠത്തിലെ മെഴുകുതിരികൾ കത്തിക്കയും വെളിവു നിറഞ്ഞോരീശോ........ എന്നു തുടങ്ങുന്ന ഗാനം ആരംഭിക്കുകയും ചെയ്യുന്നു. ബലിപീഠത്തിൽ തയ്യാറാക്കിയിരിക്കുന്ന അപ്പവും വീഞ്ഞും സർവ്വലോകത്തിൻെറയും പ്രകാശമായ ക്രിസ്തുവിൻെറ പ്രതീകമാണെന്നും ഈ പ്രകാശത്തിൽ നിന്നുവേണം നാം വെളിച്ചം ഉൾക്കൊള്ളാൻ എന്നുമാണു് ശുശ്രൂഷകൻെറ ഈ പ്രവർത്തിയും ഗാനവും ദ്യോതിപ്പിക്കുന്നതു്. അപ്പ–വീഞ്ഞുകൾ തയ്യാറാക്കിയതിനു ശേഷം കാർമ്മികൻ ദർഗായിൽനിന്നു താഴെയിറങ്ങി പ്രുമിയോൻ, സെദറാ, കോലോ, എത്രോ, എക്ബോ, ഹൂത്തോമോ, 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നീ പ്രാർത്ഥനകൾ ചൊല്ലി ആദ്യ ശുശ്രൂഷകൾ അവസാനിപ്പിക്കുന്നു.

## അഹറോൻെറ ക്രമം

ഒന്നാം ശുശ്രൂഷയെപ്പോലെ ഇതും ത്രീത്വസ്തുതിയോടു

www.malankaralibrary.com



കൂടി ആരംഭിക്കുന്നു. കാർമ്മികൻ തുടർന്നു ചെറിയൊരു പ്രാർത്ഥന കൂടി ചൊല്ലിയിട്ട് ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തി ശുദ്ധീകരണത്തിന്റെ പ്രാർത്ഥന ചൊല്ലുകയും പ്രാർത്ഥന തീരുമ്പോൾ ദർഗായിൽ കയറി ബലിപീഠത്തിന്റെ മധ്യത്തിൽ മുത്തുകയും പിന്നീട് കാഴ്ചവയ്പിന്റെ ശുശ്രൂഷ ആരംഭിക്കുകയും ചെയ്യുന്നു.

കാഴ്ച വയ്പിന്റെ പ്രാർത്ഥന ആശയ സമ്പുഷ്ടവും ദൈവശാസ്ത്രപരവുമാണ്. ദൈവത്തിന്റെ രക്ഷാകര പദ്ധതി മുഴുവൻ ഇവിടെ അനുസ്മരിക്കപ്പെടുന്നു. സൃഷ്ടിയുടെ മകുടവും ശിരസ്സും ക്രിസ്തുവാണ്. ക്രിസ്തുവിലും അവിടുത്തെ രക്ഷാകര പ്രവൃത്തിയിലും ആണ് സൃഷ്ടിജാലം മുഴുവൻ ഐക്യത്തിൽ കോർത്തിണക്കപ്പെട്ടിരിക്കുന്നത്. അതിനാൽ ഈ പ്രാർത്ഥന ക്രിസ്തുവിനെ അനുസ്മരിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. വി: കുർബാനയിലെ ആരാധനയിൽ സഭ മുഴുവനും പങ്കുചേരുന്നു. മഹത്വീകൃത സഭയും സഹനസഭയും സമരസഭയും ശിരസ്സായ ക്രിസ്തുവിൽ ഒന്നുചേർന്ന് അർപ്പിക്കുന്നതാണ് വി: കുർബാന എന്ന ആശയം ഇവിടെ വളരെ വ്യക്തമാണ്. മരിച്ചുപോയവർ, സ്വന്തം കുടുംബാംഗങ്ങൾ എന്നിവരെയെല്ലാം കാഴ്ചവയ്പിൽ പ്രത്യേകം അനുസ്മരിക്കുന്നുണ്ട്.

കാഴ്ചവയ്പിനു ശേഷം കാർമ്മികൻ ദർഗായിൽ നിന്നിറങ്ങി ധൂപാർപ്പണത്തിന്റെ പ്രുമിയോനും സെദറായും ചൊല്ലുന്നു. ധൂപം അർപ്പിച്ചുകൊണ്ടാണ് മേൽപ്പറഞ്ഞ പ്രാർത്ഥനകൾ ചൊല്ലുന്നത്. അഹറോന്റെ ധൂപാർപ്പണത്തോടാണ് ഇതിനെ താരതമ്യപ്പെടുത്തുന്നത്. അതാണ് രണ്ടാം ശുശ്രൂഷയ്ക്ക് അഹറോന്റെ ക്രമം എന്ന പേരു ലഭിക്കാൻ കാരണം.

സെദറായ്ക്കു ശേഷം ധൂപ കലശം രഹസ്യങ്ങളുടെ മുകളിൽ പിടിച്ചുകൊണ്ടുള്ള ധൂപിക്കലാണ്. ദർഗായിൽ കയറി നിന്നുകൊണ്ടാണ് ഇതു നിർവഹിക്കുക. ധൂപകലശത്തിന്റെ ചങ്ങലകൾ ചുരുട്ടിപ്പിടിച്ച് പ്രാർത്ഥനകൾ

www.malankaralibrary.com



ചൊല്ലിക്കൊണ്ടു് രഹസ്യങ്ങളുടെ നാലുവശങ്ങളിലുമായി കുരിശാകൃതിയിൽ ധൂപകലശം ചലിപ്പിക്കുന്നു. അതിനു ശേഷം ഹുത്തോ ചൊല്ലിക്കൊണ്ടു് രഹസ്യങ്ങൾക്കു ചുറ്റും മൂന്നുപ്രാവശ്യം ധൂപകലശം ചുറ്റുന്നു. ആദ്യത്തെ രണ്ടുപ്രാവശ്യം വലത്തുനിന്നു് ഇടത്തോട്ടും അവസാനം ഇടത്തുനിന്നു വലത്തോട്ടുമാണു് ചുറ്റുന്നതു്. ദർഗായിൽ നിന്നിറങ്ങി ആദ്യം അൾത്താരയുടെ മധ്യഭാഗത്തും പിന്നീടു് തബലീത്തായുടെ ഇടത്തേക്കോണിലും അവസാനമായി അതിന്റെ വലത്തേക്കോണിലും വീശുന്നു. ഇടത്തേ കോണിൽ വീശുമ്പോൾ ശോശപ്പായുടെ ഇടത്തേ കോൺ അല്പം മടക്കി വയ്ക്കുന്നു. ധൂപകലശം ശുശ്രൂഷകനെ ഏല്പിച്ചിട്ടു് ഹൂത്തോമോ ചൊല്ലി രണ്ടാം ശുശ്രൂഷ അവസാനിപ്പിക്കുന്നു.

രഹസ്യങ്ങളിന്മേലുള്ള ധൂപാർപ്പണവും പ്രത്യേകാനുഷ്ഠാനങ്ങളും പ്രതീകാത്മകത നിറഞ്ഞ സുറിയാനി പാരമ്പര്യത്തോടു് ഒത്തുപോകുന്നതാണു്. ത്രോണോസിന്റെ മധ്യവും ഇടത്തും വലത്തും ചുംബിക്കുന്നതിന്റെ അർത്ഥം തക്സാകളിൽ തന്നെ കൊടുത്തിട്ടുണ്ടു്. ബലിപീഠത്തിന്റെ മദ്ധ്യഭാഗം പിതാവിനെയും ഇടത്തേ കോൺ പുത്രനെയും വലത്തേ കോൺ പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. ഹൂദത്തോമോയിലും അനുസ്മരണാ ചിന്തകളാണുള്ളതു്.

## b പരസ്യ ശുശ്രൂഷയും വേദവായനകളും

''നിന്നെ പ്രസവിച്ച മറിയാമും നിനക്കു മാമോദീസാ നൽകിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും; ഞങ്ങളോടു കരുണ ചെയ്യണമെ'' എന്ന കാർമ്മികന്റെ പ്രാർത്ഥനയോടു കൂടിയാണു് പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതു്. മദ്ബഹായുടെ തിരശീല നീക്കി ധൂപ കലശത്തിൽ കുന്തിരിക്കം ഇട്ടു് ധൂപം വീശിക്കൊണ്ടു് കാർമ്മികൻ മുകളിൽ പറഞ്ഞ പ്രാർത്ഥന ചൊല്ലുന്നു.

www.malankaralibrary.com



ക്രിസ്തുവിനെ ജനസമക്ഷം അവതരിപ്പിക്കുന്ന ഭാഗമാണിത്. ഇതുവരെയുള്ള രഹസ്യ ശുശ്രൂഷകൾ ക്രിസ്തുവിന്റെ ജനനത്തെയും രഹസ്യജീവിതത്തെയുമാണ് സൂചിപ്പിക്കുന്നതെങ്കിൽ മാമോദീസായോടുകൂടി പരസ്യമായി പ്രത്യക്ഷപ്പെടുന്ന ക്രിസ്തുവിനെയാണ് ഈ ഭാഗത്ത് അനുസ്മരിക്കുന്നത്. ആദ്യഭാഗവും അതായത്, ഒരുക്കത്തിന്റെ ശുശ്രൂഷയും പരസ്യഭാഗവും തമ്മിലുള്ള 'പരിവർത്തന ബിന്ദു' (Transitional point) വാണ് മുകളിൽ കണ്ട പ്രാത്ഥന. രഹസ്യ ഭാഗവുമായുള്ള ബന്ധം കാണിക്കാൻ ക്രിസ്തുവിനെ പ്രസവിച്ച മാതാവിനെ അവതരിപ്പിക്കുമ്പോൾ തുടർന്നുവരുന്ന പരസ്യ ശുശ്രൂഷാ ഭാഗത്തെ കാണിക്കാൻ ക്രിസ്തുവിന്റെ പരസ്യജീവിതത്തിനു് ആരംഭമായി മാമോദീസാ നൽകി സാക്ഷ്യം വഹിച്ച യോഹന്നാനെ അവതരിപ്പിക്കുന്നു.

ഈ പ്രാരംഭ പ്രാത്ഥനയ്ക്കു പ്രതിവാക്യമായി ജനങ്ങൾ ചൊല്ലുന്ന പ്രാത്ഥനയും തികച്ചും അവസരോചിതമാണ്. പരസ്യമായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന യേശു ആരാകുന്നു എന്നു് സാക്ഷ്യം നൽകുന്ന പ്രാത്ഥനയാണത്. യേശു ആരാകുന്നു, എന്തിനായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു, തന്റെ ജീവിത ലക്ഷ്യമെന്താണ് എന്നതെല്ലാം ഇതിൽ ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ടു്. ജനങ്ങളുടെ ഈ പ്രാത്ഥന വിശേഷ ദിവസങ്ങളിൽ ഗാനരൂപത്തിലും മററവസരങ്ങളിൽ ഗദ്യരൂപത്തിലുമാണ് ചൊല്ലുക. ഈ ഗാനമാലപിക്കുമ്പോൾ ധൂപകലശം വീശി കാർമ്മികനും, കത്തിച്ച മെഴുകുതിരികൾ, മർബഹാസ, മണി മുതലായവ പിടിച്ചുകൊണ്ടു് ശുശ്രൂഷകരും ഭക്തിപൂവ്വം ആഘോഷമായി ബലിപീഠത്തിനു ചുററും പ്രദക്ഷിണം വയ്ക്കുന്നു. ആ അവസരത്തിൽ വൈദികൻ ബലിപീഠത്തിന്റെ നാലുകോണും മുത്തുകയും ബലിപീഠം ചുററി ധൂപം അർപ്പിക്കുകയും ചെയ്യുന്നു. പ്രദക്ഷിണം വളരെയധികം പ്രതീകാത്മകമാണ്. പരസ്യമായി പ്രത്യക്ഷപ്പെടുന്ന യേശുവിനെയാണ് പുരോഹിതൻ പ്രതിനിധാനം ചെയ്യുന്നത്. തന്റെ കുരിശു

www.malankaralibrary.com



മരണവും ഉയിർപ്പും വഴിയായി പഴയ ദേവാലയത്തെ ശുദ്ധീകരിച്ച് പുതിയ നിയമത്തിലെ ദേവാലയമാക്കി മാററിയ ക്രിസ്തുവിനെപ്പോലെ പുരോഹിതൻ ത്രോണോസിന്റെ കോണുകളം ധൂപിച്ച് ശുദ്ധീകരിക്കുന്നു. യേശുവിനു പരസ്യമായി സാക്ഷ്യം വഹിച്ച യോഹന്നാനെയാണ് പ്രധാന ശുശ്രൂഷകൻ (ശെമ്മാശൻ) സൂചിപ്പിക്കുന്നത്. മററു ശുശ്രൂഷകർ യേശുവിനെ ലോകസമക്ഷം അവതരിപ്പിച്ച ശ്ലീഹന്മാരുടെയും മററു ശിഷ്യന്മാരുടെയും സ്ഥാനം വഹിക്കുന്നു.

പ്രദക്ഷിണത്തിനു ശേഷം 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്ന പ്രാർത്ഥനയാണ്. ഇതു മൂന്നു പ്രാവശ്യമാണു ചൊല്ലുക. പുരോഹിതൻ ദൈവമേ നീ പരിശുദ്ധനാകുന്നു എന്നു ചൊല്ലുകയും തുടർന്നു ജനങ്ങൾ 'ബലവാനേ നീ പരിശുദ്ധനാകുന്നു' എന്നിങ്ങനെ ചൊല്ലി പൂർണ്ണമാക്കുകയും ചെയ്യുന്നു. പരിശുദ്ധ ത്രിത്വത്തെയാണോ ക്രിസ്തുവിനെയാണോ ഈ പ്രാർത്ഥനയിൽ ഓർക്കുന്നത് എന്നു പലരും ചോദിച്ചേക്കാം. അന്ത്യോക്യൻ ആരാധന ക്രമങ്ങളിൽ ഇതു ക്രിസ്തുവിനെയാണ്; മററുള്ളവർ ത്രിത്വ സ്തവമായിട്ടാണ് കരുതുന്നത്. അക്കാരണത്താൽ അന്ത്യോക്യൻ സഭകളിൽ ഉപയോഗിക്കുന്ന 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ' എന്ന അവസാന വാക്യം പാഷണ്ഡതയാണെന്നും അന്ത്യോക്യൻ സഭകൾക്കു പുറത്തുള്ളവർ വിചാരിച്ചിരുന്നു. കാരണം പ: ത്രിത്വം ക്രൂശിക്കപ്പെട്ടിട്ടില്ലല്ലോ. എന്നാൽ അന്ത്യോക്യൻ സഭകളെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രശ്നമൊന്നുമില്ല. കാരണം ഈ പ്രാർത്ഥന മുഴുവൻ ക്രിസ്തുവിനെ അഭിസംബോധന ചെയ്യുന്നതായിട്ടാണവ ഗ്രഹിക്കുക. ക്രിസ്തു യഥാർത്ഥത്തിൽ ദൈവമാകയാൽ "ദൈവമേ" എന്നും "ബലവാനേ" യെന്നും "മരണമില്ലാത്തവനേ" യെന്നും അവിടുത്തെ വിളിച്ചപേക്ഷിക്കുന്നതിൽ അനൗചിത്യം ഒന്നും ഇല്ല താനും. ഈ അർത്ഥത്തിൽ തന്നെയാണ് മലങ്കര കത്തോലിക്കർ ഈ പ്രാർത്ഥന ഉപയോഗിക്കുന്നത്.

www.malankaralibrary.com



ക്രിസ്തുസ്തവത്തിനുശേഷം നടപടി പുസ്തകത്തിൽ നിന്നുള്ള വായനയാണ്. ചിലപ്പോൾ നടപടി പുസ്തകത്തിനുപകരം കാതോലിക ലേഖനങ്ങളിൽനിന്നോ വെളിപാടുപുസ്തകത്തിൽനിന്നോ വായിക്കാം. ഞായറാഴ്ചകളിലും പെരുന്നാളുകളിലും ഈ വായന സാധാരണമാണ്. "ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തിൽനിന്ന് ബാറെക്മോർ" എന്ന വായനക്കാരൻ പറയുമ്പോൾ ശ്ലീഹന്മാരുടെ ഉടയവനു സ്തുതി, നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങൾ എന്നേക്കും ഉണ്ടായിരിക്കട്ടെ എന്നു ജനങ്ങൾ മറുപടി പറയുന്നു. മദ്ബഹായുടെ വാതിലിന്റെ വടക്കു വശത്തുനിന്നാണ് ഈ വായന. ഒരാൾ കത്തിച്ച തിരി പിടിച്ചിരിക്കും. ശുശ്രൂഷക്കാരൻ വായനക്കാരന്റെ ഇടത്തുവശത്ത് മദ്ബഹായിൽത്തന്നെ നിന്നുകൊണ്ട് വി: ഗ്രന്ഥത്തിനു ധൂപം വീശിക്കൊണ്ടിരിക്കുന്നതും പതിവാണ്. ശുശ്രൂഷകർ തങ്ങളുടെ പട്ടത്തിന്റെ സ്ഥാനമനുസരിച്ച് ഔദ്യോഗിക വസ്ത്രം ധരിച്ചിരിക്കും. പട്ടമില്ലാത്തവരും വെള്ളക്കുപ്പായം ധരിക്കണം. വായനയ്ക്കു മുമ്പ് കാർമ്മികൻ ഒരു രഹസ്യപ്രാർത്ഥന ചൊല്ലുന്നു. അപ്പോൾ ജനങ്ങൾ "ഭൂവിലശേഷം ദൈവത്താൽ പ്രേരിതരായ" എന്നു തുടങ്ങുന്ന ഗാനം ആലപിക്കുന്നു. ഗാനത്തിന്റെ അവസാനത്തിലാണ് വായന നടത്തുക. ഈ ഗാനവും "പൗലോസ് ശ്ലീഹാ ധന്യൻ ചൊൽകേട്ടേൻ" എന്നാദിയായി പൗലോസ് ശ്ലീഹായുടെ ലേഖനവായനയ്ക്കു മുമ്പ് ആലപിക്കുന്ന ഗാനവും സ്ഥിരമാണ്. മററു ഗാനങ്ങൾക്കെല്ലാം പകരം ഗാനങ്ങൾ മാറി മാറി ചൊല്ലാവുന്നതാണ്. മലങ്കരയിൽ 'ഹാബിബായ് ബാറെക്മോർ' (എന്റെ വാത്സല്യ സഹോദരങ്ങളെ) എന്നു പറഞ്ഞുകൊണ്ടാണ് ആദ്യവായന അവസാനിപ്പിക്കുന്നത്. അതിനുശേഷം പൗലോസിന്റെ ലേഖന വായനയ്ക്കാമുഖമായി "പൗലോസ് ശ്ലീഹാ ധന്യൻ ചൊൽകേട്ടേൻ" എന്ന ഗാനം ജനങ്ങൾ ആലപിക്കുന്നു. പൗലോസിന്റെ ലേഖനം മദ്ബഹായുടെ വാതിലിന്റെ തെക്കുവശത്ത് ഒരു നട താഴെയിറ

www.malankaralibrary.com



ങ്ങിനിന്നാണു വായിക്കുക. അപ്പോൾ ശുശ്രൂഷകൻ വായനക്കാരന്റെ വലതുവശത്തു് മദ്ബഹായിൽ തന്നെ നിന്നുകൊണ്ടു് ധൂപം വീശുന്നു. ഈ സമയത്തും ഒരു ശുശ്രൂഷി കത്തിച്ച തിരി പിടിക്കുകയും മറെറാരു ശുശ്രൂഷി ലേഖനത്തിനു് ധൂപം വീശുകയും ചെയ്യുന്നു.

അടുത്തതായി ആഘോഷമായ സുവിശേഷവായനയാണു്. ശുശ്രൂഷി ധൂപകലശത്തിൽ കുന്തിരിക്കം ഇടുവിച്ചുകൊണ്ടു് സുവിശേഷ ഗ്രന്ഥത്തിനു് ധൂപം വീശുന്നതോടൊപ്പം സുവിശേഷം ശ്രദ്ധിപ്പാൻ ജനങ്ങളെ ആഹ്വാനവും ചെയ്യുന്നു. രണ്ടു ശുശ്രൂഷകർ കത്തിച്ച മെഴുകുതിരികളുമായി സുവിശേഷപീഠത്തിന്റെ ഇരുവശത്തുമായി നില്ക്കുന്നു. സുവിശേഷം കഴിഞ്ഞ കാലത്തെ ഒരു സംഭവത്തിന്റെ വെറും അനുസ്മരണമല്ല പ്രത്യുത ഇന്നു് ദൈവവചനം യഥാർത്ഥമായി നമ്മോടു് സംസാരിക്കുകയാണു്. ഉത്ഥിതനായ മിശിഹായെ യഥാത്ഥമായി കണ്ടുമുട്ടിയ ശിഷ്യന്മാർക്കുണ്ടായ അനുഭവമാണു് സുവിശേഷം ശ്രവിക്കുമ്പോൾ ഉണ്ടാകേണ്ടതു്. സുവിശേഷ വായനക്കു ശേഷം ജനങ്ങൾ ഗാനം ആലപിക്കുന്നു. അനന്തരം വായിച്ചു കേട്ട സുവിശേഷഭാഗത്തെപ്പററി വിശദീകരണം കാർമ്മികൻ നൽകുന്നു.

## C അന്നാഫുറായ്ക്കു മുമ്പുള്ള ഭാഗം

സുവിശേഷവായന, ജനങ്ങളുടെ കീർത്തനം എന്നിവക്കു ശേഷം കുർബാനയുടെ പ്രധാന ഭാഗത്തേക്കു കടക്കുന്നു. ഇതു മുതലുള്ള ഭാഗം സാധാരണയായി അറിയപ്പെടുന്നതു് വിശ്വാസികളുടെ കുർബാന (Mass of faithful) എന്ന പേരിലാണു്. അന്നാഫുറായ്ക്കു മുമ്പും വചന ശുശ്രൂഷക്കു പിമ്പും പ്രധാനമായി പ്ര്ുമിയോൻ, ഘുസോയോ അഥവാ പാപമോചന പ്രാത്ഥന, സെദറാ ധൂപകലശ വാഴ്‌വു്, വിശ്വാസപ്രമാണം, ദ്വിതീയ കാഴ്ചവയ്പു് തുടങ്ങിയവ ഉൾക്കൊള്ളുന്നു.

www.malankaralibrary.com



വിശ്വാസികളുടെ കർബാന ആരംഭിക്കുന്നതു് പ്ര്ുമി യോനോടു കൂടിയാണു്. കാർമ്മികൻ അവസരോചിതമായി ഏതെങ്കിലും പ്ര്ുമിയോൻ തെരഞ്ഞെടുത്തു ചൊല്ലുന്നു. പ്ര്ുമിയോനു ശേഷം കാർമ്മികൻ ശോശപ്പായുടെ ഇടതു വശം മുത്തി കാഴ്ചവയ്പിന്റെ സെദറാ ചൊല്ലുന്നു. തദവസരത്തിൽ ശുശ്രൂഷി ബാറെക്മോർ, കാരുണ്യവാനായ കർത്താവിന്റെ മുമ്പാകെയും ........ എന്നുള്ള പ്രാർത്ഥന ചൊല്ലിക്കൊണ്ടു് കുന്തിരിക്കം ഇട്ടുവിച്ചിട്ടു് ധൂപാർപ്പണം നടത്തുന്നു. ധൂപകലശത്തിലെ മണികൾ കിലുങ്ങത്തക്കവണ്ണം ചലിപ്പിച്ചു് വീശിക്കൊണ്ടു് ബലിപീഠത്തിന്റെ തെക്കുവശത്തു് (വലതുവശം) പീഠത്തിന്മേൽ വച്ചിരിക്കുന്ന സുവിശേഷ ഗ്രന്ഥത്തിനു് ധൂപം വീശി മുത്തുന്നു. മെത്രാൻ സന്നിഹിതനാണെങ്കിൽ അദ്ദേഹത്തിന്റെ നേർക്കു ധൂപം വീശി സ്ലീബാ മുത്തുന്നു. അതിനു ശേഷം മദ്ബഹായിലുള്ള വൈദികർക്കും പിന്നീടു് ജനങ്ങൾക്കും ധൂപം വീശുന്നു. അന്ത്യോക്യൻ സഭയിലെ യാമപ്രാർത്ഥനകൾക്കും, സെദറാ വായനസ്സും ഇതുപോലുള്ള ധൂപാർപ്പണമുണ്ടു്.

സെദറായ്ക്കു ശേഷം ധൂപകലശം വാഴ്ത്തുന്നു. മെത്രാൻ സന്നിഹിതനാണെങ്കിൽ അദ്ദേഹമാണിതു ചെയ്യുക. കാർമ്മികൻ കുരിശു വരച്ചു് കുന്തിരിക്കം വാഴ്ത്തി ധൂപക്കുറ്റിയിൽ ഇടുന്നു. അനന്തരം "ബലഹീനനും പാപിയുമായ ഈ ദാസൻ ഏറ്റുപറയുന്നു, പരിശുദ്ധനായ പിതാവു് പരിശുദ്ധൻ" എന്നു പറഞ്ഞുകൊണ്ടു് പുരോഹിതൻ ഇടതു കയ്യിൽ ധൂപകലശത്തിന്റെ ഒരു ചങ്ങലയുടെ മദ്ധ്യത്തിൽ പിടിക്കുകയും തദനന്തരം വലതുകരം കൊണ്ടു് ചങ്ങലയുടെ മുകളിലത്തെ അറ്റത്തു തൊട്ടു് കുരിശു വരച്ചു് ആശീർവദിക്കുകയും ചെയ്യുന്നു. പിന്നീടു് 'പരിശുദ്ധനായ പുത്രൻ പരിശുദ്ധനാകുന്നു' എന്നു ചൊല്ലിക്കൊണ്ടു് പുരോഹിതൻ ഇടതുകൈ കൊണ്ടു് രണ്ടു ചങ്ങലകൾ ഒരുമിച്ചു ചേർത്തു് ആദ്യത്തേതിനോടൊപ്പം പിടിക്കുന്നു. അനന്തരം മുകളിൽ പറഞ്ഞ പ്രകാരം കുരിശു വരച്ചു് ആശീർവദിക്കുന്നു. മൂന്നാ

www.malankaralibrary.com



മതായി പുരോഹിതൻ ഇടതുകൈ കൊണ്ടു് അവസാനത്തെ ഒരു ചങ്ങല മററു മൂന്നു ചങ്ങലകളോടു ചേർത്തു പിടിക്കുകയും 'ജീവപ്രദനായ വിശുദ്ധ റൂഹാ പരിശുദ്ധൻ' എന്നു ചൊല്ലി കുരിശടയാളം പൂർത്തിയാക്കിയിട്ടു് ചങ്ങലയുടെ മദ്ധ്യത്തിലും അല്പം താഴെയും ധൂപക്കുററിയുടെ അടിഭാഗത്തും തൊടുന്നു. അതിനു ശേഷം പുരോഹിതൻ വലതുകൈ ധൂപക്കുററിയുടെ അടിയിൽകൂടെ മുകൾഭാഗം വരെ കൊണ്ടുവന്നിട്ടു് ശുശ്രൂഷകനിൽ നിന്നും ധൂപക്കുററി വാങ്ങുന്നു. പിന്നീടു് ബലിപീഠത്തിനും മദ്ബഹായിലുള്ളവർക്കും ജനങ്ങൾക്കും വീശി, ബലിപീഠത്തിലേക്കു് വീണ്ടും തിരിഞ്ഞു് ശുശ്രൂഷിയെ ധൂപകലശം ഏല്പിക്കുന്നു.

ധൂപകലശം വാഴ്ത്തുമ്പോൾ ധൂപക്കുററിയുടെ വിവിധ ഭാഗങ്ങളിൽ സ്പർശിക്കുന്നതു് ത്രൈശുദ്ധകീർത്തന സമയത്തു് ശോശപ്പായിൽ സ്പർശിക്കുന്നതിനു സമാനമാണു്. ആഘോഷമായി ചെയ്യപ്പെടുന്ന ധൂപകലശവാഴ്‌വു് വളരെ അർത്ഥവത്തായ സംഗതിയാണു്. ധൂപകലശത്തിനു് 4 ചങ്ങലകളാണുള്ളതു്. ഓരോന്നിനും 18 കണ്ണികൾ വീതം ആകെ 72 കണ്ണികൾ ഉണ്ടു്. യേശുവിൻെറ 72 ശിഷ്യന്മാരെയാണു് ഇതു പ്രതിനിധാനം ചെയ്യുന്നതു് എന്നു വ്യാഖ്യാനിക്കപ്പെടുന്നു. ധൂപകലശത്തിനു 12 മണികൾ ഉണ്ടു്. ഇവ പന്ത്രണ്ടു ശ്ലീഹന്മാർക്കു പകരമാണു്. തീ നിറഞ്ഞിരിക്കുന്ന അടിഭാഗം പ്രാർത്ഥിക്കുന്ന സഭയെയും അതിലെ ധൂപം പ്രാർത്ഥനയെയും മുകൾഭാഗം സ്വർഗ്ഗത്തെയും സൂചിപ്പിക്കുന്നു. അങ്ങനെ ആകെക്കൂടി നോക്കുമ്പോൾ സഭ മുഴുവൻ ഇവിടെ സൂചിതമാകുന്നു. ധൂപകലശ വാഴ്‌വിനും പ്രതീകാത്മക വ്യാഖ്യാനമുണ്ടു്. 'പരിശുദ്ധനായ പിതാവു പരിശുദ്ധൻ', 'ജീവപ്രദനായ വിശുദ്ധ റൂഹാ പരിശുദ്ധൻ' എന്നിവ പറയുമ്പോൾ ഓരോ ചങ്ങലയും പുത്രനെപ്പററി പറയുമ്പോൾ രണ്ടു ചങ്ങലയും എടുക്കുന്നതു് ത്രിത്വത്തിലെ വ്യക്തികളുടെ സ്വഭാവമാണു് സൂചിപ്പിക്കുന്നതു്. അവതീർണ്ണ വചനമായ പുത്രനു് രണ്ടു സ്വഭാവങ്ങളുണ്ടല്ലോ.

www.malankaralibrary.com



ധൂപകലശം വാഴ്ത്തി പുരോഹിതൻ മദ്ബഹായും മററും ധൂപിക്കുമ്പോൾ ശുശ്രൂഷി "ബാറെക്മോർ, ദിവ്യ ജ്ഞാനം ഉദ്ഘോഷിക്കുന്ന .... എന്നുള്ള പ്രാർത്ഥന ചൊല്ലുകയും തുടർന്നു പുരോഹിതൻ വിശ്വാസപ്രമാണം ആരംഭിക്കുകയും ചെയ്യുന്നു. മെത്രാൻ സന്നിഹിതനാണെങ്കിൽ അദ്ദേഹമാണ് ആരംഭിക്കേണ്ടത്. കാർമ്മികൻ കൈകൾ കഴുകിയിട്ട് ജനങ്ങളുടെ നേരെ തിരിഞ്ഞ് നിർദ്ദിഷ്ട പ്രാർത്ഥന ചൊല്ലിക്കൊണ്ട് പ്രാർത്ഥനാസഹായം യാചിച്ചതിനു ശേഷം ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തി കാഴ്ചവയ്പിന്റെ പ്രാർത്ഥന ചൊല്ലുന്നു. പാപ പരിഹാരത്തിന്റെയും മാദ്ധ്യസ്ഥത്തിന്റെയും ചിന്ത ഉൾക്കൊള്ളുന്ന ഈ പ്രാർത്ഥന കാർമ്മികന്റെ വ്യക്തിപരമായ ഒരുക്കത്തിനും വി. കുർബാനയുടെ നിയോഗം പുതുക്കുന്നതിനും ഉപകരിക്കുന്നു. ആ സമയം ജനങ്ങൾ വിശ്വാസപ്രമാണം വ്യക്തമായി ചൊല്ലുകയും ശുശ്രൂഷി വിശ്വാസികളെ ധൂപിക്കുകയും ചെയ്യുന്നു. വിശ്വാസപ്രമാണം തീരുമ്പോഴേക്കും ശുശ്രൂഷി ധൂപകലശവുമായി തിരിച്ചു വരുന്നു. കാർമ്മികൻ അപ്പോഴും മുട്ടുകുത്തിയിരിക്കയാണെങ്കിൽ 'യാചിക്കേണ്ടും സമയമിതാ' എന്ന ഗാനം ജനങ്ങൾ ചൊല്ലാറുണ്ട്. അതല്ലെങ്കിൽ ശുശ്രൂഷി ഉടനെതന്നെ 'സ്തൗമെൻകാലോസ്' എന്നു നീട്ടിച്ചൊല്ലുകയും ജനങ്ങൾ 'കുറിയേലായിസോൻ' എന്നു പ്രത്യുത്തരിക്കയും ചെയ്യുന്നു. യഥാർത്ഥത്തിൽ 'സ്തൗമെൻകാലോസി'ന്റെ വ്യാഖ്യാനമാണ് 'യാചിക്കേണ്ടും സമയമിതാ' എന്ന ഗാനം. ഈ ഗാനത്തിൽ അവതരിപ്പിച്ചിരിക്കുന്ന ആശയങ്ങൾ വളരെ പൗരാണികമാണ്. ഗ്രീക്കിൽ നിന്ന് 4/5 നൂററാണ്ടുകളിൽ സുറിയാനിയിലേക്കു വിവർത്തനം ചെയ്യപ്പെട്ട നമ്മുടെ 'കർത്താവിന്റെ നിയമം' എന്ന ഗ്രന്ഥത്തിലെ ആശയങ്ങളോട് ഈ ഗാനത്തിന് സാധർമ്മ്യമുണ്ട്.

www.malankaralibrary.com



## (d) അന്നാഫൂറാ

വിശുദ്ധ കുർബാനയിൽ വിശ്വാസപ്രമാണം കഴിഞ്ഞു് സമാധാനത്തിനുള്ള പ്രാർത്ഥനയോടു കൂടി ആരംഭിക്കുന്ന ഭാഗത്തിനു് പൊതുവായിട്ടുള്ള പേരാണു് അന്നാഫൂറാ. എന്നാൽ ഈ പദത്തിനു് പല അർത്ഥങ്ങളുമുണ്ടു്. 'അനാഫോറാ' എന്ന ഗ്രീക്ക പദത്തിന്റെ മൂലാർത്ഥം 'വാർത്ത' 'പ്രഘോഷണം' തുടങ്ങിയവയാണു്. എന്നാൽ ആരാധനക്രമവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ 'കൊണ്ടുവരിക' 'സമർപ്പിക്കുക' (offer) എന്നൊക്കെയാണു് വിവക്ഷിതം. 'എവുക്കറിസ്റ്റിയ' (കൃതജ്ഞതാപ്രകാശനം) എന്ന ഗ്രീക്കു് പദത്തിനു് സമാനമാണിതു്.

അന്നാഫൂറാ എന്ന പദത്തിനു് 'ഉയർത്തിക്കൊടുക്കുക' (lift up) എന്നും അർത്ഥം ഉണ്ടു്. വി. കുർബാനയിലെ പ്രഥമാശീർവാദം കഴിഞ്ഞു് "ഈ സമയത്തു് നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലത്തു ഭാഗത്തു് മിശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിലായിരിക്കണം" എന്ന കാർമ്മികന്റെ പ്രഖ്യാപനം മുതൽ റൂഹാക്ഷണം (Epiclesis) വരെയുള്ള ഭാഗത്തിനു് പൊതുവായ പേരാണു് അന്നാഫൂറാ എന്നു് നിഷ്കൃഷ്ടമായി പറയാം. ഈ ഭാഗം എല്ലാ കുർബാനയിലും ഏകദേശം തുല്യമാണെന്നുള്ളതും ഇതിന്റെ പ്രത്യേകതയാണു്. വി. കുർബാനയുടെ ഈ ഭാഗമാണു് ആദ്യകാലത്തു് ഉണ്ടായിരുന്നതെന്നും അതിനോടു പലതും കൂട്ടിച്ചേർത്തും വെട്ടിച്ചുരുക്കിയും ഭാഷയിലും ആശയങ്ങളിലും മാററങ്ങൾ വരുത്തിയും സ്ഥലകാല സാഹചര്യങ്ങൾക്കനുരൂപമായി ക്രമീകരിച്ചിട്ടുള്ളതാണു് വിവിധ റീത്തുകളിൽ ഇന്നു കാണുന്ന കുർബാനകൾ എന്നു കാണാൻ കഴിയും.

മലങ്കരസഭയിൽ 'അന്നാഫൂറാ' എന്നതു് സമാധാന ചുംബനത്തിനു മുമ്പുള്ള പ്രാർത്ഥന മുതൽ കുർബാനയുടെ

www.malankaralibrary.com


അവസാനാശിർവാദം വരെയുള്ള ഭാഗത്തിന്റെ മുഴുവനും കൂടിയുള്ള പേരാണ്. ഈ ഭാഗങ്ങളെല്ലാം കൂടി പുരോഹിതൻ ചൊല്ലുന്ന 66 പ്രാർത്ഥനകളിൽ അടങ്ങിയിരിക്കുന്നു. അതു കൂടാതെ ശെമ്മാശന്റെ (ഡീക്കൻ) പല പ്രഖ്യാപനങ്ങളും ജനങ്ങളുടെ പ്രതിവാക്യങ്ങളുമുണ്ട്. പുരോഹിതനു മാത്രം ചൊല്ലാനുള്ള ഈ 66 പ്രാർത്ഥനകളിൽ ദീർഘവും ഹ്രസ്വവുമായ പ്രാർത്ഥനകളും സമാധാനാശംസകളും ആശിർവാദങ്ങളും സഹായാഭ്യർത്ഥനകളും രഹസ്യമായും പരസ്യമായും ഉള്ള പ്രാർത്ഥനകളും ഉൾപ്പെടും. ഈ 66 പ്രാർത്ഥനകളിൽ 33 എണ്ണം മാറ്റമില്ലാത്തവയാണ്. ബാക്കി 33 മാറിവരുന്നവയാണ്. മാറിവരുന്ന ഈ 33 പ്രാർത്ഥനകളുടെ സമൂഹത്തിനും അനാഫുറാ എന്ന പേരു പറയും. ഈ അർത്ഥത്തിൽ അന്ത്യോക്യൻ സഭയിൽ 100—ൽ അധികം അനാഫുറാകൾ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു. ഏതായാലും 66 അനാഫുറായുടെ കൈയെഴുത്തു പ്രതികൾ ഇപ്പോഴും ലഭ്യമാണ്. ഈ അനാഫുറാകളുടെ എല്ലാം അടിസ്ഥാനമായി നിൽക്കുന്നതു് യാക്കോബ് ശ്ലീഹായുടെ പേരിൽ അറിയപ്പെടുന്ന അനാഫുറായാണ്. ഇതിന്റെ ചുവടു പിടിച്ചും ഇതിനെ അനുകരിച്ചും പ്രത്യേക ആവശ്യങ്ങളെ പരിഗണിച്ചും പിൽക്കാലങ്ങളിൽ ഉണ്ടാക്കപ്പെട്ടവയാണ് മറ്റു് അനാഫുറാകൾ. മലങ്കര കത്തോലിക്കർ (ലിററർജിക്കൽ കമ്മിററി 1972 ൽ തയ്യാറാക്കിയതു്) ഉപയോഗിക്കുന്ന തക്സായിൽ 9 അനാഫുറാകൾ കൊടുത്തിട്ടുണ്ട്.

പുരോഹിതൻ ചൊല്ലുന്ന 66 പ്രാർത്ഥനകളാണ് അനാഫുറാ ഭാഗത്തുള്ളതെന്നും അവയിൽ 33 എണ്ണം സ്ഥിരമാണെന്നും നാം മുകളിൽ പറഞ്ഞു. ഈ സംഖ്യകൾക്ക് വല്ല പ്രാധാന്യവുമുണ്ടോ? പ്രതീകാത്മകമായി എല്ലാം കാണുന്ന സുറിയാനി പാരമ്പര്യം അനാഫുറായിലെ ഈ ദ്വശക്രമീകരണത്തിലൂടെയും ഗഹനമായ ഒരാശയമാണ് ആവിഷ്കരിക്കുന്നതു്. യേശുക്രിസ്തുവിന്റെ ജീവിതാന്ത്യത്തിൽ താൻ ചെയ്ത ഏററവും വലിയ കർമ്മമായ ആ

www.malankaralibrary.com



ത്മബലിയുടെ ആവർത്തനമാണല്ലോ വി. കുർബാന. 33–ാമത്തെ വയസ്സിൽ അർപ്പിച്ച ആ ബലി ആവർത്തിക്കാൻ 33 പ്രാർത്ഥനകളാൽ കോർത്തിണക്കിയ ഒരാരാധന ക്രമം ഉപയോഗിക്കുന്നത് തീർച്ചയായും ഉചിതം തന്നെ. മാററമില്ലാത്ത ദൈവത്വവും മനുഷ്യത്വവും യോജിച്ച യേശു എന്ന വ്യക്തിയുടെ 33 വർഷത്തെ ഇഹലോക ജീവിത രംഗങ്ങൾ അനുസ്മരിപ്പിക്കുകയും ആവർത്തിക്കുകയും ചെയ്യുകയാണ് ഈ പ്രാർത്ഥനകളിൽ കോർത്തിണക്കിയ ആരാധനമാല്യം അർപ്പിച്ചുകൊണ്ട് നാം ചെയ്യുന്നത്.

സമാധാന പ്രാർത്ഥനയോടു കൂടി അന്നാഫുറാ ആരംഭിക്കുന്നു. പ്രാർത്ഥനയുടെ അന്ത്യത്തിൽ 'ആമ്മീൻ' എന്ന് പ്രതിവാക്യമായി വിശ്വാസികൾ ചൊല്ലുന്നു. അതിനു ശേഷം സമാധാനാശംസയാണ്. ജനങ്ങളുടെ മറുപടിയെ തുടർന്ന് ശെമ്മാശൻ "ബാറെക്മോർ, നമ്മുടെ കർത്താവേശുമിശിഹായുടെ ...." എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലുന്നു. അപ്പോൾ ധൂപകലശം പിടിച്ചിരിക്കുന്ന ശുശ്രൂഷി ചങ്ങലകളിൽ രണ്ടുവശത്തുമായി പിടിച്ച് കാർമ്മികനെ സമീപിക്കുന്നു. അദ്ദേഹം ചങ്ങലയുടെ മധ്യഭാഗത്തു പിടിച്ച് ശുശ്രൂഷിയെ കരം മുത്തിക്കുന്നു. ശുശ്രൂഷി ത്രോണോസ് മുത്തിയ ശേഷം ആദ്യം മദ്ബഹായിൽ ഉള്ളവർക്കും പിന്നീട് ജനങ്ങൾക്കും സമാധാനം കൊടുക്കുന്നു. ജനങ്ങൾ പരസ്പരം സമാധാന ചുംബനം നടത്തുന്നു. സമാധാനം നൽകുന്നത് വിശ്വാസികൾ തമ്മിലുള്ള ഐക്യത്തിന്റെ അടയാളമായിട്ടാണ്. മോസസ് ബാർകേഫാ സമാധാനത്തെ പററി പറയുന്നഭാഗം ശ്രദ്ധേയമാണ്: നാം ക്രിസ്തുവിന്റെ ശരീരം വഴിയായി ദൈവവുമായി കൂട്ടായ്മയിലാകുവാനുള്ള ഒരുക്കമാണിവിടെ. പക്ഷേ വിശ്വാസികൾ തമ്മിൽ ഐക്യമില്ലാതിരുന്നാൽ അതു കേവലം അസാദ്ധ്യമാണ്. അതിനാൽ നമ്മുടെ ആന്തരിക ഐക്യത്തിന്റെയും സമാധാനത്തിന്റെ

www.malankaralibrary.com



യും ചിഹ്നമായി ബാഹ്യമായി നാം പരസ്പരം ആലിംഗ
നം ചെയ്യുന്നു.[2]

സമാധാനത്തിനു ശേഷം പുരോഹിതൻ കൈവയ്പ്പി
ന്റെ പ്രാർത്ഥന ചൊല്ലുന്നു. ജനങ്ങൾ തലകുനിച്ച് നിൽ
ക്കുകയും പുരോഹിതൻ കൈകൾ ഉയർത്തി ആശീർവദി
ച്ചുകൊണ്ട് പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നു. അന്ത്യോ
ക്യൻ കുർബാനയിൽ കൈവയ്പ്പിന്റെ മൂന്നു പ്രാർത്ഥനകൾ
ഉണ്ട്. ഒന്നാമത്തേത് സമാധാനത്തിനു ശേഷവും രണ്ടാ
മത്തേത് ഖണ്ഡന ശുശ്രൂഷയ്ക്കുശേഷവും അവസാനത്തേത്
കുർബാന സ്വീകരണം കഴിഞ്ഞും. എല്ലാത്തിനും മുമ്പ്
തലവണങ്ങാനുള്ള ശെമ്മാശന്റെ പ്രഖ്യാപനമുണ്ട്.

കൈവയ്പ്പിന്റെ പ്രാർത്ഥന കഴിഞ്ഞാൽ പിന്നെ
'ശോശപ്പാ' യുടെ പ്രാർത്ഥനയാണ്. അതിന്റെ അവസാ
നത്തിൽ പുരോഹിതൻ രഹസ്യങ്ങളുടെ മുകളിൽ വിരി
ച്ചിരിക്കുന്ന ശോശപ്പാ നീക്കം ചെയ്ത് ആഘോഷിക്കുന്നു.
തദവസരത്തിൽ ശെമ്മാശൻ 'ബാറെക്മോർ, സഹോദര
ങ്ങളെ നാമെല്ലാവരും .... എന്നാരംഭിക്കുന്ന പ്രാർത്ഥന
ചൊല്ലുന്നു. ശോശപ്പാ മാററുന്നതിന്റെ അർത്ഥം പുരോ
ഹിതൻ അപ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ വ്യഞ്ജിപ്പി
ക്കപ്പെടുന്നുണ്ട്.

"ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾക്ക് പന്ത്രണ്ടു
നീരുറവകൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറ നീയാകു
ന്നു; ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീ
ക്കൽപ്പാറയും നീ തന്നെയാകുന്നു" എന്നാണാ പ്രാർത്ഥന.
പഴയനിയമത്തിൽ, മരുഭൂമിയിൽ അലഞ്ഞുഴന്നു നടന്ന

2. H.R. Connolly and W.H. Codrington, Two commentaries on the Jacobite liturgy by George, Bishop of Arab Tribes and Moses Bar Kepha. London, 1913 p. 41.

www.malankaralibrary.com



ഇസ്രായേൽമക്കൾക്ക് ദൈവം പാറയിൽ നിന്ന ജലമൊഴുക്കി അവരുടെ ദാഹം തീർത്തു എന്നു കാണുന്നു. ഈ പാറയോടാണ് ശോശപ്പായെ ഉപമിച്ചിരിക്കുന്നത്. മോശ പാറ പിളന്നിട്ട് ഇസ്രായേൽ ജനങ്ങൾക്ക ജലം നൽകിയതുപോലെ ശോശപ്പായാകുന്ന വിരിമാററി യേശുക്രിസ്തുവാകുന്ന പുതിയ നിയമത്തിലെ ജീവജലം പുതിയ ഇസ്രായേലിനു കാണിച്ചു കൊടുക്കുകയാണ് പുരോഹിതൻ. അതോടൊപ്പം ഉയിർപ്പിന്റെ അടയാളവുമാണത്. പ്രാർത്ഥനയിൽ പറയുന്നതു നോക്കുക "ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽപ്പാറ നീ തന്നെയാകുന്നു" എന്ന്. സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം ബലിപീഠം അല്ലെങ്കിൽ ത്രോണോസ് ക്രിസ്തുവിന്റെ കബറിടമാണ്. അതിന്മേൽ ഒരുക്കിയിരിക്കുന്ന അപ്പവീഞ്ഞുകൾ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു. ക്രിസ്തുവിന്റെ കബർ മൂടിയിരുന്ന കല്ല് ഉരുട്ടി മാററി ക്രിസ്തു ഉയിർത്തെഴുന്നേല്ക്കുകയും ശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്തതു പോലെ, ശോശപ്പാ മാററി ക്രിസ്തുവിനെ കാണിച്ചു കൊടുക്കുകയാണ് പുരോഹിതൻ ചെയ്യുന്നത്. ക്രിസ്തുവിന്റെ ഉയിർപ്പ് ക്രിസ്ത്യാനികളുടെ ഉയിർപ്പിന്റെ അടയാളമാണ്. അതിനാൽ ഞങ്ങൾ ക്രിസ്തുവിൽ ഉയിർക്കപ്പെട്ടിരിക്കുന്നുവെന്നും യുഗാന്ത്യത്തിൽ ശരീരത്തോടു കൂടി ഉയിർക്കാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്നുമുള്ള ചിന്തകൾ ശോശപ്പാ മാററുന്ന കർമ്മത്തിൽ നിഗൂഹനം ചെയ്യപ്പെട്ടിരിക്കുന്നു.

**ദൈവസ്തുതിപ്പിനുള്ള ആഹ്വാനം:**

വി: കർബാനയിലെ ഏററവും പ്രധാന ഭാഗമാണ് കൃതഞ്ജതാ പ്രാർത്ഥന. രക്ഷാകരചരിത്രം വിവരിച്ചു കൊണ്ടു തുടങ്ങി അന്ത്യ അത്താഴവിവരണത്തിലൂടെ കടന്ന് റൂഹാക്ഷണത്തിലവസാനിക്കുന്ന ആ നീണ്ട പ്രാർത്ഥനയിലാണ് അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരവും രക്തവുമായി വസ്തുഭേദം ചെയ്യപ്പെടുന്നത്. ഈ ദീർഘ

www.malankaralibrary.com



മായ പ്രാർത്ഥനയുടെ ഒരുക്കമായും അതിലേയ്ക്ക് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുകൊണ്ടും ചെയ്യുന്ന സംഭാഷണരീതിയിലുള്ള ഭാഗമാണ് ദൈവസ്തുതിപ്പിനുള്ള ആഹ്വാനം. ഇതാരംഭിക്കുന്നതാകട്ടെ ആശീർവാദത്തോടു കൂടിയാണ്. "പിതാവായ ദൈവത്തിൻെറ സ്നേഹവും ഏകജാതൻെറ കൃപയും പരിശുദ്ധാത്മാവിൻെറ സംസർഗ്ഗവും ആവാസവും എൻെറ സഹോദരങ്ങളെ നിങ്ങളെല്ലാവരോടും കൂടെ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ" എന്നതാണ് ആശീർവാദ വചനം. തുടർന്ന് ഹൃദയവിചാരങ്ങൾ ദൈവസന്നിധിയിലേക്ക് ഉയർത്തുന്നതിനു കാർമ്മികൻ ജനങ്ങളോട് ചെയ്യുന്ന ആഹ്വാനവും അതിനുള്ള ജനങ്ങളുടെ പ്രത്യുത്തരവും പുരോഹിതൻ വീണ്ടും ഉദ്ഘോഷിക്കുന്ന "ഭയത്തോടുകൂടി കർത്താവിനെ നമുക്കു സ്തോത്രം ചെയ്യാം" ജനങ്ങൾ പ്രത്യുത്തരമായി ഭയത്തോടുകൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നതു് യുക്തവും ന്യായവുമാകുന്നു" എന്നു്. 'ഭയ' മെന്നുള്ളതുകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു് മാനുഷികമായ ഭയമല്ല, പിന്നെയോ ഭക്തിയിൽ നിന്നുളവാകുന്ന ഭയമാണ്. തങ്ങളുടെ മുമ്പിൽ അനാവരണം ചെയ്യപ്പെടുന്ന പരിശുദ്ധ രഹസ്യങ്ങളുടെ മുമ്പിൽ നിൽക്കാൻ തങ്ങൾ അയോഗ്യരാണെന്ന ബോധത്തിൽ നിന്നുളവാകുന്ന ഭയം.

## കൃതജ്ഞതാ പ്രാർത്ഥന

ദൈവസ്തുതിപ്പിനുള്ള ആഹ്വാനത്തിനുശേഷം തുടർന്നു വരുന്നതു് കൃതജ്ഞതാ പ്രാർത്ഥനയാണ്. ഇവിടെയാണ് വി: കുർബാനയുടെ ഏററവും വലിയ രഹസ്യം പരികർമ്മം ചെയ്യപ്പെടുന്നതു്. വി. കുർബാനയുടെ ഗ്രീക്കുപദം എവുക്കറിസ്റ്റിയ (Eucharistia) എന്നാണ്. അതിൻെറ അർത്ഥം തന്നെ കൃതജ്ഞതയെന്നാണ്. വേദപുസ്തക സാക്ഷ്യപ്രകാരവും വി: കുർബാനയിലെ ഏററവും വലിയ ഘടകമാണ് കൃതജ്ഞതാർപ്പണം. അന്ത്യഅത്താഴവേളയിൽ അപ്പമെടുത്തു് സ്തോത്രം ചെയ്തു് മുറിച്ചു് അവക്കു നൽകി എന്നാണ് വേദപുസ്തകം സാക്ഷ്യപ്പെടുത്തു

www.malankaralibrary.com



ന്നതു്[3]. കൃതജ്ഞതാ പ്രാത്ഥനയുടെ ഭാഗങ്ങരം: പുരോഹിതന്റെ രഹസ്യപ്രാത്ഥന, പരിശുദ്ധൻ എന്ന കീർത്തനത്തിനു് ആമുഖമായി ഉച്ചത്തിൽ ആലപിക്കുന്ന പ്രാത്ഥന, 'പരിശുദ്ധൻ' എന്ന കീർത്തനം, പുരോഹിതന്റെ രഹസ്യ പ്രാത്ഥന, സ്ഥാപന സൂക്തി എന്നിവയാണു്. യാക്കോബിന്റെ അന്നാഫുറായിൽ രണ്ടു കുർബാന സ്ഥാപന വിവരണമുണ്ടു്. (സൂറിയാനി അന്നാഫുറായിലേതും ഗ്രീക്കു് അന്നാഫുറായിലേതും) മലങ്കര കത്തോലിക്കർ ആഘോഷാവസരങ്ങളിൽ യാക്കോബിന്റെ ഗ്രീക്കു് അന്നാഫുറായിലെ വലിയ സ്ഥാപന വിവരണമാണു് ചൊല്ലുന്നതു്.

ക്രിസ്തീയ പാരമ്പര്യത്തിൽ വി: കുർബാനയുടെ സ്ഥാപനവാക്കുകരംക്കു് അതിപ്രധാനമായ സ്ഥാനമാണു നൽകുക. റോമൻസഭയിൽ പ്രത്യേകിച്ചും, വി: കുർബാനയുടെ കേന്ദ്രബിന്ദുവായി ഇതിനെ കണക്കാക്കുന്നു. വിശേഷിച്ചും 'ഇതെന്റെ ശരീരമാകുന്നു' എന്നീ വാക്കുകരം. റോമൻ സഭയുടെ ഔദ്യോഗികവൃത്തം തന്നെ ഇതു വ്യക്തമാക്കിയിട്ടുണ്ടു്. ഫ്ളോറൻസ് സൂനഹദോസിൽ അർമേനിയക്കാർക്കു വേണ്ടിയുള്ള പ്രമാണരേഖയിൽ സ്ഥാപനവാക്കുകളാണു് കുർബാനയുടെ കൗദാശിക രൂപം (Sacramental form) എന്നും പറയുന്നുണ്ടു്. എന്നാൽ ഇതിനെ ഒരു വിശ്വാസ സത്യമായി ആരും അംഗീകരിക്കുമെന്നു തോന്നുന്നില്ല. അന്നു പ്രചാരത്തിലിരുന്ന വി: തോമസ് അക്വീനാസിന്റെ ദൈവശാസ്ത്രത്തെ അവലംബിച്ചുകൊണ്ടു് റോമാസഭ കൂദാശകളെ സംബന്ധിച്ച വിശ്വാസങ്ങരം വ്യക്തമാക്കാൻ ശ്രമിച്ചു എന്നു മാത്രം. ലാററിൻ ചിന്താഗതി അനുസരിച്ചു് സ്ഥാപനവാക്കുകരം ഉച്ചരിക്കുന്നതോടുകൂടി അപ്പവീഞ്ഞുകരംക്കു് വസ്തുഭേദം സംഭവിച്ചു കഴിയും. എന്നാൽ പൗരസ്ത്യ ദൈവശാസ്ത്രം ഇതിനോടു യോജിക്കുന്നില്ല. പരിശുദ്ധാത്മാവിന്റെ പ്രവ

---

3. ലൂക്കാ 22:19

www.malankaralibrary.com



ത്തനം വഴി അല്ലാതെ ഒന്നും പവിത്രീകരിക്കപ്പെടുന്നി ല്ല, മനുഷ്യരക്ഷയ്ക്കുതകുന്നതായി തീരുന്നില്ലായെന്ന് ദൃഢ മായി പഠിപ്പിക്കുന്ന പൗരസ്ത്യർ പരിശുദ്ധാത്മ ക്ഷണത്തോ ടുകൂടി മാത്രമേ വി: കുർബാനയിലെ ക്രിസ്തു സാന്നിദ്ധ്യം പൂർണ്ണമാകുന്നുള്ളൂ എന്നാണ് പഠിപ്പിക്കുന്നത്.

## കല്പനാനുസ്മരണം (Anamnesis)

അന്ത്യ അത്താഴ വിവരണത്തിനു ശേഷം അതിന്റെ ഉപസംഹാരമായി വരുന്ന പ്രാർത്ഥനയാണിത്. "എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ" എന്ന കർത്താവി ന്റെ വാക്കുകളാണ് ഇവിടെ അനുസ്മരിക്കുന്നത്. "എ ന്റെ ഓർമ്മയ്ക്കായി ഇതനുഷ്ഠിക്കുകയും ഈ രഹസ്യത്തിൽ നിങ്ങൾ സംബന്ധിക്കയുകം ചെയ്യുമ്പോഴൊക്കെയും എ ന്റെ മരണത്തെയും പുനരുത്ഥാനത്തെയും ഞാൻ വരുന്ന തു വരെ അനുസ്മരിക്കയും ചെയ്യുവിൻ" എന്നാണ് യാ ക്കോബിന്റെ അന്നാഫുറായിലെ പ്രാർത്ഥന. ഇതിനു ജനങ്ങളുടെ പ്രത്യുത്തരം ഇപ്രകാരമാണ്: "ഞങ്ങളുടെ കർ ത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നി ന്റെ ഉയിർത്തെഴുന്നേല്പിനെ ഞങ്ങൾ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ വരവിനായി ഞങ്ങൾ നോക്കിപ്പാർ ക്കുകയും ചെയ്യുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾ എ ല്ലാവരുടേയും മേൽ ഉണ്ടായിരിക്കണമെ."

എന്താണ് കല്പനാനുസ്മരണത്തിന്റെ പ്രാധാന്യം ? വി: കുർബാനയുടെ സ്വഭാവം ഇതു വ്യക്തമാക്കുന്നു. കൃത ജ്ഞതാ സമർപ്പണവും അനുസ്മരണവും കുർബാനയെന്ന ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ടു വശങ്ങളാണ്. അപ്പം ആശീർവദിക്കുന്നതോടെ ക്രിസ്തുവിനെപ്പോലെ സഭയും കൃതജ്ഞതാസമർപ്പണം നടത്തുന്നു. എന്നാൽ ഇതു് ക്രി സ്തുവിന്റെ സ്വയം സമർപ്പണത്തിന്റെ അനുസ്മരണമാ യതു കൊണ്ടാണ് വിലയുള്ളതായിത്തീരുന്നത്. അങ്ങ നെ സമർപ്പണവും അനുസ്മരണവും കുർബാനയുടെ രണ്ടു

www.malankaralibrary.com



വശങ്ങളാണെന്നും കല്പനാനുസ്മരണം വ്യക്തമാക്കുന്നു. ബലിഅനുസ്മരണത്തിലൂടെ അനുസ്മരണം ബലിയോടു ചേർന്നു. 4

## റൂഹാക്ഷണം (Epiclesis)

കല്പനാനുസ്മരണത്തിനു ശേഷം റൂഹാ ക്ഷണ പ്രാർത്ഥനയാണ്. വി. കുർബാനയിലെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണിത്. പൗരസ്ത്യരെ സംബന്ധിച്ചിടത്തോളം പരിശുദ്ധാത്മാവിയുടെ പ്രവർത്തനം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. എല്ലാം വിശുദ്ധീകരിക്കുകയും സജീവമാക്കുകയും ചെയ്യുന്നത് പരിശുദ്ധാത്മാവാണ്. പൗരസ്ത്യ സഭകളുടെ കൂട്ടത്തിൽ അന്ത്യോക്യൻ സഭയും ദൈവാത്മാവിന്റെ പ്രവർത്തനം നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. എല്ലാ കൂദാശകളിലും പ്രത്യേകിച്ച് മാമോദീസായിലും പൗരോഹിത്യത്തിലും കുർബാനയിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വ്യക്തമാക്കുന്ന മനോഹരമായ പ്രാർത്ഥനകൾ അന്ത്യോക്യൻ സഭയിൽ ധാരാളം കാണുന്നു. റൂഹാ ക്ഷണ പ്രാർത്ഥനയുടെ ആവശ്യമെന്ത് ? അന്ത്യ അത്താഴ വിവരണത്തിൽ ക്രിസ്തുവിന്റെ കർമ്മങ്ങൾ ആവർത്തിക്കുന്നതു വഴിയായി അപ്പത്തിനും വീഞ്ഞിനും വസ്തുഭേദം സംഭവിക്കുന്നുണ്ടല്ലോ. പിന്നെ റൂഹാക്ഷണ പ്രാർത്ഥനയുടെ ആവശ്യമെന്താണ്. റൂഹാ ക്ഷണത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് അപേക്ഷിക്കുന്നത്. അപ്പോൾ ആരാണ് അപ്പത്തിനും വീഞ്ഞിനും വസ്തുഭേദം നൽകുന്നത് ? ക്രിസ്തുവോ ? പരിശുദ്ധാത്മാവോ ? അന്ത്യ അത്താഴ വിവരണത്തിൽ ക്രിസ്തുവിന്റെ പ്രവർത്തനത്തിനാണ് പ്രാധാന്യമെന്നു ചിന്തിക്കുന്നവർക്ക് എടുത്തു കാട്ടുവാനുള്ളത്: ചില കുർബാനയിൽ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയുടെ സ്ഥാനത്ത് വചനമായ ദൈവത്തെ വിളിച്ചപേക്ഷിക്കുന്ന പ്രാർത്ഥനയാണു കാണുന്നത് എന്നുള്ളതാണ്. ഉദാഹരണത്തിന്

4. Vellian, എന്റെ ഓർമ്മക്കുറിപ്പുകൾ, P. 81

www.malankaralibrary.com



'സെറാഫിയോൻ മെത്രാന്റെ കുർബാന'യെന്നറിയപ്പെട്ടുന്ന 4-ാം നൂററാണ്ടിലെ ഒരു കുർബാനയിൽ റൂഹാക്ഷണത്തിനു പകരം വചനക്ഷണമാണു്. "സത്യത്തിന്റെ ദൈവമേ, നിന്റെ പരിശുദ്ധ വചനം ഈ അപ്പത്തിൽ വന്നു വസിക്കട്ടെ. അങ്ങനെ ഈ അപ്പം വചനത്തിന്റെ മാംസമായിത്തീരട്ടെ. ഈ കാസായിലും വന്നു വസിക്കട്ടെ. അങ്ങനെ ഈ കാസാ സത്യത്തിന്റെ രക്തമായിത്തീരട്ടെ.[5] എന്നാൽ വേറെ ചില കുർബാനകളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനാണു് പ്രാധാന്യമെല്ലാം. ഇക്കൂട്ടത്തിൽ ഉൾപ്പെടുന്ന കുർബാനയാണു് ജറുസലേമിലെ കൂറിലോസിന്റേതു്. അന്ത്യോക്യൻ കുർബാനയുമായി വളരെ സാമ്യമുള്ളതാണു് ഇതു് എന്നു വരികിലും കൂറിലോസിന്റെ കുർബാനയിൽ അന്ത്യ അത്താഴ വിവരണമില്ല. കൂദാശ കർമ്മം മുഴുവൻ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയിൽ ഒതുക്കി നിർത്തിയിരിക്കുന്നു. പരിശുദ്ധാത്മാവാണു് കുർബാനയിലെ വസ്തു ഭേദത്തിനു് കാരണഭൂതനെന്നു സ്പഷ്ടമാക്കുന്ന പ്രാർത്ഥനയാണിതു്.

റൂഹാക്ഷണത്തിനും മധ്യസ്ഥ പ്രാർത്ഥനകൾക്കും ഇടയ്ക്കുള്ള പ്രാർത്ഥന റൂഹാക്ഷണത്തിന്റെ തുടർച്ചയായി കണക്കാക്കാം. വി. കുർബാനയിൽ സംബന്ധിക്കുന്നവരുടെ പാപമോചനത്തിനും നിത്യജീവനും വേണ്ടിയാണു് അതിൽ പ്രാർത്ഥിക്കുന്നതു്.

## e. മദ്ധ്യസ്ഥ പ്രാർത്ഥനകൾ

അന്ത്യോക്യൻ കുർബാനയിൽ ആറു് മദ്ധ്യസ്ഥ പ്രാർത്ഥനകളാണുള്ളതു്. ഓരോന്നിനോടനുബന്ധിച്ചും പുരോഹിതൻ ചൊല്ലുന്ന രഹസ്യ പ്രാർത്ഥനയും പരസ്യപ്രാർത്ഥനയും ശുശ്രൂഷിയുടെ പ്രഖ്യാപനവുമുണ്ടു്. ശുശ്രൂഷി നിയോഗങ്ങൾ പ്രഖ്യാപിക്കുമ്പോഴാണു് പുരോഹിതൻ രഹസ്യ പ്രാർത്ഥന ചൊല്ലുന്നതു്. ശുശ്രൂഷിയുടെ പ്രഖ്യാപന

5. Don George Dix, The shape of the Liturgy, London 1970, P. 165.

www.malankaralibrary.com



ങ്ങളും പുരോഹിതൻെറ രഹസ്യ പ്രാർത്ഥനകളും ഏതാണ്ട് ഒരേ ആശയമാണു നൽകുന്നത്. ഈ പ്രഖ്യാപനങ്ങൾ വഴി വിവിധ തരത്തിൽപ്പെട്ട ആളുകളെ അനുസ്മരിക്കുന്നതിന് ശുശ്രൂഷി ജനങ്ങളെ ഓർമ്മപ്പെടുത്തുന്നു. ആറു മധ്യസ്ഥ പ്രാർത്ഥനകളുള്ളതിൽ ആദ്യത്തെ മൂന്നും ജീവിച്ചിരിക്കുന്നവരെ ഉദ്ദേശിച്ചും മററുള്ളത് മരിച്ചവർക്കുവേണ്ടിയുമാണ്. പ്രഥമ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ സഭാധികാരികളെ അനുസ്മരിക്കുന്നു. ആദ്യമായി സഭാതലവനായ പത്രോസിൻെറ പിൻഗാമിയായ റോമാ മാർപ്പാപ്പായെയും തുടർന്ന് പ്രാദേശിക സഭയുടെ തലവനെയും രൂപതയെ ഭരിക്കുന്ന രൂപതാദ്ധ്യക്ഷനെയും അവസാനമായി സഭയിലുള്ള മെത്രാന്മാരെ പൊതുവായും അനുസ്മരിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ആഹ്വാനം ചെയ്യുന്നു. രണ്ടാമത്തെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ കഷ്ടതയനുഭവിക്കുന്ന സഭാമക്കളെ അനുസ്മരിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. തുടർന്നുവരുന്ന മദ്ധ്യസ്ഥപ്രാർത്ഥനയിൽ ഭരണകർത്താക്കളെയും പുരോഹിതന്മാരെയും ഓർക്കുന്നു. മരിച്ചവരെ അനുസ്മരിച്ചുകൊണ്ടുള്ള നാലാമത്തെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ പരിശുദ്ധ കന്യകാമറിയം, നിബിയന്മാർ, ശ്ലീഹന്മാർ, സുവിശേഷ കർത്താക്കൾ, വിശുദ്ധന്മാർ എന്നിവർ പൊതുവായും യോഹന്നാൻ സ്നാപകൻ, സ്തേപ്പാനോസ് സഹദാ, പത്രോസ് ശ്ലീഹാ, പൗലോസ് ശ്ലീഹാ എന്നിവർ പ്രത്യേകമായും അനുസ്മരിക്കപ്പെടുകയും അവരുടെ പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കപ്പെടുകയും ചെയ്യുന്നു. തുടർന്നുവരുന്ന പ്രാർത്ഥനയിൽ സഭയിലെ വേദപാരംഗതന്മാർ, ആദ്യപൊതു സുന്നഹദോസുകളിൽ പ്രവർത്തിച്ച വിശുദ്ധരും പ്രശസ്തരുമായ സഭാപിതാക്കന്മാർ സ്മരിക്കപ്പെടുന്നു. അവസാനത്തെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ സകല പരേതരും പൊതുവിൽ സ്മരിക്കപ്പെടുന്നതോടൊപ്പം അവരുടെ സ്വർഗ്ഗ പ്രാപ്തിക്കുവേണ്ടി സ്വർഗ്ഗീയ കുഞ്ഞാടായ മിശിഹാ തമ്പുരാനോട് പ്രാർത്ഥിക്കണം എന്ന ആഹ്വാനം ദൈവജനത്തിനു നൽകുന്നു.

www.malankaralibrary.com



മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് സഭാ വിജ്ഞാനീയപര (Ecclesiological) മായി വലിയ പ്രാധാന്യമുണ്ട്. സഹന സഭയേയും സമര സഭയേയും വിജയസഭയേയും തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണിയായി അതു വർത്തിക്കുന്നു. 'പരിശുദ്ധന്മാരുടെ' കൂട്ടായ്മ എന്നറിയപ്പെടുന്ന വലിയ രഹസ്യം, ഇവിടെ യാഥാർത്ഥ്യവല്ക്കരിക്കപ്പെടുന്നു. ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ ഓരോ വിശ്വാസിയും മറ്റു വിശ്വാസികളുമായും ബന്ധപ്പെട്ടിരിക്കുന്നു— ഇക്കാര്യത്തിൽ സ്വർഗ്ഗത്തിലെയും ഭൂമിയിലെയും ശുദ്ധീകരണ സ്ഥലത്തിലെയും എന്ന വ്യത്യാസമില്ല. എല്ലാവരും ക്രിസ്തുവിൽ ഒന്നായിത്തീർന്നിരിക്കുന്നു. ഇങ്ങനെ വിവിധ തരത്തിൽപ്പെട്ട, വിവിധ അനുഭവങ്ങളോടു കൂടിയ അംഗങ്ങളുള്ള, എല്ലാം ഉൾക്കൊള്ളുന്ന ഒരു കുടുംബ സഭയെന്ന സത്യം മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെ വ്യക്തമാക്കപ്പെടുന്നു.

## F. വി. കുർബാന സ്വീകരണത്തിനുള്ള ഒരുക്കം

വി. കുർബാന സ്വീകരണത്തിന്റെ ഒരുക്കത്തിലെ ആദ്യഘടകം ഖണ്ഡന ശുശ്രൂഷയാണ്. പുരോഹിതൻ രഹസ്യത്തിലാണ് ഖണ്ഡന ശുശ്രൂഷ നടത്തുന്നത്. ഈ അവസരത്തിൽ മദ്ബഹായുടെ മറയിടുകയും ശുശ്രൂഷി നിർദ്ദിഷ്ട ഗാനങ്ങൾ ആരംഭിക്കുകയും ജനങ്ങൾ അതു് ഏറ്റു പാടുകയും ചെയ്യുന്നു. തിരശ്ശീല ഇടുന്നതിനു് പ്രതീകാത്മകമായ അർത്ഥമുണ്ടു്. യേശുവിന്റെ പീഡാനുഭവവും മരണവും മറ്റുമാണ് ഖണ്ഡനശുശ്രൂഷയിൽ അനുസ്മരിക്കപ്പെടുന്നതു. സുവിശേഷങ്ങൾ സാക്ഷിക്കുന്നതുപോലെ വിവിധങ്ങളായ അത്ഭുത സംഭവങ്ങളുടെ നടുവിലാണ് മിശിഹാ തന്റെ പ്രാണൻ ഉപേക്ഷിച്ചതു്. സൂര്യൻ ഇരുണ്ടുപോയി, പാറകൾ പിളർന്നു. അങ്ങനെ ഭൗതിക ശക്തികൾ ഇളകി അന്ധകാരമയമായ ഒരു സാഹചര്യം ക്രിസ്തുവിന്റെ മരണത്തിൽ സംജാതമായി എന്നു കാണിക്കാനാണ് തിരശ്ശീലയിടുന്നതു്.

www.malankaralibrary.com



## കർതൃപ്രാർത്ഥന

ഖണ്ഡനശുശ്രൂഷയ്ക്കുശേഷം ശുശ്രൂഷി തിരശ്ശീല നീക്കുന്നു. പുരോഹിതൻ കൈകഴുകി തുടച്ചിട്ട് 'കർതൃപ്രാർത്ഥനയ്ക്കു' പ്രാരംഭമായിട്ടുള്ള പ്രാർത്ഥന ചൊല്ലുന്നു. അതിനുശേഷം കാർമ്മികൻ കർതൃപ്രാർത്ഥന തുടങ്ങുകയും ജനങ്ങൾ തുടർന്നു് ചൊല്ലുകയും ചെയ്യുന്നു. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന നമ്മുടെ കർത്താവുതന്നെ പഠിപ്പിച്ചതാകയാൽ അതിന്റെ പ്രാധാന്യം വളരെയാണു്.[6] ക്രിസ്ത്യൻ പ്രാർത്ഥനകളിൽ എന്തുകൊണ്ടും അഗ്രഗണ്യമാണു് ഈ പ്രാർത്ഥന. പ്രാർത്ഥനയ്ക്കു് ആവശ്യമായ എല്ലാ ഘടകങ്ങളും ഇതിൽ ഒത്തിണങ്ങിയിരിക്കുന്നു. പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേയെന്നു് ശിഷ്യന്മാർ യാചിച്ചപ്പോഴാണു് കർത്താവു് ഈ പ്രാർത്ഥന അവരെ പഠിപ്പിക്കുന്നതു്. ഈ പ്രാർത്ഥനയുടെ പര്യാപ്തതയെപ്പററി വി: അക്വിനാസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു. യോഗ്യതാനുസരണം പ്രാർത്ഥിക്കുകയാണെങ്കിൽ കർതൃപ്രാർത്ഥനയിൽ സംക്ഷേപിച്ചിരിക്കുന്നതിനു പുറമേ യാതൊന്നും നമുക്കു് അപേക്ഷിക്കേണ്ടിവരികയില്ല.[7] കർതൃപ്രാർത്ഥനാനന്തരം കൈവയ്പിന്റെ പ്രാർത്ഥന, കാർമ്മികന്റെ സമാധാനാശംസ, പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലുള്ള ആശീർവാദം, വി: കുർബാന ഉയർത്തൽ എന്നിവയാണു്. വി: കുർബാന ഉയർത്തിക്കൊണ്ടു് പുരോഹിതൻ ചൊല്ലുന്ന മനോഹരമായ പ്രാർത്ഥന വിശകലനത്തിനു വിധേയമാക്കേണ്ടതാണു്. കാസായും പീലാസായും കുരിശാകൃതിയിൽ ഉയർത്തിക്കൊണ്ടു് പുരോഹിതൻ ചൊല്ലുന്നു: തന്റെ കരുണയാൽ ലോകത്തെ നിർമ്മിച്ച ഏകപിതാവു നമ്മോടു കൂടെ....ഏകപുത്രൻ നമ്മോടുകൂടെ........ ഏക പരിശുദ്ധാത്മാവു നമ്മോടുകൂടെ....'' വി: കുർബാന

---

6. വി: ലൂക്കാ 11:2

7. Summa Theologia II, ii, q. 83, art. 9.

www.malankaralibrary.com



ക്രിസ്തുവിന്റെ മാത്രം ശരീരവും രക്തവുമാണല്ലോ. പിതാവിനും പരിശുദ്ധാത്മാവിനും ഇവിടെ പിന്നെ എന്തു സ്ഥാനം? പരിശുദ്ധ കുർബാനയെ സംബന്ധിച്ച വളരെ സ്വീകാര്യമായ ഒരു വീക്ഷണം തന്നെയാണ് ഈ പ്രാർത്ഥനയിലൂടെ പ്രകടമാകുന്നത്. മനുഷ്യനായ മിശിഹാ ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻ തന്നെയാണ്. മിശിഹായുടെ ശരീരവും രക്തവും ഉള്ളിടത്ത് പുത്രൻ തമ്പുരാന്റെ സാന്നിദ്ധ്യവുമുണ്ട്. പുത്രൻ എവിടെ സന്നിഹിതനാകുന്നുവോ അവിടെ പിതാവും പരിശുദ്ധാത്മാവും സന്നിഹിതരാകും. അതിനാൽ പരിശുദ്ധ കുർബാനവഴി പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യമാണ് സംഭവിക്കുന്നത്.'' എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം കാക്കുന്നു; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുക്കൽവന്ന് അവനോടുകൂടി വസിക്കുകയും ചെയ്യും[8].

## ൭. വി: കുർബാന സ്വീകരണം

വി: കുർബാനയുടെ ഉയർത്തൽ കഴിഞ്ഞാൽ വി: കുർബാന സ്വീകരണം ആണെങ്കിലും അതിനു മുൻപായി ചില കർമ്മങ്ങൾകൂടി നടക്കുന്നുണ്ട്. കബലാനാകൾ കൊണ്ട് കാസായും പീലാസായും മൂടിയിട്ട് കാർമ്മികൻ ദർഗായിൽനിന്നും താഴെയിറങ്ങി ധൂപപ്രാർത്ഥന നടത്തുന്നു. പരിശുദ്ധ കന്യകമറിയം, അതതുദിവസം പ്രത്യേകം ഓർക്കേണ്ട വിശുദ്ധൻ എന്നിവരുടെ ബഹുമാനാർത്ഥമുള്ള ഗീതങ്ങളും മരിച്ച പുരോഹിതന്മാരെയും വിശ്വാസികളെയും അനുസ്മരിച്ചുകൊണ്ടുള്ള ഗാനങ്ങളുമാണ് ധൂപപ്രാർത്ഥനയിലെ ഉള്ളടക്കം. മേല്പറഞ്ഞ ധൂപപ്രാർത്ഥനാ ഗാനങ്ങൾക്കുപകരം വേറൊരു ഭക്തഗാനം ആലപിക്കുന്നുണ്ടിപ്പോൾ.

---

8. യോഹ. 14:23.

www.malankaralibrary.com



അടുത്തതായി, കാർമ്മികന്റെ കുർബാനാനുഭവം. വി: കുർബാനയുടെ ആഘോഷമായ പ്രദക്ഷിണം, വിശ്വാസികളുടെ കുർബാനാനുഭവം, കൃതജ്ഞതാ പ്രകാശനത്തിനുള്ള പ്രാർത്ഥന, കൈവയ്പിന്റെ പ്രാർത്ഥന, യാത്രപറച്ചിലിന്റെ ആശീർവാദം എന്നിവയാണ്. കാർമ്മികൻ കുർബാന സ്വീകരിക്കുന്ന സമയത്ത് മദ്ബഹായുടെ മറ ഇട്ടിരിക്കും. കാർമ്മികനെ തുടർന്ന് മദ്ബഹായിൽ നിൽക്കുന്ന മററു വൈദികരും ശെമ്മാശന്മാരും വി: കുർബാന കൈക്കൊള്ളുന്നു. വി: കുർബാനയുടെ പ്രദക്ഷിണ സമയം ശുശ്രൂഷികൾ മണിയും മറുബഹാസയും കിലുക്കുകയും കത്തിച്ച മെഴുകുതിരികൾ കാർമ്മികന്റെ ഇരുവശങ്ങളിലായി പിടിക്കുകയും വിശുദ്ധ രഹസ്യങ്ങളുടെ മുമ്പിൽ ധൂപം വീശുകയും ചെയ്യുന്നു.

ജനങ്ങൾക്ക് വി: കുർബാന കൊടുക്കുമ്പോൾ ചൊല്ലുന്ന വാക്യം പുരോഹിതൻ വി: കുർബാന സ്വീകരണ സമയത്തു ചൊല്ലേണ്ട വാക്യത്തോട് സമാനമാണ്. എന്നാൽ ഓരോ ഗണം ആളുകളെയും പ്രത്യേകം എടുത്തു പറയാറുണ്ടെന്നു മാത്രം. ഉദാഹരണത്തിന് വിശ്വാസിക്ക് വി: കുർബാന കൊടുക്കുമ്പോൾ നമ്മുടെ ദൈവമായ മിശിഹായുടെ ശരീര രക്തങ്ങളാകുന്ന തീക്കട്ട പാപ പരിഹാരത്തിനും നിത്യജീവനും വേണ്ടി സത്യവിശ്വാസിക്ക് (സത്യവിശ്വാസിനിക്ക്) നൽകപ്പെടുന്നു' എന്നും ശെമ്മാശനു നൽകുമ്പോൾ 'വെടിപ്പുള്ള ശെമ്മാശന്' എന്നും മാററി പറയുന്നു. അന്ത്യോക്യൻ പാരമ്പര്യമനുസരിച്ച് തിരുശരീരവും തിരുരക്തവും (ഇരു സാദൃശ്യങ്ങളിലും) വിശ്വാസിക്ക് നൽകപ്പെടുന്നു. വി: കുർബാനയിൽ തിരുശരീരത്തിന് ഇവിടെ തീക്കട്ട (ഗ്രൂമ്ർത്തോ) എന്നാണു പറയുന്നത്. അധരങ്ങളിൽ വയ്ക്കപ്പെട്ട തീക്കനൽ, പരിശുദ്ധി നൽകി ഏശയാ പ്രവാചകനെ നിർമ്മലനാക്കിയ സംഭവമാണ് ഇവിടെ അനുസ്മരിക്കുന്നത് (ഏശയ 6:6). തീക്കട്ട ഏശയാ പ്രവാചകനെ എങ്ങനെ ശുദ്ധീകരിച്ചുവോ അതുപോലെ വി: കുർബാനയാക

www.malankaralibrary.com



ന്ന തീക്കട്ട തന്നെയും രക്ഷിക്കണമെ എന്നു് കാർമ്മികൻ പ്രാർത്ഥിക്കയാണിവിടെ.

വി: കുർബാന സ്വീകരണത്തെപ്പററി, "ഒരു ദിവ്യ ദർശനം ലഭിക്കുകയാണതു്; ഏക ദൈവവുമായുള്ള ഐ ക്യമാണതു" എന്നു് മോസസ് ബാർ കേഫാ പറയുന്നു.9 തിരുസ്സഭയിലെ രഹസ്യങ്ങരം യഥാർത്ഥത്തിൽ ഭയദ്യോത കമാണു; അവളുടെ ബലിപീഠം സത്യമായും സംഭ്രമജന കമാണു്. ഇന്ദ്രിയ ഗോചരമായ നദികരം ഒഴുകുന്ന ഒരുറ വ പറുദീസായിൽ നിന്നു പൊട്ടിപ്പുറപ്പെട്ടു. ഈ മേശ യിൽ നിന്നിതാ ആദ്ധ്യാത്മിക നദികരം ഒഴുകുന്ന ഒരുറവ പൊട്ടിപ്പുറപ്പെടുന്നു. ഈ ഉറവക്കുരുകിൽ വളന്നു നില്ക്കു ന്നതു് കായ്കളില്ലാത്ത പാഴ്ച്ചെടിയല്ല, സമയോചിത വും അനശ്വരവുമായ ഫലങ്ങളോടുകൂടി സ്വർഗ്ഗം വരെയും എത്തിനില്ക്കുന്ന വൃക്ഷങ്ങളാണു്. അത്യുഷ്ണം സഹിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവൻ ഈ ഉറവയിലേക്കു് വന്നു് ഉഷ്ണം ശമിപ്പിക്കട്ടെ .... ഈ ഉറവ സത്യത്തിൻെറ രശ്മി കരം ധാരാളമായി വിതറുന്ന പ്രകാശ ശ്രോതസ്സാണു്. ഇതിനു സമീപമിതാ സ്വർഗ്ഗീയ ശക്തികരം വന്നു നിരന്നു കഴിഞ്ഞു. ഈ നദികളുടെ സൗന്ദര്യത്തെ അവർ ഉററുനോ ക്കുന്നു. കാരണം നമ്മുടെ മുമ്പിൽ കിടക്കുന്ന ഇവയുടെ ശക്തിയും അഗമ്യമായ ഉജ്ജ്വലരശ്മികളും നമ്മേക്കാരം വ്യക്തമായി അവർക്കു കാണാൻ കഴിയുന്നു.10

വി: കുർബാന സ്വീകരണത്തിനു് അർഹരാക്കിയ തിനുള്ള നന്ദിപ്രകാശനമാണു് കൃതജ്ഞതാപ്രാർത്ഥന. കൃത ജ്ഞതാർപ്പണത്തോടൊപ്പം വി: കുർബാനയുടെ സ്വീകര ണം, ആത്മീയ നന്മയ്ക്കുതകണമെന്ന അപേക്ഷ എന്നിവ യും ഈ പ്രാർത്ഥനയിൽ ഉരംക്കൊള്ളുന്നു. തുടർന്നു് കൈ വയ്പിൻെറ പ്രാർത്ഥനയും അതിനുശേഷം യാത്രപറച്ചി

9. H. R. Connolly .... op. cit. p.88
10. Fathers of the Church, vol. 33, p.473.

www.malankaralibrary.com



ലിന്റെ ആശീർവാദവും കാർമ്മികൻ നൽകുന്നു. വിശുദ്ധ ബലിപീഠത്തിൽ നിന്നു് സ്വീകരിച്ച അനുഗ്രഹങ്ങളോടു കൂടി പോകുവാൻ നിർദ്ദേശിക്കുകയും ഈ അനുഗ്രഹങ്ങൾ വി: കുർബാനയിൽ സംബന്ധിച്ചവർക്കും അവരോടു് ബന്ധപ്പെട്ടവർക്കും മരിച്ചവർക്കും എല്ലാം ഒന്നുപോലെ നന്മയ്ക്കായി ഭവിക്കുമെന്നു് ഉറപ്പു നല്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. തനിക്കുവേണ്ടി ജനങ്ങൾ പ്രാർത്ഥിക്കണമെന്ന അപേക്ഷയോടുകൂടിയാണു് പുരോഹിതൻ ഈ ആശീർവാദം അവസാനിപ്പിക്കുന്നതു്. മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ പ്രാർത്ഥനയുടെ ഓരോ ഭാഗത്തും കുരിശു് വരച്ചു ജനങ്ങളെ ആശിർവദിക്കുന്നു.

## h. സമാപനശുശ്രൂഷ

യാത്രപറച്ചിലിന്റെ ആശീർവാദത്തോടുകൂടി വി: കുർബാനയുടെ പരസ്യ ശുശ്രൂഷ അവസാനിക്കുന്നു. ഇനിയുള്ള കർമ്മങ്ങൾ തിരശ്ശീലയ്ക്കുള്ളിൽ വെച്ചാണു് നടത്തുന്നതു്. വിശ്വാസികൾ ആ സമയത്തു് കൃതജ്ഞതാ പ്രാർത്ഥനകളും സ്തുതിഗീതങ്ങളും ആലപിക്കുന്നു. കാർമ്മികൻ ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തി താൻ അർപ്പിച്ച ബലി സ്വീകരിക്കണമേയെന്നു പ്രാർത്ഥിക്കുന്നു. ദിവ്യബലി ആർക്കുവേണ്ടി അർപ്പിച്ചുവോ ആ ആളിനെയും ഇവിടെ അനുസ്മരിക്കുന്നുണ്ടു്. രഹസ്യപ്രാർത്ഥന ചൊല്ലി എഴുന്നേല്ക്കുന്ന കാർമ്മികൻ ദർഗായിൽ കയറി നിന്നു കൊണ്ടു് 23—ാം സങ്കീർത്തനം ചൊല്ലുകയും അതിനെ തുടർന്നു് കാസായും പീലാസായും മൂടിയിരിക്കുന്ന കബലാനാകൾ മാററുകയും വിശ്വാസികൾക്കു് പങ്കുവച്ചു കൊടുത്തതിനു ശേഷമുള്ള തിരുശരീരവും തിരുരക്തവും ഉൾക്കൊള്ളുകയും ചെയ്യുന്നു. തുടർന്നു് 26—ാം സങ്കീർത്തനവും 29—ാം സങ്കീർത്തനവും ചൊല്ലി മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും നടത്തി, അവസാനം ത്രോണോസ് മുത്തി കാർമ്മികൻ വിടവാങ്ങുന്നു.

www.malankaralibrary.com



ഞായറാഴ്ചയും ആഘോഷ കർബാന ചൊല്ലുന്ന അവസരങ്ങളിലും കാർമ്മികൻ സമാപനശുശ്രൂഷയുടെ അവസാനത്തിൽ അംശവസ്ത്രങ്ങളോടു കൂടിത്തന്നെ മദ്ബഹാ വാതിലിൻെറ വടക്കു വശത്തേയ്ക്കു് സ്വല്പം മാറി ഒരു നട ഇറങ്ങി നിന്നുകൊണ്ടു് കൈ (കൈയ്യുറ) മുത്തിയ്ക്കുന്നു. ജനങ്ങൾ കാർമ്മികൻെറ കൈമുത്തിയശേഷം പള്ളിയിൽ നിന്നും പിരിഞ്ഞു പോകുന്നു.

വിടവാങ്ങൽ പ്രാർത്ഥനയ്ക്കും കൈമുത്തിനും ശേഷം കാർമ്മികൻ ചമയമുറിയിൽ പ്രവേശിച്ചു് തിരുവസ്ത്രങ്ങൾ അഴിച്ചുമാററി വീണ്ടും കൈകൾ കഴുകി വിശുദ്ധ കർബാന അവസാനിപ്പിക്കുന്നു.

www.malankaralibrary.com

### അദ്ധ്യായം നാലു്

# വിശുദ്ധ കുമ്പസാരം

ജനതകളുടെ പ്രകാശമായ ക്രിസ്തു പാപത്തിനു് അടിമപ്പെട്ടിരുന്ന ലോകത്തെ രക്ഷിക്കുവാനാണു വന്നതു്. ദൈവവചനം പ്രസംഗിച്ചും സമാഗതമായ ദൈവരാജ്യത്തിന്റെ പൊരുൾ മനസ്സിലാക്കി പുതിയ ജീവൻ പ്രാപിക്കുവാൻ മനുഷ്യരെ സഹായിക്കുന്നതിനു് അത്ഭുതങ്ങൾ പ്രവർത്തിച്ചും കാരുണ്യവാനായ ദൈവം തന്റെ മക്കളെ സ്നേഹിക്കുന്നതിനാൽ പാപത്തിന്റെ ശക്തി നിലനിൽക്കത്തക്കതല്ല എന്നു പ്രഖ്യാപിച്ചും യേശു തന്റെ പരസ്യജീവിതത്തിൽ സ്നേഹമയനായ ദൈവത്തിന്റെ അവതാരമായി മാറി. മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും വഴി പുതിയ ലോകത്തിന്റെ അടിത്തറ പാകി. തന്റെ ദൗത്യം തുടർന്നു കൊണ്ടുപോകുവാൻ ഭരമേല്പിക്കപ്പെട്ടിരുന്ന സഭയിലേയ്ക്കു് അവൻ പരിശുദ്ധാത്മാവിനെ അയച്ചു. പരിശുദ്ധാത്മാവിനാൽ പൂരിതയായ സഭയിൽ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും പ്രത്യേക വിധം അനുഭവപ്പെടുന്ന അവസരങ്ങളുണ്ടു്. കൂദാശകളുടെ അനുഷ്ഠാനങ്ങളാണു് ആ അവസരങ്ങൾ. പാപമോചനത്തിന്റെ കൂദാശയായ വിശുദ്ധ കുമ്പസാരം അങ്ങനെയൊരു അവസരമാണു്. യേശുക്രിസ്തുവഴി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ സഭയിലേയ്ക്കൊഴുകുന്ന ദൈവിക ജീവനാണു് കൂദാശകൾ വഴി ലഭ്യമാവുക.

മൂന്നു സുവിശേഷകന്മാർ വിവരിക്കുന്ന ഒരത്ഭുതം നമ്മുടെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു. ആ അത്ഭുതപ്രവർത്തനത്തിന്റെ കേന്ദ്രബിന്ദുവാകട്ടെ പാപമോചനത്തെക്കുറിച്ചാണു് പ്രതിപാദിക്കുന്നതു്. "ഭൂമിയിൽ പാപ

www.malankaralibrary.com



ങ്ങടം ക്ഷമിക്കുവാൻ മനുഷ്യപുത്രന് അധികാരമുണ്ട് എന്ന നിങ്ങടം അറിയേണ്ടതിന്– യേശു തളർവാത രോഗിയോട പറഞ്ഞു—ഞാൻ നിന്നോട പറയുന്നു, എഴുന്നേററു നിൻെറ കിടക്കയുമെടുത്തു വീട്ടിലേയ്ക്കു പോകുക." (ലൂക്കാ. 5: 24, മത്താ 9:6, മക്കോ 2: 10–11). പാപങ്ങടം മോചിക്കുവാൻ യേശുവിന് അധികാരമുണ്ടെന്നതിൻെറ ഉത്തമ തെളിവാണ് തളർവാത രോഗിയെ ഒററ വാക്കുകൊണ്ട് അവൻ സുഖപ്പെടുത്തിയെന്നത്. ശരീരത്തെ തളർത്തിയിട്ടിരുന്ന രോഗം യേശുവിൻെറ വാക്കുമൂലം സുഖമായെങ്കിൽ, ആത്മാവിനെ തളർത്തുന്ന പാപവും അവൻെറ വാക്കുമൂലം സൗഖ്യമാക്കപ്പെടുമെന്നുള്ളതിന് സംശയമില്ല. പാപം മോചിക്കുവാനുള്ള യേശുവിൻെറ ആ അധികാരം സഭയിൽ ഇന്ന് പുരോഹിതന്മാർ വഴി തുടർന്നുകൊണ്ടിരിക്കുന്നു.

പാപമോചനത്തെപ്പററി അന്ത്യോക്യൻ (പാശ്ചാത്യ സുറിയാനി) സഭയുടെ പാരമ്പര്യവും പ്രബോധനവുമാണ് ഇവിടുത്തെ ചിന്താവിഷയം; കാരണം അതേ വിശ്വാസവും പ്രബോധനവുമാണല്ലോ മലങ്കരസഭയും സ്വീകരിച്ചിരിക്കുന്നത്, പ്രസ്തുത സഭയുടെ വിശ്വാസത്തെപ്പററി പ്രതിപാദിക്കുന്നതിനു മുമ്പായി വിശുദ്ധ ഗ്രന്ഥത്തിലും ആദിമസഭയിലും പാപമോചനത്തെപ്പററി പറയുന്നവ ചുരുക്കമായി പറഞ്ഞുകൊള്ളട്ടെ.

## പാപമോചനം വിശുദ്ധ ഗ്രന്ഥത്തിൽ:

വി: ഗ്രന്ഥത്തിൽ — പഴയനിയമത്തിലും പുതിയ നിയമത്തിലും — പാപമോചനത്തെപ്പററി വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. പഴയനിയമത്തിൽ, അതായത് ക്രിസ്തുവിനു മുമ്പ് പാപമോചനം വഴി പാപം തടഞ്ഞു നിറുത്തപ്പെട്ടിരുന്നെങ്കിൽ ക്രിസ്തുവിനു ശേഷം പാപം തകർക്കപ്പെടുന്നതായാണ് നാം കാണുക.

www.malankaralibrary.com



## പഴയനിയമത്തിൽ

ദൈവം ആദത്തെ സൃഷ്ടിച്ച് പറുദീസായിൽ (ഏദൻ തോട്ടത്തിൽ) ആക്കിയെന്ന് ഉല്പത്തി പുസ്തകം 2: 8—ൽ നാം വായിക്കുന്നു. ദൈവസാമീപ്യമാണ് 'പറുദീസ' എന്ന പദം കൊണ്ട് പ്രഥമവും പ്രധാനവുമായി ഉദ്ദേശി ക്കപ്പെട്ടിരിക്കുന്നത്. ദൈവകല്പന ലംഘിച്ചപ്പോൾ ആദം പറുദീസായ്ക്കു പുറത്താക്കപ്പെട്ടു — പാപം വഴി ദൈവസാ മീപ്യം അവനു നഷ്ടപ്പെട്ടു. ശിക്ഷിക്കപ്പെട്ട ആദത്തിനു രക്ഷ കിട്ടുന്നത് രക്ഷകന്റെ വാഗ്ദാനം (ഉല്പത്തി 3:15) വഴിയാണ്. യേശുക്രിസ്തു വരുന്നതുവരെ ആ വാഗ്ദാന ത്തിന്റെ തണലിൽ മാത്രമേ മനുഷ്യരക്ഷയുണ്ടായിരുന്നു ള്ളൂ. അക്കാലമത്രയും ആദം ചെയ്ത പാപം വഴി മനുഷ്യ കുലത്തിൽ പാപം തേർവാഴ്ച നടത്തി.

ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ഹൃദ യത്തിൽ പാപം ഭരണം നടത്താൻ ആരംഭിച്ചു. കായേൻ തന്റെ സഹോദരനായ ആബേലിനെ കൊല ചെയ്തുകൊ ണ്ട് മനുഷ്യവംശത്തിലെ കൊലപാതക ചരിത്രം ഉദ്ഘാ ടനം ചെയ്തു. സ്വസഹോദരനായ ആബേലിനെ കൊല്ലു വാനിരുന്ന കായേന്റെ ദുഷ്ടഹൃദയം ദൈവം മുൻകൂട്ടി ക ണ്ടതുകൊണ്ടാണ് അവൻ അർപ്പിച്ച കാഴ്ചവസ്തു ദൈവം നിരസിച്ചത്. ഹൃദയസമർപ്പണമില്ലാത്ത ബലി സമർ പ്പണം പാപത്തെ തടഞ്ഞു നിർത്തുന്നില്ല. നോഹ്, അ ബ്രാഹം, ലോത്ത്, യാക്കോബ് ഇവരുടെ കാലത്തും പാ പം വർദ്ധിച്ചതിനാൽ ലോകത്തെ ആകമാനം രക്ഷിക്കു ന്നതിനു വേണ്ടി ദൈവം വ്യക്തികളെയും ഇസ്രായേൽ വംശത്തെയും തെരഞ്ഞെടുത്തു. ഇസ്രായേൽ ഈജിപ്തിൽ അനുഭവിച്ച ഒന്നാമത്തെ അടിമത്തം ഇസ്രായേൽ വംശ ത്തിന്റെ സമൂഹപാപത്തിന്റെ ഫലമായിരുന്നു. രക്ഷ കനെ വാഗ്ദാനം ചെയ്തിരുന്ന ദൈവം യഥാർത്ഥ രക്ഷക ന്റെ മുന്നോടിയായി അഥവാ നായകനായി മോശയെ ഉയർത്തി. ദൈവവുമായുള്ള ബന്ധം അഭംഗുരം കാത്തു

www.malankaralibrary.com



സൂക്ഷിക്കുന്നതിനു് സീനായ്മലയിൽ വച്ചു് പത്തു കല്പനകൾ മോശ വഴി ഇസ്രായേൽക്കാർക്കു നൽകിക്കൊണ്ടു് ദൈവം ഉടമ്പടി ഉണ്ടാക്കി. എന്നാൽ നിയമത്തിനു പാപത്തെ നശിപ്പിക്കാൻ സാദ്ധ്യമല്ലെന്നു് ഇസ്രായേൽക്കാർക്കു് കാലക്രമേണ വ്യക്തമായി. രാജാക്കന്മാരെയും പ്രവാചകരെയും, ന്യായാധിപന്മാരെയും നൽകിക്കൊണ്ടു് ദൈവം തന്റെ ജനത്തെ നയിച്ചു. പാപം വർദ്ധിച്ചപ്പോൾ ശുദ്ധീകരിക്കപ്പെടേണ്ടതിനു് ബാബിലോൺ അടിമത്തത്തിലേയ്ക്കു് ഇസ്രായേൽക്കാർ അയയ്ക്കപ്പെട്ടു. ഈ രണ്ടാമത്തെ അടിമത്തത്തിൽ നിന്നു തിരിച്ചു വന്നിട്ടും പാപത്തിന്റെ ശക്തി ക്ഷയിച്ചില്ലെന്നു് നമുക്കു കാണാം. തന്റെ അഭിഷിക്തനായ മിശിഹായെ ദൈവം അയയ്ക്കുന്ന കാലം ഇസ്രായേൽക്കാർ നോക്കിപ്പാർത്തു. പാപപരിഹാരത്തിനുള്ള ബലികളും, ആചാര്യന്മാരും ദേവാലയവും യഥാർത്ഥത്തിൽ മിശിഹായുടെ വരവിനുള്ള ഒരുക്കമായിരുന്നു. രാജാക്കന്മാരുടെ രാജാവും ആചാര്യന്മാരുടെ ആചാര്യനും ആയ യേശുക്രിസ്തു ആഗതനായപ്പോൾ ഭൂരിഭാഗം ഇസ്രായേൽക്കാർക്കും അവനെ തിരിച്ചറിയുവാൻ കഴിഞ്ഞില്ലെന്നതും പാപം മനുഷ്യഹൃദയത്തെ എത്രമാത്രം സ്വാധീനിക്കുന്നു എന്നതിന്റെ മകുടോദാഹരണമത്രെ.

## പുതിയ നിയമത്തിൽ

ആദത്തിന്റെ പാപം വഴി എല്ലാ മനുഷ്യരും പാപികളായി മരണത്തിനവകാശികളായതു പോലെ യേശുക്രിസ്തുവിന്റെ മരണം വഴി എല്ലാ മനുഷ്യരും നിത്യജീവനു് അവകാശികളായിത്തീർന്നു. (റോമ 5: 12–19) ദൈവത്തിൽ നിന്നകന്നു നിന്ന ലോകത്തെ വീണ്ടും ദൈവത്തിങ്കലേയ്ക്കു കൊണ്ടുവരിക എന്ന മഹാശുശ്രൂഷയുടെ ദൗത്യവുമായാണു് യേശുക്രിസ്തു രംഗപ്രവേശം ചെയ്തതു്. പശ്ചാത്താപമാണു് മനുഷ്യന്റെ ഭാഗത്തു നിന്നു് ആവശ്യമായ ഒരേ ഒരു കാര്യം. പഴയ ജീവിതത്തെ പിൻതള്ളി പുതിയ ജീവിതത്തിനായി യേശുക്രിസ്തുവിൽ വിശ്വസിക്കയാണാവശ്യം.

www.malankaralibrary.com



സാധാരണക്കാരിൽ സാധാരണക്കാരനായി ജനിക്കുകയും ജീവിക്കുകയുംചെയ്ത യേശുക്രിസ്തു പാപത്തിൻെറ അടിമകളായി വലഞ്ഞിരുന്ന മനുഷ്യർക്കു് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തു. യോഹന്നാൻ സ്നാപകനിൽനിന്നു് പാപിയേപ്പോലെ മാമോദീസാ സ്വീകരിക്കുകയും സാത്താനാൽ പരീക്ഷിക്കപ്പെടുകയും നമുക്കു കിട്ടേണ്ടിയിരുന്ന ശിക്ഷ സ്വയം ഏററു വാങ്ങുകയും കുരിശിൽ മരിക്കുകയും ചെയ്തുകൊണ്ടു് പാപത്തിൻെറ ശക്തിയെ അവൻ എന്നേയ്ക്കുമായി നിർവീര്യമാക്കിക്കളഞ്ഞു. മരിച്ചവരിൽനിന്നു് അവനെ ഉയിർപ്പിച്ചുകൊണ്ടു് ആ സത്യത്തിനു് പിതാവായ ദൈവം മുദ്രവച്ചു. രണ്ടാമത്തെ വരവിൽ ലോകത്തെ വിധിക്കുവാൻ മഹത്വത്തോടെ അവൻ വരുമ്പോഠം പാപവും മരണവും നിശ്ശേഷം ഓടിമറയും. പരിശുദ്ധാത്മാവിനോടു സഹകരിച്ചുകൊണ്ടു് യേശുക്രിസ്തുവിൻെറ രക്ഷാകര പ്രവർത്തനങ്ങളുടെ ഫലം സ്വജീവിതത്തിൽ പകർത്താനുള്ള കാലമാണു് സഭയുടെ കാലം. വേരു് അറുത്തുനിറുത്തിയിരിക്കുന്ന ഒരു വൻ വൃക്ഷത്തോടു പാപത്തിൻെറ ഇന്നത്തെ സ്ഥിതിയെ ഉപമിക്കാം. ഇല വാടുകയോ കൊമ്പുണങ്ങിപ്പോകയോ ചെയ്തിട്ടില്ലെങ്കിലും അതിൻെറ പതനം സുനിശ്ചിതമാണു്. അതുപോലെ സഭാകാലത്തിൽ പാപത്തിൻെറ ചേഷ്ടകഠം പൂർണ്ണമായി നിരോധിക്കപ്പെട്ടിട്ടില്ലെങ്കിലും അടിസ്ഥാനപരമായി അതു് നിർവീര്യമാക്കപ്പെട്ടിരിക്കുന്നു. ഈ ശക്തിയാണു് സഭയുടെ കൂദാശയായ വിശുദ്ധ കുമ്പസാരത്തിൽ പ്രവർത്തിക്കുക.

പാപം പൂർണ്ണമായി ഉപേക്ഷിക്കുന്നതിനു് പാപിയെ വ്യവസ്ഥാപിതമായി സഹായിക്കുന്ന കൂദാശയാണു് വിശുദ്ധ കുമ്പസാരം. അനുതാപവും പ്രായശ്ചിത്തമനസ്ഥിതിയും ഇവിടെ അത്യന്താപേക്ഷിതമാണു്. വിശുദ്ധ കുമ്പസാരംവഴി സഭയിൽ ഇവയെങ്ങനെ പ്രാവർത്തികമാകുന്നു എന്നാണു് നമുക്കു കാണേണ്ടതു്.

www.malankaralibrary.com



## പാപമോചനാധികാരം സഭയിൽ:

''കെട്ടാനും അഴിക്കാനുമുള്ള അധികാരം'' തൻെറ ശ്ലീഹന്മാർക്ക് നൽകിക്കൊണ്ടു് ക്രിസ്തു പാപമോചനാധികാരം സഭയിൽ നിക്ഷേപിച്ചു. മാമോദീസാ ഒരു പ്രാവശ്യം മാത്രം നൽകപ്പെടുന്നതിനാൽ മാമോദീസായ്ക്കുശേഷം തെററിപ്പോകാൻ ഇടയാകുന്നവരെ രക്ഷിക്കാൻ വേറെ മാർഗ്ഗമില്ലാതാകുമായിരുന്നു. അങ്ങനെ യേശുക്രിസ്തുവിൻെറ ദൗത്യം പൂർണ്ണമായി നിറവേററുവാൻ രണ്ടാം അനുരഞ്ജനത്തിൻെറ കൂദാശയായ പ്രായശ്ചിത്താനുഷ്ഠാനത്തോടുകൂടിയ പാപത്തിൻെറ ഏററുപറച്ചിൽ (വി: കുമ്പസാരം) ആവശ്യമായിരുന്നു.

എ.ഡി. 325—ൽ സമ്മേളിച്ച നിഖ്യാ സുന്നഹദോസ് ''പാപമോചനത്തിനു് മാമോദീസാ ഒന്നുമാത്രമേയുള്ളു (ഒരിക്കൽ മാത്രമേ ഉള്ളു) '' എന്നു പഠിപ്പിച്ചു. ഇതു രണ്ടു വിധത്തിൽ വ്യാഖ്യാനിക്കാം. (1) ഒരിക്കൽ മാത്രമേ മാമോദീസാ നൽകാവൂ. (2) ഒരിക്കൽ മാത്രമേ പാപമോചനമുള്ളു; അതു മാമോദീസാ വഴിയും ആണു്. ആദ്യത്തെ വ്യാഖ്യാനം ആദിമസഭ മുതൽ ഇന്നുവരെ മാമോദീസായെപ്പററി നാം വിശ്വസിക്കുന്ന ഒരു സത്യമാണു്. എന്നാൽ രണ്ടാമത്തെ വ്യാഖ്യാനത്തിനു് നിഖ്യാ സുന്നഹദോസിൻെറ കാലത്തു് പ്രത്യേക പ്രാധാന്യമുണ്ടു്. അന്നുവരെ, മാമോദീസാ സ്വീകരിച്ചവർ പാപം ചെയ്താൽ അവരെ സഭാംഗങ്ങളായി കരുതിയിരുന്നില്ല. അതുകൊണ്ടാണു് ആദ്യകാലങ്ങളിൽ വിശ്വാസികളെ വിശുദ്ധരായി കരുതിയിരുന്നതു്. പിൽക്കാലത്തു് പരസ്യ പ്രായശ്ചിത്തം വഴി പാപികളെ വീണ്ടും സഭയിൽ എടുക്കുന്ന പതിവുണ്ടായി. അതുവരെ മാമോദീസാവഴി പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പാപമോചനം പ്രാപിക്കുന്നതിനേപ്പററി ആയിരുന്നു ചിന്ത. പ്രായശ്ചിത്താനുഷ്ഠാനംവഴി പാപമോചനം നൽകാൻ ആരംഭിച്ചപ്പോഴും ആദ്യകാലങ്ങളിൽ ഒരൊററ പ്രാവശ്യമായി അതു നിശ്ചയിക്കപ്പെ

www.malankaralibrary.com



ട്ടിരുന്നു. വീണ്ടും വീണ്ടും പാപം ചെയ്താൽ മോചനമി ല്ലായിരുന്നു. തൻമൂലം പാപികൾ പാപമോചനം പ്രാ പിക്കുന്നതു് മരണക്കിടക്കയിൽ എന്ന സ്ഥിതി വന്നു. അങ്ങനെ പാപമോചനം ലഭിക്കാതെ മരിച്ചവരും ഉണ്ടാ യിരുന്നു. ഈ സ്ഥിതി വിശേഷത്തിലാണു് ഒന്നിലധികം പ്രാവശ്യം പാപമോചനം നൽകുന്ന പതിവ് —വി: കുമ്പ സാരം— പ്രചാരത്തിലായതു്. യേശുക്രിസ്തു സഭയ്ക്കു നൽ കിയ പാപമോചനാധികാരത്തിന്റെ ആവശ്യാനുസരണ മുള്ള പ്രയോഗം തന്നെയാണിതു്. തൻമൂലം വി: കുമ്പ സാരവും യേശുക്രിസ്തുവിൽ നിന്നുതന്നെ ആവിർഭവിച്ചി ട്ടുള്ള കൂദാശയാകുന്നു.

## പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ

പാപമോചനത്തെപ്പറ്റി സഭാപിതാക്കന്മാർ അവ രുടെ എഴുത്തുകളിൽ കൂടെയും പ്രസംഗങ്ങൾ മുഖേനയും പഠിപ്പിക്കുന്നുണ്ടു്: പല പുരാതന രേഖകളും ഈ വിഷ യത്തിൽ നമുക്കു ലഭിച്ചിട്ടുണ്ടു്. അങ്ങനെയുള്ള രേഖകൾ വ്യക്തമാക്കുന്നതു് ക്രിസ്തു അപ്പോസ്തലന്മാർ മുഖേന സഭ യ്ക്കു് നൽകിയ പാപമോചനാധികാരം, സഭയിലെ പുരോ ഹിതന്മാരിലൂടെ—മെത്രാന്മാരും വൈദികരും—തുടരുന്നു എ ന്നുള്ളതാണു്. ഈ വിഷയത്തിൽ പിതാക്കന്മാരുടെ ഏതാനും സാക്ഷ്യങ്ങൾ നമുക്കു പരിശോധിക്കാം.

അന്ത്യോക്യയിലെ മെത്രാനായിരുന്ന വി: ഇഗ്നേ ഷ്യസ്: († 107) ഫിലാഡൽഫിയായിലെ സഭാമക്കൾ ക്കു എഴുതിയ ഒരെഴുത്തിലെ പ്രസക്തഭാഗം ഇവിടെ ഉദ്ധ രിക്കാം: “ .... ദൈവത്തോടും യേശുമിശിഹായോടും കൂടി യുള്ളവർ മെത്രാനോടു ചേർന്നു നിൽക്കും. അനുതപിച്ചു് സഭയുടെ ഐക്യത്തിലേയ്ക്കു വരുന്നവരും ദൈവത്തോടു കൂടി നില കൊള്ളുന്നു. അതുവഴി അവർ യേശുമിശിഹാ യ്ക്കു് ചേർന്നവരായി ജീവിക്കുകയും ചെയ്യും. .... എന്നാൽ ഭിന്നതയും വൈരാഗ്യവും ഉള്ളിടത്തു് ദൈവം വസിക്കു ന്നില്ല; അനുതപിക്കുന്നവർക്കെല്ലാം ദൈവം മാപ്പു നൽകും;

www.malankaralibrary.com



പ്രത്യേകിച്ച് അനുതാപം വഴി ദൈവ ഐക്യത്തിലേയ്ക്കും മെത്രാന്റെ കീഴ്‌വഴക്കത്തിലേയ്ക്കും വരുന്നുവെങ്കിൽ....'' 1. ഫിലാഡൽഫിയായിലെ സഭയിൽ നിന്നും തെററിപ്പിരിഞ്ഞു് ശീശ്മയിൽ അകപ്പെട്ട സഭാമക്കളെ, അനുതപിച്ചു് സഭയുമായി വീണ്ടും അനുരഞ്ജനം പ്രാപിക്കുന്നതിനു് ഉപദേശിച്ചു കൊണ്ടുള്ള എഴുത്തിലെ ഭാഗമാണിതു്. ഇതിൽ നിന്നും വി: ഇഗ്നേഷ്യസ്സിന്റെ കാലം മുതൽ സഭയിൽ അനുരഞ്ജനം നടന്നിരുന്നു എന്നല്ലേ നാം അനുമാനിക്കേണ്ടതു്?

ദിവന്ന്യാസ്യോസ് എന്ന പേരിനാൽ അറിയപ്പെട്ടുന്ന എഴുത്തുകാരൻ (Psuedo Dionysius –4th Century) ശവസംസ്കാരത്തെ പററി പറയുന്ന ഭാഗത്തു് യോഹ: 20:22, മത്താ.16:19, ഇവ ഉദ്ധരിച്ചു കൊണ്ടു് നല്ല മനുഷ്യരായി മരിച്ചവർക്കുവേണ്ടി മെത്രാൻ പ്രാർത്ഥിക്കുന്നതും ദുഷ്പ്രവൃത്തിയിൽ മരിച്ചവർക്കുവേണ്ടി സഭയുടെ പ്രാർത്ഥന നിരസിക്കുന്നതും ചൂണ്ടിക്കാണിക്കുന്നു. ഇതു് സഭയുടെ പൂർണ്ണ അധികാരത്തെ കാണിക്കുന്നു എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ആത്മീയ കാര്യങ്ങളിൽ സഭാധികാരികൾക്കു് പൂർണ്ണാധികാരം ഉണ്ടെന്നാണു് ഈ നടപടി വ്യക്തമാക്കുന്നതു്. പാപമോചനാധികാരത്തെകുറിച്ചല്ല ഇവിടെ പ്രതിപാദിക്കുന്നതു്; പ്രത്യുത സഭയുടെ പൊതുവായ അധികാര പ്രയോഗത്തിലെ വിവേചനാധികാരത്തെയാണു്. പൂർണ്ണാധികാരം സഭയ്ക്കില്ലെങ്കിൽ ഇങ്ങനെയൊരു തീരുമാനമെടുക്കുവാൻ സാധിക്കില്ലായിരുന്നെന്നാണു് എഴുത്തുകാരൻ വിവക്ഷിക്കുന്നതു്. പാപം മോചിക്കാൻ പുരോഹിതർക്കുള്ള അധികാരം ചോദ്യം ചെയ്യാൻ സാദ്ധ്യമല്ലെന്നും ദിവന്ന്യാസ്യോസ് പഠിപ്പിക്കുന്നു. അനുതപിച്ച ഒരു പാപിക്കു് പാപമോചനം നൽകിയ ഒരു പുരോഹിതനെ

---

1. St. Ignatius, letters to the Philadelphians, (ed: by Light foot, PP 124f.)

www.malankaralibrary.com



സെമോഫിലസ് എന്ന സന്യാസി കുററപ്പെടുത്തിയപ്പോഠം ദിവന്ന്യാസ്യോസ് ഇടപെടുന്നു. പുരോഹിതൻെറ അധികാരത്തിൽ കൈകടത്താൻ ചങ്കുററം കാണിച്ച സന്യാസിയെ ദിവന്ന്യാസ്യോസ് നിലയ്ക്കു നിറുത്തുന്നതിൽ നിന്നു് പാപമോചനാധികാരത്തിൻെറ പൂർണ്ണത പുരോഹിതരിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നു് കാണാവുന്നതാണു്. ഒരു കാര്യം ഇവിടെ പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്. ഇന്നത്തെ നിലയിൽ വികാസം പ്രാപിച്ച പാപമോചനാധികാരത്തെ കുറിച്ചല്ല നാം ഇവിടെ പ്രതിപാദിക്കുന്നതു്. പുരോഹിതരുടെ ഈ അധികാരം വിശ്വാസികളാരും തന്നെ ഇന്നു ചോദ്യം ചെയ്യുന്നില്ല. എന്നാൽ 4-ാം നൂററാണ്ടിൽ സെമോഫിലസ് എന്ന സന്യാസി പാപമോചനം നൽകിയ പുരോഹിതനെ കുററപ്പെടുത്തുന്നുവെങ്കിൽ അന്നത്തെ സ്ഥിതിവിശേഷത്തിലേയ്ക്കാണു് അതു വിരൽ ചൂണ്ടുന്നതു്. പാപമോചനം പുരോഹിതൻ വഴി (പ്രത്യേകിച്ചു് മെത്രാൻ വഴി) നൽകപ്പെടാൻ ആരംഭിക്കുന്ന കാലമാണതു്. എപ്പോഠം, എങ്ങനെ ആർക്കെല്ലാം പാപമോചനം നൽകാമെന്ന കാര്യം ഇന്നത്തെപ്പോലെ അന്നു് സുവ്യക്തമായിരുന്നില്ല. എന്നിട്ടുപോലും ദിവന്ന്യാസ്യോസ് സഭയുടെ വിശ്വാസം മുൻനിർത്തി സന്യാസിയെ ശാസിക്കുകയും പുരോഹിതൻെറ പാപമോചനാധികാരം ഉയർത്തിക്കാണിക്കുയും ചെയ്യുന്നതു് ഈ വിഷയത്തിൽ അന്നത്തെ സഭയുടെ ശരിയായ വിശ്വാസം മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്ന ഒന്നാണു്.

ആദിമ സഭയുടെ ആരാധന ക്രമങ്ങളെക്കുറിച്ചു് വിവരം നൽകുന്ന പുരാതന രേഖയായ 'ഡിഡാക്കേ' യിൽ (12 അപ്പസ്തോലന്മാരുടെ പ്രബോധനങ്ങഠം) പാപമോചനത്തെപ്പററി പ്രതിപാദിക്കുന്നുണ്ടു്. "........നിങ്ങഠം കാപട്യവും ദൈവത്തിനു് അപ്രീതികരമായ മററുള്ളവയും ഉപേക്ഷിക്കുവിൻ. ദൈവകല്പനകളെ നിങ്ങഠം കൈവിട്ടുകളയരുതു്; നിങ്ങഠംക്കു ലഭിച്ചിരിക്കുന്ന കല്പനകളെല്ലാം,

www.malankaralibrary.com



അവയോടു് ഒന്നും ചേർക്കാതെയും അവയിൽനിന്നു് ഒന്നും ചോർത്താതെയും കാത്തുകൊള്ളുക; സഭയിൽ നിങ്ങളുടെ പാപങ്ങൾ ഏററു പറയുക; ദുഷ്ടമനസ്ഥിതിയോടു കൂടി പ്രാത്ഥനയിൽ സംബന്ധിക്കാതിരിക്കുക........കർത്താവിൻെറ ദിവസത്തിൽ നിങ്ങൾ ഒന്നിച്ചുകൂടി അപ്പം മുറിച്ചു് ബലി അർപ്പിക്കുക; എന്നാൽ നിങ്ങളുടെ ബലികൾ പരിശുദ്ധമായിരിക്കാൻവേണ്ടി നിങ്ങളുടെ പാപങ്ങൾ അതിനു മുൻപായി ഏററുപറയണം........"[2]. നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന വി: അത്തനാസ്യോസ് (c. 295—373) വൈദികൻ മുഖേനയുള്ള പാപമോചനത്തേക്കുറിച്ചു് വ്യക്തമായി പഠിപ്പിക്കുന്നുണ്ടു്. "......കേവലം ഒരു മനുഷ്യനായ വൈദികനിൽ നിന്നും മാമോദീസാ സ്വീകരിക്കുന്നവൻ പരിശുദ്ധാത്മ നൽവരങ്ങളാൽ പ്രശോഭിതനാകുന്നതുപോലെ, വി: കുമ്പസാരത്തിൽ പാപം ഏററുപറയുന്ന വ്യക്തി യേശുവിൻെറ കൃപയാൽ പുരോഹിതൻവഴി പാപമോചനം പ്രാപിക്കുന്നു........"[3]. മേൽപറഞ്ഞതിൽ നിന്നെല്ലാം മനസ്സിലാകുന്നതു് ക്രിസ്തു അപ്പസ്തോലന്മാർക്കും അവർ മുഖേന സഭയ്ക്കും കൊടുത്ത പാപമോചനാധികാരം സഭയിലെ പുരോഹിതന്മാർ—മെത്രാന്മാർ, വൈദികർ—എന്നിവർക്കുണ്ടെന്നും ആരംഭംമുതൽ അവർ അതു് പ്രാവർത്തികമാക്കിപ്പോരുന്നു എന്നുമാണല്ലോ.

പാപം ഒരു രോഗമായും പുരോഹിതൻ ഒരു വൈദ്യനായും കരുതപ്പെട്ടുക അക്കാലങ്ങളിൽ സാധാരണമായിരുന്നു. ആറാം നൂററാണ്ടിൽ ജീവിച്ചിരുന്ന സാറൂഗിലെ യാക്കോബ്, കർത്താവിൻെറ ശരീരവും രക്തവുംവഴി പുരോഹിതൻ പാപങ്ങളിൽനിന്നു് സുഖപ്പെടുത്തുന്നുവെന്നു് "കരുണാർദ്രനായ സമരിയാക്കാരനെപ്പററിയുള്ള പ്ര

2. The Didache: ed. by light foot, pp. 219, 223

3. P. G. 26,1316

www.malankaralibrary.com



സംഗ'' ത്തിൽ പറയുന്നുണ്ട്. ''ഓസിയാസ് രാജാവിനെ കുറിച്ചും ഏശയ്യാ പ്രവാചകനെക്കുറിച്ചുമുള്ള പ്രസംഗ'' ത്തിൽ അദ്ദേഹം പറയുന്ന ''രാജാവിനു കത്തൃകിരീടവും അധികാരവും ഉണ്ട്. പുരോഹിതനു ചങ്ങലകൾ അഴിക്കാനുള്ള രഹസ്യ വചനമുണ്ട്''. യോഹ. 20: 22 ഉദ്ധരിച്ചുകൊണ്ട് ''പരിശുദ്ധ പിതാക്കന്മാരോടുള്ള ചോദ്യങ്ങളി'' ൽ മാമോദീസാ വഴിയുള്ള പാപമോചനത്തെക്കുറിച്ചാണ് യാക്കോബ് പ്രതിപാദിക്കുന്നത്. പുരോഹിതൻ മാത്രമേ മാമോദീസാ നൽകാവൂ എന്നും അവിടെ പറഞ്ഞിരിക്കുന്നു. പാപമോചനത്തിനുള്ള പൂർണ്ണാധികാരം മെത്രാന്മാർക്ക് അവരുടെ അഭിഷേകത്തിൽ തന്നെ ലഭിക്കുന്നുണ്ട്. ഈ പൂർണ്ണാധികാരം പരിശുദ്ധാത്മാവ് അവരുടെമേൽ ചൊരിയട്ടെയെന്ന് മെത്രാന്മാരുടെ അഭിഷേക ശുശ്രൂഷയിൽ പ്രാത്ഥിക്കുന്നു. ഇതും സഭയുടെ പൂണ്ണാധികാരത്തെ കാണിക്കുന്നു.

പൗരോഹിത്യം മനുഷ്യനു നൽകപ്പെട്ടിരിക്കുന്നത് പാപങ്ങളുടെ മോചനത്തിനായിട്ടാണെന്ന് ബാർഷാക്കോ ''നിക്ഷേപങ്ങളുടെ പുസ്തക''ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ബാർ ഹെബ്രേയൂസ് ''മിന്നലിന്റെ പുസ്തക''ത്തിൽ പറയുന്നതു് വൈദികർക്കും മെത്രാന്മാർക്കും മാത്രമേ പാപമോചനത്തിന്റെ പൂണ്ണാധികാരം ഉള്ളുവെന്നാണ്. അദ്ദേഹം പ്രസ്താവിക്കുന്നു: ''അധികാരം അവർക്കു നൽകപ്പെട്ടിരിക്കുന്നതിനാൽ, വൈദികനും മെത്രാനും വൈദ്യന്മാർ ആയിരിക്കണം. ആരുടെയെങ്കിലും പാപങ്ങൾ അവർ മോചിച്ചാൽ അവ മോചിക്കപ്പെട്ടിരിക്കും; ആരുടെയെങ്കിലും (പാപങ്ങൾ) ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടിരിക്കും.''

www.malankaralibrary.com



## പാപമോചന രീതികൾ

സുറിയാനി സഭയുടെ ആരംഭം മുതൽതന്നെ പ്രായശ്ചിത്താനുഷ്ഠാനം വഴി പാപമോചനം നൽകിയിരുന്നുവെന്നതു് സംശയാതീതമായ കാര്യമാണു്.

ദിവന്ന്യാസ്യോസ് എന്ന പേരിനാൽ അറിയപ്പെടുന്ന എഴുത്തുകാരൻ (4–ാം നൂററാണ്ടു്) പല തരത്തിലുള്ള പ്രായശ്ചിത്താനുഷ്ഠാനങ്ങൾ എടുത്തു പറയുന്നുണ്ടു്. വായനകളുടെശേഷം വി: കർബാന യഥാർത്ഥത്തിൽ ആരംഭിക്കുന്നതിനു മുൻപു് (അനാഫുറായ്ക്കു മുൻപ്) അനുതാപികൾ പള്ളിയിൽ നിന്നു പുറത്തുപോയിരുന്നതും അനുതാപി ഒരു പുരോഹിതനെ സമീപിച്ചു് പാപമോചനം നേടിയിരുന്നതും അവയ്ക്കുദാഹരണങ്ങളാണു്. നാലാം നൂററാണ്ടിൽ നിലവിലിരുന്ന പ്രായശ്ചിത്താനുഷ്ഠാനത്തെപ്പററിയാണു് ഇവിടെ പ്രതിപാദിക്കുന്നതു്; അന്നു് ആരംഭിച്ചതായിട്ടല്ല അതിനെപ്പററി പറയുന്നതു് എന്നതുകൊണ്ടുതന്നെ അതിനുമുൻപും ഈ രീതി നിലവിലിരുന്നു എന്നു സ്പഷ്ടമാണു്.

ആറാം നൂററാണ്ടിൽത്തന്നെ ഒരു പാപമോചനരീതി നിലവിലിരുന്നതായി എഫേസൂസിലെ യോഹന്നാൻെറ (507–586) സഭാചരിത്രത്തിൽ നിന്നു് വ്യക്തമാണു്. തിയഡോർ എന്ന ആളിൻെറ പട്ടത്വസ്വീകരണത്തിൽ പോൾ പങ്കെടുക്കാതിരുന്നതു്, "അയാൾ തെററിൽ നിന്നും മോചനംനേടി വീണ്ടും സ്വീകരിക്കപ്പെടാതിരുന്നതുകൊണ്ടാണു്" എന്നു കാണുന്നു.

പ്രായശ്ചിത്താനുഷ്ഠാനത്തിനായി പള്ളിയിൽനിന്നും പറഞ്ഞയയ്ക്കപ്പെടുന്നവർ വിശുദ്ധ രഹസ്യങ്ങളിലും നിത്യജീവനിലും പങ്കുചേരുന്നതിനു് അർഹരായിത്തീരുവാൻ അവർക്കുവേണ്ടി പ്രാർത്ഥന നടത്തിയിരുന്നു. തിരിച്ചുവരുന്ന അനുതാപിയെ സ്വീകരിക്കാൻ വിസമ്മതി

www.malankaralibrary.com



കുന്ന മെത്രാനെയും വൈദികനെയും തൽസ്ഥാനങ്ങളിൽ നിന്നു നീക്കാനും വ്യവസ്ഥയുണ്ടായിരുന്നു.

ഏഴാം നൂററാണ്ടിൽ ജീവിച്ചിരുന്ന എഡേസായിലെ യാക്കോബിൻെറ 66-ാം കാനോനായിൽ മഹറോനിൽ ഉൾപ്പെടുന്ന പാപങ്ങൾ മോചിക്കപ്പെടുന്നതിനു മുൻപ് മററു പാപങ്ങളും ഏററുപറയുന്ന ഒരു പാപമോചന രീതി കാണുന്നുണ്ട്.

മൂറോനഭിഷേകത്തിനു മുൻപ് അനുതാപികൾ പള്ളിയിൽനിന്നും പുറത്തുപോകുന്ന പരസ്യ പ്രായശ്ചിത്താനുഷ്ഠാനവും നിലവിലിരുന്നു. പരസ്യ പ്രായശ്ചിത്തം അതികഠിന പാപങ്ങളായ പാഷണ്ഡത, വിശ്വാസത്യാഗം, കൊലപാതകം, വ്യഭിചാരം തുടങ്ങിയവയ്ക്കു മാത്രമായിരുന്നു. ഏതെല്ലാം പാപങ്ങൾക്കാണ് സുറിയാനി സഭയിൽ പരസ്യ പ്രായശ്ചിത്തം ആവശ്യമായിരുന്നതെന്ന് നമുക്കു കൃത്യമായി അറിയാൻ പാടില്ല.

പരസ്യ പ്രായശ്ചിത്തമെന്നാൽ പരസ്യമായ ഏററുപറച്ചിൽ എന്നർത്ഥമാക്കിക്കൊള്ളണമെന്നില്ല. അതികഠിന പാപങ്ങൾ ചെയ്തവരെ സഭാ സമൂഹത്തിൽനിന്ന് പുറത്താക്കി പരസ്യപ്രായശ്ചിത്തം ചെയ്യിച്ചിരുന്നതിനാൽ അതു പരസ്യമായ ഏററുപറച്ചിലിനോടു പ്രായോഗികമായി തുല്യമായിരുന്നെന്നു പറയാം. പരസ്യ പ്രായശ്ചിത്തം വളരെ പ്രയാസമായിരുന്നതിനാലാണ് രഹസ്യ പ്രായശ്ചിത്തം അതിൻെറ സ്ഥാനത്തു വന്നത്. ബാർകേഫായുടെ കാലത്ത് (9-ാം നൂററാണ്ട്) പരസ്യ പ്രായശ്ചിത്തം നിലവിലില്ലായിരുന്നു. ഇതുതന്നെയാണ് ബാർസലീബിയും സാക്ഷ്യപ്പെടുത്തുന്നത്.

കുമ്പസാര ക്രമത്തിൻെറയും കുമ്പസാര കാനോനകളുടെയും കർത്താവായ ദിവന്ന്യാസ്യോസ് ബാർസലീബി (പന്ത്രണ്ടാം നൂററാണ്ട്) ഏററുപറച്ചിലിൻെറ ആവശ്യകത

www.malankaralibrary.com



ഊന്നിപ്പറയുന്നുണ്ട്. ''അങ്ങനെ നിങ്ങൾ പരസ്പരം നിങ്ങളുടെ പാപങ്ങൾ ഏററുപറയുവിൻ'' എന്ന യാക്കോബ് 5: 16 വാക്യം വ്യാഖ്യാനിച്ചുകൊണ്ടു് ബാർസലീബി കുമ്പസാരം വഴിയുള്ള പാപമോചനം എടുത്തു കാണിക്കുന്നു. എന്നാൽ അന്നും അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നതായി കാണാം. 1 യോഹ 1, 9 ൻെറ വ്യാഖ്യാനത്തിൽ ''കുമ്പസാരം ആവശ്യമില്ലെന്നു് പറയുന്നവരോടു നാം എന്താണു് പറയേണ്ടതെ'' ന്നു് ബാർസലീബി ചോദിക്കുന്നു. ''നമ്മുടെ പാപങ്ങൾ ഏററു പറയണമെന്നു് സുവിശേഷകനായ യോഹന്നാൻ പഠിപ്പിക്കുന്നു'' എന്നത്രേ അത്തരക്കാർക്കുള്ള ബാർസലീബിയുടെ മറുപടി. ഒരു മുറിവു സുഖപ്പെടുത്താൻ ഡോക്ടർ അതു തുറക്കുന്നതിനോടുപമിച്ചുകൊണ്ടു് ബാർസലീബി കുമ്പസാരത്തിൻെറ ആവശ്യകത തെളിയിക്കുന്നു.

ഇക്കാലത്തു തന്നെ പാത്രിയർക്കീസ് മിഖായേൽ, കോപ്ററിക് സഭയിലെ കുമ്പസാരത്തെ ചൊല്ലിയുള്ള വിവാദത്തിൽ കർബ്ബാനസ്വീകരണത്തിനു മുമ്പ് കുമ്പസാരം ആവശ്യമാണെന്നു പറയുന്നുണ്ടു്. കോപ്ററിക്കാർക്കെതിരായി, കോൺബറിൻെറ പുത്രൻ മാർക്കസ് കുമ്പസാരത്തിൻെറ ആവശ്യകത പഠിപ്പിച്ചതു് പാത്രിയർക്കീസ് ശരി വച്ചുവെന്നു് ബാർഹെബ്രയൂസ് (13-ാം നൂററാണ്ടു്) ''സംഭവങ്ങൾ'' (Chronicle) എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

രോഗികൾക്ക വൈദ്യനെക്കൊണ്ടെന്നപോലെ പാപികൾക്കു് ആത്മീയ പിതാവു് ആവശ്യമാണെന്നു് ബാർഹെബ്രയൂസ് പഠിപ്പിക്കുന്നു. മെത്രാന്മാരും വൈദികരും മാത്രമാണു് ഈ പിതാക്കന്മാരെന്നും കുമ്പസാരം അത്യാവശ്യമാണെന്നും അദ്ദേഹം ഊന്നിപ്പറയുന്നു. ''മിന്നലിൻെറ പുസ്തക''ത്തിൽ ബാർ ഹെബ്രയൂസ് ഇതു വിവരിക്കുന്നുണ്ടു്.

www.malankaralibrary.com



ബാർ ഹെബ്രയൂസ് തന്റെ മരണത്തിനു മുൻപ് കുമ്പസാരിച്ചതായി അദ്ദേഹത്തിന്റെ സഹോദരനായ ബാർ സൗമാ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് അസ്സെമാനി രേഖപ്പെടുത്തിയിരിക്കുന്നു. ഡെൻസിഗർ, കോളോൺ എന്നീ ഗ്രന്ഥകർത്താക്കരം കുമ്പസാരത്തിന്റെ ആവശ്യകത സിറിയൻ കാനോനാകളിൽ നിന്നും വ്യക്തമാണെന്നും കാണിക്കുന്നുണ്ട്.

സുറിയാനി സഭയുടെ ഇന്നത്തെ ഉപദേശം അനുസരിച്ച് എല്ലാ പാപങ്ങളും ഏറ്റുപറഞ്ഞു കുമ്പസാരിക്കേണ്ടതാണ്. എന്നാൽ ലഘുപാപങ്ങരം കുമ്പസാരത്തിൽ ഏററു പറഞ്ഞില്ലെങ്കിലും കുമ്പസാരം വാസ്തവമാണ്. പക്ഷേ അറിഞ്ഞുകൊണ്ട് ഒരു ലഘു പാപമെങ്കിലും മറച്ചു വയ്ക്കുവാൻ പാടില്ലെന്നു സഭ പഠിപ്പിക്കുന്നു. വലുതും ചെറുതുമായ എല്ലാ പാപങ്ങളും കുമ്പസാരിച്ചിരിക്കണമെന്നാണ് നിയമം. എണ്ണവും തരവും സാഹചര്യവും എല്ലാം തിരിച്ചു പറയേണ്ടിയിരിക്കുന്നു. ഏതെങ്കിലും കാരണവശാൽ ഒരു പാപം ഏററുപറയുവാൻ വിട്ടുപോയാൽ അടുത്ത അവസരത്തിൽ അതും ഏററുപറയണമെന്നു അനുശാസിക്കുന്നു.

ഇൻഡ്യയിലെ ഓർത്തഡോക്സ്, യാക്കോബായ സഭകളിൽ സ്വകാര്യ കുമ്പസാരം നിലവിലുണ്ട്. മർത്തോമാസഭയെപ്പോലെ പ്രോട്ടസ്റ്റൻറ് നവീകരണ വേലിയേററത്തിൽപ്പെട്ട സഭകളിൽ, അനുതാപി ദൈവത്തോടു നേരിട്ടു പാപം ഏററു പറയുന്നതാണ് അഭികാമ്യം എന്നു വിശ്വസിക്കപ്പെടുന്നു.

## കുമ്പസാരം മലങ്കര കത്തോലിക്കാസഭയിൽ

ദൈവവുമായി മനുഷ്യനെ രമ്യപ്പെടുത്തുവാൻ മനുഷ്യനായിത്തീർന്ന ദൈവപുത്രനായ യേശുക്രിസ്തുവിൽ നിന്നുത്ഭവിച്ചതും സർവ്വ മനുഷ്യർക്കും ലഭ്യമാകത്തക്കവണ്ണം നിശ്ചയിക്കപ്പെട്ടതുമായ ഒരു കൂദാശയാണ് വിശുദ്ധ കുമ്പ

www.malankaralibrary.com



സാരം. ദൈവികകൃപയുടെ അനുസ്യൂതമായ ഒഴുക്കാണ് കുമ്പസാരമെന്ന കൂദാശയിൽ വിശ്വാസികൾ ദർശിക്കുന്നതു്. ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ചു് ഒരുവൻ ദൈവത്തിൻെറ സ്ഥാനപതിയായ പുരോഹിതൻെറ മുമ്പാകെ ഏററുപറഞ്ഞു് അനുതപിക്കുകയും പുരോഹിതൻ വഴിയായി ദൈവത്തിൽ നിന്നു് പാപമോചനം പ്രാപിക്കയും ചെയ്യണമെന്നു് സഭ എക്കാലവും പഠിപ്പിച്ചിട്ടുണ്ടു്. സഭയിൽ മെത്രാന്മാർക്കും വൈദികർക്കുമാണ് പാപമോചനാധികാരം ഉള്ളതു്. ദൈവത്തിൻെറ സ്ഥാനപതികളെന്ന നിലയിൽ പുരോഹിതൻ ജനത്തോടു് ഉപദേശിച്ചു് ഗുണദോഷിക്കുകയും ഓരോരുത്തരുടെ പ്രവർത്തികളും അകമേയുള്ള സ്ഥിതിയും ഏതു പ്രകാരം ഇരിക്കുന്നുവെന്നു് അറിഞ്ഞു് പ്രത്യേകം പ്രത്യേകം ഓരോരുത്തർക്കും ആവശ്യമായിരിക്കുന്ന ഉപദേശങ്ങൾ കൊടുത്തു് അവരെ തെററിൽ നിന്നു തിരിപ്പിക്കുകയും അവരുടെ പാപങ്ങളെക്കുറിച്ചു് ഒരു പിതാവിനെപ്പോലെ സ്നേഹത്തോടു കൂടെ ശാസിക്കുകയും ഓരോരുത്തർക്കും തക്കതായ പ്രായശ്ചിത്തങ്ങൾ നിശ്ചയിച്ചു കൊടുക്കുകയും ചെയ്യണമെന്നു് സഭ നിർദ്ദേശിക്കുന്നു. ഇപ്രകാരം പുരോഹിതൻ ചെയ്യേണ്ടതിനു് ഓരോരുത്തരുടെ പ്രവർത്തികളും സ്ഥിതിയും ഏതു പ്രകാരമാണെന്നറിയേണ്ടതു് ആവശ്യമാകയാൽ കുമ്പസാരിക്കുന്നവർ തങ്ങളുടെ സകല പാപങ്ങളെയും മനസ്സാക്ഷിയുടെ സ്ഥിതിയേയും പുരോഹിതനോടു് വെളിപ്പെടുത്തേണ്ടതാണു്. (ആവർത്തനം 26: 3–10; മത്താ 3:6). കുമ്പസാരത്തിൽ പുരോഹിതനോടു് ഏററു പറയുന്ന രഹസ്യങ്ങൾ അദ്ദേഹം ഒരുത്തർക്കും വെളിപ്പെടുത്തുകയില്ല. ഈ കടമയെക്കുറിച്ചു് ബാർസബലിയുടെ കുമ്പസാരക്രമം ഊന്നിപ്പറയുന്നുണ്ടു്. രഹസ്യം വെളിപ്പെടുത്തുന്ന പുരോഹിതൻ ശിക്ഷാവിധിക്കു യോഗ്യനായിത്തീരുന്നു (സുഭാ 11: 13). അതുപോലെ കുമ്പസാരത്തിൽ പട്ടക്കാരൻ കല്പിക്കുന്ന കാര്യങ്ങളെ കുമ്പസാരക്കാർ ഒരിക്കലും വെളിപ്പെടുത്തിക്കൂടാത്തതാകുന്നു (ഏശാ 29:11).

www.malankaralibrary.com



## എപ്പോഴെല്ലാം കുമ്പസാരിക്കണം ?

മലങ്കര സഭയുടെ നിയമമനുസരിച്ച് ആണ്ടിലൊരിക്കലെങ്കിലും വിശ്വാസികൾ — പ്രായപൂർത്തിയായവർ — കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കേണ്ടതാണ്. കൂടാതെ എല്ലാ നോമ്പുകളിലും സൗകര്യാനുസരണം കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു സഭ ഉപദേശിക്കുന്നു. കൂടെ കൂടെയുള്ള കുമ്പസാരവും കുർബാന സ്വീകരണവും വഴി ആദ്ധ്യാത്മിക ജീവിതത്തിൽ സഭാമക്കൾ അനുദിനം വളർന്നു വരണമെന്നുള്ളതാണ് സഭാമാതാവിന്റെ ആഗ്രഹം. മാരകമായ എതെങ്കിലും പാപത്തിൽ വീഴാൻ ഇടവന്നാൽ എത്രയും വേഗത്തിൽ പുരോഹിതന്റെ മുമ്പാകെ പാപങ്ങൾ ഏറ്റുപറഞ്ഞ് ദൈവത്തോടു രമ്യപ്പെടുവാൻ ഓരോരുത്തർക്കും കടമയുണ്ട്. പ്രായപൂർത്തി വന്ന ഒരു അക്രൈസ്തവൻ മാമോദീസാ സ്വീകരിക്കുന്നതിനു ആഗ്രഹിക്കുന്നുവെങ്കിൽ അതിനു മുൻപായി അയാളുടെ പാപങ്ങൾ ഏറ്റു പറയണമെന്ന് നടപടിക്രമം നിർദ്ദേശിക്കുന്നുണ്ട്[4]. വിവാഹത്തിനു മുൻപായി വധൂവരന്മാർ കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുന്നത് ഉത്തമവും ദൈവാനുഗ്രഹ പ്രദവുമാണ്. സഭാനടപടി ക്രമമനുസരിച്ച്, കുമ്പസാരം പള്ളിയിൽ വച്ചാണ് നടത്തേണ്ടത്. സൗകര്യത്തെപ്രതി, കുമ്പസാരത്തിനായി ഇപ്പോൾ മലങ്കര കത്തോലിക്കാസഭയിൽ കുമ്പസാരക്കൂടുപയോഗിക്കുന്നുണ്ട്[5]. പുരോഹിതൻ പാപം മോചിച്ചുകൊണ്ട് ചൊല്ലുന്ന പ്രാർത്ഥന താഴെ ചേർക്കുന്നു:—

---

4. Cfr. Fonti, Serie II - Fascicolo VIII Liber III, p. 105

5. ഓർത്തഡോക്സ്, യാക്കോബായ സഭകളിൽ വൈദികൻ മദ്ബഹായുടെ മുമ്പിൽ കസേരയിട്ടു ഇരിക്കയും അനുതാപികൾ മുട്ടിന്മേൽ ഇരുന്ന് കുമ്പസാരിക്കയുമാണ് ചെയ്യുന്നത്.

www.malankaralibrary.com



"നമ്മുടെ കർത്താവായ യേശുമിശിഹാ നിന്നെ വിമോചിക്കട്ടെ; അവൻ എനിക്കു നൽകിയിരിക്കുന്ന അധികാരത്തിനൊത്തവണ്ണവും, നിനക്കു് ആവശ്യമായ പ്രകാരവും എല്ലാവിധ ശാപത്തിൽ നിന്നും നിരോധനത്തിൽ നിന്നും ഞാൻ നിന്നെ മോചിക്കുന്നു. + പിതാവിൻെറയും + പുത്രൻെറയും + പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിൻെറ പാപങ്ങരം മോചിക്കപ്പെടുന്നു.

നമ്മുടെ കർത്താവായ യേശുമിശിഹായുടെ പീഢാനുഭവവും ഭാഗ്യവതിയായ കന്യകമറിയാമിൻെറയും സകല വിശുദ്ധരുടെയും യോഗ്യതകളും നിൻെറ നന്മപ്രവൃത്തികളും ക്ലേശങ്ങളും നിനക്കു് പാപമോചനത്തിനും കൃപാവർദ്ധനയ്ക്കും നിത്യജീവൻെറ പ്രതിഫലത്തിനും നിദാനമാകട്ടെ, ആമ്മീൻ"[6]

## നല്ല കുമ്പസാരത്തിനു് ആവശ്യമായ ഘടകങ്ങൾ:

**1. പാപങ്ങളെ യഥാർത്ഥമായി കണ്ടുപിടിക്കുന്നതിനു സഹായം ലഭ്യമാകുന്നതിനു് പരിശുദ്ധാത്്മാവിനോടുള്ള പ്രാർത്ഥന:**

"പരിശുദ്ധ റൂഹായായ ദൈവമേ, എഴുന്നെള്ളിവന്നു് എൻെറ ബോധത്തെ പ്രകാശിപ്പിക്കണമെ, എൻെറ പാപങ്ങളെല്ലാം കണ്ടുപിടിപ്പാനും അവയുടെ തിന്മയേയും കാഠിന്യത്തെയും ഗ്രഹിപ്പാനും അവയെക്കുറിച്ചു പരമാർത്ഥമായി മനസ്താപപ്പെടുവാനും അവയെ ഏററുപറഞ്ഞുപേക്ഷിപ്പാനും എനിക്കു കൃപ ചെയ്യണമെ. പാപികളുടെ സങ്കേതമായ മറിയമെ, വ്യാകുലമാതാവെ, എൻെറ

6. രണ്ടു വിധത്തിലുള്ള ഫോർമുലകരം – കർത്തരി പ്രയോഗത്തിലുള്ളതും കർമ്മണി പ്രയോഗത്തിലുള്ളതും – പാപമോചന മൊഴിയിൽ സംയോജിപ്പിച്ചിരിക്കുന്നു. ഇതു് അന്ത്യോക്യൻ പാരമ്പര്യത്തിനു യോജിച്ചതല്ല. cfr. 'മലങ്കര സഭയുടെ ആരാധനക്രമം, കൂദാശകരം, 1973, p.87

www.malankaralibrary.com



പാപങ്ങളെപ്പററി ഉത്തമമനസ്താപം ഉണ്ടാകുവാൻ എനിക്കുവേണ്ടി അപേക്ഷിക്കണമെ. എൻെറ പ്രിയമുള്ള കാവൽമാലാഖാ, ഞാൻ കഴിപ്പാൻപോകുന്ന ഈ കുമ്പസാരം എൻെറ ആയുസ്സിൽ അവസാനത്തേതെന്നവണ്ണം പരമാത്ഥമായി കഴിപ്പാനും മേലിൽ നല്ലവനായ ദൈവത്തിനു വിരോധമായി പാപം ചെയ്യാതിരിപ്പാനും എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ. ആമ്മീൻ''[7]

## 2. ആത്മശോധന.

സൂക്ഷ്മതയോടു കൂടെ ജീവിത പരിശോധന നടത്തുക. ദൈവകല്പനകൾക്കും തിരുസഭയുടെ കല്പനകൾക്കും വിരോധമായി ചെയ്ത പാപങ്ങളെപ്പററി ശരിയായി ആത്മശോധന ചെയ്യുക. കൂടാതെ, നിഗളം, ദ്രവ്യാഗ്രഹം, കോപം, കൊതി, അസൂയ, മടി, മോഹം തുടങ്ങിയ പ്രധാന ദുർഗ്ഗുണങ്ങളെപ്പററി പരിശോധിക്കുക ....

## 3. പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം:

പാപത്തെക്കുറിച്ച് ഹൃദയപൂർവ്വകമായ ദു:ഖം പാപമോചനത്തിന് അത്യന്താപേക്ഷിതമാണ്. മാനസാന്തരപ്പെട്ടവൻെറ കുമ്പസാരമാണ് പാപമോചനത്തെ നൽകുന്നത്. ഇപ്രകാരമുള്ള ഹൃദയദുഃഖം ഉണ്ടാകുന്നതിനായി പ്രാത്ഥിക്കണം. ദൈവത്തിങ്കലേക്ക് തിരിയുന്നതാണ് മാനസാന്തരം. ഹൃദയം നുറുങ്ങിയുള്ള ദുഃഖത്തിൽകൂടെയാണ് ഒരുവൻ ദൈവത്തിങ്കലേയ്ക്ക് തിരിയുന്നത്. താഴെ ചേത്തിരിക്കുന്ന അനുതാപ പ്രാത്ഥന ഈ അവസരത്തിൽ ചൊല്ലുന്നത് സന്ദർഭോചിതമാണ്. ''സവ്വശക്തനും നിത്യനുമായ ദൈവമേ, നീ ഉടയവൻ. ഞാനോ നീച അടിമ. ഈ അടിമ സവ്വനന്മ സ്വരൂപിയായിരിക്കുന്ന നിന്നെ ശ

---

7. മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാത്ഥന ക്രമം, തിരുവല്ലാ (1976), pp. 189–90

www.malankaralibrary.com



ങ്കിക്കാതെ നിനക്കു വിരോധമായി പാപങ്ങരം ചെയ്തു. നിനക്കെതിരായി ദ്രോഹങ്ങരം ചിന്തിച്ചു. കർത്താവേ, എൻെറ പാപങ്ങളാൽ സ്ലീബായിൽ നിന്നെ ഞാൻ തറച്ചു. നിൻെറ തിരുമുറിവുകരംക്കും രക്തചൊരിച്ചിലിനും ഞാന ത്രെ കാരണം. എൻെറ പാപങ്ങളാൽ എൻെറ ആത്മാവി നെ ഞാൻ നശിപ്പിച്ചു. ഞാൻ പിശാചിനു അടിമയായി പ്പോയി. നിത്യനരകത്തിനു ഞാൻ യോഗ്യനായി. എ ന്നാൽ മോക്ഷം നഷ്ടമായതിലുള്ള സങ്കടത്തേക്കാളും നര കത്തിൽ പോകുമെന്നുള്ള ഭയത്തേക്കാളും നല്ല പിതാവായ നിന്നെ സങ്കടപ്പെടുത്തിയതിനാൽ ഞാൻ ദു:ഖിക്കുന്നു. പിതാവെ സ്വർഗ്ഗത്തിൽ മുൻപാകെയും നിനക്കു വിരോ ധമായും ഞാൻ തിന്മ ചെയ്തുപോയി. എന്നോടു ക്ഷമിക്ക ണമെ. നിൻെറ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുത്തു കളയരുതേ. ഇനിമേൽ നിനക്കു വിരോധമായി പാപങ്ങരം ചെയ്കയില്ലെന്നു ഞാൻ പ്രതിജ്ഞ ചെ യ്യുന്നു. നിത്യപിതാവേ, നിൻെറ തിരുക്കുമാരനെ ഓർത്തു എന്നോടു കരുണയുണ്ടാകണമെ.

ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവകുഞ്ഞാടായ എൻെറ യേശുവെ, നിൻെറ തിരുമുറിവുകളുടെ യോഗ്യത കളെ ഓർത്തു എൻെറ പാപങ്ങരം ക്ഷമിക്കണമെ. എന്നെ അനുഗ്രഹിക്കണമെ. മറിയം മഗ്ദലനയോടുകൂടി നിൻെറ തൃപ്പാദങ്ങളെ ചുംബിക്കുന്ന ഈ ധൂർത്തനായ പുത്രനെ കൈ ക്കൊള്ളണമെ. നിൻെറ തിരുമുറിവുകളിൽ നിന്നൊഴുകുന്ന വിലയേറിയ തിരുരക്തത്താൽ എൻെറ ആത്മാവിനെ കഴുകണമെ.

വ്യാകുലയായ മാതാവേ നീ വഴിയായി ഞാൻ എ ൻെറ തമ്പുരാനെ വീണ്ടും കണ്ടെത്തട്ടെ. സ്വർഗ്ഗവാസിക ളായ മാലാഖാമാരെ പരിശുദ്ധന്മാരെ നിങ്ങളും എനിക്കു വേണ്ടി പ്രാർത്ഥിക്കണമെ. ആമ്മീൻ'' 8

---

8 മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാർത്ഥനക്രമം, op. cit. pp. 193-94

www.malankaralibrary.com



**4 മേലിൽ പാപം ചെയ്യുകയില്ലെന്നു തീർച്ചയാക്കുക:**

ശരിയായും ഫലപ്രദമായും കുമ്പസാരിക്കുന്നതിനു് വീണ്ടും പാപം ചെയ്<sup></sup>കയില്ലെന്നുള്ള അനുതാപിയുടെ തീരുമാനം ആവശ്യമാണു്. ചെയ്തുപോയ പാപങ്ങളെപ്പററി ഹൃദയത്തിൻെറ അനുതാപവും ഇപ്പോഠം അതിൽ നിന്നുള്ള വിടുതലും ഭാവിയിൽ അതിൽനിന്നു വിട്ടുനില്ക്കാനുള്ള ഒരുക്കവുമാണു് കുമ്പസാരത്തിൽനിന്നും നേടുക. ഇനി ഒരിക്കലും പാപം ചെയ്യുകയില്ലെന്നുള്ള അനുതാപിയുടെ ദൃഢനിശ്ചയം പ്രായശ്ചിത്തം അന്വേഷിക്കുന്നു. അതാണു് ഹൃദയപൂർവ്വകമായ അനുതാപത്തിൻെറ ലക്ഷണം.

**5 പട്ടക്കാരൻെറ മുമ്പാകെയുള്ള ഏററുപറച്ചിൽ:**

നിങ്ങഠം ഭൂമിയിൽ ആരുടെ പാപങ്ങഠം മോചിച്ചാലും അവ സ്വർഗ്ഗത്തിലും മോചിക്കപ്പെട്ടിരിക്കും. ആരുടെ പാപങ്ങഠം നിങ്ങഠം പിടിക്കുന്നുവോ അവ സ്വർഗ്ഗത്തിലും പിടിക്കപ്പെടും' എന്നു് നമ്മുടെ കർത്താവു് അരുളിചെയ്തിരിക്കുന്നതിനാൽ പട്ടക്കാരൻെറ അടുക്കൽ പാപങ്ങഠം ലജ്ജക്കൂടാതെ ഏററുപറയണം. പാപങ്ങഠം ഏററുപറയുന്നതിനുമുൻപു് 'മൗദ്യോന്നുസൊ' ചൊല്ലുന്നു: 'പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യൈക ദൈവത്തിൻെറ തിരുമുമ്പാകെയും ദൈവമാതാവായ വിശുദ്ധ കന്യകാമറിയത്തിൻെറയും സകല വിശുദ്ധന്മാരുടെയും വിശുദ്ധ മാലാഖമാരുടെയും മുൻപാകെയും ദൈവത്തിൻെറ പട്ടക്കാരാ, പാപങ്ങഠം മോചിപ്പാനും ബന്ധിപ്പാനും ദൈവം അങ്ങേയ്ക്കു് ഭരമേല്പിച്ചിട്ടുള്ള ആചാര്യത്വത്തിൻെറ മുമ്പാകെയും ഞാൻ എൻെറ പാപങ്ങഠം ഏററുപറയുന്നു. ഞാൻ പാപിയാകുന്നു, ഞാൻ പാപിയാകുന്നു, ഞാൻ മഹാപാപിയാകുന്നു........' [9]

---

9 മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാർത്ഥനക്രമം, op. cit, p. 195.

www.malankaralibrary.com



**6 പട്ടക്കാരൻ കല്പിക്കുന്ന പ്രായശ്ചിത്തം വിശ്വസ്തതയോടെ നിറവേററുന്നു:**

കുമ്പസാരത്തിൽ പട്ടക്കാരൻ നിർദ്ദേശിക്കുന്ന പ്രായശ്ചിത്തങ്ങൾ എളിമയോടും മനോ ദുഃഖത്തോടും കൂടി താമസം വിനാ നിറവേറേറണ്ടതാണ്. അതുപോലെ അദ്ദേഹം തരുന്ന ഉപദേശങ്ങൾ വിശ്വസ്തതയോടെ സ്വീകരിച്ച് പ്രായോഗികമാക്കേണ്ടതാണ്. കുമ്പസാരത്തിൽ കല്പിച്ചിട്ടുള്ള ആത്മദണ്ഡനങ്ങൾ ദൈവത്തിൻെറ മുമ്പാകെ കടമുള്ളതാണെന്ന് ഓർത്ത് അവ എത്രയും കർശനമായി നിറവേററണം. ഈ കാര്യത്തിൽ മനഃപൂർവ്വം വീഴ്ച വരുത്തിയാൽ പാപമോചനം ഫലമണിയാൻ പ്രയാസമാണ്.

**7 അവസാനമായി, കുമ്പസാരത്തിനു ശേഷം ദൈവത്തിന് ഹൃദയപൂർവ്വം നന്ദിപറയുക:**

ദൈവത്തിൻെറ അളവററ കരുണയെ ഓർത്ത് ദൈവത്തെ ഹൃദയം കൊണ്ടു നന്നായി സ്നേഹിക്കുവാൻ ശ്രമിക്കേണ്ടതാണ്. കുമ്പസാരത്തിൽ ലഭിച്ച കൃപ നിലനിർത്തുന്നതിനും ദൈവമുമ്പാകെ ചെയ്ത നിശ്ചയങ്ങൾ പാലിക്കുന്നതിനും വേണ്ട കൃപയും ശക്തിയും വീണ്ടും അപേക്ഷിക്കുക. ഇവിടെ സ്തോത്രപ്രാർത്ഥന ചൊല്ലുന്നു: ''മഹാ ദയാലുവായ ദൈവമേ, നീ എനിക്കു നൽകുന്ന അനുഗ്രഹങ്ങൾക്കു തക്ക സ്തോത്രം ചെയ്‌വാൻ എനിക്കു പ്രാപ്തി പോരാ. ഇതുവരെയും ഞാൻ എൻെറ പാപങ്ങളാൽ പിശാചിന് അടിമയായിരുന്നു. എന്നാൽ, ഇപ്പോൾ ഞാൻ നിൻെറ ദാസനായിരിക്കുന്നു. എൻെറ പാപകാഠിന്യത്താൽ നിത്യ നരകത്തിന് ഞാൻ അർഹനായിരുന്നു. എന്നാൽ, ഇപ്പോൾ പരമാനന്ദ സ്വർഗ്ഗഭാഗ്യത്തിനു ഞാൻ യോഗ്യനായിത്തീർന്നിരിക്കുന്നു. എൻെറ ദോഷങ്ങളാൽ ഞാൻ പിശാചിൻെറ സാദൃശ്യത്തിലായിരുന്നു. ഇപ്പോഴോ യേശുമിശിഹായുടെ തിരുരക്തത്തിൻെറ ഫലത്താൽ മാലാഖമാർക്കു തുല്യനായിരിക്കുന്നു. എൻെറ ദോഷങ്ങളുടെ ബഹുലത നിമിത്തം പാപചങ്ങലകളാൽ ഞാൻ ബ

www.malankaralibrary.com



ന്ധിക്കപ്പെട്ടിരുന്നു. ഇപ്പോൾ നിന്റെ വിശേഷ കൃപയാൽ ഞാൻ നിന്റെ സ്നേഹപുത്രരിൽ ഒരുവനായിരിക്കുന്നു

നല്ലവനായ പിതാവേ, നന്ദിയോടെ നിന്നെ ഞാൻ സ്തുതിച്ചാരാധിക്കുന്നു. നിന്നെ സ്തുതിച്ച് സ്തോത്രം ചെയ്യുവാൻ എന്റെ ആയുസ്സിനെ ഞാൻ നിനക്കു സമർപ്പിക്കുന്നു.

ദൈവമാതാവും സകല പരിശുദ്ധന്മാരും സകല മാലാഖമാരുമേ, എനിക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെ ആമീൻ.''10

**കുട്ടികളുടെ ആദ്യ കുമ്പസാരം:—**

ആദ്യ കുമ്പസാരത്തിനു കുട്ടികളെ ഒരുക്കുന്നവർ ഹൃദയ നൈർമ്മല്യമുള്ളവരും കുട്ടികളോട് വാത്സല്യമുള്ളവരുമായിരിക്കണം. വി: കുർബാന കൂടെക്കൂടെ ഭക്തിപൂർവ്വം സ്വീകരിക്കുന്നവർ ഈ കൃത്യം നിർവ്വഹിക്കുന്നതാണ് കൂടുതൽ അനുയോജ്യം.

തിരിച്ചറിവിന്റെ പ്രായമായ കുട്ടികളെ കുമ്പസാരത്തിനു ഒരുക്കാവുന്നതാണ്. സാധാരണയായി 7 വയസെന്നു കണക്കുണ്ടെങ്കിലും സ്വന്തം കുട്ടികൾക്കു വി: കുമ്പസാരം, വി: കുർബാന എന്നീ കൂദാശകൾ സ്വീകരിക്കാൻ പ്രായമായോ എന്ന് സാധാരണയായി തീരുമാനിക്കേണ്ടതു് മാതാപിതാക്കളാണ്. സ്വന്ത കുട്ടികളുടെ ഭാവി നന്മയെ ലാക്കാക്കി മാതാപിതാക്കൾ ഈ കാര്യത്തിൽ പ്രത്യേകം താല്പര്യം കാണിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ആദ്യ കുമ്പസാരത്തിനുള്ള പരിശീലന ക്ലാസ്സുകൾ പ്രാർത്ഥനയോടു കൂടി ആരംഭിക്കയും അവസാനിപ്പിക്കുകയും വേണം. കുട്ടികളുടെ അറിവു പരിശോധിക്കാൻ പൊതുവായും വ്യക്തിപരമായും ചോദ്യങ്ങൾ ചോദിക്കാം. (ഉദാഹരണമായി: 1 എന്തിനാണു കുമ്പസാരിക്കുന്നതു് ? 2 പാപം വഴി ആരെയാണ് നാം ദ്രോഹിക്കുന്നതു് ?

10. മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാർത്ഥനക്രമം. op. cit, PP. 195–96

www.malankaralibrary.com


3 വി: കുർബാനയെപ്പററി നിങ്ങൾക്കെന്തറിയാം ? 4 എന്തിനാണ് നാം ഭക്ഷണം കഴിക്കുന്നത് ? 5 വളർന്നു വലുതാകുവാൻ വി: കുർബാന നമ്മെ സഹായിക്കുമോ ? തുടങ്ങിയ സന്ദർഭോചിത ചോദ്യങ്ങൾ....)

## വിശദീകരണം:

വി: കുർബാന സ്വീകരിക്കുന്നതിനു് നാം ഒരുക്കമുള്ളവരായിരിക്കണം. തെററിൽ വീണവർ ഒരുങ്ങുന്നത് കുമ്പസാരം വഴിയാണ്. നാം തെററിൽ നിപതിക്കുന്നതുമൂലം പാപികളാണ്. ദൈവത്തിൻെറ മുമ്പിൽ ആരും പരിശുദ്ധരല്ല. പരിശുദ്ധരായിത്തീരാൻ വി. കുർബാന നമ്മെ സഹായിക്കുന്നു. അങ്ങനെയാണ് നാം വളർന്നു വലുതാകുന്നതു്. വി. കുർബാനയിൽ നാം യേശുക്രിസ്തുവിനെയാണ് സ്വീകരിക്കുന്നത്. നമ്മുടെ ഹൃദയത്തിൻെറ രാജാവാണ് ക്രിസ്തു. രാജാവിൻെറ വരവിനായി നാം നമ്മുടെ ഹൃദയത്തെ ഒരുക്കണം. കുമ്പസാരം വഴിയാണ് നാം ഒരുങ്ങേണ്ടതു്. എങ്ങനെ കുമ്പസാരിക്കണം ? (മുകളിൽ കണ്ട 7 കാര്യങ്ങൾ ചുരുക്കമായി ഇവിടെ പ്രതിപാദിക്കാം.) ദൈവത്തിനും മനുഷ്യർക്കും എതിരായ ദ്രോഹങ്ങളെല്ലാമാണ് തെററുകളും കുററങ്ങളും. അവയാണ് പാപങ്ങൾ.

ദൈവകല്പനകൾ എത്രയുണ്ടു് ? ഏതെല്ലാം ? യേശുവിൻെറ ഏററവും പ്രധാന കല്പനയേതു് ? പരസ്നേഹം. നാം അന്യോന്യം സ്നേഹിക്കണം. ദൈവത്തെപ്രതിവേണം നാം മററുള്ളവരെ സ്നേഹിക്കുവാൻ. മററുള്ളവരിൽ നിന്നു് എന്തെങ്കിലും പ്രതീക്ഷിച്ചായിരിക്കരുതു് ഈ സ്നേഹിക്കൽ. നമുക്കുള്ള നല്ല സാധനങ്ങൾ മററുള്ളവർക്ക് കൊടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന സ്നേഹം.

സ്നേഹത്തിൽ വളരാൻ നാം എന്താണു ചെയ്യേണ്ടതു്? (കുട്ടികൾ ചർച്ചചെയ്യട്ടെ) വി: കുർബാന നാം സ്വീക

www.malankaralibrary.com



രിക്കുന്നതു് സ്നേഹത്തിൽ വളരാനാണു്. സ്നേഹത്തിൽ വളരുന്നവരാണു് വലിയ ആളുകളായിത്തീരുന്നതും ....

## പഠിച്ചിരിക്കേണ്ട പ്രാർത്ഥനകൾ:–

1. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കു് ആവശ്യമുള്ള അപ്പം ഇന്ന ഞങ്ങൾക്ക തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ, ദുഷ്ടനിൽനിന്ന ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമീൻ.

2. നന്മനിറഞ്ഞ മറിയമെ, നിനക്ക സ്വസ്തി. കർത്താവു നിന്നോടു കൂടെ. നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു. വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്ക വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണ സമയത്തും തമ്പുരാനോടു അപേക്ഷിച്ചുകൊള്ളണമെ. ആമീൻ

3. മനസ്താപപ്രകരണം:

'എല്ലാ വസ്തുക്കളേക്കാൾ സ്നേഹയോഗ്യനായ എന്റെ സർവ്വേശ്വരാ, നിനക്കെതിരായി ഞാൻ പാപം ചെയ്തതിനാൽ ദുഃഖിക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ ഞാൻ മലിനമാക്കിയതിനാലും സ്വർഗ്ഗഭാഗ്യം നഷ്ടമാക്കി നരകത്തിന ഞാൻ യോഗ്യനായതിനാലും ഖേദിക്കുന്നു. നിന്റെ വരപ്രസാദത്തിന്റെ സഹായത്താൽ ഇനിമേൽ പാപം ചെയ്കയില്ലെന്ന ഞാൻ നിശ്ചയിച്ചു് പാപഹേതുക്കളെല്ലാം ഉപേക്ഷിക്കുന്നു. ഇനിയും ഏതെങ്കിലും പാപം ചെയ്യുന്ന

www.malankaralibrary.com



തിനു മുൻപു മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു. എന്നെ അനുഗ്രഹിക്കണമെ. ആമീൻ [11]

4. സ്നേഹപ്രകരണം:

'മാൻ നീർത്തോട്ടുകൾക്കായി കാംക്ഷിക്കുന്നതു പോലെ ദൈവമേ എന്റെ ആത്മാവ് നിനക്കായി ആഗ്രഹിക്കുന്നു. ദരിദ്രരുടെ നിക്ഷേപമേ, എന്റെ ദാരിദ്ര്യത്തെ നീക്കുവാൻ എഴുന്നള്ളി വരണമെ. രോഗികളുടെ ആശ്വാസമേ, എന്റെ രോഗപീഡകളെ തീർക്കുവാൻ എഴുന്നെള്ളി വരിക. ബലഹീനരുടെ ബലമേ, എന്നെ ശക്തിപ്പെടുത്തുവാൻ എഴുന്നെള്ളി വരിക. കർത്താവെ എന്റെ ആത്മാന്ധകാരത്തെ നീക്കണമെ. എന്റെ വിശപ്പു തീർക്കണമെ. എന്റെ ദാഹം ശമിപ്പിക്കണമെ. നിന്റെ സ്നേഹമാതാവിലും സകല വിശുദ്ധന്മാരിലും ഉണ്ടായിരുന്ന ഭക്തി തീഷ്ണത എനിക്കും നൽകണമെ.

പരിശുദ്ധാത്മാവായ ദൈവമേ ഈ ദിവ്യകൂദാശയെ യഥായോഗ്യം സ്വീകരിപ്പാനും അതിന്റെ നന്മയെ പ്രാപിപ്പാനും എന്റെ ബോധത്തെ പ്രകാശിപ്പിക്കുകയും എന്റെ ഹൃദയത്തെ വിശുദ്ധീകരിക്കയും ചെയ്യണമെ'. [12]

5. വിശ്വാസപ്രമാണം:

സർവ്വശക്തിയുള്ള പിതാവായി........' [13]

('ദൈവമേ നിന്റെ കൃപയിൻപ്രകാരം' എന്നു തുടങ്ങുന്ന 51-ാം മസുമൂറാ കുട്ടികൾ ഹൃദിസ്ഥമാക്കുന്നതു കൊള്ളാം. അതുപോലെ കുമ്പസാരത്തിനു മുൻപും പിൻപും കർബാന സ്വീകരണത്തിനു മുൻപും പിൻപും കുട്ടികൾ പാലിക്കേണ്ട കാര്യങ്ങളും കുട്ടികൾ മനസ്സിലാക്കിയിരിക്കണം).

11. മലങ്കര സുറിയാനി കത്തോലിക്കരുടെ ആരാധനക്രമം, op. cit, p. 195.
12. മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാത്ഥനക്രമം, op. cit, p. 198
13. Ibidem p. 8–9

www.malankaralibrary.com

## അദ്ധ്യായം അഞ്ചു്

# രോഗികളുടെ തൈലാഭിഷേകം

വിശുദ്ധ സഭയിൽ മനുഷ്യരക്ഷാർത്ഥം ക്രിസ്തു സ്ഥാപിച്ച അദൃശ്യവരപ്രസാദത്തിന്റെ ദൃശ്യ അടയാളമാണു് കൂദാശ. മാമോദീസാ, മൂറോനഭിഷേകം, കുമ്പസാരം, കുർബാന, പട്ടത്വം, വിവാഹം, രോഗികളുടെ തൈലാഭിഷേകം എന്നീ കൂദാശകളിൽ അഞ്ചെണ്ണം പൊതുവേ സകല വിശ്വാസികളും പട്ടത്വം, വിവാഹം ഇവ അതു് അഭികാമ്യം എന്നു തോന്നുന്നവരും സ്വീകരിക്കുന്നു. ഓരോ കൂദാശയും വ്യതിരിക്തങ്ങളായ ദാനങ്ങൾ പ്രദാനം ചെയ്യുന്നുണ്ടു്. രോഗിക്കു് ആത്മീയ സഹായവും ദൈവം അനുവദിക്കുന്ന പക്ഷം ശാരീരികാരോഗ്യവും ലഭിക്കുന്നതിനു് പുരോഹിതൻ പ്രാർത്ഥനയോടെ രോഗിയുടെ മേൽ വി: തൈലം പൂശുന്ന കൂദാശയാണു് രോഗികളുടെ തൈലാഭിഷേകം.

മനുഷ്യൻ രോഗബാധിതനാകുക സ്വാഭാവികമാണു്. പ്രവർത്തന നിരതനായ മനുഷ്യൻ രോഗാവസ്ഥയിൽ പ്രവർത്തനരഹിതനും അസ്വസ്ഥനും ആയി കാണപ്പെടുന്നു. രോഗം മൂർച്ഛിക്കുമ്പോൾ രോഗിയെപ്പോലെ ബന്ധുക്കളും അസ്വസ്ഥരാകുന്നു. ഇതിൽനിന്നും രോഗം രോഗികളെയും അരോഗദൃഢഗാത്രരെയും ഒന്നുപോലെ അസ്വസ്ഥരാക്കുന്ന ഒരു പ്രതിഭാസമാണെന്നു ഗ്രഹിക്കാം. ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ പരസ്പരം പ്രാർത്ഥിക്കുവിൻ എന്നു് യാക്കോബ്ബ് ശ്ലീഹായും (5:16) പരസ്പരം ഭാരം വഹിക്കുവിൻ എന്നു് വിശുദ്ധ പൗലോസും (ഗലാ 6:2) ഉപദേശിക്കുന്നു.

www.malankaralibrary.com



സൗഹൃദം ഇഷ്ടപ്പെടുന്നവനാണ് മനുഷ്യൻ. സുഹൃത്ബന്ധങ്ങളുടെ വലയം വിസ്തൃതമാക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി പരിശ്രമിക്കുന്നു. പക്ഷേ ഏകാന്തതയാണ് പലപ്പോഴും അനുഭവപ്പെടുന്നത്. താൻ ഏകാന്തപഥികനാണ് എന്ന ചിന്ത രോഗാവസ്ഥയിൽ അവനെ കാർന്നു തിന്നുന്നു. എന്നാൽ മനുഷ്യനെ ഒരിക്കലും വിട്ടുപിരിയാത്തതും എപ്പോഴും സ്നേഹിക്കുകയും രക്ഷാമാർഗ്ഗത്തിലൂടെ അവനെ നയിക്കുകയും ചെയ്യുന്ന ഒരു സുഹൃത്താണ് യേശുക്രിസ്തു. അവിടുന്നു കൂടെയുള്ളപ്പോൾ രോഗങ്ങൾക്കു സൗഖ്യവും വേദനകൾക്കു ശമനവും ലഭിക്കുന്നു. ഈ ബോധ്യം രോഗികളിൽ ഉളവാക്കി ശാരീരികവും മാനസികവുമായ അവൻെറ സുഖപ്രാപ്തി കൈവരുത്തുകയെന്നുള്ളതാണ് രോഗീലേപനത്തിൻെറയും തൃപ്പാഥേയത്തിൻെറയും ഉദ്ദേശം.

പാശ്ചാത്യസഭയിൽ രണ്ടാം വത്തിക്കാൻ സൂനഹദോസിനു മുമ്പുവരെ 'അന്ത്യകൂദാശ', 'അന്ത്യലേപനം', 'ഒടുവിലത്തെ ഒപ്രുശുമാ' എന്നീ പേരുകളിലാണ് 'രോഗികളുടെ തൈലാഭിഷേകം' എന്ന കൂദാശ അറിയപ്പെട്ടിരുന്നത്. രോഗി അത്യാസന്നനിലയിലാകുമ്പോൾ സ്വീകരിക്കുന്ന കൂദാശ ആകയാലാവാം ഇപ്രകാരം വിളിച്ചിരുന്നത്. ഇപ്പോൾ 'രോഗീലേപനം' എന്ന പേരാണ് പ്രയോഗത്തിലുള്ളത്. മലങ്കര ആരാധനക്രമത്തിൽ പരമ്പരാഗതമായി ഉപയോഗിച്ചു കാണുന്നത് 'രോഗികളുടെ തൈലാഭിഷേകം' എന്ന പേരാണ്. മരണാസന്നർക്ക് മാത്രമുള്ള കൂദാശയായിട്ടല്ല വിശ്വാസികൾ ഇതിനെ ദർശിക്കുന്നത്. പക്ഷേ ഒരുവൻ രോഗമോ വാർദ്ധക്യമോ നിമിത്തം അത്യാസന്നനിലയിലെത്തിയാൽ വിശുദ്ധ തൈലാഭിഷേകം അവശ്യം നടത്തേണ്ടതാണെന്ന് വിശ്വാസികൾ കരുതിയിരുന്നു. ആദ്യ നൂറ്റാണ്ടുകളിൽ 'രോഗികളുടെ തൈലാഭിഷേകം' ഇന്നത്തേതുപോലെ അത്ര വ്യവസ്ഥാപിതമായ രീതിയിലായിരുന്നില്ല. കൂദാശ ചെയ്ത അഥവാ ആശീർവദിച്ച എണ്ണ പള്ളിയിൽനിന്നും

www.malankaralibrary.com



വീടുകളിൽ കൊണ്ടുപോയി ഭദ്രമായി സൂക്ഷിക്കുകയും ആവശ്യം വരുമ്പോഴം രോഗീലേപനത്തിനായി അതു് ഉപയോഗിക്കുകയുമായിരുന്നു പതിവു്.

## തൈലാഭിഷേകം വിശുദ്ധ ഗ്രന്ഥത്തിൽ

ക്രിസ്തുനാഥൻ പാലസ്തീനാ മുഴുവൻ ചുററിനടന്നു് സുവിശേഷം പ്രസംഗിക്കുകയും നിരവധി രോഗികളെ സുഖപ്പെടുത്തുകയും ചെയ്തതായി വേദപുസ്തകം സാക്ഷിക്കുന്നു. മാത്രമല്ല ക്രിസ്തു തൻെറ ശിഷ്യന്മാർക്കു് അശുദ്ധാത്മാക്കളെ ബഹിഷ്ക്കരിക്കുവാനും എല്ലാവിധ രോഗികളെയും വ്യാതിതരെയും സുഖപ്പെടുത്തുവാനും വേണ്ട അധികാരം നല്കുന്നതായും വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നു (Mt: 10:1). അതനുസരിച്ചു് ശിഷ്യന്മാർ പിശാചുക്കളെ ബഹിഷ്ക്കരിക്കുകയും നിരവധി രോഗികളെ തൈലം പൂശുകയും സുഖമാക്കുകയും ചെയ്തു (Mt. 6: 13). അപ്പസ്തോലനായ വി: യാക്കോബുശ്ലീഹായും തൻെറ ലേഖനത്തിൻെറ അവസാനഭാഗത്തു് രോഗീലേപനത്തെക്കുറിച്ചും അതുവഴി ലഭ്യമാകുന്ന ദാനങ്ങളെ സംബന്ധിച്ചും വിവരിക്കുന്നുണ്ടു്. "നിങ്ങളിൽ ആരെങ്കിലും രോഗി ആയിരിക്കുന്നുവെങ്കിൽ സഭയിലെ പ്രമാണികളെ വിളിക്കട്ടെ. അവർ കർത്താവിൻെറ നാമത്തിൽ അവനെ തൈലംകൊണ്ടു പൂശുകയും അവൻെറമേൽ പ്രാർത്ഥന നടത്തുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ ഈ പ്രാർത്ഥന രോഗിയെ രക്ഷിക്കും. കർത്താവു് അവനെ എഴുന്നേൽപ്പിക്കും. പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനു പൊറുതിയും ലഭിക്കും" (5:14-15). സുഖക്കേടു പാപത്തിൻെറ ഫലമാകയാൽ ക്രിസ്തുവിൻെറ നാമത്തിൽ നടത്തുന്ന തൈലാഭിഷേകം മുഖേന രോഗി രോഗവിമുക്തനാകും. അതായതു് പാപത്തെയും മരണത്തെയും കീഴടക്കിയ ക്രിസ്തുവിൽ അവൻ പങ്കാളിയായിത്തീരുന്നു. പ്രത്യക്ഷമായ രോഗശാന്തി മുഖേനയോ മരണത്തെ നേരിടുന്നതിനുവേണ്ട ശക്തി ആർജ്ജിച്ചുകൊണ്ടോ. "സഭയിലെ പ്രമാ

www.malankaralibrary.com



ണികളെ'' എന്നതുകൊണ്ടു് ഇവിടെ അൎത്ഥമാക്കുന്നതു് സഭയിലെ പുരോഹിതന്മാരെയാണു്. അവരാണല്ലോ സഭാമക്കൾക്കുവേണ്ടി പ്രാൎത്ഥിക്കുവാൻ ഔദ്യോഗികമായി നിയോഗിക്കപ്പെട്ടവർ. ശ്ലീഹന്മാരുടെ മേല്പറഞ്ഞ പഠനത്തിനനുസരിച്ചു് എല്ലാ സഭകളിലുമെന്നപോലെ പാശ്ചാത്യ സുറിയാനി സഭയിലും (അന്ത്യോക്യൻ സഭ) അതേ ആരാധനക്രമവും പാരമ്പര്യവും ഉള്ള മലങ്കര സഭയിലും രോഗികളുടെ തൈലാഭിഷേകം ഒരു കൂദാശയായി അംഗീകരിച്ചുപോരുന്നു. ഈ കൂദാശയുടെ പ്രാധാന്യം, പൗരാണികത്വം ദൈവശാസ്ത്രസമ്പത്തു്, പ്രതീകാത്മകത്വം എന്നിവയാണു് തുടൎന്നുള്ള ചൎച്ചാവിഷയം.

## രോഗികളുടെ തൈലാഭിഷേകം ആദിമ നൂററാണ്ടുകളിൽ

സഭാപിതാക്കന്മാരിൽ പലരും രോഗികളുടെ തൈലാഭിഷേകത്തെക്കുറിച്ചു് അവരുടെ കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. അവരിൽ ചിലരുടെ സാക്ഷ്യങ്ങൾ നമുക്കു പരിശോധിക്കാം.

ഒലിവെണ്ണയുടെ നാനാവിധമായ ഉപയോഗങ്ങൾ വിവരിക്കുമ്പോൾ അഫ്രാററസു് (+ 367) പറയുന്നുണ്ടു്. രോഗികൾക്കു് എന്നപോലെ പാപികളുടെ മാനസാന്തരത്തിനും ഈ എണ്ണ ഉപയോഗിച്ചിരുന്നെന്നു്. "വെണ്മയുള്ള ഒലിവെണ്ണ ധാരാളം ഫലങ്ങളെ പുറപ്പെടുത്തുന്നു; ജീവന്റെ കൂദാശയുടെ അടയാളം അതിലുണ്ടു്; അതു് ക്രിസ്ത്യാനികളെ, പുരോഹിതരും രാജാക്കളും പ്രവാചകരും ആയി മാററുന്നു; അതു് അന്ധകാരത്തെ പ്രകാശമാനമാക്കുകയും രോഗിയെ അഭിഷേകം ചെയ്യുകയും ചെയ്യുന്നു: അതിൽ അന്തൎലീനമായ കൗദാശികത അനുതാപിയെ ദൈവത്തിങ്കലേക്കു പിന്തിരിപ്പിക്കുന്നു........''1. എഡേസായിലെ യാക്കോബു് (633–708) അപ്പസ്തോല

1. Demonstrations, Patrologia Syriaca 2,6.

www.malankaralibrary.com



ന്മാരുടെ പാരമ്പര്യമായിട്ടാണ് രോഗികളുടെ തൈലാഭിഷേകത്തെ കാണുന്നത്. അദ്ദേഹം ഉപദേശിക്കുന്നു: പുരോഹിതൻ കർത്താവിൻെറ നാമത്തിൽ രോഗിയെ വിശുദ്ധതൈലം കൊണ്ടു പൂശി അവനെ സുഖപ്പെടുത്തട്ടെ''[2]. ക്രിസ്തുവിൻെറ രക്ഷാകര പ്രവർത്തനങ്ങളും ശിഷ്യർക്കു കിട്ടിയ അധികാരവും (മത്താ. 10:1) ശിഷ്യന്മാർ രോഗികളെ തൈലം പൂശി സുഖപ്പെടുത്തിയതും (മർക്കോ.6.13) യാക്കോബ് ശ്ലീഹായുടെ പ്രബോധനങ്ങളും എല്ലാം ശരിക്കു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് എഡേസായിലെ യാക്കോബ് ഉപദേശിക്കുന്നതു് ക്രിസ്തുവിൻെറ പ്രതിനിധികളായ പുരോഹിതർ രോഗികളെ തൈലംപൂശി സുഖപ്പെടുത്തട്ടെ എന്നു്.

വിശുദ്ധ യാക്കോബ് ശ്ലീഹായുടെ ലേഖനഭാഗം (യാക്കോ.5:14–15) ഉദ്ധരിച്ചുകൊണ്ടു് ആറാം നൂററാണ്ടിൽ ജീവിച്ചിരുന്ന അന്ത്യോക്യായിലെ സേവേറിയൂസ് രോഗികളുടെ തൈലാഭിഷേകത്തെപ്പററി പ്രതിപാദിക്കുന്നുണ്ടു്. ''വിശുദ്ധ തൈലം പൂശുന്നതുമൂലം രോഗി അയാളുടെ രോഗത്തിൽനിന്നു മാത്രമല്ല അയാളുടെ എല്ലാ പാപങ്ങളിൽനിന്നും വിമോചിതനാകുന്നു''[3]. തൈലാഭിഷേക കർമ്മത്തോടൊപ്പം പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥനകൾ ഈ കൂദാശയുടെ ഉദ്ദേശത്തെ വ്യക്തമാക്കുന്നുണ്ടു്, അതായതു് രോഗശാന്തിയും പാപമോചനവും.

9–ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ബർ കേഫായുടെ (815–903) അഭിപ്രായത്തിൽ വിശുദ്ധ തൈലം രോഗിയെ സുഖപ്പെടുത്തുകമാത്രമല്ല രോഗമുറിവുകളെ വെടിപ്പാക്കി ശുദ്ധീകരിക്കയും ചെയ്യുന്നു. അതുപോലെ തൈലം പൂശൽ എന്ന പ്രക്രിയ അല്ല രോഗത്തെ ശമിപ്പിക്കു

2. C. Kayer, Die Canones Jacob's Von Edesa, Leipzig (1886) 14, P. 17.
3. Patrologia Orientalis, XX, P. 320-21.

www.malankaralibrary.com



ന്നതും അഥവാ ഇല്ലാതാക്കുന്നതും; പ്രത്യേത വാഴ്ത്തപ്പെട്ട തൈലം തന്നെയാണ് രോഗവിമുക്തിക്കു കാരണം[4]. തൈലം അഥവാ എണ്ണ മുറിവുകളെ സുഖപ്പെടുത്താൻ ഉപയോഗിച്ചിരുന്നതായി വേദപുസ്തകത്തിൽ നാം കാണുന്നുണ്ടു് (ലൂക്കോ. 10:34). എന്നാൽ കേവലം തൈലലേപനമല്ല ഈ കൂദാശ സ്വീകരണത്തിൽ രോഗശാന്തിക്കടിസ്ഥാനം. പിന്നെയോ "ക്രിസ്തുവിൻെറ നാമത്തിൽ വാഴ്ത്തപ്പെട്ട തൈലം, ആരോഗ്യസംദായകമാണു്" എന്ന യാഥാത്ഥ്യം ബാർ കേഫാ വ്യക്തമാക്കുകയാണു്.

വിശുദ്ധ യാക്കോബ് ശ്ലീഹായുടെ ലേഖനഭാഗം (5:14–15) വിശദീകരിച്ചുകൊണ്ടു് ബാർ സലീബി (+ 1174) പറയുന്നു. 'ഒരുവൻ ക്ഷീണിതനോ രോഗിയോ ആണെങ്കിൽ അവനുവേണ്ടി പുരോഹിതൻ പ്രാത്ഥിക്കുകയും അവൻെറമേൽ തൈലം പൂശുകയും ചെയ്യട്ടെ. തന്മൂലം അയാൾ ശാരീരികവും ആത്മീയവുമായ രോഗത്തിൽനിന്നും വിമുക്തനാകുകയും പാപത്തിൽനിന്നു് മോചിക്കപ്പെടുകയും ചെയ്യും.'[5] മരണാസന്നർക്കു മാത്രം നല്കേണ്ട ഒരു കൂദാശയല്ല തൈലാഭിഷേകമെന്നും ശാരീരിക രോഗത്തിനെന്നപോലെതന്നെ ആദ്ധ്യാത്മിക രോഗത്തിനും ഇതുമൂലം ശാന്തിയുണ്ടാകുമെന്നും ബാർ സലീബി പഠിപ്പിക്കുന്നു. തന്മൂലം ഈ കൂദാശ സ്വീകരണത്തിനു് വിശ്വാസികൾ ആനന്ദപൂർവ്വം അണയേണ്ടതാണു്.

രോഗികളുടെമേൽ കൈവച്ച് പ്രാത്ഥിക്കുന്നതിനുള്ള കടമയെപ്പററി അസ്സുമാനിയും (1710–1782) പറയുന്നുണ്ടു്. അതിനുള്ള ക്രമവും അദ്ദേഹംതന്നെ നൽകുന്നു.[6]

മേൽവിവരിച്ച പിതാക്കന്മാരുടെ സാക്ഷ്യങ്ങളിൽ

---

4. Cfr. Trakat uber das hl. Myron Hdschr C. fol. 115–31.
5. Cfr. I. Sedlacek, D. B. S., In Apocalypsin, Actus et Eopistolas, C. Ser. Rome, SerII, t. c I (1950), p. 101.
6. Cfr. Codex liturgicus.

www.malankaralibrary.com



നിന്നും 'രോഗികളുടെ തൈലാഭിഷേകം' ആദ്യ നൂററാണ്ടു മുതൽ അനുസ്യൂതം സഭയിൽ തുടർന്നു പോരുന്ന ഒരു പ്രക്രിയ ആണെന്നും വിശ്വാസികൾ അതിനെ ഒരു വിശുദ്ധ രഹസ്യം അല്ലെങ്കിൽ കൂദാശയായി കരുതിയിരുന്നു എന്നും കാണാവുന്നതാണ്.

## രോഗീലേപനതൈലം

രോഗികളുടെ തൈലാഭിഷേകത്തിനുള്ള തൈലം ആശീർവദിക്കുന്ന ക്രമവും അതുകൊണ്ടുള്ള അഭിഷേകവും ആദ്യനൂററാണ്ടുകളിൽ വ്യത്യസ്ത രീതിയിലും രൂപത്തിലും ആയിരുന്നുവെന്നു കണ്ടു. വിവിധ സംസ്കാരങ്ങളും പരിതസ്ഥിതികളും പാരമ്പര്യങ്ങളുമാണ് ഈ വൈവിദ്ധ്യങ്ങൾക്കു കാരണമെന്നു സമ്മതിക്കാതെ തരമില്ല.

ആദിമനൂററാണ്ടുകളിൽ രോഗികളുടെ തൈലാഭിഷേകത്തിനുള്ള തൈലം, തൈലാഭിഷേക ശുശ്രൂഷയോടനുബന്ധിച്ച് രോഗികളുടെ ഭവനത്തിൽ വച്ചുതന്നെ കാർമ്മികൻ ആശീർവദിക്കുകയായിരുന്നു പതിവ്. ചില സ്ഥലങ്ങളിൽ വിശ്വാസികൾതന്നെ എണ്ണ പള്ളിയിൽ കൊണ്ടുവരികയും വിശുദ്ധ കുർബാനയുടെ അവസാനത്തിൽ പ്രസ്തുത എണ്ണ കാർമ്മികൻ ആശീർവദിക്കുകയും പിന്നീട് അതു വീട്ടിൽ കൊണ്ടുപോയി രോഗീലേപനം നടത്തുകയും ചെയ്തിരുന്നു. ഹിപ്പോളിററസിൻെറ 'അപ്പസ്തോലിക പാരമ്പര്യം', വിശുദ്ധ കുർബാനയിൽ അന്നാഫൂറായുടെ അവസാന ഭാഗത്ത് രോഗീലേപനത്തിനുള്ള തൈലം മെത്രാൻ ആശീർവദിച്ചിരുന്നതായി സാക്ഷിക്കുന്നു. വർഷത്തിലൊരിക്കൽ തൈലം ആശീർവദിക്കുന്ന രീതി അക്കാലത്ത് പ്രാബല്യത്തിൽ ഇല്ലായിരുന്നു. അതുപോലെ രോഗീലേപനതൈലം ആദ്യകാലങ്ങളിൽ വൈദികരും ആശീർവദിച്ചിരുന്നു, പ്രത്യേകിച്ചും പൗരസ്ത്യസഭയിൽ. എങ്കിലും കാലക്രമേണ തൈലാശീർവാദം മെത്രാൻെറ അധികാരസീമയിൽ നിക്ഷിപ്തമായി.

www.malankaralibrary.com



ഹിപ്പോളിററസിൻെറ 'അപ്പസ്തോലിക പാരമ്പര്യത്തിൽ' തൈലാശീർവാദത്തെക്കുറിച്ച് കാണുന്നതിപ്രകാരമാണ്. "തൈലാശിർവാദം നടത്തുന്നെങ്കിൽ അദ്ദേഹം (മെത്രാൻ) ആദ്യമേ കൃതജ്ഞതാർപ്പണം നടത്തട്ടെ, വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും സമർപ്പിക്കുന്നതുപോലെ. എന്നാൽ അതേ പ്രാത്ഥന അക്ഷരംപ്രതി ആവർത്തിക്കുകയല്ല വേണ്ടതു് പ്രത്യുത അതേ അരൂപിയിൽ പ്രാത്ഥിക്കട്ടെ:— ഈ തൈലത്തെ വിശുദ്ധീകരിക്കുന്ന ദൈവമേ ഇതിനാൽ അഭിഷേകം ചെയ്യപ്പെടുന്നവർ വിശുദ്ധീകരിക്കപ്പെടണമേ. വിശുദ്ധ തൈലത്തിൻെറ അഭിഷേകം മൂലം രാജാക്കന്മാരെയും പ്രവാചകരെയും പുരോഹിതരെയും അവിടുന്നു വിശുദ്ധീകരിച്ചതുപോലെ ഈ തൈലത്താൽ പൂശപ്പെടുന്ന ഏവരും ശക്തിയും ആരോഗ്യവും വീണ്ടെടുക്കാൻ ആവശ്യമായ അനുഗ്രഹം അങ്ങു പ്രദാനം ചെയ്യണമെ. [7]

രോഗീലേപന ആശീർവാദത്തിനുള്ള ഏററവും പുരാതനമായ ഒരു ഫോർമുല (ആശീർവാദപ്രാത്ഥന) 'ഡിഡാക്കേ' എന്ന അപ്പസ്തോലിക രേഖയിൽ കാണുന്നതു് താഴെ ചേർക്കുന്നു: "തൈലത്തെ സംബന്ധിച്ചിടത്തോളം ഇപ്രകാരം പ്രാത്ഥിക്കുക: പിതാവായ ദൈവമേ, ക്രിസ്തുമുഖേന അങ്ങു് ഞങ്ങാംക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ള ഈ തൈലത്തിനു് അങ്ങേയ്ക്കു് ഞങ്ങാം നന്ദി പറയുന്നു. എല്ലാക്കാലവും അങ്ങേയ്ക്കു് സ്തുതിയുണ്ടായിരിക്കട്ടെ. ആമീൻ" [8].

## കാർമ്മികൻ

ആദിമ നൂററാണ്ടുകളിൽ മെത്രാൻ അല്ലെങ്കിൽ പുരോഹിതൻ ആശീർവദിച്ച തൈലം വിശ്വാസികാം വീട്ടിൽ

7. Cfr. Poschmann, B., Handbuch der Dogmengeschichte, IV, 3 Busse und letzte Olung, Freiburg, 1951: ed. and tr. by G. Dix, p. 10.
8. Poschmann, B., Op. Cit., IV, 127.

www.malankaralibrary.com



കൊണ്ടുപോയി രോഗീലേപനം നടത്തിയിരുന്നതായി കണ്ടുകഴിഞ്ഞു. അന്നു് വിശ്വാസികരം തന്നെയാണു് (രോഗിയോ രോഗിയുടെ ബന്ധുക്കളോ) കാർമ്മികരായി വർത്തിച്ചിരുന്നതു്. എന്നാൽ യാക്കോബിന്റെ ലേഖനത്തിൽ സഭയിലെ പ്രമാണികളെ എന്നതുകൊണ്ടു് സഭയുടെ പ്രതിനിധികളെ അഥവാ പുരോഹിതന്മാരെ ആണല്ലോ ഉദ്ദേശിച്ചിരിക്കുന്നതു്. ഇന്നു മററു കൂദാശകളിലെന്നപോലെ 'രോഗികളുടെ തൈലാഭിഷേകം' എന്ന കൂദാശയുടെയും സാധാരണ കാർമ്മികൻ പുരോഹിതനാണു്. മലങ്കര ആരാധനക്രമമനുസരിച്ചു് പുരോഹിതൻ രോഗിയുടെമേൽ വിശുദ്ധതൈലം പൂശുകയും അയാളുടെ ശാരീരികവും ആത്മീയവുമായ രോഗശാന്തിക്കുവേണ്ടി പ്രാത്ഥിക്കുകയും ചെയ്യുന്നു. തദവസരത്തിൽ രോഗിയുടെ കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും ശുശ്രൂഷയിൽ സംബന്ധിച്ചു് കാർമ്മികനോടൊപ്പം രോഗിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

## തൈലാഭിഷേകത്തിന്റെ പ്രതീകാത്മകത്വം

അദൃശ്യമായ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന ദൃശ്യ അടയാളങ്ങളാണല്ലോ പ്രതീകങ്ങരം. ഇങ്ങനെയുള്ള പ്രതീകങ്ങരം ധാരാളമായി മലങ്കര ആരാധനക്രമത്തിലുണ്ടു്. വിശുദ്ധ കൂദാശകരം തന്നെ ഇങ്ങനെയുള്ള പ്രതീകങ്ങളാണു്: അദൃശ്യമായ പ്രസാദവരം ചൊരിയുന്ന ദൃശ്യമായ അടയാളങ്ങളാണവ. കൂദാശാനുഷ്ഠാനങ്ങരംക്കു് ഉപയോഗിക്കുന്ന വസ്തുക്കരം ഓരോന്നിനും പ്രതീകാത്മകമായ അർത്ഥമുണ്ടു്. രോഗീലേപന കൂദാശയിൽ ഉപയോഗിക്കുന്ന വസ്തു പ്രധാനമായും ആശീർവദിക്കപ്പെട്ട ഒലിവെണ്ണയാണു്. തെർത്തുല്യൻ (160–220 A. D.) പറയുന്നു, ''വിശുദ്ധതൈലം കൊണ്ടു് രോഗി പൂശപ്പെട്ടപ്പോരം അയാളുടെ ആത്മാവു് പവിത്രീകരിക്കപ്പെടുന്നു''

www.malankaralibrary.com



എന്നു[9]. തൈലം മുറിവുകൾ സുഖപ്പെടാൻ പര്യാപ്തമാണു് എന്ന യാഥാർത്ഥ്യം പലരും മനസ്സിലാക്കിയിരുന്നു. എന്നാൽ രോഗിക്കു് ശക്തിയും ഓജസ്സും അതു പ്രദാനം ചെയ്യുന്നു എന്നതും ഒരു യാഥാർത്ഥ്യമാണു്. ഈ ചിന്താഗതിയുടെ ബഹിർസ്ഫുരണമാണു് മുറിവിൽ എണ്ണയും വീഞ്ഞും പകർന്ന 'നല്ല സമരിയാക്കാരന്റെ' ഉപമ. തൈലാഭിഷേകം രോഗിയെ സാത്താന്റെ ആധിപത്യത്തിൽനിന്നും വഴുതി രക്ഷപെടാൻ സഹായിക്കുമെന്ന വിശ്വാസവും പൗരസ്ത്യരുടെ ഇടയിൽ നിലവിലുള്ളതായിക്കാണാം. അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ചു നടക്കുന്ന (1 പത്രോ. 5:8) പിശാചിന്റെ പിടിയിൽനിന്നും രക്ഷപെടാൻ 'ലേപന'മാകുന്ന ആയുധം സഹായിക്കുമെന്നവർ വിശ്വസിക്കുന്നു. രോഗി മിശിഹായുടെ മൗതികശരീരത്തിലെ ഒരംഗമാകയാൽ അയാളുടെ കാര്യത്തിൽ സഭാമക്കൾ മുഴുവൻ ഉൽക്കണ്ഠയും താല്പര്യവും, ശ്രദ്ധയും ഉള്ളവരാണെന്നും രോഗിയുടെ ശാരീരികവും ആദ്ധ്യാത്മികവുമായ സുസ്ഥിതിയാണു് സഭയുടെ പൊതുലക്ഷ്യമെന്നും ഉള്ള യാഥാർത്ഥ്യം ഈ വിശുദ്ധ തൈലംകൊണ്ടുള്ള പൂശൽ അല്ലെങ്കിൽ അഭിഷേകം പ്രതീകാത്മകമായി സൂചിപ്പിക്കുന്നു. രോഗിയായ ആളിനെ പലരും സന്ദർശിച്ചു് പ്രാർത്ഥനാശംസകളാൽ ആശ്വസിപ്പിക്കുന്നതും ആത്മീയോപദേശങ്ങൾ നൽകുന്നതും മേൽപറഞ്ഞ ആശയത്തെ സ്പഷ്ടമാക്കുന്നു. ഈ കൂട്ടായ്മാമനോഭാവം രോഗിക്കു് സമാധാനം നൽകുകയും സന്തോഷത്തോടുകൂടി മരണത്തെ നേരിടുന്നതിനുള്ള ഉത്തേജനവും, എല്ലാററിനുമുപരിയായി സമ്പൂർണ്ണ ദൈവാശ്രയവും പ്രദാനം ചെയ്യും എന്നതിനു് സംശയമില്ല. ചുരുക്കത്തിൽ തൈലാഭിഷേകം, പാപമോചനം അഥവാ പാപത്തിൽനിന്നുള്ള രക്ഷ, മരണത്തിന്മേലുള്ള വിജയം, നിത്യതയിലേക്കുള്ള പ്രവേശനം (യാക്കോ. 5:20) പരി

---

9. P. G. 58, 745

www.malankaralibrary.com



ശുദ്ധാത്മാവാസം എന്നിവകളുടെയെല്ലാം അടയാളമായി വർത്തിക്കുന്നു.

## തൈലാഭിഷേകം

ഒരു വ്യക്തി ഗുരുതരമായ രോഗിയായാൽ എത്രയും വേഗം രോഗിക്കു സുബോധം ഉള്ളപ്പോൾ തന്നെ തൈലാഭിഷേകം നടത്തി വിശുദ്ധ കുർബ്ബാന കൊടുക്കുന്ന പാരമ്പര്യമാണു് മലങ്കര റീത്തിൽ നിലവിലുള്ളതു്. 10 സുബോധത്തോടുകൂടി സ്വീകരിക്കുവാൻ കഴിവില്ലെങ്കിൽ രോഗിക്കു് വിശുദ്ധ കുർബാന കൊടുക്കണമെന്നില്ല. മലങ്കര ക്രമമനുസരിച്ചു്, തൈലാഭിഷേകത്തിനു മുൻപായി രോഗി കിടക്കുന്ന മുറിയിലോ അതിനു സമീപത്തോ ഒരു മേശയൊരുക്കി അതിന്മേൽ കുരിശും കുരിശിന്റെ ഇരുവശത്തും കത്തിച്ച മെഴുകുതിരികളും മേശമേൽ വി. തൈലവും ക്രമപ്പെടുത്തി വയ്ക്കണം. മേശയുടെ മുൻപിൽ കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ടാണു് ശുശ്രൂഷ ആരംഭിക്കുന്നതു്. തദവസരത്തിൽ കാർമ്മികൻ പുറംകുപ്പായവും ഹൈമ്നിയായും ധരിച്ചിരിക്കും. ദൈവത്തോടുള്ള കരുണ യാചിക്കൽ, പാപങ്ങളുടെ മോചനം, സ്വർഗ്ഗഭാഗ്യത്തിലുള്ള ആനന്ദം എന്നീ ആശയങ്ങളാണു് തൈലാഭിഷേക ശുശ്രൂഷയിലെ പ്രാർത്ഥനകളിലുടനീളം പ്രതിഫലിക്കുന്നതു്.

ക്ലേശം അനുഭവിക്കുന്നവരെ കരുണാപൂർവ്വം വീക്ഷിക്കുന്നതിനും രോഗികളെ സുഖപ്പെടുത്തുന്നതിനും മനോവ്യഥ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനുമായി പരിശുദ്ധ ത്രീത്വത്തോടു പ്രാർത്ഥിച്ചുകൊണ്ടാണു് കാർമ്മികൻ തൈലാഭിഷേക ശുശ്രൂഷ ആരംഭിക്കുന്നതു്. തുടന്നു് 6-ാം സങ്കീർത്തനം ഒന്നു മുതൽ നാലു വരെയുള്ള വാക്യങ്ങൾ ജനങ്ങളോടൊത്തു് കാർമ്മികൻ ആലപിക്കുന്നു.

---

10. Cfr: De Fontibus Juris Ecclasiastici Syro-Malankarensium, Rome (1937) No 202, p. 105.

www.malankaralibrary.com



യാമപ്രാർത്ഥനകളിലും ശുശ്രൂഷകളിലും പ്രാത്ഥനകളോടൊപ്പം സങ്കീത്തനങ്ങരം ചൊല്ലുകയെന്നതു് അന്ത്യോക്യൻ ആരാധന ക്രമത്തിന്റെ ഒരു പ്രത്യേകതയാണു്. സങ്കീർത്തനങ്ങരം അവയുടെ ഉള്ളടക്കത്തെ ആസ്പദമാക്കി വിലാപ സങ്കീത്തനങ്ങരം, കൃതജ്ഞതാ കീർത്തനങ്ങരം, ആരാധനാ കീർത്തനങ്ങരം, എന്നിങ്ങനെ പൊതുവായി തരം തിരിക്കാം. ആരാധനാ കീത്തനങ്ങരം, ദൈവസ്തുതിപ്പുകരം ഉരംക്കൊള്ളുന്നതും വിലാപ സങ്കീത്തനങ്ങരം വിപൽഘട്ടങ്ങളിൽ ദൈവത്തോടു് സഹായങ്ങരം യാചിക്കുന്നതും, കൃതജ്ഞതാസങ്കീത്തനങ്ങരം, ആപൽഘട്ടം നീങ്ങുമ്പോരം ദൈവത്തിനു് നന്ദി അല്ലെങ്കിൽ കൃതജ്ഞത അർപ്പിക്കുന്നതുമാണു്. ഈ ശുശ്രൂഷയിൽ ചൊല്ലുന്ന 6-ാം സങ്കീർത്തനം വിലാപ കീർത്തനങ്ങളിൽ ഉരംപ്പെടുന്നു. ദൈവത്തിന്റെ കാരുണ്യം തന്റെമേൽ ഉണ്ടാകുന്നതിനു് ദാവീദു് രാജാവു് യഹോവയായ ദൈവത്തോടു് കരഞ്ഞപേക്ഷിച്ചതു പോലെ, ഇപ്പോരം രോഗാവസ്ഥയിൽ ആയിരിക്കുന്ന വ്യക്തി ഈ സങ്കീത്തനത്തിലൂടെ ദൈവത്തോടു് അപേക്ഷിക്കുകയാണു്, തന്റെ മേൽ കാരുണ്യം കാണിക്കണമേയെന്നു്. ദാവീദു് പറഞ്ഞ അതേ കാരണങ്ങരം തന്നെയാണു് ഈ രോഗിക്കും പറയുവാനുള്ളതു്, ദൈവകാരുണ്യം ലഭിക്കുന്നതിനു്. അതായതു്, താൻ രോഗിയാണു്, തന്റെ അസ്ഥികരം ഇളകിയിരിക്കുന്നു; ആത്മാവു് ചഞ്ചലപ്പെട്ടിരിക്കുന്നു എന്നീ കാരണങ്ങരം. അതുകൊണ്ടു് ദൈവത്തിനു കനിവുണ്ടായി രോഗിയുടെ ആത്മാവിനെ സ്വാതന്ത്ര്യപ്പെടുത്തുകയും അയാളെ രക്ഷിക്കുകയും ചെയ്യണമെന്നു് സമൂഹം ഒന്നടങ്കം അപേക്ഷിക്കുന്നു.

സങ്കീർത്തനാലാപത്തിനെ തുടർന്നു് പ്ര്യ്രമിയോൻ, സെദറാ, എത്രോ എന്നീ പ്രാത്ഥനകരം ചൊല്ലുന്നു. അന്ത്യോക്യൻ ആരാധനക്രമമനുസരിച്ചു് മിക്കവൊറും എല്ലാ ശുശ്രൂഷകളിലും ഇത്തരം പ്രാത്ഥനകരം ഉണ്ടു്. ഈ പ്രാർ

www.malankaralibrary.com



ത്ഥനകളുടെ ഘടന എല്ലായിടത്തും ഏതാണ്ട് ഒരുപോലെ ആണെങ്കിലും അതിൽ ഉൾക്കൊള്ളുന്ന ആശയങ്ങൾ സന്ദർഭത്തിനനുസരിച്ച വ്യത്യസ്തങ്ങളായിരിക്കും. തൈലാഭിഷേക ശുശ്രൂഷയിൽ ഉപയോഗിക്കുന്ന പ്രുമിയോൻ സെദറാ, എത്രൊ എന്നീ പ്രാർത്ഥനകളുടെ ആശയം പ്രധാനമായും അനുതാപിയായ രോഗിയുടെ ശാരീരികവും ആത്മീയവുമായ രോഗശാന്തിയാണ്. പ്രാർത്ഥനകൾ ചൊല്ലുന്ന കാർമ്മികനോടൊപ്പം സഭയും കാരുണ്യവാനായ ദൈവത്തോട് രോഗിക്കു വേണ്ടി അപേക്ഷിക്കുന്നു.

അന്ത്യോക്യൻ ആരാധനക്രമത്തിന്റെ മറെറാരു സവിശേഷതയാണ് ഗാനാലാപം. എല്ലാ ശുശ്രൂഷകളിലും ഗദ്യവായനയോടൊപ്പം ഇടവിട്ട് ധാരാളം പാട്ടുകൾ സമൂഹം ഒന്നുചേർന്നു പാടുന്നു. ആരാധനയിൽ ജനങ്ങളുടെ സജീവഭാഗഭാഗിത്വത്തിന് ഇങ്ങനെയുള്ള പാട്ടുകൾ വളരെയധികം സഹായിക്കുമെന്നുള്ളതിന് സംശയമില്ല. തൈലാഭിഷേകശുശ്രൂഷയിലും മനോഹരമായ ഗാനങ്ങൾ ഉണ്ട്. വളരെ ലളിതമായ രീതിയിൽ ആലപിക്കാവുന്നതും അർത്ഥസംപുഷ്ടിയിൽ മികവുററതുമായ ഒരു ഗീതമാണ് പ്രുമിയോൻ, സെദറാ എന്നിവകൾക്കു ശേഷം വരുന്ന "കരുണക്കടലേ ഞാൻ നോക്കും........" എന്നു തുടങ്ങുന്ന പാട്ട്. കരുണാസമുദ്രമായ, സർവ്വ നന്മസ്വരൂപിയായ, ദൈവത്തിനെതിരായി പാപം ചെയ്ത് ദൈവത്തിൽ നിന്നകന്നുപോയ ഒരു പാപിയുടെ നിലവിളിയാണ് ഈ പാട്ടിൽ ധ്വനിക്കുന്നത്. തന്റെ സ്ഥിതിഗതികളും തെററുകളും കുറവുകളും കാരുണ്യവാനായ ദൈവത്തിന്റെ മുമ്പിൽ നിരത്തിവെയ്ക്കുകയും തന്റെ അപേക്ഷ സ്വീകരിച്ച് തെററുകൾക്കു മാപ്പു നൽകി സോപ്പാ കൊണ്ട് തന്നെ കഴുകി വെണ്മയാക്കുകയും ചെയ്യണമെന്ന് പാപി അപേക്ഷിക്കുന്നു. ആ പാപിയോടൊന്നു ചേർന്ന് സമൂഹം മുഴുവനും അവന്റെ പാപപ്പൊറുതിക്കു വേണ്ടി യാചിക്കുന്നു. സമൂഹം ഒന്നുചേർന്നു പാടാവുന്നതും ലളിതവും അർത്ഥസംപുഷ്ടവുമായ ആ പാട്ട് താഴെ ചേർക്കുന്നു:

www.malankaralibrary.com



കരുണക്കടലേ ഞാൻ — നോ— ക്കം
ദേവാ തനയാ എൻ പാപം
പെരുകി പിഴകരം
വർദ്ധിച്ചയ്യോ ! നീ
കഴുകണമെന്നെ സോപ്പായാൽ
ക്ഷകണമെൻ ബാഷ്പാൽ വെണ്മ
പിതൃസ്നേഹത്താൽ
യാചിക്കുന്നേൻ ഞാൻ !
ഹസിക്കരുതേ എന്നെ — വൈ —രി
തേറും നരരിൽ ദൂതന്മാർ
പ്രീതന്മാരായ്
തീർന്നിവ ചൊല്ലട്ടെ.
അനുതാപികളിൽ തൻ വാതിൽ
രാപകലിങ്ങു തുറന്നീടും
ഹാലേലുയ്യാ
നാഥാ സ്തുത്യൻ നീ.
പാപികരം വന്നാമോദിപ്പാൻ
സൽദൂതാൽ ജീവൻ നേടാൻ
രക്ഷകനോത്തും
വചനം ശ്രുതി മധുരം
നിർജ്ജല ഭുവി ഞാനാ — ത്മീ —യം
പാനീയവുമുയിരേകീടും
മഴയും ചൊരിയും
സാക്ഷാൽ കർഷകനാം
നുകരട്ടെൻ സവിധേ — പൂ — കി
ദാഹാർത്തന്മാർ ജീവജലം
ഹാലേലുയ്യാ
പാപവിമുക്തിക്കായ് ബാറെക്മോർ

www.malankaralibrary.com



ശൂബഹോ ........
മൂല്യമിതാ തരണം – തൈ–ലം
വ്യാപാരിയോടേവം പറയും
പാപിനി തൻെറ
നാദം ബഹു മധുരം
നൽകുക മേൽത്തരമാം തൈലം
ഞാനതിലെൻ മിഴിനീർ ചേർത്തി
ട്ടേകാത്മജനെ
അഭിഷേചിക്കട്ടെ.
ഇപ്പരിമള തൈ ലത്താൽ ഞാൻ
പാപ വിമോ ചനമാർന്നിടുമെ
ന്നെൻ ദൈവത്തിൽ
പ്രത്യാശിക്കുന്നേൻ.
അവരാം തൈലം വാങ്ങി – ച്ചെ – ന്നാരം
വിശ്വാസം ദർശിച്ചുടയോൻ
ഹാലേലുയ്യാ
പാപക്ഷമ നൽകി.
മെനഓലം ........
എൻ പാപത്തിൽ ഞാൻ ചാകാൻ
ഇടയാകരുതയ്യോ നാഥാ
എൻ ബാഷ്പങ്ങരാം
ചൊരിഞ്ഞീടുന്നിപ്പോരാം
അജമോ, മാടോ ചെങ്ങാലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ
കാഴ്ചയതായി
ട്ടർപ്പിക്കുന്നില്ലേ.
ശെമ ഓൻ തൻ ഭവനേ വന്ന
പാപിനി പോൽ ഞാനർപ്പിക്കും.

www.malankaralibrary.com



കണ്ണീർ കണ്ടെൻ
മേൽ ദയ തോന്നണമേ.
തിരുജനകൻ സ്നേഹത്താലും
മാതാവിൻ പ്രാർത്ഥനയാലും
ഹാലേലുയ്യാ
പൊറുക്കണമെൻ പിഴകാം
മൊറിയോ റാഹേം അലൈൻ ഉ ആദാറൈൻ 11.

തൈലാഭിഷേകശുശ്രൂഷയിൽ വായിക്കുന്ന വേദപുസ്തകഭാഗം ഒന്നാമതായി വിശുദ്ധ യാക്കോബിന്റെ ലേഖനം 5–ാം അദ്ധ്യായം പത്തു മുതൽ പതിനഞ്ചു വരെയുള്ള വാക്യങ്ങളാണ്. രോഗികളെ തൈലം പൂശി അവർക്കു വേണ്ടി പ്രാർത്ഥിക്കണമെന്നു വിശുദ്ധ യാക്കോബുശ്ലീഹാ ഉപദേശിക്കുന്ന ഭാഗമാണിത്. രണ്ടാം വായന, വിശുദ്ധ പൗലോസ്ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം പതിമൂന്നാം അദ്ധ്യായം പതിനൊന്നു മുതൽ പതിന്നാലുവരെയുള്ള വാക്യങ്ങളാണ്. ഒന്നാമത്തെ വായന മേശയുടെ വടക്കുവശത്തും, രണ്ടാമത്തേത് മേശയുടെ തെക്കുവശത്തും പടിഞ്ഞാറോട്ടു തിരിഞ്ഞ് ജനങ്ങൾക്ക് അഭിമുഖമായി നിന്നുകൊണ്ട് ശുശ്രൂഷകൻ വായിക്കുന്നു. കാർമ്മികൻ വായിക്കുന്ന സുവിശേഷം, യേശു തമ്പുരാൻ ശ്ലീഹന്മാരെ വേദപ്രചരണാർത്ഥം അയയ്ക്കുന്നതും അതോടൊപ്പംതന്നെ രോഗികളെ സുഖപ്പെടുത്തുന്നതിനും, കുഷ്ഠരോഗികളെ ശുദ്ധരാക്കുന്നതിനും, മരിച്ചവരെ ഉയർപ്പിക്കുന്നതിനും, പിശാചുക്കളെ പുറത്താക്കുന്നതിനും മററും അധികാരം നല്കുന്നതുമായ വേദഭാഗമാണ് (മത്താ. 10:5–8). ശ്ലീഹന്മാരുടെ പിൻഗാമികളായ സഭയിലെ പുരോഹിതന്മാർ മുഖേനയാണ് പ്രസ്തുത ദൗത്യം ഇന്നു നിറവേറുന്നത്.

11. മലങ്കരസഭയുടെ ആരാധനക്രമം, കുദാശകാം (1973), pp. 68—70.

www.malankaralibrary.com



സുവിശേഷവായന കഴിഞ്ഞു് വി. യാക്കോബിൻെറ അപേക്ഷയാണു്. ഇതു പദ്യമായിട്ടോ ഗദ്യമായിട്ടോ ചൊല്ലുന്നു. രോഗിയുടെ സുഖപ്രാപ്തിക്കുവേണ്ടി സമൂഹം ഒന്നായി ദൈവത്തോടു് അപേക്ഷിക്കുന്ന പ്രാത്ഥനയാണിതു്. ശെമഓൻെറ അമ്മായിഅമ്മയെ അവിടുന്നു സുഖപ്പെടുത്തിയപ്പോഠം അവഠം ശക്തിപ്രാപിച്ചു് അവിടുത്തേയ്ക്കു് ശുശ്രൂഷചെയ്‌വാൻ എഴുന്നേററതുപോലെ ഈ രോഗിയേയും സുഖപ്പെടുത്തി അങ്ങേയ്ക്കു് ശുശ്രൂഷ ചെയ്‌വാൻ സഹായിക്കണമെന്നു് എല്ലാവരുംകൂടെ കാരുണ്യവാനായ ദൈവത്തോടു് അപേക്ഷിക്കുന്നു. അനന്തരം കാമ്മികൻ രോഗിയുടെ തലയിൽ കൈവച്ചുകൊണ്ടു്—രോഗി സാംക്രമികരോഗിയാണെങ്കിൽ തലയ്ക്കുമീതെ കൈ കമഴ്ത്തിപ്പിടിച്ചുകൊണ്ടു്— താഴെവരുന്ന പ്രാത്ഥന ചൊല്ലുന്നു. "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിൻെറ ദാസൻെറമേൽ ബലഹീനനായ ഞാൻ എൻെറ കൈവയ്ക്കുന്നു. അതുവഴി ശക്തിയുള്ളതും സഹായസമ്പുഷ്ടവുമായ നിൻെറ വലത്തുകൈ സ്നേഹപൂർവ്വം ഇവനിൽ ആവസിപ്പിക്കണമേ. നിൻെറ കാരുണ്യാധിരേകത്തിനും മനുഷ്യസ്നേഹത്തിനും ചേർന്നവിധം ഇവനെ കടാക്ഷിച്ചു്, ബലഹീനനായ ഇവനിൽ നിൻെറ കരുണ ചൊരിയണമെ. നിന്നിലുള്ള പ്രത്യാശകൊണ്ടും അജയ്യമായ സത്യംകൊണ്ടും ഇവനെ ബലപ്പെടുത്തണമെ. എല്ലാവിധ വേദനകളും രോഗങ്ങളും കഠിന ശിക്ഷകളും ശക്തിക്കതീതമായ പരീക്ഷകളും ഇവനിൽനിന്നു നീക്കണമേ. നിന്നിൽ നിന്നുള്ള യഥാത്ഥശക്തി ഇവനു കൊടുക്കണമേ. നിൻെറ രക്ഷയാൽ മ്ളാനത നീക്കി, ഇവനെ സന്തോഷിപ്പിക്കണമേ. ഇവൻ നീതീകരിക്കപ്പെട്ടവനായി, നിൻെറ മുമ്പാകെ നിന്നുകൊണ്ടു് മുടക്കംകൂടാതെ നിൻെറ കൃപയ്ക്കു സ്തോത്രം തരുകയും നിൻെറ ദൈവത്വത്തെ ആരാധിച്ചു മഹത്വപ്പെടുത്തുകയും ചെയ്യുവാൻ ഇടയാക്കണമേ" [12].

---

12. മലങ്കരസഭയുടെ ആരാധനക്രമം, op. cit, pp. 74—75

www.malankaralibrary.com



ഇതിനു പ്രത്യുത്തരമായി ജനം 'ആമ്മീൻ' എന്നു പ്രതിവചിക്കുന്നു. മിശിഹായുടെ ശക്തി രോഗിയിലേയ്ക്കു് പ്രവഹിക്കുന്നതിനും അങ്ങനെ രോഗി, രോഗവിമുക്തനായി വീണ്ടും ദൈവത്തിനു് നന്ദിപറയുന്നതിനും ഇടയാകണം എന്നാണു് കൈ തലയിൽവച്ചുകൊണ്ടുള്ള ഈ പ്രാർത്ഥനയുടെ സാരം. തുടർന്നു് രോഗി മൗദ്യോന്യസാ പ്രാർത്ഥനചൊല്ലി പാപനിവേദനം നടത്തുന്നു. മൗദ്യോന്യസാ ചൊല്ലുന്നതിനു് രോഗിക്കു് കഴിവില്ലാത്ത അവസരത്തിൽ മറെറാരാൾ ചൊല്ലി കൊടുക്കുകയും രോഗി സ്വന്ത പാപങ്ങളെ ഓർത്തു് അനുതാപത്തോടുകൂടി പാപമോചനത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. പാപനിവേദനത്തിനായി ചെറുതും വലുതുമായ രണ്ടു പ്രാർത്ഥനകൾ ശുശ്രൂഷക്രമത്തിൽ ചേർത്തിട്ടുണ്ടു്. ഒന്നാമത്തേതിൽ ശരീരത്തിലും ആത്മാവിലും താൻ ചെയ്തുപോയ പാപങ്ങളെക്കുറിച്ചു് പശ്ചാത്തപിച്ചു് രോഗി പാപമോചനം അപേക്ഷിക്കുമ്പോൾ, ശരീരത്തിൻെറ ഇന്ദ്രിയങ്ങളായ കണ്ണു്, മൂക്കു്, ചെവി, സ്പർശനം, നാവു് എന്നിവകൊണ്ടും ആന്തരീക ഇന്ദ്രിയങ്ങളായ ബോധം, നിരൂപണ, ഗ്രഹണശക്തി, വിശേഷജ്ഞാനം, തിരിച്ചറിവു് എന്നിവയാലും ചെയ്തുപോയിട്ടുള്ള പാപങ്ങളോരോന്നിനേയും ഓർത്തു് മനസ്തപിച്ചു് പാപമോചനം അപേക്ഷിക്കുകയാണു് രണ്ടാമത്തെ പ്രാർത്ഥനയിൽ ചെയ്യുന്നതു്.

പാപനിവേദനത്തെത്തുടർന്നു് അഭിഷേക കർമ്മമാണു്. കാർമ്മികൻ തള്ളവിരലിൻെറ അഗ്രത്തു് തൈലം പുരട്ടി നിർദ്ദിഷ്ട പ്രാർത്ഥനചൊല്ലിക്കൊണ്ടു് രോഗിയുടെ നെററിയിൽ മൂന്നു പ്രാവശ്യം കുരിശു വരയ്ക്കുകയും അതിനുശേഷം ശിരസ്സിൽ കൈ ആവസിപ്പിക്കുകയും ചെയ്യുന്നു. രോഗി സാംക്രമിക രോഗമുള്ള ആളാണെങ്കിൽ പഞ്ഞിയിൽ തൈലം പുരട്ടി കുരിശു വരയ്ക്കുകയാണു് പതിവു്. രോഗിയുടെ നെററിയിൽ തൈലം പൂശുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഇപ്രകാരമാണു്. "✠ പിതാവിൻെറയും ✠ പുത്ര

www.malankaralibrary.com



ൻേറയും + പരിശുദ്ധ റൂഹായുടേയും നാമത്തിൽ നീ വെടിപ്പാക്കപ്പെട്ടു് ശുദ്ധീകരിക്കപ്പെടട്ടെ. മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നീ ചെയ്തുപോയിട്ടുള്ള നിൻെറ കടങ്ങളും പാപങ്ങളും ക്ഷമിക്കപ്പെടട്ടെ. സകല ദുർവികാരങ്ങളും പൈശാചിക വ്യാപാരങ്ങളും നിന്നിൽനിന്നു മായിക്കപ്പെടട്ടെ'' 13. ശാരീരികവും ആത്മീയവുമായ ശുദ്ധീകരണത്തിനുവേണ്ടിയാണിവിടെ കാർമ്മികൻ പ്രാർത്ഥിക്കുന്നതു്. മനുഷ്യൻെറ ബുദ്ധിയുടേയും ചിന്താശക്തിയുടേയും ആസ്ഥാനമായി നിലകൊള്ളുന്നതിനാൽ തലയ്ക്കു് വളരെ പ്രാധാന്യമുണ്ടു്. ആ രീതിയിൽ തലയുടെ മുൻഭാഗമായ നെററിയിൽ വിശുദ്ധ തൈലം പൂശുന്നതു് തികച്ചും അർത്ഥവത്താണു്. ഒരു ക്രിസ്ത്യാനി കുരിശുവര ആരംഭിക്കുന്നതും നെററിയിൽനിന്നാണല്ലോ. അതും തലയുടെ പ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്നു. നെററിയിൽ തൈലം പൂശിയശേഷം കണ്ണുകളിലും ചുണ്ടുകളിലും നാസികമേലും കൈകാലുകളിന്മേലും തുടർന്നു് ദേഹമാസകലവും വിശുദ്ധ തൈലം പൂശുന്നു. ജോഡിയായിട്ടുള്ള അവയവങ്ങളിൽ വലത്തേതിൽ രണ്ടും, ഇടത്തേതിൽ ഒന്നുമായി, തൈലത്തിൽ മുക്കിയ തള്ളവിരലിൻെറ അഗ്രംകൊണ്ടു്, കുരിശുവരയ്ക്കണം. അവയവങ്ങളിൽ തൈലം പൂശുമ്പോൾ ചൊല്ലുന്നതിനുള്ള പ്രാർത്ഥനയിതാണു്. ''+ പിതാവിൻേറയും + പുത്രൻേറയും + പരിശുദ്ധാത്മാവിൻേറയും നാമത്തിൽ ഈ വിശുദ്ധ തൈലവും തൻെറ കരുണയും മൂലം കണ്ണുകൾകൊണ്ടു് നീ ചെയ്ത സകല തെററുകളും ദൈവം നിന്നോടു് ക്ഷമിക്കട്ടെ''. തൈലം പൂശുന്ന അവയവത്തിൻെറ പേരു് അവസരോചിതം ചേർത്തു വേണം മുകളിൽ സൂചിപ്പിച്ച പ്രാർത്ഥന ചൊല്ലേണ്ടതു്. അവസാനം ദേഹമാസകലം വി. തൈലം പൂശുമ്പോൾ സ്പർശനംകൊണ്ടു് നീ ചെയ്ത സകലതെററുകളും ദൈവം നിന്നോടു് ക്ഷമിക്കട്ടെ'' എന്നു ചൊല്ലി അഭിഷേകം അവസാനിപ്പിക്കുന്നു.

---

13. മലങ്കരസഭയുടെ ആരാധനക്രമം, op. cit., p. 76

www.malankaralibrary.com



രോഗി മരണാസന്നനാണെങ്കിൽ, കാർമ്മികൻ രോഗിയുടെ തലയിൽ കൈവച്ചുകൊണ്ടു ചൊല്ലേണ്ട പ്രാർത്ഥന—മുകളിൽ ചേർത്തിട്ടുണ്ടു്— ചൊല്ലിയശേഷം കൂദാശവചനം ("+പിതാവിന്റേയും+പുത്രന്റേയും + പരിശുദ്ധ റൂഹായുടേയും നാമത്തിൽ ...." എന്നു തുടങ്ങുന്ന പ്രാർത്ഥന) ചൊല്ലി നെററിയിൽ വി. തൈലം പൂശിയാൽ മതി. ദീർഘിച്ച ശുശ്രൂഷ നടത്താൻ സമയമില്ലാത്തപ്പോൾ ചുരുങ്ങിയ ക്രമമെങ്കിലും നടത്തണമെന്നു് വിശുദ്ധ സഭ നിഷ്കർഷിക്കുന്നു.

തൈലാഭിഷേക കർമ്മത്തിനുശേഷം ദൈവമാതാവിന്റേയും വിശുദ്ധന്മാരുടേയും കുക്കിലിയോൻ ചൊല്ലുകയും തുടർന്നു് സമാപനാശീർവാദം നൽകി ശുശ്രൂഷ അവസാനിപ്പിക്കുകയും ചെയ്യുന്നു.

## കന്തീലാ ശുശ്രൂഷ

വൈദികരുടേയും മെത്രാന്മാരുടേയും രോഗീലേപന ക്രമത്തിനു് "കന്തീലാശുശ്രൂഷ" എന്നാണു് പേരു പറയുക. 'കന്തീലൊ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'തിരി' യെന്നാണു്. തിരികൾ കത്തിച്ചുകൊണ്ടു് ആരംഭിക്കുന്ന ശുശ്രൂഷയായതിനാലാവാം 'കന്തീലൊ' എന്ന പേരിൽ ഈ ശുശ്രൂഷ അറിയപ്പെടുന്നതു്. അന്ത്യോക്യൻ പാരമ്പര്യമനുസരിച്ചു് ഈ ശുശ്രൂഷയ്ക്കുള്ള ക്രമീകരണം ഇപ്രകാരമാണു്. ഒരു സ്ഫടിക പാത്രത്തിൽ കുഴച്ച മാവുകൊണ്ടു് ഒരു തട്ടമുണ്ടാക്കി അതിൽ സൈത്തെണ്ണയും മൂന്നുനാലു തുള്ളി അഭിഷേക തൈലവും ഒഴിച്ചു് പഞ്ഞി ഈർക്കിലിൽ ചുററി അഞ്ചു തിരിയുണ്ടാക്കി സ്ലീബാ മാതൃകയിൽ ഒന്നു കിഴക്കും ഒന്നു പടിഞ്ഞാറും ഒന്നു വടക്കും ഒന്നു തെക്കും ഒന്നു നടുവിലുമായി എണ്ണയിൽ കുത്തി നിർത്തുന്നു. അഞ്ചു് ശുശ്രൂഷകൾ ഉള്ള കന്തീലാ ക്രമത്തിൽ, ഓരോ ശുശ്രൂഷയും ഓരോ തിരി, കിഴക്കു്, നടുവിൽ ,

www.malankaralibrary.com



ടിഞ്ഞാറ്, വടക്ക്, തെക്ക് എന്ന ക്രമത്തിൽ കത്തിച്ചു കൊണ്ടാണ് ആരംഭിക്കുന്നത്. അഞ്ചു തിരികൊണ്ട് സൂചിപ്പിക്കപ്പെടുന്നത് ബുദ്ധിമതികളായ അഞ്ചു കന്യകമാരും പഞ്ചേന്ദ്രിയശുദ്ധിയുമാണ്. ഒന്നാം ശുശ്രൂഷാ സമയത്തു് പാത്രത്തിലുള്ള എണ്ണ ആശീർവദിക്കപ്പെടുകയും അതിനുശേഷം ആദ്യ ശുശ്രൂഷ തുടങ്ങി ഓരോ ശുശ്രൂഷയിലും യഥാക്രമം നെററി, നെഞ്ച്, കാൽമുട്ടുകൾ, ഉള്ളം കൈകൾ, പഞ്ചേന്ദ്രിയങ്ങൾ എന്നിവ പാത്രത്തിലെ തൈലംകൊണ്ട് നിർദ്ദിഷ്ട പ്രാർത്ഥനചൊല്ലി അഭിഷേചിക്കുകയും ചെയ്യുന്നു. ശുശ്രൂഷയുടെ അവസാനത്തിൽ പാത്രത്തിൽ ബാക്കിവരുന്ന എണ്ണ മററു രോഗികളുടെ തൈലാഭിഷേകത്തിന് (പിന്നീട്) ഉപയോഗിപ്പാൻ ഭദ്രമായി സൂക്ഷിക്കുന്നു. കന്തീലാ ശുശ്രൂഷ പല വൈദികർ ഒന്നിച്ചുകൂടി വളരെ ആഘോഷമായിട്ടാണ് നടത്താറുള്ളത്.

യേശുവും അപ്പസ്തോലന്മാരും നിവ്വഹിച്ചതും സഭയുടെ ആരംഭംമുതൽ നിലവിലിരുന്നതുമായ കൂദാശയാണ് രോഗീലേപനം. മാമോദീസാ, സ്ഥൈര്യലേപനത്തിൽ പരിപൂർണ്ണമാകുന്നതുപോലെ കുമ്പസാരം തൈലാഭിഷേകത്തിൽ പൂർത്തിയാകുന്നു. മരണത്തിൻെറ ഭീകരതയെ അകററി, മരണാസന്നനെ ക്രിസ്തുനാഥൻ ആശ്വസിപ്പിക്കുകയാണ്, തൈലാഭിഷേക കൂദാശയിലൂടെ. ഈ ആദ്ധ്യാത്മികൗഷധം ശരിയായ വിധത്തിലും വേണ്ട സമയത്തും സ്വീകരിക്കുന്നതിന് ബോധവാന്മാരാകുകയെന്നതു് സഭാമക്കളുടെ ചുമതലയാണ്.

www.malankaralibrary.com

## അദ്ധ്യായം ആറ്

# പട്ടത്വം

പട്ടത്വം അഥവാ പൗരോഹിത്യം എന്നതു് ക്രിസ്തു സ്ഥാപിച്ച കൂദാശകളിൽ ഒന്നാണു്. പ്രസ്തുത കൂദാശ സ്വീകരിക്കുന്നതോടുകൂടി പ്രസാദവരവും, സഭയിൽ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള അധികാരവും ഒരുവനു് ലഭിക്കുന്നു. ദിവ്യബലി അർപ്പിക്കുക, കൂദാശകൾ പരികർമ്മം ചെയ്യുക, പാപങ്ങൾ മോചിക്കുക തുടങ്ങി പൗരോഹിത്യത്തിനടുത്ത കടമകൾ നിർവ്വഹിക്കുവാൻ അയാൾ അർഹനായിത്തീരുന്നു. ക്രിസ്തുനാഥൻ തന്റെ ശിഷ്യന്മാർക്കു് നല്കിയ സന്ദേശത്തിൽ ഇപ്രകാരം അരുളിചെയ്തു 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാഅധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾപോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു് ജ്ഞാനസ്നാനം നൽകുവിൻ' (മത്താ 28: 18–20).

തിരുപ്പട്ട ശുശ്രൂഷയിലെ കേന്ദ്രഭാഗം മെത്രാന്റെ കൈവയ്പും അതോടുകൂടി നടത്തുന്ന പ്രാർത്ഥനയുമാണു്. ആദിമകാലംമുതൽ ഈ രണ്ടു ഘടകങ്ങളും തിരുപ്പട്ട ശുശ്രൂഷയിൽ കാണാവുന്നതാണു്. അപ്പസ്തോലന്മാർ തങ്ങൾ തെരഞ്ഞെടുത്തവരുടെമേൽ കൈവച്ചു് പ്രാർത്ഥിച്ചതിനു ശേഷമാണു് അവരെ സുവിശേഷ പ്രവർത്തനത്തിനായി യാത്രയാക്കിയതു് (നട: 6: 13–14). പ്രേഷിതപ്രവർത്തനത്തിന്റെ ആവശ്യകതയെപ്പററി മനസ്സിലാക്കിയ അപ്പസ്തോലന്മാർ, വിശ്വാസികളിൽനിന്നും ഏഴുപേരെ തെരഞ്ഞെടുത്തു് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ ശിരസ്സിൽ കൈവയ്പു് നടത്തിയതായും രേഖ

www.malankaralibrary.com



പ്പെടുത്തിയിരിക്കുന്നു (നട.6: 5-6). വിശുദ്ധ പൗലോസ് തന്റെ ശിഷ്യനായ തിമോത്തിക്ക് പട്ടം നൽകൽ ശുശ്രൂഷയെപ്പററി കൊടുക്കുന്ന നിർദ്ദേശവും ഇവിടെ ശ്രദ്ധേയമാണ്: ആർക്കെങ്കിലും കൈവയ്പ്പ് നൽകുന്നതിൽ തിടുക്കം കൂട്ടുകയോ, മററൊരാളുടെ പാപങ്ങളിൽ പങ്കുചേരുകയോ അരുത്. നീ വിശുദ്ധി പാലിക്കണം (1 തിമോ. 6: 22). ചുരുക്കത്തിൽ കൈവയ്പ്പും പ്രാർത്ഥനയും വഴിയായിട്ടാണ് ഒരുവൻ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പ്രത്യേകവിധത്തിൽ പങ്കുചേരുന്നത്.

## പൗരോഹിത്യം വേദപുസ്തകത്തിൽ:

ലോകാരംഭം മുതൽ മനുഷ്യരുടെയിടയിൽ പൗരോഹിത്യശുശ്രൂഷ നിലവിലിരുന്നു. മനുഷ്യരുടെപേർക്ക് ദൈവത്തിനു ബലി അർപ്പിക്കുന്നതിനും, അവക്കുവേണ്ടി ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുമത്രെ പുരോഹിതൻ നിയോഗിക്കപ്പെട്ടിരുന്നത്. 'പുരോഹിതൻ' എന്ന പദത്തിനു 'മുൻപൻ' 'ബലിയർപ്പകൻ' എന്നെല്ലാം അർത്ഥമുണ്ട്.

ആദ്യകാലങ്ങളിൽ കുടുംബത്തിലെ ആദ്യജാതന്മാരായിരുന്നു ആ കുടുംബത്തിനുവേണ്ടി പൗരോഹിത്യ കർമ്മങ്ങൾ നിർവ്വഹിച്ചു പോന്നിരുന്നത്. മോശയുടെ കാലം മുതൽ ഇസ്രായേൽക്കാരുടെയിടയിൽ ദൈവത്തിന്റെ നിർദ്ദേശാനുസരണം ആദ്യജാതന്മാർക്കു പകരമായി ലേവ്യഗോത്രത്തിൽനിന്നും പുരോഹിതന്മാരെ നിയമിക്കുന്നതിനും അവരെ പ്രത്യേക കർമ്മങ്ങളോടുകൂടി പൗരോഹിത്യ പദവിയിലേക്കുയർത്തുന്നതിനും ആരംഭിച്ചു (സംഖ്യാ 8:18). അവരുടെയിടയിൽ പൗരോഹിത്യത്തിനു മൂന്നു പദവികളുണ്ടായിരുന്നു: മഹാപുരോഹിതൻ, പുരോഹിതൻ, ലേവ്യൻ. ലേവ്യാഗോത്രത്തിൽ, ഗേർശോൻ, കാഹത്ത്, മെരാരി, എന്നിങ്ങനെ മൂന്നു വംശങ്ങളുണ്ട് (പുറ. 6: 16). കാഹത്ത് വംശജനായ അഹറോനെ, ദൈവം മഹാപുരോ

www.malankaralibrary.com



ഹിതനായി നിയമിക്കയാൽ അവൻെറ കുടുംബത്തിൽ നിന്നും മഹാപുരോഹിതന്മാരും പുരോഹിതന്മാരും ഉണ്ടായി.

ആദത്തിൻെറ മക്കളായ കായേനും ആബേലും ദൈവത്തിനു ബലിയർപ്പിച്ചുകൊണ്ടു് ആരാധന നടത്തുകയും ദൈവത്തോടു് അനുഗ്രഹങ്ങൾ യാചിക്കുകയും ചെയ്യുന്നതായി വേദപുസ്തകത്തിൽ കാണുന്നുണ്ടു്. മൂശയുടെ കാലത്തു് ഇസ്രായേൽക്കാർക്കായി പൗരോഹിത്യത്തെ ഔദ്യോഗികമായി സ്ഥാപിച്ചു. സീനായു് മലയുടെ അടിവാരത്തിൽ അവർ കൂടാരമടിച്ചു താമസിക്കുമ്പോൾ ദൈവം മൂശവഴി അവർക്കു് പ്രമാണങ്ങൾ നൽകി: തനിക്കായി ദൈവാലയം പണിയുന്നതിനു് അവിടുന്നു് കല്പിച്ചു, ദൈവാരാധനയെ സംബന്ധിക്കുന്ന നിയമങ്ങൾ നിശ്ചയിച്ചു. മൂശയുടെ സഹോദരനായ അഹറോനെയും അദ്ദേഹത്തിൻെറ പുത്രന്മാരെയും ദൈവം പുരോഹിത പദവിയിലേക്കുയർത്തി. ദൈവകല്പനപ്രകാരം മൂശ അവരെ പുരോഹിതരായി വാഴിച്ചു. നീയും നിൻെറ മക്കളും മാത്രം പുരോഹിത കർമ്മങ്ങൾ അനുഷ്ഠിക്കണം. ബലിപീഠത്തിലെ തിരുക്കർമ്മങ്ങൾ നടത്തിക്കൊള്ളണം....' (സംഖ്യ 18:77 കർത്താവു് നിശ്ചയിക്കുന്ന ബലിയുടെ ക്രമവും വിവരിച്ചുകൊടുക്കുന്നുണ്ടു്. (സംഖ്യ 19:1). പുരോഹിതന്മാരെ സഹായിക്കുവാൻ ലേവ്യർ നിയുക്തരായി. ലേവ്യക്കു് അഭിഷേകം ഇല്ല. എന്നാൽ മഹാപുരോഹിതൻ അവരുടെ തലയിൽ കൈവച്ചു് നിത്യവിശുദ്ധ ശുശ്രൂഷയ്ക്കായി അവരെ നിയമിക്കും. പുരോഹിതൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിൽനിന്നു് അവർ നിരോധിക്കപ്പെട്ടിരുന്നു. 'അവർ മരിക്കാതിരിക്കണമെങ്കിൽ വിശുദ്ധ മന്ദിരങ്ങളിലെ പാത്രങ്ങളിൽ സ്പർശിക്കരുതു്.' (സംഖ്യ 4:15) ഇങ്ങനെ പഴയ ഉടമ്പടിയിൽ ദൈവം ഒരു ഗണം ആളുകളെ ബലിപീഠത്തിൽ ശുശ്രൂഷകൾ നടത്തുന്നതിനു് നിയോഗിച്ചു.

www.malankaralibrary.com



ക്രിസ്തുവിൻെറ വരവോടുകൂടി മുൻകുറികളും സൂചനകളും മാത്രമായിരുന്ന യഹൂദ ബലിയും പൗരോഹിത്യവും അവസാനിപ്പിക്കുകയും പുതിയ ഉടമ്പടി പ്രകാരമുള്ള ബലിയും പൗരോഹിത്യവും സ്ഥാപിക്കുകയും ചെയ്തു. ആദ്യമനുഷ്യനായ ആദം ദൈവത്തിൻെറ വിളിക്കു് മറുപടി നല്കുന്നതിൽ പരാജയപ്പെട്ടു. ഇതിനു് പരിഹാരം ചെയ്യാൻ ദൈവപുത്രൻ മനുഷ്യനായി പിറന്നു് പിതാവിൻെറ വിളിക്കു് പൂർണ്ണമായി മറുപടി നൽകി. ക്രിസ്തു പിതാവായ ദൈവത്താൽ നിത്യമഹാപുരോഹിതനായി അഭിഷേചിക്കപ്പെട്ടയാളാണു്. തൻനിമിത്തം അവിടുന്നു് അഭിഷിക്തൻ എന്നർത്ഥമുള്ള 'മിശിഹാ' എന്നറിയപ്പെടുന്നു. ദൈവത്തിനും മനുഷ്യർക്കും ഇടയിലെ ഏക മദ്ധ്യസ്ഥനായ ക്രിസ്തു (1തിമോ.2:5), മനുഷ്യരുടെ പാപപരിഹാരത്തിനായി തന്നത്താൻ ബലിയർപ്പിക്കപ്പെട്ടു. എന്നാൽ പ്രസ്തുത ബലി തുടർന്നപ്പിക്കുന്നതിനുവേണ്ടി ഏതാനും പേരെ അവിടുന്നു് മുൻകൂട്ടി തെരഞ്ഞെടുത്തു് തൻെറ പൗരോഹിത്യപദവിയിലേക്കവരെ ഉയർത്തി. അപ്രകാരം താൻ തെരഞ്ഞെടുത്ത പന്ത്രണ്ടു് അപ്പസ്തോലന്മാരാണു് സഭയിലെ പ്രഥമ പുരോഹിത ശ്രേഷ്ഠന്മാർ. അവർ പിന്നീടു് തങ്ങളുടെ പിൻഗാമികളായി മെത്രാന്മാരേയും പുരോഹിതന്മാരേയും അഭിഷേകം ചെയ്തു. അപ്രകാരം അഭിഷിക്തരായ പുരോഹിതന്മാരാണു് ദിവ്യരക്ഷകൻ കാൽവരിമലയിൽ അർപ്പിച്ച അതേ ബലിതന്നെ ഇന്നും രക്തരഹിതമാംവിധം സഭയിൽ അപ്പിച്ചുകൊണ്ടിരിക്കുന്നതു്.

## പൗരോഹിത്യവും പിതാക്കന്മാരും

പൗരോഹിത്യത്തെപ്പററിയും അതിൻെറ വിവിധ കടമകളെക്കുറിച്ചും ആദിമ പിതാക്കന്മാർ വ്യക്തമായി പ്രതിപാദിക്കുന്നുണ്ടു്. അവരുടെ വിശ്വാസവും പ്രബോധനവും ഈ കൂദാശയുടെ ദൈവിക സ്ഥാപനത്തെ വിളിച്ചറിയിക്കുന്നവയാണു്. പൗരോഹിത്യത്തിലേക്കുള്ള തെരഞ്ഞെടുപ്പുവഴി ഒരുവനിൽ ഉണ്ടാകുന്ന ആന്തരീക മാററത്തെപ്പററി

www.malankaralibrary.com



നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന നിസ്സായിലെ വിശുദ്ധ ഗ്രിഗോറിയോസ് ഇപ്രകാരം പ്രസ്താവിക്കുന്നു. "കൗദാശികശക്തി പുരോഹിതനെ പരിശുദ്ധനും തെരഞ്ഞെടുക്കപ്പെട്ടവനുമായി മാററുന്നു. അയാരം സ്വീകരിച്ച ആശീർവ്വാദം മററുള്ളവരിൽനിന്നും അവനെ വേർപെടുത്തുന്നു. ബാഹ്യമായി നോക്കിയാൽ പഴയ മനുഷ്യൻ തന്നെയാണെങ്കിലും ദൈവികശക്തിയും പ്രസാദവരവുംമൂലം ആന്തരീകമായി വളരെ വ്യത്യാസങ്ങരം സംഭവിച്ചിട്ടുണ്ട്. മറെറാരു സ്ഥലത്തു് അദ്ദേഹം സാക്ഷിക്കുന്നു[1] "സമൂഹത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പുരോഹിതൻെറ സ്ഥാനം അഭിഷേചനകർമ്മം നിമിത്തം വചനത്തിൻെറ ശക്തിയാൽ മാഹാത്മ്യമേറിയതും ബഹുമാന്യവുമായിത്തീർന്നിരിക്കുന്നു. ഇന്നലെവരെ ജനങ്ങളിൽ ഒരുവൻ മാത്രമായിരുന്നുവെങ്കിലും ഇന്നു് ഒരു നായകനും അദ്ധ്യക്ഷനും. നീതിയുടെ ഉപദേഷ്ടാവും രഹസ്യ കർമ്മങ്ങളുടെ പരികർമ്മിയുമായി അദ്ദേഹം തീർന്നിരിക്കുന്നു."[2]

വി. ക്രിസോസ്തം പൗരോഹിത്യത്തെക്കുറിച്ചുള്ള തൻെറ ലേഖനത്തിൽ, പൗരോഹിത്യത്തിൻെറ ഔന്നത്യത്തെയും ശ്രേഷ്ഠതയെയും കുറിച്ചു് എഴുതിയിരിക്കുന്നതു് ശ്രദ്ധേയമാണു്: "പൗരോഹിത്യധർമ്മം ഈ ലോകത്തിലാണു് നിറവേററുന്നതെങ്കിലും സ്വർഗ്ഗീയമാണതു്; കാരണം മനുഷ്യനോ മാലാഖയോ പ്രധാനമാലാഖയോ മററേതെങ്കിലും സൃഷ്ട ശക്തിയോ അല്ല പ്രസ്തുത ധർമ്മം ഏർപ്പെടുത്തിയിരിക്കുന്നതു്, പിന്നയോ പരിശുദ്ധാത്മാവാണു്".[3] അന്ത്യോഖ്യയിലെ വി. ഇഗ്നേഷ്യസ് (A. D. 98–110) തൻെറ കൃതിയിൽ, മെത്രാന്മാർ, പുരോഹിതന്മാർ, ശെമ്മാശന്മാർ എന്നിവരെപ്പററി പ്രസ്താവിച്ചിട്ടു

1. P. G. 46:582.
2. Orat. in Bapt. Christi: Tom. XLV
3. P. G. 48: 642

www.malankaralibrary.com



ള്ളതിനു പുറമേ, മെത്രാൻ സ്ഥാനത്തിന്റെ ദൈവികോത്ഭവത്തെയും പൗരോഹിത്യത്തിന്മേൽ മെത്രാനുള്ള അധികാരത്തെയുംകുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്: "ഒരു വീണയുടെ കമ്പികൾപോലെ പുരോഹിതസംഘം മെത്രാനോട് യോജിച്ചിരിക്കണം".4 "യേശുക്രിസ്തു എവിടെ ഉണ്ടോ അവിടെ കത്തോലിക്കാ സഭയുള്ളതുപോലെ, മെത്രാൻ എവിടെയുണ്ടോ അവിടെ വിശ്വാസികളുടെ സംഘവും ഉണ്ടായിരിക്കണം."5

അന്ത്യോക്യൻ സഭാപാരമ്പര്യമനുസരിച്ച് ആചാര്യസ്ഥാനത്തിന്റെ വിവിധ പദവികൾ മൗദ്യോനൊ, മ്സമ്രോനെ, കോറൂയൊ, എവുപ്പദിയക്കോനൊ, ശംമ്ശോനെ, കാശ്ശീശൊ, എപ്പിസ്കോപ്പോ എന്നിവയാണ്. മേല്പറഞ്ഞവയിൽ അവസാനത്തെ മൂന്നു സ്ഥാനികൾ മാത്രമേ പുരോഹിത വർഗ്ഗത്തിൽ ഉൾപ്പെട്ടിട്ടുള്ളു. അവരെ അഭിഷേകം ചെയ്യുന്ന ശുശ്രൂഷ വിശുദ്ധ കൂദാശയാകുന്നു. മററുള്ളവ പൗരോഹിത്യത്തിലേയ്ക്കുള്ള ചവിട്ടുപടികൾ മാത്രമാണ്. അവ ക്രിസ്തു സ്ഥാപിച്ചതല്ല, മറിച്ച് സഭയുടെ സംഭാവനയാണ്. ശംമ്ശോനോ, കാശ്ശീശൊ, എപ്പിസ്കോപ്പോ എന്നീ സ്ഥാനങ്ങളോട് ബന്ധപ്പെട്ട റീശ്മ്ശംശോനാ, പെരിയാ ഡെവുത്തസ്, കോർ എപ്പിസ്കോപ്പാ, റീശ്എപ്പിസ്സ്ക്കോപ്പാ, പാത്രിയർക്കിസ് എന്നിവയും പട്ടങ്ങളല്ല, പ്രത്യേക സ്ഥാനങ്ങൾ മാത്രമാണ്. ഇവ സഭാശുശ്രൂഷയിലുള്ള പ്രത്യേക ചുമതലകളെയും അധികാരങ്ങളെയും സൂചിപ്പിക്കുന്നു.

## A. വിവിധ സ്ഥാനികളും അവരുടെ കടമകളും:

1) **മൗദ്യോനൊ (പ്രതിജ്ഞചെയ്യുന്നവൻ):** സഭാ ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കുന്ന വ്യക്തിയാണിത്.

---

4. Ad. Eph. 4, Migne
5. Ad. Symr. 8, 2. Migne.

www.malankaralibrary.com



എപ്പിസ്സ്ക്കോപ്പാ ഈയാളുടെ തീരുമാനത്തെ അംഗീകരിക്കുകയും ദൈവാലയ ശുശ്രൂഷയിൽ ആചാര്യന്മാരെ സഹായിക്കുന്നതിനു് അനുവദിക്കുകയും ചെയ്യുന്നു. ദൈവശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കുന്ന വ്യക്തികൾ പൊതുവേ ശാന്തശീലരും വിനയമുള്ളവരും മാതൃകാപരമായ ജീവിതം നയിക്കുന്നവരും ആയിരിക്കണം.

2) **മ്സമറോനൊ** (പാട്ടുകാരൻ): ഗായകസംഘത്തെ നയിക്കുക, വിശുദ്ധ കുർബാനയിലും മറ്റും ഗാനങ്ങൾ ആലപിക്കുക എന്നിവയാണു് ഈ പട്ടം സ്വീകരിക്കുന്നവരുടെ കടമകൾ. ശുശ്രൂഷാ സമയത്തു് ഇവർ വെള്ളക്കുപ്പായം ധരിക്കുന്നു.

3) **കോറൂയൊ** (വായനക്കാരൻ): ദൈവാലയത്തിൽ സങ്കീർത്തനങ്ങൾ ചൊല്ലുക, വി. കുർബാനയിലും യാമപ്രാർത്ഥനകളിലും വേദപുസ്തകങ്ങൾ വായിക്കുക എന്നിവയാണു് ഈ പട്ടത്തോടു ബന്ധപ്പെട്ട കടമകൾ. ശുശ്രൂഷാസമയത്തു് ഇവർ വെള്ളക്കുപ്പായത്തിനു പുറമേ ഊറാറ കുരിശാകൃതിയിൽ ധരിക്കുന്നു.

4) **എവ്പ്പദിയാക്കോനൊ** (വാതിൽ കാവൽക്കാരൻ): ദൈവാലയത്തിന്റെ വാതിലുകൾ സുരക്ഷിതമായി സൂക്ഷിക്കുക, ആരാധന സമയങ്ങളിൽ ശെമ്മാശനെ സഹായിക്കുക, വി. കുർബാന, പ്രദക്ഷിണം, ആഘോഷ കർമ്മങ്ങൾ എന്നിവയ്ക്കു് മെഴുകുതിരികൾ പിടിക്കുക തുടങ്ങിയവയാണു് ഇവരുടെ കടമകൾ. ഇവർ ശുശ്രൂഷാസമയത്തു് വെള്ളക്കുപ്പായത്തിനു പുറമേ ഊറാറാ ത്രികോണാകൃതിയിൽ ധരിക്കുന്നു.

5) **ശംമ്ശോനൊ** (ശുശ്രൂഷകൻ / ശെമ്മാശ്ശൻ): ദൈവാലയ കർമ്മാനുഷ്ഠാനങ്ങളിലെ ഔദ്യോഗിക ശുശ്രൂഷിയാണിയാൾ. ശെമ്മാശ്ശുപട്ടം കൊടുക്കുമ്പോൾ എപ്പിസ്കോപ്പാ ഊറാറയും ധൂപക്കുറ്റിയും ആഘോഷിച്ചു് ശെമ്മാശ്ശനു നൽകുന്നു. ശംമ്ശോനോ പട്ടം സ്വീകരിച്ചു

www.malankaralibrary.com



യാഠം വെള്ളക്കപ്പായത്തിനു പുറമേ, ഊറാറാ ഇടത്തെ തോളിൽ ധരിക്കുന്നു. ഊറാറായുടെ മദ്ധ്യഭാഗം തോളിലും അഗ്രങ്ങഠം തുല്യമായി മുന്നിലും പിറകിലും വരത്തക്കവിധമാണു് അണിയുന്നതു്.

6) കാശ്ശീശൊ (ആചാര്യൻ): പുണ്യത്തിലും ജ്ഞാനത്തിലും ദൈവശാസ്ത്രപരമായ അറിവിലും മുന്നിട്ടു നിൽക്കുന്നവനാണു് ആചാര്യൻ. ഒരു പ്രത്യേകസഭയ്ക്കുവേണ്ടിയാണു് ഒരുവൻ കാശ്ശീശാപട്ടം സ്വീകരിക്കുന്നതു്. തിരുപ്പട്ടം ഒഴികെ മറെറല്ലാ കൂദാശകളും അദ്ദേഹം പരികർമ്മം ചെയ്യുന്നു. പുരോഹിതൻ ആരാധനയ്ക്കുപയോഗിക്കുന്ന വസ്ത്രങ്ങഠം: വെള്ളക്കപ്പായത്തിനു പുറമേ, ഹമ്മനിയ അരക്കെട്ടു് കൈയ്യുറകഠം, കാപ്പ എന്നിവയാണു്.

7) എപ്പിസ്കോപ്പോ (പ്രധാനാചാര്യൻ)

പൗരോഹിത്യത്തിന്റെ പൂർണ്ണതയാണു് എപ്പിസ്കോപ്പോ സ്ഥാനം. ദൈവജനത്തെ ഭരിക്കുവാനും നയിക്കുവാനുമായി അധികാരപ്പെടുത്തിയിരിക്കുന്ന വ്യക്തിയാണദ്ദേഹം. വിശ്വാസത്തിലും സന്മാർഗ്ഗത്തിലും അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ, എപ്പിസ്കോപ്പോ ദൈവജനത്തിനു് നേതൃത്വം നൽകുന്നു. മെത്രാഭിഷേകത്തിനു് സാധാരണയായി മൂന്നു് എപ്പിസ്കോപ്പോമാർ വേണം. ആചാര്യന്റെ (കാശ്ശീശാ) തിരുവസ്ത്രങ്ങഠംക്കു പുറമെ, പ്രത്യേക ശിരോവസ്ത്രം, കഴുത്തിൽ ധരിക്കുവാനുള്ള കുരിശു് ജനങ്ങളെ ആശീർവ്വദിക്കുവാനുള്ള സ്ലീബാ (കുരിശു്), അംശവടി, മോതിരം എന്നിവ എപ്പിസ്കോപ്പാ സ്ഥാനത്തിന്റെ അടയാളങ്ങളാണു്.

## B. പട്ടങ്ങളോടു ബന്ധപ്പെട്ട സ്ഥാനങ്ങഠം

1 റീശ്ശംശോനോ (ആർച്ച്ഡീക്കൻ): ഇതൊരു പട്ടമല്ല, സ്ഥാനം മാത്രമാണു്. ഭദ്രാസന ദൈവാലയത്തിലെ ആഘോഷമായ തിരുക്കർമ്മങ്ങളിൽ എപ്പിസ്കോ

www.malankaralibrary.com



പ്പായെ സഹായിക്കുന്ന വ്യക്തിയാണ് ആർച്ചുഡീക്കൻ അഥവാ ശെമ്മാശന്മാരിൽ പ്രധാനി. മററു ശെമ്മാശ്ശന്മാർക്കും ശുശ്രൂഷകർക്കും വേണ്ട നിർദ്ദേശവും നേതൃത്വവും നൽകുക, ആഘോഷകർമ്മങ്ങളിൽ അംശവടി പിടിക്കുക, "സ്ലൗമെൻകാലസ്സ്" പറയുക, 'മദ്ധ്യസ്ഥപ്രാർത്ഥന' ചൊല്ലുക, തുടങ്ങിയവ ആർച്ചുഡീക്കൻെറ കടമയാണ്.

2 **പെരിയൊദേററ്:** ഒരു പട്ടണത്തിലെ എപ്പിസ്കോപ്പായുടെ പ്രതിനിധിയാണിയാാം. മലങ്കരസഭയിൽ ഇപ്പോാം ഈ സ്ഥാനം നിലവിലില്ലെങ്കിലും ഇപ്പോഴത്തെ ഡിസ്ത്രിക്ട് വികാരിമാരെ പെരിയൊദെററ്കാരോട് ഉപമിക്കാവുന്നതാണ്.

3 **കോറെപ്പിസ്കോപ്പാ:** ഈ വാക്കിൻെറ അർത്ഥം 'നാട്ടു മെത്രാൻ' എന്നാണ്. പെരിയൊദേററിന് ഒരു പട്ടണത്തിൽ മാത്രമെ അധികാരമുള്ളുവെങ്കിൽ കോറെപ്പിസ്കോപ്പാസ്സ് പല പട്ടണങ്ങളുടെ മേൽ അധികാരമുണ്ടായിരിക്കും.

4 **റീശ് എപ്പിസ്കോപ്പാ** (മെത്രാപ്പോലീത്താ—Archbishop): പല എപ്പിസ്കോപ്പാമാരുടെ അധികാരമുള്ള വ്യക്തിയാണിദ്ദേഹം. പാത്രിയർക്കീസ് ഇല്ലാത്ത സഭയിൽ റീശ് എപ്പിസ്കോപ്പാസ്സ് പാത്രിയർക്കീസിനടുത്ത ഏതാനും അധികാരാവകാശങ്ങാം ഉണ്ടായിരിക്കും.

5 **പാത്രിയർക്കീസ്:** ഒരു പ്രാദേശിക സഭയുടെ തലവനാണ് പാത്രിയർക്കിസ്. സൂന്നഹദോസിൽ അദ്ധ്യക്ഷ്യം വഹിക്കുക, സഭയിലെ ആരാധനാ ജീവിതത്തിന് നേതൃത്വം കൊടുക്കുക, തെററുകളിൽനിന്ന് സഭയെ കാത്തു സൂക്ഷിക്കുക തുടങ്ങിയവ പാത്രിയർക്കിസിൻെറ അധികാര സീമയിൽപ്പെടുന്നു.

## പട്ടത്വം മലങ്കരസഭയിൽ

ആരാധനാപരമായി മലങ്കരസഭയിൽ നടപ്പിലിരിക്കുന്നതു് അന്ത്യോക്യൻ ആരാധനക്രമവും പാരമ്പര്യങ്ങളു

www.malankaralibrary.com



മാണ്. പ്രസ്തുത സഭാ പാരമ്പര്യമനുസരിച്ച് പട്ടത്തിന്റെ വിവിധ പദവികൾ, മൗദ്യോനോ, മ്സമ്രോനോ, കോറൂയെ, ഹെവുപ്പദ് യാക്നോ, മ്ശംശോനോ, കാശ്ശീശ്ശോ, എപ്പിസ്കോപ്പൊ എന്നിവയാണെന്ന് മുകളിൽ കാണുകയുണ്ടായി. മേല്പറഞ്ഞ ഓരോ പദവിക്കും അതിന്റേതായ ശുശ്രൂഷാ ക്രമങ്ങളുമുണ്ട്. അവ ഓരോന്നിനെപ്പറ്റിയും ഇവിടെ വിശദീകരിക്കുവാനുദ്ദേശ്യമില്ല. കാശീശ്ശോ (ആചാര്യൻ) പ്പട്ടത്തിന്റെ ശുശ്രൂഷാക്രമം ദൈവശാസ്ത്രസമ്പത്ത്, പ്രതീകാത്മകത്വം, എന്നിവ മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

## കാശ്ശീശ്ശോപട്ടം

വി. കുർബാനയിൽ, വിശുദ്ധന്മാരുടെ കുക്കിലിയോൻ ചൊല്ലിയതിനുശേഷം മേല്പട്ടക്കാരൻ മദ്ബഹായിൽ നിന്നുകൊണ്ട് തിരുപ്പട്ട ശുശ്രൂഷ ആരംഭിക്കുന്നു. തദവസരത്തിൽ, പട്ടം സ്വീകരിക്കാൻപോകുന്ന ശെമ്മാശ്ശൻ അംശവസ്ത്രങ്ങൾ ധരിച്ച് മദ്ബഹായുടെ വാതില്ക്കൽ മുട്ടുകുത്തി നില്ക്കുന്നു. പ്രാരംഭ പ്രാർത്ഥനയ്ക്കുശേഷം പൗരോഹിത്യ പദവിക്ക് അവശ്യം വേണ്ട യോഗ്യതകളേയും അതിന്റെ കടമകളെയുംപ്പറ്റി മേല്പട്ടക്കാരൻ ഉപദേശാർത്ഥേണ അർത്ഥിയെ ഓർമ്മപ്പെടുത്തുന്നു: പരിശുദ്ധന്മാരായ ശ്ലീഹന്മാർ മുഖേന ലഭിച്ച സത്യവിശ്വാസത്തെ ഗ്രഹിച്ച് തദനുസരണം ജീവിച്ച് അതിനെ സംശയരഹിതമായി ഏറ്റുപറയുക, വി. സഭയിലെ അധികാരികളെ അനുസരിക്കുക, വിശുദ്ധ കൂദാശകളെ പരികർമ്മം ചെയ്യുന്നവർ പൗരോഹിത്യ നടപടികളിൽ വിശുദ്ധിയോടും നിഷ്കളങ്കതയോടും കൂടെ വ്യാപരിക്കുക, അതിഭാഷണം വിഷയാസക്തി, മദ്യപാനം, അതിപലിശ, അക്രമക്കരാറുകൾ, മർദ്ദനം ഇത്യാദി ആചാര്യ സ്ഥാനത്തിനു യോഗ്യമല്ലാത്തവയിൽ നിന്നൊഴിഞ്ഞുമാറുക, പ്രാർത്ഥന, ദണ്ഡനമസ്ക്കാരം, നോമ്പ് എന്നിവയോട് വിശ്വസ്തത പുലർത്തുക, പുണ്യസമ്പാദനത്തിലൂടെ അനുദിനം ദൈവവുമാ

www.malankaralibrary.com



യി അടുക്കുക എന്നിങ്ങനെയുള്ള നീണ്ട ഒരു ഉപദേശമാണ് മേലദ്ധ്യക്ഷൻ അർത്ഥിക്ക നല്കുന്നത്.

അർത്ഥസംപുഷ്ടവും വിശ്വാസ പ്രചോദകവും സ്വയ സമർപ്പണത്തിനു അനുഗുണവുമായ പ്രസ്തുത ഉപദേശത്തിനുശേഷം അർത്ഥി വിശ്വാസം ഏററുപറയുകയും, അനുസരണം വാഗ്ദാനം ചെയ്ത് രേഖപ്പെടുത്തുകയും ചെയ്യുന്നു. അനന്തരം സ്ഥാനാർത്ഥി എല്ലാം ഉപേക്ഷിച്ച് സ്വയം പരിത്യജിച്ച് കുരിശെടുത്ത് ക്രിസ്തുവിനെ അനുഗമിക്കുവാനിറങ്ങി പുറപ്പെട്ടിരിക്കുന്നതിൻെറയും പാപഭാര വിമുക്തിയുടെയും പ്രതീകമായി മേല്പട്ടക്കാരൻ സ്ഥാനാർത്ഥിയുടെ നെറുകയിൽ കുരിശാകൃതിയിൽ മുടിവെട്ടുന്നു. പിന്നീടു മേല്പട്ടക്കാരൻ സ്ഥാനാർത്ഥിയുടെ വലതുകൈ പിടിച്ച്, ''വിശുദ്ധ സഭയിൽ കശ്ശീശ്ശായാകുവാൻ പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നു'' എന്നു പറഞ്ഞുകൊണ്ട് അർത്ഥിയെ മദ്ബഹായിൽ പ്രവേശിപ്പിക്കുന്നു. ആ സമയത്ത് 'യജമാനൻ വരുമന്നേരത്തുണർവ്വുള്ളോരായ് ....' എന്നുതുടങ്ങുന്ന ഗീതം ആലപിക്കുന്നു. ഒരു വ്യക്തിയെ തിരുപ്പട്ടസ്വീകരണത്തിനു ക്ഷണിക്കുന്നത് പരിശുദ്ധാത്മാവായ ദൈവമാകുന്നു എന്ന യാഥാർത്ഥ്യം മേൽ ആലപിച്ച ഗാനത്തിലൂടെ വ്യക്തമാണ്. സഭാധികാരികളും മേല്പട്ടക്കാരും യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിൻെറ ഉപകരണങ്ങൾ മാത്രമാകുന്നു. പരിശുദ്ധാത്മാവിൻെറ ക്ഷണത്തെ ദൃശ്യമാക്കുകയാണവർ ചെയ്യുന്നത്. ദൈവം പ്രത്യേകം വിളിക്കുകയും തെരഞ്ഞെടുക്കുകയും കൃപയെ ദാനം ചെയ്യുകയും ചെയ്തെങ്കിൽ മാത്രമേ ഒരു വ്യക്തിക്ക് പൗരോഹിത്യ പദവിയിലേയ്ക്ക് കടക്കുവാൻ സാധിക്കുകയുള്ളു. പ്രലോഭനത്തിൻെറ ഫലമായോ, ബാഹ്യസമ്മർദ്ദം മൂലമൊ ഒരുവൻ ദൈവവിളിയെ ആശ്ലേഷിക്കുന്നത് അയാളുടെ ഭാഗത്തുനിന്നുള്ള വലിയ തെററായിരിക്കും. ദൈവത്തിൻെറ ഇഷ്ടം തന്നിൽ നിറവേററാനായി പ്രാർത്ഥിക്കുകയും വൈദികാന്തസ്സിനെപ്പററി നന്നായി പഠിക്കുകയും അറിവുള്ളവരുടെ ഉപദേശം യഥാവസരം സ്വീകരിക്കുകയും

www.malankaralibrary.com



ചെയ്തതിന ശേഷമേ ഒരുവൻ പുരോഹിതനാകുന്നതിനുള്ള തീരുമാനം എടുക്കാവൂ. പുരോഹിത സ്ഥാനത്തിനു പരിശുദ്ധാത്മാവ് ഒരു വ്യക്തിയെ വിളിയ്ക്കുന്നു എന്നു ബോദ്ധ്യമായാൽ സന്മനസ്സോടുകൂടി അയാരം പ്രസ്തുത വിളിയെ പിൻചെല്ലേണ്ടതാണ്.

മേല്പട്ടക്കാരൻ സ്ഥാനാർത്ഥിയെ മദ്ബഹായിൽ പ്രവേശിപ്പിച്ച് തിരുപ്പട്ട ശുശ്രൂഷ വീണ്ടും തുടരുന്നു. സഭയുടെ സംരക്ഷണം, ശത്രുക്കളുടെ പരാജയം, സഭാമക്കളുടെ സന്തോഷം എന്നിവയ്ക്കുവേണ്ടി ദൈവ സഹായം അഭ്യർത്ഥിച്ചുകൊണ്ടാണ് പ്രാർത്ഥന ആരംഭിക്കുന്നത്. തുടർന്നു വരുന്ന 51–ാം സങ്കീർത്തനം, എനിയോനൊ പ്രാർത്ഥന എന്നിവയുടെ ഉദ്ദേശ്യം സ്ഥാനാർത്ഥിയുടെ അനുതാപപൂർണ്ണമായ സ്വയം സമർപ്പണമാണ്. 51–ാം സങ്കീർത്തനത്തിൽ പാപമോചനത്തിനുള്ള പൊതു അർത്ഥനയും (1–3) പാപങ്ങളുടെ ഏറ്റുപറച്ചിലും (4–6) പാപം കഴുകിക്കളഞ്ഞ് ആന്തരിക നവീകരണം സാധിതമാക്കാനുള്ള യാചനയും (7–13) ഉൾക്കൊള്ളുന്നുണ്ട്. അനുതാപപൂർണ്ണമായ ഏറ്റുപറച്ചിലിലൂടെ, സ്ഥാനാർത്ഥി ദൈവത്തിന്റെ ധാരാളമായ കൃപയ്ക്ക് അർഹനായിത്തീരുക മാത്രമല്ല തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ എണ്ണപ്പെടുകയും ചെയ്യുന്നു. പിന്നീടുള്ള പ്രാർത്ഥനയിൽ, ദിവ്യമായ കൃപ പ്രദാനം ചെയ്ത് ആചാര്യസ്ഥാനത്തിനുള്ള മഹിമാവസ്ത്രം സ്ഥാനാർത്ഥിയെ ധരിപ്പിക്കുന്നതിനും, പരിശുദ്ധാരൂപിയുടെ ആവാസത്താൽ നിറഞ്ഞ് ദിവ്യശക്തിയിൽ സമ്പന്നനായി സ്ഥാനാർത്ഥി വിശുദ്ധിയിൽ ശക്തിപ്പെടുവാൻ ഇടയാകണമെന്നും, കാർമ്മികൻ സർവ്വശക്തനായ ദൈവത്തോട് അപേക്ഷിക്കുന്നു. ആചാര്യസ്ഥാനത്തിനടുത്ത എല്ലാ ഗുണവിശേഷങ്ങളും അർത്ഥിയ്ക്ക് ലഭിക്കുന്നതിനുള്ള ഒരു അഭ്യർത്ഥനയാണിത്.

പ്രൊമിയോൻ, സെദ്റാ പ്രാർത്ഥനകൾ അന്ത്യോക്യൻ ആരാധന ക്രമത്തിന്റെ പ്രത്യേകതയാണെന്നും മി

www.malankaralibrary.com



ക്കവൊറും എല്ലാ ശുശ്രൂഷകളിലും ഇത്തരം പ്രാർത്ഥനകൾ ഉള്ളതായും മുമ്പ് കാണുകയുണ്ടായി. ഘടനാപരമായി പ്രസ്തുത പ്രാർത്ഥനയ്ക്ക് വ്യത്യാസങ്ങൾ ഇല്ല; എന്നാൽ സന്ദർഭത്തിനനുസരിച്ച് ഓരോ ശുശ്രൂഷയിലും ആശയങ്ങൾ മാറിവരുന്നു. തിരുപ്പട്ട ശുശ്രൂഷയിൽ, പൗരോഹിത്യത്തെപ്പററിയും അതിൻെറ ദിവ്യമായ സ്വഭാവത്തെക്കുറിച്ചുമാണ് പ്രധാനമായും വിവരിക്കുന്നത് — പ്രസ്തുത പ്രാർത്ഥനയിൽ.

മേല്പ്പട്ടക്കാരൻ സമാധാനാശംസയ്ക്കുശേഷം ചൊല്ലുന്ന ഗീതത്തിൽ ഒരു വിശ്വസ്ത ആചാര്യനു ലഭിക്കുന്ന പ്രതിഫലത്തെപ്പററി, സ്ഥാനാർത്ഥിയെയും വിശ്വാസികളെയും അനുസ്മരിപ്പിക്കുന്നു: 'യോനായുടെ പുത്രനായ ശിമയോന് ഇരുലോകങ്ങളുടെയും താക്കോലുകൾ നൽകിക്കൊണ്ട് കർത്താവരുളിച്ചെയ്തു: എൻെറ പ്രവർത്തനങ്ങളെ നീ സൂക്ഷിച്ചു വീക്ഷിക്കണം; അജഗണത്തെ മുഴുവൻ ഞാൻ നിനക്കു നൽകിയിരിക്കുന്നു; നീ അവയെ മേയിക്കണം; മുഖപക്ഷമില്ലാത്ത ഉയരത്തിൽ ദൈവികസിംഹാസന സവിധത്തിൽ നിനക്ക് പ്രതിഫലം നല്കിടും'. പത്രോസ് തൻെറ ഐഹിക ഉത്തരവാദിത്വങ്ങൾ സസൂക്ഷ്മം നിർവ്വഹിക്കുമ്പോൾ ലഭിക്കുന്ന പ്രതിഫലത്തെയാണ് ഇവിടെ അനുസ്മരിപ്പിക്കുന്നത്. അതിനെ തുടർന്ന് ആചാര്യന്മാർക്ക് പൊതുവിൽ ലഭിക്കുന്ന അധികാരാവകാശത്തെയും സൂചിപ്പിക്കുന്നു: 'ബന്ധിക്കുകയും അഴിക്കുകയും ചെയ്യുന്നതിനുള്ള ആചാര്യത്വത്തിൻെറ പദവി രക്ഷകൻ നിങ്ങൾക്കു നൽകി; ഉയരങ്ങളുടെയും ആഴങ്ങളുടെയും താക്കോലുകൾ നിങ്ങളുടെ കൈകളിൽ ഉണ്ടല്ലൊ; മണവറയിൽ പ്രവേശിക്കുന്നതിനുള്ള ഭാഗ്യം നാഥൻ നിങ്ങൾക്കു നൽകും ........'

'ബന്ധിക്കുകയും അഴിക്കുകയും ചെയ്യുക', അതായതു് പാപമോചനം, ഒരു പുരോഹിതൻെറ അതിപ്രധാനമായ കടമയാണു്. 'നിങ്ങൾ ഭൂമിയിൽ കെട്ടുന്നതു് സ്വ

www.malankaralibrary.com



ഗ്ഗത്തിലും കെട്ടപ്പെട്ടും. ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടും' എന്നരുളിച്ചെയ്തുകൊണ്ടു് പാപമോചനാധികാരം ക്രിസ്തു സ്വശിഷ്യന്മാർക്കു നൽകി. പ്രസ്തുത അധികാരം സഭയിൽ പുരോഹിതന്മാർ വഴിയായി ഇന്നു നിർവ്വഹിക്കപ്പെടുന്നു. അതായതു് പുരോഹിതൻ പാപികളെ അവരുടെ പാപത്തിൽനിന്നും മോചിപ്പിച്ചു് ദൈവമക്കളാക്കിത്തീർക്കുന്നു. പിന്നീടു് കാർമ്മികൻ എത്രോ പ്രാത്ഥന ചൊല്ലുന്നു. ധൂപിക്കലിനുള്ള പ്രാത്ഥനയാണിതു്; തദവസരത്തിൽ ശുശ്രൂഷി ധൂപക്കുററിയിൽ കുന്തുരുക്കം ഇടുവിച്ചു് മദ്ബഹായിൽ ധൂപം അർപ്പിക്കുന്നു.

വേദപുസ്തകത്തിൽനിന്നുള്ള വായനകളാണടുത്തതു്. ആദ്യം ലേഖനവും പിന്നീടു് സുവിശേഷവും വായിക്കുന്നു. ലേഖനത്തിൽ 1 കൊറി 12:28; 1 തിമോ 3:4–11, 1: 5–9; 1 തിമോ 4: 14–16 എന്നീ ഭാഗങ്ങൾ ഉൾപ്പെടുന്നു. വിശുദ്ധ സഭയിൽ വിവിധ പദവികളിലേക്കു് നിയമിക്കപ്പെട്ടിരിക്കുന്നവരെക്കുറിച്ചും അവർക്കുള്ള ദാനങ്ങളെയും വരങ്ങളെയും കുറിച്ചുമാണു് വി. പൗലോസു് ആദ്യം ഓർമ്മിപ്പിക്കുന്നതു്. ഉൽകൃഷ്ടദാനങ്ങൾക്കുവേണ്ടി പ്രാത്ഥിക്കുവാനും ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. തുടന്നു് തീത്തോസിനുള്ള ലേഖനത്തിൽ (1: 5–9), ക്രിസ്തുവിൻെറ കൃപാവരത്തിൽ നീതീകരിക്കപ്പെടുന്നതിനും നിത്യജീവൻെറ പ്രത്യാശയിൽ ഓഹരിക്കാരാകുന്നതിനുവേണ്ടിയാണു് അവിടുന്നു് പരിശുദ്ധാത്മാവിനെ മനുഷ്യരുടെമേൽ അയച്ചതെന്നും, പ്രസ്തുത ആത്മാവാണു സൽപ്രവൃത്തി ചെയ്യുന്നതിനു് മനുഷ്യക്കു് ഉത്തേജനം നൽകുന്നതെന്നും, മററും വി. പൗലോസു് ഓർമ്മപ്പെടുത്തുന്നു. ക്രിസ്തുവിൻെറ യഥാത്ഥശുശ്രൂഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പററിയാണു് തിമോത്തേയോസിനുള്ള ലേഖനഭാഗത്തു് (1 തിമോ 4: 14–16) പ്രതിപാദിക്കുന്നതു്: പ്രവചനപ്രകാരവും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പുവഴിയും നിനക്കു ലഭിച്ചിരിക്കുന്ന വരം അവഗണിക്കരുതു്. കർ

www.malankaralibrary.com



ത്തവ്യങ്ങൾക്കവേണ്ടി ആത്മാർപ്പണം ചെയ്യുക. എല്ലാവരും നിൻെറ പുരോഗതി കാണുവാൻ ഇടയാകട്ടെ. പ്രബോധനങ്ങളിൽ ഉറച്ചു നിൽക്കുക. അങ്ങനെ ചെയ്യുന്നതുവഴി, നീ നിന്നെത്തന്നെയും നിൻെറ ശ്രോതാക്കളെയും രക്ഷിക്കും'. ഇതിൽ 'കത്തവ്യങ്ങൾക്കവേണ്ടി ആത്മാർപ്പണം ചെയ്യുക' എന്ന ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്. ക്രിസ്തുവിൻെറ ദൗത്യനിർവ്വഹണത്തിനായി ആത്മാർപ്പണം ചെയ്യുന്ന വ്യക്തിയാണ് പുരോഹിതൻ. സ്വന്തം ഇഷ്ടത്തേയും താല്പര്യത്തെയും അവഗണിച്ച്, ദൈവികതിരുമനസ്സ് നിറവേററുക, അതിനു പ്രതിബന്ധമായി നിൽക്കുന്നതിനെ സന്തോഷത്തോടും ധൈര്യത്തോടും കൂടി തരണം ചെയ്യുക, ഇതെല്ലാംപുരോഹിതൻെറ കത്തവ്യമാണ്. വി. പൗലോസിൻെറ ഈ ഉപദേശം സ്ഥാനാത്ഥി ശ്രദ്ധയോടുകൂടി ശ്രവിച്ച് ഹൃദിസ്ഥമാക്കുന്നു. കാർമ്മികൻ സുവിശേഷം വായിക്കുന്നതു് സ്ഥാനാത്ഥിയുടെ തലയിൽ വേദപുസ്തകം വച്ചുകൊണ്ടാണ്.സുവിശേഷപ്രഘോഷണമാണ് പുരോഹിതൻെറ പ്രഥമവും പ്രധാനവുമായ കർത്തവ്യം എന്നതാണ് ഇതു് സൂചിപ്പിക്കുന്നതു്. യഹൂദരെ ഭയന്നു് ഭദ്രമായ ഒരു മുറിയിൽ കതകടച്ചു കഴിഞ്ഞുകൂടിയ ശിഷ്യഗണത്തിൻെറ അടുക്കൽ യേശു വന്നു് അവക്ക് സമാധാനം ആശംസിക്കുന്നതും, അതിനെതുടന്നു് സുവിശേഷപ്രഘോഷണത്തിനായി ശിഷ്യന്മാരെ അയക്കുന്നതുമാണ് സുവിശേഷത്തിലെ ആദ്യഭാഗം. (യോഹ. 20: 19–23) തുടന്നുള്ളതു് യോഹന്നാൻെറ സുവിശേഷം പതിനാറാം അദ്ധ്യായം മുപ്പത്തിയൊന്നുമുതൽ മുപ്പത്തിമൂന്നുവരെയുള്ള വാക്യങ്ങളാണ്. ശിഷ്യന്മാക്ക് ലോകത്തിൽ ഞെരുക്കങ്ങൾ ഉണ്ടാകും. എന്നാൽ ധൈര്യമായിരിക്കണം....എന്നും മററും യേശു ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്ന ഭാഗമാണതു്. അപ്പസ്തോലന്മാരെപ്പോലെ ക്രിസ്തുവിൻെറ ദൗത്യനിർവ്വഹണത്തിനായി പ്രത്യേകമായി അയക്കപ്പെടുന്നവരാണല്ലോ പുരോഹിതന്മാർ. ദൗത്യനിർവ്വഹണത്തിൽ പ്രയാസങ്ങളും വിഷമങ്ങളും ഉണ്ടാകു

www.malankaralibrary.com



മ്പോൾ മനസ്സുപതറാതെ, കാലിടറാതെ ധൈര്യപൂർവ്വം പ്രതിബന്ധങ്ങളെ തരണം ചെയ്യണമെന്നുള്ള ക്രിസ്തുവിന്റെ ഉപദേശത്തെ ഇപ്പോൾ വി: ശ്ലീഹാ സ്ഥാനാർത്ഥിയെ അനുസ്മരിപ്പിക്കുന്നു. സുവിശേഷവായനയുടെ മദ്ധ്യത്തിൽ "അവൻ അവരുടെമേൽ ഊതി" എന്നു വായിക്കുമ്പോൾ കാർമ്മികൻ സ്ഥാനാർത്ഥിയുടെ മുഖത്തു് മൂന്നു പ്രാവശ്യം കുരിശാകൃതിയിൽ ഊതുന്നു. ക്രിസ്തു, ശിഷ്യന്മാരുടെ മേൽ ഊതി പരിശുദ്ധാത്മാവിനെ അവർക്കു നല്കിയതുപോലെ ക്രിസ്തുവിന്റെ പ്രതിപുരുഷനായ കാർമ്മികനിൽനിന്നും വൈദിക സ്ഥാനാർത്ഥി ഇപ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിന്റെ അടയാളമാണിതു്.

സുവിശേഷ വായനയ്ക്കുശേഷം വിശ്വാസ പ്രമാണവും തുടർന്നു് 15-ാം സങ്കീർത്തനവും ചൊല്ലുന്നു. സങ്കീർത്തനത്തോടനുബന്ധിച്ചുള്ള ഗീതത്തിൽ പരിശുദ്ധാത്മാവിന്റെ ആവാസം സ്ഥാനാർത്ഥിയുടെമേൽ ഉണ്ടാകുന്നതിനുവേണ്ടി അപേക്ഷിക്കുന്നു:....സീനായ്മലമേൽ ആവസിക്കുകയും, അവിടെവച്ചു് മൂശയ്ക്കു് കൈവയ്പു നല്കുകയും, മൂശ അതു് അഹറോനു് കൊടുക്കുവാൻ കല്പിക്കുകയും, യോഹന്നാൻ പ്രവാചകൻവരെ അതു നിലനിർത്തുകയും, നിബിയന്മാർ മൂലം സംസാരിക്കുകയും, ശ്ലീഹന്മാരുടെമേൽ വന്നിറങ്ങുകയും, പ്രാവിന്റെ രൂപത്തിൽ പുത്രന്റെമേൽ ആവസിക്കുകയും, ശാമുവേലിനെ മാതാവിന്റെ ഉദരത്തിൽവച്ചുതന്നെ ശുദ്ധീകരിക്കുകയും ചെയ്തു, അതേ പരിശുദ്ധാത്മാവു്, ഈ ദാസന്റെമേലും വന്നാവസിച്ചു് അവനെ പവിത്രീകരിക്കണമേ....' എന്നാണു് ജനങ്ങൾ പ്രാർത്ഥിക്കുന്നതു്. പൗരസ്ത്യ പാരമ്പര്യമനുസരിച്ചു് കൂദാശകളുടെ പൂർത്തീകരണം പരിശുദ്ധാത്മാവിന്റെ ആവാസത്തിൽ അടങ്ങിയിരിക്കുന്നു. മററു് കൂദാശകളിലെന്നപോലെ പൗരോഹിത്യ ശുശ്രൂഷയിലും ഇതു് വളരെ വ്യക്തമാണു്. പരിശുദ്ധാത്മാവു് വൈദിക സ്ഥാനാർത്ഥിയുടെ മേൽ ആവസിച്ചു് അയാളെ പൗരോഹിത്യ പദവിയ്ക്കു്

www.malankaralibrary.com



പ്രത്യേകമായ വിധത്തിൽ ഒരുക്കുന്നതിനുള്ള പ്രാത്ഥന യാണു് മുകളിൽ കണ്ടതു്. തുടർന്നു് വരുന്ന പ്രാത്ഥനകളും പരിശുദ്ധാത്മ ആവാസത്തെ കേന്ദ്രീകരിച്ചുള്ളതാണു്.

തുടർന്നു് കാർമ്മികൻ രഹസ്യപ്രാത്ഥന ചൊല്ലുന്നു. തദവസരത്തിൽ 'കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ' എന്നത്ഥമുള്ള 'കുറിയേലായിസ്സോൻ' എന്നു് ജനങ്ങൾ ഉച്ചത്തിൽ ആലപിക്കുന്നു. കാർമ്മികൻെറ രഹസ്യ പ്രാത്ഥന വളരെ അത്ഥവത്തും ദൈവശാസ്ത്ര സമ്പത്തു് നിറഞ്ഞവയുമാണു്. ക്രിസ്തുവിൻെറ ശുശ്രൂഷകരും പുരോഹിതരും ആകുന്നതിനുള്ള കഴിവു് ദൈവത്തിനു ചേരുന്ന രീതിയിൽ ആചാര്യ ശുശ്രൂഷ ചെയ്യുന്നതിനുള്ള പ്രാപ്തി, ദൈവീകജോലിക്കു് യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നതിനുള്ള ജ്ഞാനം, തുടങ്ങിയവ നൽകണമെന്നു് കാർമ്മികൻ രഹസ്യ പ്രാർത്ഥനയിൽ ദൈവത്തോടു് അപേക്ഷിക്കുകയും, അതോടൊപ്പംതന്നെ ദൈവീക നൽവരത്തിനായി നോക്കിപ്പാക്കുന്ന സ്ഥാനാർത്ഥിയെ സ്വീകരിച്ചു് പൂർണ്ണനാക്കുകയും ചെയ്യണമെന്നു് യാചിക്കുകയും ചെയ്യുന്നു. അതിനുശേഷം കാർമ്മികൻ ജനങ്ങൾക്കു് സമാധാനം നല്കുന്നു. തദവസരത്തിൽ ആർച്ചു ഡീക്കൻ അംശവടി വഹിച്ചുകൊണ്ടു് മദ്ബഹായുടെ തെക്കുവശത്തു് പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നു് താഴെ കൊടുത്തിരിക്കുന്ന കോറൂസൂസോ പ്രാത്ഥന ഉച്ചത്തിൽ ചൊല്ലുന്നു. 'സദാ ഞങ്ങളുടെ കുറവുകളെ നികത്തിത്തരുന്ന ഞങ്ങളുടെ കത്താവായ യേശുമിശിഹായുടെ കൃപ, പിതാവായ ദൈവത്തിൻെറ ഇഷ്ടത്താലും പരിശുദ്ധാത്മാവിൻെറ ആത്മശക്തിയാലും ഇവിടെ അടുത്തുവന്നു് ഭയഭക്തിയോടും സത്യവിശ്വാസത്തോടുംകൂടി തൻെറ ആത്മാവിൻെറ കഴുത്തു് പരിശുദ്ധ മദ്ബഹാ മുൻപിൽ കുനിച്ചു് ഉയരത്തിൽ വാഴുന്നവനായ നിങ്കലേക്കു് അവൻെറ ഹൃദയദൃഷ്ടി പതിപ്പിച്ചുകൊണ്ടു്, നിൻെറ സ്വർഗ്ഗീയ ദാനം പ്രതീക്ഷിച്ചു നില്ക്കുന്ന ഇവനെ ശെമ്മാശന്മാരുടെ ക്രമത്തിൽനിന്നും കാശ്ശീശ്ശാന്മാരുടെ ദർഗായിലേക്കു് വിളിച്ചുടപ്പിക്കുന്നു.

www.malankaralibrary.com



(ഇന്നാരു്) ഇന്ന അധികാരസീമയിൽ ഇന്ന സ്ഥലത്തുള്ള (ഇന്നാരുടെ) നാമത്തിലുള്ള പരിശുദ്ധവും ദൈവികവുമായ മദ്ബഹായിലേക്ക കാശ്ശീശായായിട്ട വിളിക്കപ്പെട്ടിരിക്കുന്നു, എന്നു് ആർച്ച് ഡീക്കൻ പ്രസ്താവിക്കുന്നു. അനന്തരം പരിശുദ്ധാത്മാവിൻെറ കൃപയും ആവാസവും ഇപ്പോഠംമുതൽ എന്നന്നേക്കും ഈ ദാസൻെറമേൽ വരുവാൻ നമുക്കെല്ലാവക്കും പ്രാത്ഥിക്കാമെന്നു് ജനങ്ങളോടു് അപേക്ഷിക്കുന്നു.

മേല്പട്ടക്കാരൻ വീണ്ടും രഹസ്യപ്രാത്ഥന നടത്തുകയും ജനം 'കുറിയേലായിസ്സോൻ' എന്നു ചൊല്ലുകയും ചെയ്യുന്നു. വൈദിക സ്ഥാനാത്ഥിയെ സ്വീകരിക്കണമെന്നും പരിശുദ്ധാത്മാവിൻെറ ദാനം അയാളുടെ മേൽ അയയ്ക്കണമെന്നും, സഭയുടെ ഐക്യത്തിൽ അവനെ സ്ഥിരപ്പെടുത്തണമെന്നും, പരിശുദ്ധിയും വിജ്ഞാനവും കൊണ്ടു് അയാളെ നിറക്കണമെന്നും, ഉള്ള അഭ്യത്ഥനകളാണു് രഹസ്യപ്രാത്ഥനയുടെ ഉള്ളടക്കം. അതിനു ശേഷം കാർമ്മികൻ സ്വരമുയർത്തി ഇപ്രകാരം പ്രാത്ഥിക്കുന്നു: 'ഈ ഭൃത്യൻ നിൻെറ തിരുനാമത്തിനു് സേവനം ചെയ്യുകയും നിൻെറ വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷിക്കുകയും നിൻെറ തിരുമുമ്പാകെ കൃപ കണ്ടെത്തുകയും ചെയ്യുന്നതിനു് യോഗ്യനായിത്തീരുവാൻ തക്കവണ്ണം കത്താവേ, ഇവനെ അർഹനാക്കേണമേ'. പൗരോഹിത്യം സേവനത്തിൻെറ കൂദാശയാണു്. പൗരോഹിത്യകമ്മത്തിലൂടെ മററുള്ളവക്കു സേവനം ചെയ്യുക, ദൈവജനത്തെ സ്വഗ്ഗപ്രാപ്തിക്കു് അർഹരാക്കിത്തീർക്കുക, എന്നുള്ളതാണു് പുരോഹിതൻെറ ധമ്മം. പ്രസ്തുത ധമ്മം യഥായോഗ്യം നിറവേററുന്നതിനു വേണ്ട ദൈവിക കൃപ സ്ഥാനാത്ഥിയുടെ മേൽ വർഷിക്കുന്നതിനു വേണ്ടിയുള്ള പ്രാത്ഥനയാണു് മുകളിൽ കണ്ടതു്.

തിരുപ്പട്ട ശുശ്രൂഷയുടെ മമ്മപ്രധാനമായ ഭാഗമാണടുത്തതു്. പരിശുദ്ധാത്മാവു് പ്രത്യേകമായ വിധത്തിൽ സ്ഥാനാത്ഥിയുടെ മേൽ ആവസിച്ചു് അയാളെ പുരോഹി

www.malankaralibrary.com



തനായി അഭിഷേകം ചെയ്യുന്ന സന്ദർഭമാണത്ു്. കാർമ്മികൻ സ്ഥാനാർത്ഥിയെ കാപ്പാ കൊണ്ടു് മറയ്ക്കുന്നു. എന്നിട്ടു് വിശുദ്ധ രഹസ്യങ്ങളുടെ മേൽ കൈ ആവസിപ്പിക്കുകയും അവയിൽ നിന്നും ദൈവികശക്തി പ്രാപിച്ചു് സ്ഥാനാർത്ഥിയുടെ തലയിൽ വയ്ക്കുകയും ചെയ്യുന്നു; പിന്നീടു് കാർമ്മികൻ വലതുകൈ സ്ഥാനാർത്ഥിയുടെ തലയുടെ മുകളിൽ ആവസിപ്പിച്ചു് വച്ചിട്ടു് ഇടതുകൈ കൊണ്ടു് ശിരസ്സു മുതൽ താഴോട്ടു് കഴുത്തിൽ കൂടി തോളുവരെ തിരുമ്മുന്നു. പ്രസ്തുത അഭിഷേകകർമ്മം നടക്കുന്ന അവസരത്തിൽ മേല്പട്ടക്കാരൻ പരിശുദ്ധാത്മാവാസത്തിനുള്ള താഴെ വരുന്ന പ്രാർത്ഥന രഹസ്യത്തിൽ ചൊല്ലുന്നു: "കർത്താവേ, ഓരോരോ തലമുറയിലും നിനക്കു പ്രസാദമുള്ളവരെ നിന്റെ ശുദ്ധതകളുടെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കുന്നു. കശ്ശീശ്ശാസ്ഥാനത്തിനു് നിന്റെ ഈ ദാസനെ നീ തിരഞ്ഞെടുക്കേണമെ. കുററമററതും നിർമ്മലവുമായ നടപടികളോടും അചഞ്ചലമായ വിശ്വാസത്തോടുകൂടി നിന്റെ വിശുദ്ധ റൂഹായുടെ മഹിമയേറിയ നൽവരം പ്രാപിക്കുവാൻ ഇവനു് കൃപ നല്കണമേ. കർത്താവേ നിന്റെ രാജ്യത്തിന്റെ സുവിശേഷത്തിനു് പരികർമ്മിയായിരിപ്പാനും നിന്റെ ബലിപീഠത്തിന്റെ മുമ്പിൽ നില്പാനും ആത്മീയ ദാനങ്ങളും പൂജ്യബലികളും അർപ്പിക്കുവാനും വീണ്ടും ജനനമാകുന്ന സ്നാനംകൊണ്ടു് നിന്റെ ജനത്തെ പുതുക്കുവാനും ഇവനെ യോഗ്യനാക്കണമേ. നിന്റെ അനാദ്യന്താവസ്ഥയിൽ നിന്നോടു് ഒന്നായിരിക്കുന്ന നിന്റെ ഏകജാതന്റെ പ്രകാശത്തിന്റെ ദീപയഷ്ടിയാണെന്നു് എല്ലാവർക്കും സ്വയം കാണിക്കുവാനും, നിന്റെ പരിശുദ്ധസഭയെ അഭിവൃദ്ധിപ്പെടുത്തി അലങ്കരിക്കുവാനും കൈവയ്പുമൂലം നന്മപ്രവർത്തിക്കുവാനും ഇവനെ ശക്തനാക്കേണമേ. സൃഷ്ടി മുഴുവനിലുമെന്നപോലെ ഈ നിന്റെ ദാസനു വിശ്വാസമായി ഏല്പിക്കപ്പെട്ടിട്ടുള്ള സഭയിലും നിന്റെ സുവിശേഷം പ്രചരിപ്പിക്കുകയും നിന്റെ തിരുനാമം മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമെ". ഒരു

www.malankaralibrary.com



ഉത്തമ പുരോഹിതനുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങ ളും, അയാളുടെ കൃത്യനിർവ്വഹണത്തിന് വേണ്ട ശക്തിയും ലഭിക്കുന്നതിനുള്ള ദൈവിക വരപ്രസാദം ഇപ്പോൾ പൗ രോഹിത്യപദവി സ്വീകരിക്കുന്ന സ്ഥാനാർത്ഥിയ്ക്കും കിട്ടു ന്നതിനുവേണ്ടിയുള്ള പ്രാർത്ഥനയാണിത്. കാർമ്മികൻെറ ഹൃദയം നൊന്തുള്ള പ്രസ്തുത പ്രാർത്ഥന ദൈവം ശ്രവിച്ച് സ്ഥാനാർത്ഥിയെ കൃപാവരങ്ങൾകൊണ്ട് നിറയ്ക്കുന്നു. രഹ സ്യപ്രാർത്ഥനയുടെ അവസരത്തിൽ മുൻപ് സൂചിപ്പിച്ചി ട്ടുള്ളതുപോലെ, ജനങ്ങൾ 'കുറിയേലായിസോൻ' എന്ന് ചൊല്ലിക്കൊണ്ടിരിക്കും.

രഹസ്യപ്രാർത്ഥനയുടെ അവസാനം കാർമ്മികൻ ഉച്ച ത്തിൽ ചൊല്ലുന്ന പ്രാർത്ഥനയിൽ ക്രിസ്തുവിൻെറ രണ്ടാമ ത്തെ വരവിൽ നവവൈദികന് സുകൃതജീവിതത്തിനുള്ള പ്രതിഫലം ലഭിക്കുന്നതിനു വേണ്ടി അപേക്ഷിക്കുന്നു. അതിനെത്തുടർന്നു ചൊല്ലുന്ന രഹസ്യവും പരസ്യവുമായ പ്രാർത്ഥനകൾക്കു ശേഷം, കാർമ്മികൻ നവവൈദികൻെറ തലയിൽ കൈവയ്ക്കുകയും നിശ്ചിത പ്രാർത്ഥന ചൊല്ലി ക്കൊണ്ട് നെററിയിൽ മൂന്നു പ്രാവശ്യം കുരിശു വരച്ച് മുദ്ര കുത്തുകയും ചെയ്യുന്നു. നവവൈദികൻ, ദൈവത്തിനു വേണ്ടി വേർതിരിക്കപ്പെട്ട വ്യക്തി, ദൈവികജോലി ക്കായി സ്വയം സമർപ്പിച്ചയാൾ, എന്നതാണ് ഈ മുദ്ര കുത്തൽ കൊണ്ട് അർത്ഥമാക്കുന്നത്. അതിനുശേഷം ചൊ ല്ലുന്ന പ്രാർത്ഥനയിൽ, പുരോഹിതസ്ഥാനം വി. റൂഹായു ടെ ആവാസത്തോടുകൂടിയാണ് സംജാതമായതെന്നും, പൗ രോഹിത്യം, ക്രിസ്തുവിൻെറ പൗരോഹിത്യത്തിലെ പങ്കു ചേരലാണെന്നും, നവവൈദികനെ ഓർമ്മിപ്പിക്കുന്നു. നി രന്തരം പരിശുദ്ധാത്മ സംസർഗ്ഗത്തിൽ നവവൈദികൻ ജീവിക്കുന്നതിനും, തൻെറ കൃത്യനിർവ്വഹണത്തിൽ വിഷമ മോ, പ്രയാസമോ ഉണ്ടാകുമ്പോൾ പരിശുദ്ധാത്മാവിൻെറ സഹായം അപേക്ഷിക്കുന്നതിനും ഇതു് നവ വൈദികന് പ്രചോദനം നൽകുന്നതാണ്. അനന്തരം മേൽപട്ടക്കാരൻ നവവൈദികൻെറ കൈയ്ക്കു പിടിച്ച് എഴുന്നേൽപ്പിക്കു

www.malankaralibrary.com



കയും, അംശവസ്ത്രങ്ങൾ വാഴ്ത്തി അദ്ദേഹത്തെ അണിയിക്കുകയും ചെയ്യുന്നു. തുടർന്നു് നവവൈദികൻ മദ്ബഹായിലും ഏവൻഗേലിയോനും, കാർമ്മികനും വിശ്വാസികൾക്കും ധൂപം അർപ്പിക്കുന്നു. അവസാനം മേല്പട്ടക്കാരന്റെ കൈ മുത്തിയ ശേഷം നവവൈദികൻ വൈദികർക്കെല്ലാവർക്കും സമാധാനം നൽകുന്നു. അതോടുകൂടി പൗരോഹിത്യ ശുശ്രൂഷ അവസാനിക്കുന്നു. തുടർന്നു് മേല്പട്ടക്കാരനും നവവൈദികനും ഒന്നുചേർന്നു് വി. കുർബാനയുടെ ബാക്കി ഭാഗങ്ങൾ ചൊല്ലുന്നു. വി. കുർബാനാനുഭവസമയത്തു് ആദ്യം മേല്പട്ടക്കാരനും തുടർന്നു് നവവൈദികനും തിരുശരീര രക്തങ്ങൾ എടുത്തു് അനുഭവിക്കുന്നു. അതിനു ശേഷം നവവൈദികൻ ആദ്യം മാതാപിതാക്കൾക്കും ബന്ധുമിത്രാദികൾക്കും, പിന്നീടു് വിശ്വാസികൾക്കും വി. കുർബാന നൽകുന്നു. വിശുദ്ധ കുർബാനയുടെ അവസരത്തിൽ മദ്ബഹായുടെ വലതുവശത്തു് നിന്നുകൊണ്ടു് നവവൈദികൻ ജനങ്ങളെ ആശീർവദിക്കുകയും വിശ്വാസികൾ നവവൈദികന്റെ കരം ചുംബിച്ചു് പിരിഞ്ഞു പോകുകയും ചെയ്യുന്നു.

www.malankaralibrary.com

## അദ്ധ്യായം ഏഴ്

# വിവാഹം

"ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർതിരിക്കരുതു്" (മത്താ. 19: 6).

ആദിയിൽ ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു (ഉല്പത്തി 1:27). അവിടുത്തെ രക്ഷാകര പദ്ധതി പ്രകാരം സ്ത്രീയും പുരുഷനും സംയോജിക്കപ്പെട്ടു. പുരുഷന്റെ പൂർണ്ണത തന്നെ സ്ത്രീയിലാണല്ലോ. സൃഷ്ടികർമ്മത്തിലൂടെ ദൈവം തന്റെ അപരിമേയമായ അസ്തിത്വം മനുഷ്യനു് പങ്കുവച്ചു. അങ്ങനെ അവൻ ദൈവിക ജീവനിൽ പങ്കാളിയായി. ദൈവിക ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ വിവാഹമെന്ന കർമ്മത്തിലൂടെ തനിക്കു കിട്ടിയ ദൈവിക—മാനുഷിക അസ്തിത്വം പങ്കുവയ്ക്കുന്നു.

വിവാഹത്തെ നയിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന നിയമങ്ങളിൽ കാലാനുസൃതമായ മാററങ്ങൾ ഉണ്ടായേക്കാം എന്നുവരികിലും അതിന്റെ ആദ്യന്തികമായ ലക്ഷ്യം ഉടയവനായ ദൈവം തന്നെ. അത് ശങ്കക്കിടയില്ലാത്തവിധം ഇതു വ്യക്തമാക്കിയിട്ടുണ്ടു്: അതായതു്, അന്യോന്യ സ്നേഹത്തിലൂടെയും സഹകരണത്തിലൂടെയും പരിപൂർണ്ണരാകുക, സാമൂഹിക ജീവിതം കെട്ടിപ്പടുക്കുക, സന്താനോല്പാദനം സാധിക്കുക (ഉല്പത്തി 1:28, 2:18. 24); അങ്ങനെ രക്ഷാകര കർമ്മത്തിൽ സജീവ സാക്ഷികളാവുക.

വിവാഹ ജീവിതം വ്യക്തികൾ സ്വയം ഏറെറടുക്കുന്ന ഒരുത്തരവാദിത്വമല്ല ക്രിസ്തീയ വീക്ഷണത്തിൽ. അതു്

www.malankaralibrary.com



ഉദാത്തവും ഉൽകൃഷ്ടവുമായ ഒരു വിളിയാണ് — ദൈവവിളി. ഇതു വളരെ വ്യക്തമാണ് ആദ്യവിവാഹത്തിൽ. ആദം തനിയെ ആയിരിക്കുന്നതു നന്നല്ല എന്നു കണ്ടുകൊണ്ട് ദൈവം ഒരു ജീവിതപങ്കാളിയെ അവനു നൽകി, അവർ പരസ്പരം പൂരകങ്ങളായിത്തീരുവാൻ. ഇതിനുവേണ്ടിയുള്ള ഒരുക്കമായിരുന്നു ലോകസൃഷ്ടി എന്നു തന്നെ പറയാം. വിവാഹമെന്ന മഹത്തായ സംഭവത്തിനുവേണ്ടി സംവിധാനം ചെയ്യപ്പെട്ട കതിർമണ്ഡപമായിരുന്നു ഏദൻതോട്ടം. അവിടെയാണ് ആദ്യത്തെ വിവാഹം നടന്നതു്, പാവനവും പവിത്രവുമായ ബന്ധിപ്പിക്കൽ നടന്നതു്. അവിടുത്തെ വരനും വധുവും ശരീരമുള്ള മാലാഖമാരെപ്പോലെയായിരുന്നു. എന്നാൽ ആദ്യപാപത്തോടുകൂടി വന്നുകൂടിയ പരാജയം പരിഹരിക്കുവാൻ "വചനമായ ദൈവം" മനുഷ്യനായി അവതരിച്ച് നസ്രത്തിലെ എളിയ ഭവനത്തിൽ ജീവിച്ചു. അങ്ങനെ ആദ്യത്തെ ദേവാലയമായി ഭവനത്തെ ഉയർത്തുകയും ചെയ്തു.

## വിവാഹം വേദപുസ്തകത്തിൽ

ഇസ്രായേൽ വംശത്തിൽ ഇന്നത്തെ രീതിയിലുള്ള കുടുംബഘടന തന്നെ നിലവിലിരുന്നു. ഭവനത്തിൽ പ്രഥമസ്ഥാനം കുടുംബനാഥനുതന്നെ ആയിരുന്നു. ഭാര്യയാകട്ടെ ഭവനത്തിന്റെ കാവൽക്കാരിയും ഭർത്താവിന്റെ സഹപ്രവർത്തകയും. "ബുദ്ധിമതിയായ സ്ത്രീ തന്റെ ഭവനം പണിയുന്നു" (Proverb 14: 1); തങ്ങളുടെ മക്കളെ ദൈവഭയമുള്ളവരായി വളർത്തുന്നതിനും (Proverb 1:7) അവരെ വിദ്യ അഭ്യസിപ്പിക്കുന്നതിനും അവർക്കു കടമയുണ്ടായിരുന്നു. തന്റെ മകനെ എന്തെങ്കിലും ജോലി പഠിപ്പിക്കാത്ത യൂദൻ അവനെ മോഷണം പഠിപ്പിക്കുന്നു എന്നൊരു പഴമൊഴി യഹൂദരുടെയിടയിൽ നിലവിലിരുന്നു. 1

1. Barclay William, Ethics in a Permissive Society. Collins, 1971 p. 94.

www.malankaralibrary.com



യഹൂദ സാമൂഹ്യ പശ്ചാത്തലത്തിൽ ജീവിച്ച ക്രിസ്തുനാഥൻ കുടുംബജീവിതത്തിന്റെ പവിത്രതയെ വ്യക്തമായി മനസ്സിലാക്കിയിരുന്നു. തൻനിമിത്തം വിവാഹമോചനത്തെ യാതൊരു കാരണവശാലും അംഗീകരിക്കാനാവില്ലെന്നു് തന്റെ പ്രബോധനങ്ങളിലൂടെ അവിടുന്നു വ്യക്തമാക്കുകയും (മത്താ. 19: 1–12), വിവാഹത്തെ വിശുദ്ധീകരിച്ചു് അതിനെ ഒരു കൂദാശയായി ഉയർത്തുകയും ചെയ്തു. അങ്ങനെ മാമോദീസാ പോലെയും വി. കുർബാന പോലെയും രക്ഷയുടെ ഫലം പങ്കുവച്ചു കൊടുക്കുന്ന മാർഗ്ഗമായി വിവാഹത്തെ ഉയർത്തി. രണ്ടു വ്യക്തികൾ ദൈവതിരുമുമ്പിൽ നടത്തുന്ന ഉടമ്പടി ക്രിസ്തുവും തിരുസഭയും തമ്മിലുള്ള ബന്ധത്തെപ്പോലെ ആണെന്നും അക്കാരണത്താൽ അതു് അതിസ്വാഭാവികമാണെന്നും വി. പൗലോസും പഠിപ്പിക്കുന്നു. സൃഷ്ടിയിലും സമുദ്ധാരണ കൃത്യത്തിലും ദൈവിക പദ്ധതികളോട് വിശ്വസ്തത പുലർത്തുകവഴി, ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ കടമ നിർവഹിക്കയാണു്. വിശുദ്ധ കന്യകാമറിയവും വിശുദ്ധ യൗസേപ്പും നിർവഹിച്ചതുപോലെ ദൈവദൃഷ്ടിയിൽ വിവാഹത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശംതന്നെ പുരുഷന്റെയും സ്ത്രീയുടെയും ഐക്യത്തിൽ നിന്നുരുത്തിരിയുന്ന ഒരുമിപ്പാണു്. എന്നാൽ വിവാഹം ഈ ലോകത്തിലേയ്ക്കുള്ള ഒരു സംവിധാനം മാത്രമാണു്. കാരണം സ്വർഗ്ഗത്തിൽ വിവാഹിതരാവുകയോ വിവാഹത്തിനു് നൽകപ്പെടുകയോ ചെയ്യുന്നില്ല. ഉത്ഥിതരായവർ മാലാഖമാർക്കു തുല്യരാണു് (മർക്കോ. 12:25).

കുടുംബം എല്ലാററിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. എല്ലാ നന്മകളുടെയും ഉറവിടം കുടുംബം തന്നെ. അതു സമുദായത്തിനും രാഷ്ട്രത്തിനും അടിസ്ഥാനമായി നിലകൊള്ളുന്നു. ശിക്ഷണത്തിന്റെയും വളർച്ചയുടെയും പ്രാഥമിക വിദ്യാലയം കുടുംബംതന്നെയാണു്. അതിനാലാണു് കുടുംബം പ്രാഥമിക സെമിനാരിയാണു് എന്നു പറയുക. നമ്മുടെ മൂലക്കല്ലു് കുടുംബമായതിനാൽ അവിടെ

www.malankaralibrary.com



പാളിച്ചകളുണ്ടായാൽ ഭാവി ഇരുണ്ടതായിരിക്കും. അത്തരം ഭവനങ്ങളിലെ കുഞ്ഞുങ്ങൾ ഉൾക്കൊള്ളുന്ന തലമുറ അസുരന്മാരുടെയും കാട്ടാളന്മാരുടെയും കൗശലമുള്ള ചെകുത്താൻമാരുടെയും തലമുറയായിരിക്കുമെന്നുള്ളത് നിസ്തർക്കമാണ്. കുടുംബം സഭയെപ്പോലെതന്നെ പവിത്രമാണ്. പവിത്രവും പാവനവുമായ അന്തരീക്ഷം സൃഷ്ടിക്കുകവഴി ദൈവം ദമ്പതികളെ ഏല്പിച്ചിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്വം തികഞ്ഞ ആത്മവിശ്വാസത്തോടെ കാക്കുകയത്രെ അവർ ചെയ്യുന്നത്. കുടുംബം സഭതന്നെയാണ്. അതിനാലാണ് വിശുദ്ധ പൗലോസ് പറയുന്നത് ,,അവരുടെ ഭവനത്തിലെ സഭയ്ക്കു വന്ദനം പറയുവിൻ'' (Rom. 16:5). കുടുംബത്തിന്റെ മഹത്വത്തെക്കുറിച്ചും കുടുംബജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചും മികച്ച ദൈവശാസ്ത്രംതന്നെ വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്നുണ്ട്.

ക്രൈസ്തവ വിവാഹം അതാതു ദേശങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും കാലക്രമേണ സ്വാംശീകരിച്ചു. നാലാം നൂററാണ്ടിൽ റോമൻസഭ അന്നത്തെ സാധാരണ റോമൻ രീതികൾ സ്വീകരിച്ചപ്പോൾ പൗരസ്ത്യസഭകൾ പൊതുവേ യഹൂദാചാരങ്ങൾ കൈക്കൊണ്ടു് തങ്ങളുടെ ആരാധനക്രമം ക്രമപ്പെടുത്തി. കേരള ക്രിസ്ത്യാനികൾ ഹൈന്ദവാചാരങ്ങൾ സ്വീകരിച്ച് തങ്ങളുടെ ക്രമം സമ്പുഷ്ടമാക്കി. അങ്ങനെയാണ് താലികെട്ടൽ നമ്മുടെ വിവാഹത്തിന്റെ മർമ്മപ്രധാനമായ ഭാഗമായത്[2]. മന്ത്രകോടി കൊടുക്കുന്നതിന് സുറിയാനിക്കാർ പ്രാധാന്യം നൽകിയതോടെ വിവാഹത്തിന് അവർ ''വസ്ത്രമണിയിക്കൽ'' എന്നു പേരിട്ടു. ഗ്രീക്കുകാർ കിരീടമണിയിക്കലിനു പ്രാധാന്യം നൽകിയതുകൊണ്ടു് വിവാഹത്തെ 'കിരീടമണിയിക്കൽ' എന്നു വിളിച്ചു. ഹൈന്ദവ രീതിയിലെ താലികെട്ടു സ്വീകരിച്ച മാർത്തോമാ ക്രിസ്ത്യാനികളുടെ ഇടയിൽ

2 വെള്ളിയാൻ ജേക്കബ്, കൂദാശകളുടെ പ്രതീകാത്മകത്വം, കോട്ടയം 1977 p. 118.

www.malankaralibrary.com



വിവാഹത്തിന്ന് 'കെട്ടുകല്യാണം' എന്ന പേരുണ്ടായി.

## പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ:—

പൗരസ്ത്യ പാശ്ചാത്യ പിതാക്കന്മാർ വിവാഹത്തെ സംബന്ധിച്ച് ധാരാളം എഴുതിയിട്ടുണ്ട്. ആദിമ സഭയിലെ വിവാഹത്തെക്കുറിച്ചും വിവാഹത്തിൻെറ ദൈവശാസ്ത്രത്തെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചുമാണ് അവർ കൂടുതലും എഴുതിയിട്ടുള്ളത്. അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (P. G. 5, 723), വി. അബ്രോസ് (PL. 16, 984), വി. ഗ്രിഗറി നസിയാൻസൻ (PG. 37, 315), തെർത്തുല്യൻ (PL. 2, 106; PL. 1, 1272-3) അഗസ്റ്റിൻ (Sermo. 332, 4; PL. 38, 1463), അന്ത്യോക്യയിലെ തെയോഫിലോസ് തുടങ്ങിയവരെല്ലാം ഈ വിഷയം ഗൗരവപൂർവ്വം ചിന്തിച്ചിട്ടുള്ളവരാണ്. സ്ഥലപരിമിതിമൂലം അവ ഇവിടെ ദീർഘമായി പ്രതിപാദിക്കാനാവില്ല. എങ്കിലും ഒന്നുരണ്ടുദാഹരണങ്ങൾ താഴെ ചേർക്കുന്നു: അന്ത്യോക്യയിലെ വി. ഇഗ്നാത്യോസ് സ്മിർണയിലെ വി. പോളികാർപ്പിന്ന് എഴുതിയ ലേഖനത്തിൽ ഇങ്ങനെ കാണുന്നു: കർത്താവിനെ സ്നേഹിക്കാനും അവരുടെ ഭർത്താക്കന്മാരോടു സന്തുഷ്ടരായി വർത്തിക്കുവാനും നിൻെറ സഹോദരിമാരോടു പറയണം. കർത്താവു് സഭയെസ്നേഹിക്കുന്നതുപോലെഭാര്യമാരെസ്നേഹിക്കുവാൻ, യേശുക്രിസ്തുവിൻെറ നാമത്തിൽ എൻെറ സഹോദരന്മാരെ ഉൽബോധിപ്പിക്കുക. കർത്താവിൻെറ ശരീരത്തോടുള്ള ബഹുമാനാർത്ഥം ശുദ്ധതയിൽ ജീവിക്കുവാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അവൻ ആത്മപ്രശംസ കൂടാതെ അപ്രകാരം ചെയ്യട്ടെ. അവൻ വമ്പു പറഞ്ഞാൽ അവനതു നഷ്ടപ്പെട്ടതുതന്നെ. വിവാഹിതരാകുന്ന സ്ത്രീപുരുഷന്മാർ മെത്രാൻെറ അംഗീകാരത്തോടെ യോജിക്കപ്പെടുക എന്നതു നല്ല കാര്യമാണ്. അങ്ങനെ അവരുടെ വിവാഹം വിഷയാസക്തികളുടെ പ്രേരണയെ അനുസ

www.malankaralibrary.com



രിക്കുന്നതായിരിക്കില്ല. എല്ലാം ദൈവ മഹത്വത്തിന്ന് യോജിച്ച വിധത്തിൽ ചെയ്യണം.[3] അന്ത്യോക്യയിലെ തെയോഫിലോസ് എഴുതുന്നു: "........... ക്രിസ്ത്യാനികൾക്ക് ക്രമീകൃത ജീവിതമുണ്ട്. അവിടെ ആത്മസംയമനം പാലിക്കപ്പെടുന്നു, ഏകപത്നി (ഭർതൃ) വ്രതം പാലിക്കപ്പെടുന്നു, ബ്രഹ്മചര്യം കാക്കപ്പെടുന്നു. അനീതിയും അധർമ്മവും തുരത്തപ്പെടുന്നു, പാപം വേരോടെ പിഴുതെടുക്കപ്പെടുന്നു, സദാചാരം അനുവർത്തിക്കപ്പെടുന്നു, നിയമം നിർവ്വഹിക്കപ്പെടുന്നു, ആരാധന നടത്തപ്പെടുന്നു, ദൈവം അംഗീകരിക്കപ്പെടുന്നു, സത്യം ഭരിക്കുന്നു, പ്രസാദവരം രക്ഷിക്കുന്നു; വിശുദ്ധ വചനം അവരെ നയിക്കുന്നു, ജ്ഞാനം പഠിപ്പിക്കുന്നു, ജീവിതം നയിക്കുന്നു, ദൈവം ഭരിക്കുന്നു............".[4] തെർത്തുല്യൻ പറയുന്നു: "ഞങ്ങളുടെ ഇടയിൽ രഹസ്യ വിവാഹങ്ങൾ അതായത് സഭയുടെ മുമ്പാകെ വിശ്വാസം പ്രഖ്യാപിക്കാത്തവരുടെ വിവാഹങ്ങൾ, വ്യഭിചാരവും ജാരകർമ്മവുമായി ഗണിക്കപ്പെടാനുള്ള അപകട സാദ്ധ്യതയുണ്ട്."[5] മൂന്നും നാലും നൂററാണ്ടോടുകൂടി പൗരസ്ത്യ ദേശത്ത് വൈദിക സമക്ഷം വിവാഹം നടത്തപ്പെടുകയെന്നത് സർവ്വ സാധാരണമായിത്തീർന്നു. ബേസിൽ, ഗ്രിഗറി നസിയാൻസൻ, ജോൺ ക്രിസോസ്റ്റോം തുടങ്ങിയ വിശുദ്ധന്മാർ ഇതിന്നു സാക്ഷികളാണ്. അങ്ങനെ ആദികാലം തുടങ്ങി മെത്രാന്റെയും വൈദികന്റെയും സാന്നിദ്ധ്യം വിവാഹാഘോഷങ്ങളിൽ ക്രൈസ്തവർ വളരെയേറെ വിലമതിച്ചിരുന്നു. കാലക്രമേണ നൂററാണ്ടുകളുടെ പാരമ്പര്യത്തിൽ നിന്നുരുത്തിരിഞ്ഞെന്നോണം, ക്രൈസ്തവ വിവാഹത്തിൽ വൈദികന്റെ സാന്നിദ്ധ്യം, അദ്ദേഹം നല്കുന്ന വിവാഹാശിർവാദം, കിരീടധാരണം തുടങ്ങിയവ വിവാഹ

3. പൈതൃക പ്രബോധനം — ചെടിയത്ത് ഗീവർഗീസ് അഞ്ചൽ 1973. P. 9 (small letter 9)

4. P. G. 6, I14.

5. P. L. 2, 987

www.malankaralibrary.com



ത്തിൻെറ അവിഭാജ്യ ഘടകങ്ങളായിത്തീർന്നു. മലങ്കര സഭയിൽ നിലവിലിരിക്കുന്ന ശുശ്രൂഷക്രമം അപ്പസ്തോലിക സഭയായ അന്ത്യോക്യൻ സഭയുടെ, പുരാതന പാരമ്പര്യത്തിൽനിന്നും, പ്രസിദ്ധ വേദപണ്ഡിതനും പുണ്യപുരുഷനുമായിരുന്ന എഡേസായിലെ മാർ യാക്കോബ് (+708 A. D.) ക്രോഡീകരിച്ചതും പുനർ വിവാഹത്തിൻെറ ശുശ്രൂഷ 15–ാം നൂററാണ്ടിൽ ബസീബ്രീനായിലെ ഐസയാസ് (Isaiab of Basibrana: + 1425) എന്ന പുരോഹിതൻ എഴുതിയിട്ടുള്ളതുമാണ്. 6

## വിവാഹമെന്ന കൂദാശ:

അദൃശ്യങ്ങളായ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുകയും സന്നിധമാക്കുകയും ചെയ്യുന്ന ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ. അവയുടെ സ്ഥാപകൻ ക്രിസ്തുവാണ്. സാദൃശ്യങ്ങൾവഴി ദൈവം സഭയെ വിശുദ്ധീകരിക്കുന്നു 7 വിവാഹമെന്ന കൂദാശയിൽ ഭാര്യാഭർത്തൃ ബന്ധത്തെ, സഭയും മിശിഹായും തമ്മിലുള്ള ബന്ധത്തോടാണ് താരതമ്യപ്പെടുത്തുന്നത്. വററാത്ത നന്മയുടെ ഉറവിടമായ ക്രിസ്തുനാഥൻ സഭയെ പരിപോഷിപ്പിക്കുന്നതുപോലെ ഭർത്താവ് ഭാര്യയുടെ ഐശ്വര്യത്തിൻെറയും നന്മയുടെയും സ്രോതസ്സാണ്. "സഭയുടെ നേർക്കുള്ള ക്രിസ്തുവിൻെറ സ്നേഹത്തിൻെറ മാതൃകയിൽ സ്ഥാപിച്ചതാണ് വിവാഹം. ഇതു് ക്രൂശിതനായ ക്രിസ്തുവിൻെറ നിസ്വാർത്ഥവും ത്യാഗസമ്പൂർണ്ണവുമായ സ്നേഹത്തിൻെറയും പ്രതീകമാണ്. സ്വർഗ്ഗരാജ്യത്തിനുവേണ്ടി വിവാഹിതരാകുന്നവർ, കർത്താവിൻെറ സ്നേഹത്തിൻെറ രഹസ്യത്തിന് യഥാർത്ഥ സാക്ഷി

---

6. The order of solemnization of the Sacrament of matrimony, by Athanasius — Yeshue Samuel, Archbishop of U. S. A.: Introduction.

7. വെള്ളിയാൻ ജേക്കബ്, op. cit., P. 4

www.malankaralibrary.com



കളാകുന്നു'' 8. അതിനാൽ വിവാഹമെന്ന കൂദാശ സ്വീകരിക്കുന്നവർക്ക് അതു പ്രദാനംചെയ്യുന്ന പ്രസാദവരം യോഗ്യതാപൂർവ്വം സ്വീകരിക്കാനും തങ്ങളുടെ ഭാവിജീവിതം ദൈവികജീവനിലധിഷ്ഠിതമായി രൂപപ്പെടുത്താനും ധാർമ്മികമായ ഭാരിച്ച ഉത്തരവാദിത്വമുണ്ട്. എല്ലാ വിവാഹങ്ങളും കൂദാശകളാകുന്നില്ല. സഭയിൽ നടക്കുന്ന യഥാർത്ഥവും സാധുവുമായ വിവാഹമേ കൂദാശയാകുന്നുള്ളു. മാമോദീസായിലൂടെ വീണ്ടും ജനിക്കുകയും ക്രിസ്തുവിൻെറ രക്ഷയിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്കുമാത്രമേ അവിടുത്തെ ബലിയുടെ അനുഗ്രഹം പ്രാപിക്കാനാവൂ—കൂദാശയിലൂടെ. സ്ഥൈര്യലേപനം അഥവാ മൂറോനഭിഷേകം മാമോദീസായുടെ പൂർത്തീകരണമാകയാൽ വിവാഹത്തിനണയുന്ന ദമ്പതികൾ അവ സ്വീകരിക്കേണ്ടതുണ്ട്. മലങ്കര ആരാധനക്രമം ഇവ ഒന്നിച്ചാണല്ലോ നൽകുക.

വിവാഹം പുരുഷനും സ്ത്രീയും തമ്മിൽ ആജീവനാന്തം സ്വയം ബന്ധിക്കുന്നതും അവരുടെ ജീവിതകടമകൾ നിർവ്വഹിക്കുന്നതിനാവശ്യമായ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതുമായ ഒരു കൂദാശയാണ്. അതൊരുടമ്പടിയാണ്. കൃപാവരാധിഷ്ഠിതമായ വൈവാഹിക സ്നേഹമാണ് ഈ ഉടമ്പടിയെ നിലനിർത്തുന്നത്. സഭയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന വിവാഹത്തിന് ഒരു 'സാമൂഹിക' സാംഗത്യം കൂടിയുണ്ട്. അത് വെറുമൊരു ലൗകിക വ്യാപാരമല്ല. പിന്നെയോ മനുഷ്യനെ ദൈവവുമായി സംയോജിപ്പിച്ച ദൈവിക വരപ്രസാദത്തിൻേറയും സ്നേഹത്തിൻേറയും ആഗന്തുക സംഭവമാണ് 9. സ്വന്തം ക്രൈസ്തവാസ്തിത്വം അനുഭവവേദ്യമാക്കിത്തീർക്കുവാനുള്ള മാർഗ്ഗങ്ങളിൽ ഏററം മികച്ച ഒന്നാണ് വിവാഹമെന്നു പറയാം. യഥാർത്ഥ ക്രൈസ്തവവിവാഹം എല്ലാക്കാലങ്ങളിലും ദൈവ

8 വെള്ളിയാൻ ജേക്കബ്, op. cit, p. 142

9 cfr Rahnner Karl Theological investigation Volume X, London. P. 213.

www.malankaralibrary.com



ത്തിനു് ക്രിസ്തുവിൽ മനുഷ്യവർഗ്ഗവുമായുള്ള നിരപ്പിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഉത്തമ നിദർശനമാണു് 10.

ഈ കൂദാശ ദമ്പതികളുടെ ജീവിതാന്ത്യംവരെ നിലനില്ക്കേണ്ട ഒന്നാണു്. ഇഷ്ടമുള്ളപ്പോൾ സ്വീകരിക്കുവാനും തോന്നുമ്പോൾ ഉപേക്ഷിക്കുവാനും ഉള്ള ഒന്നല്ല ക്രൈസ്തവ വിവാഹം. വിവാഹമോചനമെന്നതു് സാധുവായ വിവാഹജീവിതത്തിൽ ഏർപ്പെട്ട (Valid and consummated) ഭാര്യാഭർത്താക്കന്മാർക്കു് അനുവദിച്ചിട്ടില്ല. ഭാര്യാഭർത്താക്കന്മാരുടെ പരസ്പര ദാനത്തിന്റേയും കണ്ടെത്തലിന്റേയും ആത്മ സമർപ്പണത്തിന്റേയും ഫലമായ സന്താനങ്ങളെ ദൈവഭയത്തിലും ലോകപരിജ്ഞാനത്തിലും വളർത്തുന്നതിനുള്ള ഭാരിച്ച ഉത്തരവാദിത്വമാണു് മാതാപിതാക്കളിൽ നിക്ഷിപ്തമാകുന്നതു് വിവാഹമെന്ന കൂദാശയിലൂടെ.

സാധാരണയായി കൂദാശകൾ പരികർമ്മം ചെയ്യുന്നതിനുള്ള അവകാശം പുരോഹിതന്റേതാണു്. പാശ്ചാത്യസഭയുടെ ദൈവശാസ്ത്രപ്രകാരം വിവാഹമെന്ന കൂദാശയുടെ പരികർമ്മി വധൂവരന്മാരാണു്. പുരോഹിതനല്ല. പാശ്ചാത്യസഭയുടെ ഈ നിലപാടു് പൗരസ്ത്യ സഭകൾക്കു് സ്വീകാര്യമല്ല. വധൂവരന്മാരുടെ സന്നദ്ധതയും പരസ്പര ദാനവും സ്വീകരണവും വിവാഹത്തിന്റെ അവശ്യഘടകമാണു്. എങ്കിൽത്തന്നെയും വിവാഹം ഒരു കൂദാശയാകണമെങ്കിൽ വധുവിന്റെയോ വരന്റെയോ മേൽ ആദ്ധ്യാത്മികാധികാരമുള്ള വൈദികന്റെ അഥവാ അദ്ദേഹത്താൽ അധികാരപ്പെടുത്തപ്പെട്ട വൈദികന്റെ മുമ്പാകെ വച്ചു് മനസമ്മതം നൽകുകയും അദ്ദേഹം നിയമാനുസൃതമാംവിധം വിവാഹാശിർവാദം നൽകുകയും വേണം.

10 Ibid. P. 221.

www.malankaralibrary.com



പരിശുദ്ധ പിതാവു് ജോൺപോൾ II തന്റെ പ്രഥമ ചാക്രികലേഖനത്തിൽ വിവാഹത്തെക്കുറിച്ചും വിവാഹിതരെക്കുറിച്ചും പറഞ്ഞിരിക്കുന്നതു് നമ്മുടെ സവിശേഷശ്രദ്ധ അർഹിക്കുന്നുണ്ടു്: വിവാഹിതർ വിവാഹത്തിന്റെ കൗദാശിക സ്ഥാപനത്തിന്റെ അവിഭക്തത ആവശ്യപ്പെടുന്നതുപോലെ അവരുടെ വിളിയോടുള്ള വിശ്വസ്തതയാൽ പ്രത്യേകമായി പ്രശോഭിക്കണം. വിവാഹിതർ വൈവാഹികഐക്യം സ്ഥിരമായി പുലർത്തുവാൻ നിസ്തന്ദ്രമായി പരിശ്രമിക്കണം. സ്നേഹത്തിന്റെ ഈ സാക്ഷ്യംവഴി കുടുംബസമൂഹത്തെ പടുത്തുയർത്തണം. പുരുഷന്മാരുടെയും സ്ത്രീകളുടെയും പുതിയതലമുറകളെ അവരുടെ വിളിക്കനുസൃതം ജീവിതാർപ്പണം നടത്തുവാൻ അഭ്യസിപ്പിക്കണം. അതായതു് യേശുക്രിസ്തു നമുക്കു നൽകിയിരിക്കുന്ന പരമസുന്ദര ആദർശമായ ആ 'രാജകീയ' സേവനത്തിനായി അവരെ ഒരുക്കണം. നാം എല്ലാവരും ചേർന്നു രൂപം കൊള്ളുന്ന അവന്റെ സഭ മനുഷ്യർക്കുവേണ്ടിയാണു്: എന്നു വച്ചാൽ, ക്രിസ്തുവിന്റെ മാതൃകയിൽ അടിത്തറ ഉറപ്പിച്ചുകൊണ്ടു് നമുക്കവൻ നേടിത്തന്ന കൃപാവരവുമായി സഹകരിച്ചുകൊണ്ടു്. "രാജാക്കന്മാരായിത്തീരുവാൻ നമുക്കു കഴിവുണ്ടാകുന്നു, അതായതു് നമ്മിൽ പക്വമായ മനുഷ്യത്വം ഉരുവാക്കുവാൻ നമുക്കു കഴിയുന്നു". തന്റെ ഛായയിലും സാദൃശ്യത്തിലും താൻ സൃഷ്ടിച്ച മനുഷ്യനെ അസ്തിത്വത്തിലേയ്ക്കു വിളിച്ച സ്രഷ്ടാവിൽ നിന്നും സ്വീകരിച്ച സ്വാതന്ത്ര്യമെന്ന ദാനത്തിന്റെ സമഗ്രമായ വിനിയോഗമാണു് പക്വമായ മനുഷ്യത്വം അർത്ഥമാക്കുന്നതു്. ഈ ദാനം അതിന്റെ പൂർണ്ണമായ സഫലീകരണം കണ്ടെത്തുന്നതു് ഒരുവനിലെ മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ്ണത മുഴുവനും ക്രിസ്തുവിനു നിരുപാധികമായി ഒരു വധുവിന്റെ സ്നേഹവായ്പോടെ നൽകുന്നതിലാണു് 11 .

---

11 Cfr. Redemptor Hominis, Kottayam, 1979, p. 92-93 (Malayalam)

www.malankaralibrary.com



## വിളിച്ചു ചൊല്ല്:

വിവാഹം ആശീർവദിക്കപ്പെടുന്നതിനു മുമ്പ് മൂന്നു പ്രാവശ്യം ഇടവകപ്പള്ളിയിൽ പ്രസ്തുത വിവാഹത്തെപ്പററി വൈദികൻ പരസ്യമായി വിളിച്ചുചൊല്ല് നടത്തണം. ഞായറാഴ്ചയോ മററാനായ തിരുനാളുകളിലോ അതുപോലെ ഇടവകജനങ്ങരം സമ്മേളിക്കുന്ന ദിനത്തിലോ വേണം വിളിച്ചു ചൊല്ലു നടത്തേണ്ടതു്. വിവാഹത്തിനു മുമ്പു ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഹൂദായ കാനനിൽ ചേർത്തിരിക്കുന്നതു ശ്രദ്ധേയമാണ്. "വധു വേറൊരാളിനു നിശ്ചയിക്കപ്പെട്ടിരിക്കുന്നവളോ വരൻ വേറൊരാരംക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്നവനോ ആയിരിക്കരുതു്. നാല്പതുനോമ്പ്, പെന്തിക്കൊസ്തി ആദിയായ കാലത്തു വിവാഹം പാടില്ല. വിഭാര്യനോ വിധവയോ ആണെങ്കിൽ അവരുടെ വിവാഹത്തിനു നിയമം അനുശാസിക്കുന്ന കാലാവധി പൂർത്തിയായിരിക്കണം". [12]

വിവാഹപ്രായത്തെ സംബന്ധിച്ച് ഓരോ രാഷ്ട്രത്തിൻെറയും പ്രത്യേക നിയമം സഭയും അംഗീകരിക്കുന്നുണ്ട് കാനൻ നിയമത്തിലൂടെ. ഭാരത നിയമപ്രകാരം സാധുവായ വിവാഹത്തിനു് പുരുഷനു് 21–ഉം സ്ത്രീക്കു് 18–ഉം വയസ്സ് എന്ന നിയമം മലങ്കരസഭയും അംഗീകരിച്ചിരിക്കുന്നു. വിവാഹത്തിനെന്തെങ്കിലും കാനോനിക തടസ്സമുണ്ടെങ്കിൽ ഇടവകജനങ്ങരം വികാരിയെ വിവരം അറിയിക്കേണ്ടതാണ്. തൻെറ ജീവിത പങ്കാളിയുടെ വിശ്വാസ സംബന്ധമായ കാര്യത്തെപ്പററിയും വിവാഹിതർ പരിശോധിക്കേണ്ടതാണ്.

മൂന്നു വിളിച്ചു ചൊല്ലുകളും നടത്താതെ മെത്രാൻെറ പ്രത്യേകാനുവാദത്തോടുകൂടി വിവാഹം ചിലപ്പോരം ആശീർവദിക്കാറുണ്ടു്. പ്രസ്തുത അനുവാദം നൽകുന്നതിനു

---

12 ഹൂദായ കാനൻ (പരിഭാഷ), കോനാട്ട് എബ്രഹാം കത്തനാർ, പാമ്പാക്കുട 1952, p. 134–135

www.malankaralibrary.com



മുൻപ് തൃപ്തികരമാംവിധം അതു സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്. മലങ്കര സുറിയാനി കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു വിളിച്ചു ചൊല്ല് വികാരിക്കും, രണ്ടെണ്ണം ഡിസ്ട്രിക്ട് വികാരിക്കും ഇളവു ചെയ്യാവുന്നതാണ്. എന്നാൽ മൂന്നു വിളിച്ചുചൊല്ലും ഇളവു ചെയ്തു കൊടുക്കാൻ മെത്രാനുമാത്രമേ അനുവാദമുള്ളു. നിയമാനുസൃത വിവാഹത്തിനുള്ള പ്രതിബന്ധങ്ങളെപ്പററി ഹൂദായ കാനൻ മൂന്നാം ഖണ്ഡിക സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്. 13

വിവാഹദിവസം വിശുദ്ധ ശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപ് വധൂവരന്മാരോട്, പരസ്പരം വിവാഹം കഴിക്കുന്നതിനുള്ള അവരിരുവരുടെയും സമ്മതം പരസ്യമായി ഏററുപറയിപ്പിക്കുന്നുണ്ട്. അന്യോന്യ സ്വയം സമർപ്പണത്തിന് വധൂവരന്മാർ എത്തിയിരിക്കുന്നത് ഭീഷണിയാലോ പ്രയാസത്താലോ അല്ലെന്നും സ്വയം തീരുമാനിച്ചതാണെന്നും അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും സാക്ഷികളുടെ മുമ്പാകെ അതു ശരി വയ്ക്കുകയും ചെയ്യുന്നു.

## വിവാഹ ശുശ്രൂഷ

ഈ ശുശ്രൂഷയ്ക്കു രണ്ടു പ്രധാന ഭാഗങ്ങളുണ്ട്.

1. വിവാഹ നിശ്ചയത്തിന്റെ ശുശ്രൂഷ അഥവാ മോതിരം വാഴ്വിന്റെ ശുശ്രൂഷ.
2. വിവാഹം അഥവാ കിരീടം വാഴ്വിന്റെ ശുശ്രൂഷ.

ആദ്യത്തെ ശുശ്രൂഷ കല്യാണ ഉറപ്പിന്റെ ദിവസം നിശ്ചയത്തിനു തുല്യമായി നടത്തുക എന്നൊരു പതിവുണ്ടായിരുന്നു. സിറിയായിൽ ഇന്നും ആ പാരമ്പര്യം പാലിച്ചു പോരുന്നുണ്ട്. എന്നാൽ മലങ്കര സുറിയാനിക്കാ

13 ഹൂദായ കാനൻ, p. 141-150

www.malankaralibrary.com



രുടെ ഇടയിൽ രണ്ടു ശുശ്രൂഷകളും വിവാഹദിവസം ദേവാലയത്തിൽ വച്ചു നടത്തുകയാണു് പതിവു്.

## ഒന്നാംശുശ്രൂഷ

വരന്റെ വലതുവശത്തായി വധു തോഴ്മക്കാരോടു കൂടി നില്ക്കുന്നു. വലതുവശത്തെ അവളുടെ സ്ഥാനം ജീവിത രംഗങ്ങളിൽ അവൾക്കുള്ള ഉന്നതമായ സ്ഥാനത്തെയാണു് സൂചിപ്പിക്കുന്നതു്. മണവാട്ടി ഭാര്യയാകുന്നതു വഴി ഈ മഹോന്നത സ്ഥാനത്തെയാണു് പ്രാപിക്കുന്നതു്. വധൂവരന്മാരുടെ പിന്നിലായിട്ടാണു് തോഴ്മക്കാരുടെ സ്ഥാനം, വരന്റെ ഇടതുവശത്തും വധുവിന്റെ വലതുവശത്തും ഓരോ ചെറിയ സ്ലീബാ പിടിച്ചു് തോഴ്മക്കാർ നില്ക്കുന്ന പാരമ്പര്യം സിറിയായിൽ നിലവിലുണ്ടു്.

കാർമ്മികൻ കൗമാ പ്രാർത്ഥനയോടുകൂടി ശുശ്രൂഷ ആരംഭിക്കുകയും തുടർന്നു് "ദൈവമായ കർത്താവേ ഞങ്ങളുടെ സന്തോഷങ്ങളുടെ ആരംഭവും ഞങ്ങളുടെ ആനന്ദത്തിന്റെ പൂർത്തീകരണവും നിന്നോടു കൂടെയും നീ മുഖാന്തിരവും ആയിരിക്കണമെ." 14 എന്നുള്ള പ്രാർത്ഥനയും അതിനു ശേഷം 51–ാം മസുമൂറായും ചൊല്ലുന്നു. സങ്കീർത്തനങ്ങൾക്കു് പൗരസ്ത്യ ആരാധനക്രമത്തിൽ അനല്പമായ സ്ഥാനമാണുള്ളതു്. ഏതു യാമപ്രാർത്ഥനയിലും ആരാധനയിലും സങ്കീർത്തനങ്ങൾ ആലപിക്കാറുണ്ടു്. ദൈവത്തിന്റെ അനന്തമായ കരുണയും സ്നേഹവും പ്രതീക്ഷിച്ചു കൊണ്ടു് ഉരുവിടുന്ന 51–ാം മസുമൂറാ വധൂവരന്മാരെ ദൈവത്തിന്റെ വരപ്രസാദ സ്വീകരണത്തിനു് ശരിയായി ഒരുക്കുന്നുണ്ടു്. "ദൈവത്തിന്റെ കൃപ ഈ ദമ്പതികളിൽ ധാരാളമായി വർഷിക്കട്ടെ" എന്നു സഭ മുഴുവനും ഒന്നിച്ചു ചേർന്നു് ദമ്പതികൾക്കായി പ്രാർത്ഥിക്കുമ്പോൾ അവർ കലർപ്പറ്റ ജീവിതത്തിന്റെയും വ്യക്തിത്വത്തിന്റെയും

---

14 കൂദാശകൾ (മലങ്കരസഭയുടെ ആരാധനക്രമം), തിരുവനന്തപുരം, 1973. p. 31.

www.malankaralibrary.com



ഉടമകളായിത്തീരുവാൻ അത്യുന്നതന്റെ കരങ്ങൾ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനാൽ സഭ പ്രാർത്ഥിക്കുന്നു "നുറുങ്ങിയ ഹൃദയത്തെ ദൈവം നിരസിക്കുകയില്ല." വിവാഹത്തിന്റെ പരിപാവനതയും മഹത്വവും തങ്ങളുടെ അശുദ്ധിയും അനർഹതയും ഇത്രമേൽ വ്യക്തമാക്കുന്ന മറെറാരു പ്രാർത്ഥന ഇവിടെ ചേർക്കുവാനുണ്ടാവില്ല..

ഇതേ തുടർന്നു വരുന്ന ഗാനം ആശയസമ്പുഷ്ടമാണ്. വിവാഹനിശ്ചയത്തിന്റെ ചിഹ്നമായ മോതിരത്തെക്കുറിച്ചുള്ള ആ ഗാനം ഇങ്ങനെയാണ്.

"രക്ഷകനേ, വൈദികൻ തിരുനാമത്തിൽ നൽകീടും
മോതിരഭൂഷകളെ സഭയും വാഴ്ത്തുക + തൃക്കയ്യാൽ"
മോതിരമേകിത്തിരുസഭയെ മിശിഹാ വധുവാക്കി
പരിപാവന തന്നരുധിരങ്ങൾ കൈക്കൊണ്ടാളവളും
മോതിരമതിനാൽ വധുമുക്തി താ–മാർ നേടിയ പോൽ
പാപവിമോചനമടിയാരും പ്രാപിച്ചീടട്ടെ"....15

ഞങ്ങളുടെ രക്ഷകാ, വൈദികൻ തിരുനാമത്തിൽ കൊടുക്കുന്ന മോതിരങ്ങളെ നിന്റെ വലതുകൈ നീട്ടി കൃപയോടെ വാഴ്ത്തണമേ" എന്നു പറയുമ്പോൾ കാർമ്മികൻ മോതിരങ്ങൾ റൂശ്മാ ചെയ്യുന്നു. ഈ ഗാനത്തിലും ഇതേ തുടർന്നുവരുന്ന മിക്ക ഗാനങ്ങളിലും അപ്പസ്തോലനായ പൗലോസിന്റെ ലേഖനത്തിലും കാണുന്ന ഒരു പ്രമുഖ ആശയമിതാണ്. ഈ ലോകത്തിൽ നടക്കുന്ന വിവാഹം ക്രിസ്തു സഭയെ സ്വീകരിച്ചതിന്റെ മാതൃകയാണ്, സാദൃശ്യമാണ്. ഉടമ്പടിപ്രകാരം യാഹ്‌വേ ആയ ദൈവം ഇസ്രായേൽ ജനതയെ സ്വജനതയായി സ്വീകരിച്ചു. അവരെ മിസ്രേമിൽ നിന്നും വിവാഹം ചെയ്തുകൊണ്ടു വന്നതുപോലെയാണ് പ്രവാചകന്മാർ കാണുന്നത്. ദൈവവും ഇസ്രായേലും ഉഭയകക്ഷിപ്രകാരം ഉണ്ടാക്കിയ ഉടമ്പടി മററു ദേവന്മാരുമായി അവർക്കുണ്ടായിരുന്ന ബന്ധം തച്ചുട

15 മലങ്കരസഭയുടെ ആരാധനക്രമം, op. cit, p. 31–32

www.malankaralibrary.com



ക്കകയും ഏകദൈവമായ അവിടുത്തെ അവരുടെ ശരണ വും സങ്കേതവുമായി അംഗീകരിച്ചത് ഘോഷിക്കവാൻ നിർബ്ബന്ധിക്കുകയും ചെയ്തു. ഇസ്രായേൽ ഉടമ്പടിയിൽ നിന്നും വഴുതിയ സംഭവങ്ങറം നിരവധിയാണ്. ഒരു ഭാര്യ തന്റെ ഭർത്താവിനെ മറന്ന് മററൊരുവനെ സ്വീകരിച്ച് വേശ്യ എന്ന പേരിന് അർഹയാകുന്നത് എങ്ങനെയോ അതുപോലെയാണ് പ്രവാചകൻ ഇസ്രായേലിനെ ചിത്രീകരിച്ചിരിക്കുന്നത്.

നിത്യവും സനാതനവുമായ ഈ ഉടമ്പടിയിൽ മിശിഹാ_ ക്രിസ്തു — മണവാളനായും എല്ലാ ജനതകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട രക്ഷിക്കപ്പെട്ടവരുടെ സമൂഹം അവിടുത്തെ മണവാട്ടിയായും അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗീയ മണവാളനായ ക്രിസ്തു യഥാർത്ഥ ദാമ്പത്യത്തിന്റെ മാതൃകയാണ്. കാരണം:

1. നാനാഭാഗത്തു നിന്നും ജനങ്ങളെ തെരഞ്ഞെടുത്ത് ക്രിസ്തു തന്റെ സഭ പണിയുന്നു;

2. തെരഞ്ഞെടുക്കപ്പെട്ട ജനതയുമായി — സഭയുമായി — നിത്യമായ ഒരുടമ്പടിയിൽ ഏർപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ അഭേദ്യമായ ഒരു ബന്ധം, ഐക്യം ഉളവാക്കപ്പെടുന്നു. ഈ ഐക്യം നിത്യമായ അവിടുത്തെ സ്നേഹത്തിന്റെ ഫലമാണ്. എന്തെന്നാൽ ഈ ജനതതി തന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ഈ രക്തത്തിന്റെ വിലയായിട്ടത്രെ സഭയെ വിലയ്ക്കു വാങ്ങിയതും, തന്റേതായി വേർതിരിച്ചതും ശുദ്ധീകരിച്ചതും. ക്രിസ്തുവിന്റെ മണവാട്ടി പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും പരിശുദ്ധയാവുകയും ചെയ്യുന്നു. കൂടാതെ തന്റെ ശാശ്വതമായ ഉടമ്പടിയുടെ അടയാളമായി തന്റെ ശരീരരക്തങ്ങറം അവറംക്ക് മോതിരമായി നൽകുകയും ചെയ്തിരിക്കുന്നു. മണവാളനായ ക്രിസ്തു മണവാട്ടിയായ സഭയെ തിന്മയിൽനിന്നും പാപത്തിൽനിന്നും പരിശുദ്ധമായി സംരക്ഷിച്ച് പരിപാലിക്കുന്നതുപോലെ സഭ തന്റെ നാഥ

www.malankaralibrary.com



നെ ഏററം സൗന്ദര്യവാനും, ശക്തനും ആരാധ്യപുരുഷനു മായി സങ്കല്പിക്കുന്നു. ആരാധനക്രമത്തിൽ മുഴുവൻ നി റഞ്ഞു നില്ക്കുന്ന ഈ സങ്കല്പം. ഇതിൻെറ ഉദ്ദേശം വിവാ ഹിതരാകുവാൻ പോകുന്നവർ ക്രിസ്തുവിൻെറയും അവിടു ത്തെസഭയുടെയും മാതൃക സ്വീകരിക്കണമെന്നുള്ളതു തന്നെ.

തുടർന്നു വരുന്ന പ്രാർത്ഥന ഹ്രസ്വമെങ്കിലും ആശയ സംപുഷ്ടവും ഹൃദയസ്പർശിയുമാണ്. "പിതൃപുത്രപരിശു ദ്ധാത്മാവായ ദൈവമേ, സ്വർഗ്ഗത്തെയും ഭൂമിയേയും (ഉയര ത്തെയും ആഴത്തെയും) രഞ്ജിപ്പിച്ച നിൻെറ സമാധാനം അന്യോന്യം സമർപ്പിതരായിരിക്കുന്ന ഈ ഞങ്ങളുടെ സഹോദരങ്ങളെ സംയോജിപ്പിക്കണമെ. ഇവർ ആയു ഷ്കാലം മുഴുവൻ പരസ്പരം സ്നേഹിക്കാനും സന്തോഷപൂർവ്വം സ്വീകരിക്കാനും തക്കവണ്ണം ഇവർക്ക് ഐക്യമുണ്ടാകുവാൻ ഇടയാക്കണമെ. ആമീൻ"[16]. ഇതിലെ ഓരോ വാക്കും അർത്ഥവത്താണ്. പൗരസ്ത്യ ആരാധനക്രമങ്ങൾ പൊതു വേ ത്രിത്വത്തെ അഭിസംബോധന ചെയ്തു കൊണ്ടുള്ളവ യാണ്. ത്രിത്വത്തെ വിളിച്ചപേക്ഷിച്ച ശേഷം സ്വർഗ്ഗ ത്തെയും ഭൂമിയേയും രഞ്ജിപ്പിച്ച സമാധാനം എന്നു പറയു ന്നുണ്ട്. സ്വർഗ്ഗത്തെയും ഭൂമിയേയും രഞ്ജിപ്പിക്കുക എന്ന ദൗത്യം ക്രിസ്തുനാഥൻ വിജയകരമായി മനുഷ്യാവതാരവും കുശുമരണവും ഉത്ഥാനവുംവഴി പൂർത്തിയാക്കി. മനുഷ്യാ വതാരം നഷ്ടപ്പെട്ട സമാധാനം തിരികെ നൽകി. വി വാഹത്തിലൂടെ ഒരു ജീവിത പന്ഥാവിലേയ്ക്കു പ്രവേശി ക്കുന്ന ദമ്പതികൾക്ക് ക്രിസ്തുനാഥൻ തൻെറ വിശ്വസ്തർ ക്കു വാഗ്ദാനം ചെയ്തിട്ടുള്ള നിരപ്പും സമാധാനവും നൽക ണം എന്നതാണ് ഇവിടെ വിവക്ഷ. അതായതു് ദൈ വം തൻെറ വാഗ്ദാനങ്ങളിൽ വിശ്വസ്തനായതുപോലെ ഇ വരും തങ്ങളുടെ അന്യോന്യ സമർപ്പണത്തിൽ വിശ്വസ്ത തയും തികവും നന്മയും കണ്ടെത്തണമെന്നു സാരം.

16 മലങ്കരസഭയുടെ ആരാധനക്രമം, op. cit, p. 33.

www.malankaralibrary.com



കുക്കിലിയോൻ, എക്ബോ, പ്രുമിയോൻ, സെദറാ തുടങ്ങിയ പ്രാർത്ഥനകരം അന്ത്യോക്യൻ ആരാധന ക്രമത്തിൻെറ പ്രത്യേകതകളാണ്. അത്ഥവത്തും ഭക്തിദ്യോതകവുമായ സെദറായിലെ ഒരു ഭാഗം ഇങ്ങനെയാണ്: "സ്ത്രീപുരുഷന്മാരുടെ വിവാഹനിശ്ചയം മോതിരത്തിൽ കൂടി നിവർത്തിയാകണമെന്നും വിവാഹനിശ്ചയം ചെയ്യുവരുടെ ആനന്ദം മോതിരത്തിലൂടെ പൂർത്തിയാകണമെന്നും നിശ്ചയിച്ചവൻ നീയാകുന്നു. ദൈവമായ കത്താവേ, നിൻെറ ബലഹീന ദാസരായ ഞങ്ങരം വാഴ്ത്തിയ ഈ മോതിരങ്ങളെ നീയും + സന്തോഷപൂർവ്വം വാഴ്ത്തേണമെ. ഈ മോതിരങ്ങളെ കരുണാപൂർവ്വം വാഴ്ത്തി + ഇവരുടെ ബന്ധം അനുഗ്രഹീതമാക്കണമെന്ന് നിന്നോടു ഞങ്ങരം അപേക്ഷിക്കുന്നു. കർത്താവേ, വിശുദ്ധ സഭയുടെ മോതിരത്തെ നീ വാഴ്ത്തിയ പ്രകാരം ദൈവികാശ്ശീസ്സുകളാൽ ഈ മോതിരങ്ങളെ + വാഴ്ത്തണമേ. ഞങ്ങളുടെ പുത്രനായ ഈ മണവാളനും പുത്രിയായ ഈ മണവാട്ടിയും ജ്ഞാനത്തിൽ പരിപൂർണ്ണരായിത്തീരുവാൻ സംഗതിയാക്കേണമെ".[17] മേൽപ്പറഞ്ഞ പ്രാത്ഥന ചൊല്ലുമ്പോരം വൈദികൻ വലതു കൈനീട്ടി മോതിരങ്ങളെ മൂന്നു പ്രാവശ്യം ആശിർവദിക്കുന്നുണ്ട്.

സെദറായെ തുടർന്നു വരുന്ന ഗാനം ("പതിവ്രതയാം പരിപാവന സഭയെ" ഇത്യാദി) ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം കൂടുതൽ വ്യക്തമാക്കുന്നുണ്ട്. ഇതേ തുടർന്ന് 'എത്രോ' കഴിഞ്ഞ് ഒന്നാം ശുശ്രൂഷയിലെ മർമ്മപ്രധാനമായ ഭാഗമാണ്. എടുത്തു പിടിച്ചിരിക്കുന്ന മോതിരങ്ങളുടെമേൽ നടത്തുന്ന പ്രാത്ഥനയാണിത്. "കാരുണ്യത്താലും ബഹുലവും സനാതനവുമായ കൃപയാലും ഈ മോതിരങ്ങരം ആശിർവദിക്കുന്ന പിതൃ പുത്ര പരിശുദ്ധാത്മാവിനു സ്തുതി. (മോതിരങ്ങളുടെമേൽ കൈ ആവസിപ്പിച്ചുകൊണ്ട്) വിശുദ്ധ സഭാമക്കളുടെ

17. മലങ്കര സഭയുടെ ആരാധനക്രമം, op. cit., p. 36-37

www.malankaralibrary.com



സന്തോഷം പൂർത്തിയായി + പിതാവിന്റെയും + പുത്ര ന്റെയും + പരിശുദ്ധ റൂഹായുടെയും നാമത്തിൽ ഈ മോതിരങ്ങൾ ആശിർവദിക്കപ്പെടുന്നു'' എന്നു ചൊല്ലി മോതിരങ്ങൾ ആശിർവദിക്കുന്നു.

പൗരസ്ത്യ ചിന്താഗതി പ്രകാരം ദൈവിക പ്രവർത്തനം പ്രാവർത്തികമാകുന്നതു് പരിശുദ്ധാത്മാവിലൂടെയാണു്. പൗരസ്ത്യ ആരാധന ക്രമത്തിൽ ഇതു വളരെ വ്യക്തമായി കാണാൻ കഴിയും. ഉദാ: വി. കുർബാനയിൽ അപ്പവും വീഞ്ഞും കർത്താവിന്റെ സജീവ മാംസരക്തങ്ങളായിത്തീരുന്നതു് പരിശുദ്ധാത്മാവിന്റെ ആവാസത്തോടുകൂടിയാണു്. 18 അതുപോലെ മാമോദീസായിലും വിവാഹത്തിലും പട്ടത്തിലുമെല്ലാം പരിശുദ്ധാത്മാവിന്റെ സ്ഥാനം അദ്വിതീയമാണു്. മേൽപ്പറഞ്ഞ മോതിരവാഴ്‌വിന്റെ പ്രാർത്ഥന അഭിസംബോധന ചെയ്തിരിക്കുന്നത് പ. ത്രിത്വത്തെയാണു്. മററു പല റീത്തുകളിലും പുരോഹിതന്റെ അധികാരവും പ്രാമാണ്യവും വ്യക്തമാക്കുന്ന രീതിയിലാണു് പ്രാർത്ഥന. ഉദാഹരണത്തിനു് കുമ്പസാരത്തോടനുബന്ധിച്ചു് വൈദികൻ നൽകുന്ന ആശിർവാദമെടുക്കാം. മലബാർ റീത്തിലുപയോഗത്തിലിരിക്കുന്ന ഫോർമുല ഇങ്ങനെയാണു്: ''പാപികളെ വിശുദ്ധീകരിക്കുന്ന കർത്താവു്, എനിക്കു നൽകിയിരിക്കുന്ന അധികാരമുപയോഗിച്ചു് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്റെ പാപങ്ങൾ ഞാൻ മോചിക്കുന്നു. ആമ്മീൻ....'' 19 മലങ്കര സഭയിലേതു്: ''.......+പിതാവിന്റെയും+പുത്രന്റെയും+പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്റെ

18. cfr. വി. കുർബാന തക്സാ തിരുവനന്തപുരം 1972. p. 43
മൂലവീട്ടിൽ പൈയസ്, യാക്കോബിന്റെ അനാഫൊറാ ഒരു പഠനം, കോട്ടയം 1976. p. 193

19. വെള്ളിയാൻ ജേക്കബ് op. cit., P. 70.

www.malankaralibrary.com



പാപങ്ങൾ മോചിക്കപ്പെടുന്നു....'' [20] എന്നാണ്. പാപങ്ങൾ മോചിക്കപ്പെടുന്നു എന്ന കർമ്മിണി പ്രയോഗം വളരെ അർത്ഥവത്താണ്. കാർമ്മികനല്ല പിന്നെയോ ദൈവമാണ് പാപമോചനം നൽകുന്നതെന്നർത്ഥം. ഏത്താണ്ട് ഇതുപോലെതന്നെയാണ് മോതിരവാഴ്‌വിന്റെ പ്രാർത്ഥനയിലും കാണുക. ''ഈ മോതിരങ്ങൾ ആശിർവദിക്കപ്പെടുന്നു.'' പൗരസ്ത്യ ആരാധന ക്രമം ത്രിത്വോന്മുഖമെന്നതുപോലെതന്നെ പരിശുദ്ധാത്മാവോന്മുഖംകൂടിയാണ്. മററ് ഏത്താരാധനക്രമത്തിലുമെന്നതിലുപരി പരിശുദ്ധാത്മാവിന്റെ സ്ഥാനവും പ്രവർത്തനവും സ്പഷ്ടവും വ്യക്തവുമാണ് മലങ്കര ആരാധനക്രമത്തിൽ.

''നമ്മുടെ കർത്താവേശുമിശിഹാ തന്റെ വലത്തു കൈ കരുണാപൂർവ്വം നിങ്കലേക്കു നീട്ടുകയും നിന്റെ വിവാഹ ഉടമ്പടിയുടെ ഈ മോതിരത്തോടൊപ്പം കാരുണ്യവാനായ അവന്റെ കൃപയും അനുഗ്രഹവും നീ പ്രാപിക്കയും ചെയ്യട്ടെ. നന്മകൾ നിറഞ്ഞതും വാഴ്‌വുകൾ നൽകുന്നതുമായ ആ വലങ്കൈ നിന്നോടുകൂടെ ആയിരിക്കുകയും ആയുഷ്‌ക്കാലം മുഴുവൻ നിന്നെ സംരക്ഷിക്കുകയും ചെയ്യട്ടെ....'' [21] എന്നാണ് മണവാളനു മോതിരം നൽകിക്കൊണ്ടു ചൊല്ലുന്ന പ്രാർത്ഥന. മണവാട്ടിക്ക് മോതിരം നൽകുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ കൂടുതലായി കാണുന്നത് ''വിശുദ്ധ ശ്ലീഹന്മാരിൽ നിന്നെന്നപ്രകാരം വിശുദ്ധ ആചാര്യന്മാരുടെ കൈകളിൽ നിന്ന്.... ഈ മോതിരം സ്വീകരിക്കട്ടെ....'' [22] എന്നതാണ്. ആചാര്യൻ മോതിരം വധൂവരന്മാരെ അണിയിച്ചു കഴിയുമ്പോൾ വിവാഹ ഉടമ്പടി സ്ഥിരപ്പെടുത്തുകയും മുദ്രവയ്ക്കപ്പെടുകയും ചെയ്യുന്നു.

---

20. കൂദാശകൾ op. cit, P. 87
21. കൂദാശകൾ, op. cit. p. 40
22. Ibid. P. 40

www.malankaralibrary.com



വിവാഹ വാഗ്ദാനം ചെയ്ത ദമ്പതികരം സ്വർഗ്ഗീയാനുഗ്രഹങ്ങരം പ്രാപിക്കട്ടെ എന്നും അവർ സത്യത്തിലും നീതിയിലും പൂർണ്ണരാകട്ടെ എന്നും കാർമ്മികൻ തുടർന്നു പ്രാർത്ഥിക്കുന്നു. അതിനുശേഷം നിർമ്മലമായ സ്നേഹം മണവാളന്റെയും മണവാട്ടിയുടെയും ജീവിതത്തെ ഭരിക്കണമെന്നും നല്ല മാർഗ്ഗത്തിൽ കൂടി ചരിക്കണമെന്നും അവരെ അനുസ്മരിപ്പിക്കുന്നു. ''കർത്താവ്.......മണവാളനെ തന്റെ രക്ഷയാൽ ആനന്ദിപ്പിക്കുകയും മണവാട്ടിയെ അക്ഷയമായ മനോഹര ഭൂഷണങ്ങളാൽ അലങ്കരിക്കയും ചെയ്യട്ടെ. സ്വർണ്ണാഭരണങ്ങരംകൊണ്ടുള്ള അലങ്കാരങ്ങളേക്കാരം അധികമായി വിശുദ്ധിയുടെ മുദ്രകൊണ്ട് ഇവർ അലങ്കരിക്കപ്പെടട്ടെ'' [23] തുടങ്ങിയ പ്രാർത്ഥനകരം എത്രയോ അർത്ഥവത്തും ആർജ്ജവ സ്വഭാവവുമുള്ളതാണ്.

മണവാട്ടിയായ സഭ തന്റെ സ്വർഗ്ഗീയ മണവാളനെ തേടി നടക്കുന്നതും അവസാനം ഉയർത്തെഴുന്നേററ ക്രിസ്തുനാഥൻ അവരംക്ക് പ്രത്യക്ഷനായി പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നതുമായ ആശയങ്ങരം ഉരംക്കൊള്ളുന്ന ഒരു ഗാനമാണ് തുടർന്നു ചൊല്ലുന്നത്. പരിശുദ്ധാത്മാവിന്റെ നൽവരങ്ങളും ദാനങ്ങളും നടത്തിപ്പും ഈ ദമ്പതികരംക്ക് നിർല്ലോഭം ലഭിക്കണമെങ്കിൽ ഉത്ഥിതനായ ക്രിസ്തുവിൽ അഭയം പ്രാപിക്കണമെന്ന് വധൂവരന്മാരെ ഉദ്ബോധിപ്പിക്കുകയാണ് ഇതു വഴിയായി. സമാപന പ്രാർത്ഥനയോടുകൂടി ഒന്നാം ശുശ്രൂഷ അവസാനിക്കുന്നു.

## രണ്ടാം ശുശ്രൂഷ:

രണ്ടാം ശുശ്രൂഷ 'കിരീടം വാഴ്വിന്റെ ശുശ്രൂഷ' എന്ന പേരിലാണ് അറിയപ്പെടുക. ഈ ശുശ്രൂഷയിൽ ഉൽബോധനങ്ങളും, ഉഭയസമ്മതപ്രകാരം പരസ്പരം സ്വീകരിച്ചിരിക്കുന്ന വധൂവരന്മാർക്ക് അനുഗ്രഹാശ്ശിസ്സുകരം ല

23. കൂദാശകരം, op. cit. P. 41

www.malankaralibrary.com



ഭിക്കുന്നതിനുള്ള പ്രാർത്ഥനകളുമാണ് കൊടുത്തിരിക്കുന്നത്. സ്വർഗ്ഗീയ അനുഗ്രഹങ്ങൾകൊണ്ട് അവരെ ധന്യരാക്കുക മാത്രമല്ല ക്രിസ്തീയ സമൂഹത്തിൽ ഉന്നതമായ പദവി നൽകികൊണ്ട് അവർക്കു മകുടം ചാർത്തുകയാണ് കിരീടധാരണത്തിലൂടെ. കിരീടങ്ങൾ ഇല്ലാത്തപ്പോൾ മാലയാണ് ഉപയോഗിക്കുന്നത്.

പ്രാരംഭ പ്രാർത്ഥനയെ തുടർന്നുള്ള ഗാനം വളരെ അർത്ഥസമ്പുഷ്ടവും മനോഹരവുമായ ഒന്നാണ്. പഴയ നിയമത്തിലെ വിവാഹങ്ങൾ — ആദിപിതാവായ ആദം മുതലുള്ള ഗോത്രപിതാക്കന്മാരുടെ പേരുകൾ എടുത്തുപറയുന്നുണ്ട് — വാഴ്ത്തിയ ദൈവം ഈ ദമ്പതികളെയും വാഴ്ത്തണമെ എന്നു പ്രാർത്ഥിക്കുന്നു. പഴയ നിയമത്തിലെ വിവാഹങ്ങൾക്കും പുതിയ നിയമത്തിലെ വിവാഹങ്ങൾക്കും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെന്നല്ലേ ഇതു സൂചിപ്പിക്കുക? പുതിയ നിയമത്തിലെ വിവാഹം പഴയതിൽ നിന്നും തികച്ചും വിഭിന്നമല്ല. പിന്നെയോ പഴയതിൻെറ പൂർത്തീകരണം പുതിയതിൽ കണ്ടെത്തുന്നു, കൂദാശയിലൂടെ. പ്രസ്തുത പാട്ടിലെ ഏതാനും വരികൾ താഴെ ചേർക്കുന്നു:

ആദിമ നീതിഞ്ജരെ വാഴ്ത്തിയ ദൈവം തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ + ദേവാ കൃപചെയ്തീടണമെ,
ആദം ഹവ്വായിവരെ വാഴ്ത്തിയ ദൈവം തൻ ബഹുകൃപയാൽ
ഈ ദാസരെ വാഴ്ത്തട്ടെ + ദേവാ കൃപചെയ്തീടണമെ''. 24

വിവാഹ ശുശ്രൂഷയിലെ പാട്ടുകളെല്ലാം പടിഞ്ഞാറോട്ട് ദമ്പതികൾക്കഭിമുഖമായി നിന്നുകൊണ്ടാണ് പാടേണ്ടത്. എന്നാൽ പ്രാർത്ഥനകളെല്ലാം കിഴക്കോട്ട്, ബലിപീഠത്തിനു നേരെ നിന്നുകൊണ്ട് ചൊല്ലുന്നു. പ്രാർ

24 കൂദാശകൾ, op. cit. P. 45

www.malankaralibrary.com



ത്ഥനകൾ ഉച്ചത്തിൽ ചൊല്ലുമ്പോൾ കൈകൾ ഉയർത്തി പ്പിടിക്കണം. ദമ്പതികളുടെ നേരെ കാർമ്മികൻ തിരി യുന്നതു് എപ്പോഴും ഇടതുവശത്തുകൂടി ആയിരിക്കണം....25

"ഈ ദാസരെ വാഴ്ത്തട്ടെ + ദേവാ കൃപചെയ്തീടണമെ" എന്നു പ്രാർത്ഥിക്കുമ്പോൾ കാർമ്മികൻ ദമ്പതികളെ ആശീർവദിക്കുന്നു. ആദം–ഹവ്വാ, അബ്രാഹം–സാറ, ഇസഹാക്ക്–റബേക്കാ, യാക്കോബ്–റാഹേൽ ദമ്പതികളെ അനുഗ്രഹിച്ച് അവർക്ക് നല്ല കാലങ്ങളും ഐശ്വര്യസമ്പുഷ്ടമായ ജീവിതവും സമ്മാനിച്ച ദൈവം തിരുമുമ്പാകെ നിൽക്കുന്ന ദമ്പതികളെ അനുഗ്രഹിച്ചാശീർവദിക്കണമെന്നാണ് പ്രാർത്ഥന. ഒരു വിധത്തിൽ പൂർവ്വ പിതാക്കന്മാർക്കുണ്ടായിരുന്ന അതേ ദൗത്യം തന്നെയാണ് ഈ ദമ്പതികൾക്കുമുള്ളത്. പഴയ നിയമത്തിൽ, ദൈവിക ഉടമ്പടിയോടു വിശ്വസ്തത പാലിക്കുയായിരുന്നു അവരുടെ ദൗത്യം. ഇവിടെയാകട്ടെ പുതിയ ഇസ്രായേലിന്റെ പ്രതിനിധികളായ ഈ വധൂവരന്മാർ ദൈവത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുകയും ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയുമാണ് ചെയ്യുന്നതു്. "സ്വർഗ്ഗീയാനന്ദത്തിലേക്കും സ്വർഗ്ഗീയ വിരുന്നിലേക്കും ക്ഷണിക്കപ്പെട്ട അവരെ" കാർമ്മികനിലൂടെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുന്നു. വിവാഹ മോതിരത്താൽ സംയോജിതരായിരിക്കുന്ന ദമ്പതികൾക്ക് നൽവരങ്ങളുടെ സമൃദ്ധിയും പ്രത്യേക ദാനങ്ങളും പ്രദാനം ചെയ്യുന്നതിനുള്ള പ്രാർത്ഥനയാണ് അടുത്തതു്. പിന്നീടു ചൊല്ലുന്ന കുക്കിലിയോൻ 21–ാം സങ്കീർത്തനം 1 മുതൽ 4 വരെയുള്ള വാക്യങ്ങളാണ്. ദാവീദു രാജാവ് ദൈവിക കരങ്ങളിൽ തന്നെത്തന്നെ അർപ്പിച്ചപ്പോൾ അവന്റെ ഹൃദയാഭിലാഷം യഹോവ നിറവേററിക്കൊടുക്കുകയും വിശിഷ്ടാനുഗ്രഹങ്ങൾ നൽകുകയും തങ്കക്കിരീടം അവന്റെ ശിരസ്സിൽ വയ്ക്കുകയും ഇസ്രായേ

---

25. വി: ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം. op. cit. p. 35.

www.malankaralibrary.com



ലിന്റെ രാജാവായി അവരോധിക്കുകയും ചെയ്തു; അത്യുന്നതനോടു ജീവൻ യാചിച്ചപ്പോൾ അവിടുന്നു് അവനതു് നൽകി. അതുപോലെ, പരസ്പര സമർപ്പണത്തിലൂടെ ദൈവത്തിനു സമർപ്പിക്കുന്ന വധൂവരന്മാർ ദൈവത്തിൽ നന്മയുടെ വററാത്ത ഉറവയും ജീവിതത്തിൽ സുവർണ്ണ കിരീടവും കണ്ടെത്തും എന്നു് നവ ദമ്പതികളെ ഓർമ്മിപ്പിക്കുന്നു.

കുക്കിലിയോനും എക്ബോയും കഴിഞ്ഞു് പ്രുമിയോൻ, സെദറാ വായിക്കുകയും സെദറായുടെ മദ്ധ്യേ വൈദികൻ "ദൈവമായ കർത്താവേ, ഇവിടെ സന്നിഹിതരും നിന്റെ ദയയിൽ സങ്കേതം പ്രാപിച്ചവരുമായ ഈ ദാസരെ അനുഗ്രഹിക്കണമെ +. എല്ലാ പ്രവൃത്തികളിലും നല്ലവരായിത്തീരുവാൻ ഇവരെ നീ സഹായിക്കണമെ. നിന്റെ സത്യത്തിൽ കൂടി പ്രയാണം ചെയ്യുന്നവരായിത്തീരുവാൻ നിന്റെ ന്യായപ്രമാണ മാർഗ്ഗത്തിൽ ഇവരെ നയിക്കണമെ. സ്വർഗ്ഗരാജ്യത്തിലേയ്ക്കു നയിക്കുന്ന നേർപാതയിൽ സഞ്ചരിക്കുവാൻ ഇവർക്കു കൃപ നൽകണമെ. ഇവർ നിത്യജീവനിൽ തല്പരരും പാപമാകുന്ന മരണത്തിൽ നിന്നു് അകന്നവരുമായിരിപ്പാൻ ഇടയാക്കണമെ. ഇവർ ഒത്തൊരുമിച്ചു് നിന്റെ പരിശുദ്ധിയെ സമീപിക്കുന്നവരും ശപിക്കപ്പെട്ട സാത്താന്റെ ദാസ്യത്തിൽ നിന്നു് ഓടി ഒളിക്കുന്നവരുമായിരിക്കുവാൻ തക്കവണ്ണം ഇവരുടെ ഹൃദയങ്ങളെ നീ ഐക്യപ്പെടുത്തണമെ...." [26] എന്നു ചൊല്ലുന്നു. "ഇവർ ഒത്തൊരുമിച്ചു് നിന്റെ പരിശുദ്ധിയെ സമീപിക്കുന്നവരും" എന്നുള്ള മുകളിൽ പറഞ്ഞ ഭാഗം ക്രൈസ്തവ വിവാഹത്തിന്റെ മഹനീയ സ്വഭാവം വ്യക്തമാക്കുന്നുണ്ടു്. ഇന്നേവരെ വ്യത്യസ്തങ്ങളായ ജീവിത പന്ഥാവിൽ, വ്യവസ്ഥാപിത ലക്ഷ്യങ്ങളില്ലാതെ ജീവിച്ചിരുന്ന രണ്ടു വ്യക്തികൾ "സത്യമാർഗ്ഗത്തിലൂടെ പ്രയാണം ചെയ്യുവാൻ" സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള പാതയിലൂ

---

26. കൂദാശകൾ op. cit. P. 50-51

www.malankaralibrary.com



ടെ പ്രത്യേകമായി ചരിക്കുവാൻ ഒത്തൊരുമിച്ചു തുടങ്ങുകയാണ്. കൽദായ റീത്തിലെ വിവാഹ വേളയിൽ പുരോഹിതൻ പിടിച്ചുകൊടുക്കുന്ന വിശുദ്ധ ഗ്രന്ഥത്തിൽ തൊട്ടുകൊണ്ട് വധുവും വരനും കൂടി ഒന്നിച്ചു ചൊല്ലുന്ന പ്രതിജ്ഞയിലും ഈ ആശയം തന്നെ വ്യക്തമാകുന്നുണ്ട് '' ഇന്നു മുതൽ മരണം വരെ സന്തോഷത്തിലും ദുഃഖത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും പരസ്പര സ്നേഹത്തോടും വിശ്വസ്തതയോടും കൂടെ ഏകമനസ്സായി ജീവിച്ചുകൊള്ളാമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഞങ്ങളുടെ ഈ വാഗ്ദാനം പരിശുദ്ധമായ ഈ നിമിഷത്തിൽ വി. ഗ്രന്ഥം സാക്ഷിയാക്കി ദൈവത്തിനു ഞങ്ങൾ സമർപ്പിക്കുന്നു''[27]. ഭാര്യ ഭർത്താവിന്റെയും, ഭർത്താവ് ഭാര്യയുടെയും നന്മയ്ക്കായും രക്ഷയ്ക്കായും യത്നിച്ചുകൊള്ളാമെന്നു പരസ്പരം പ്രതിജ്ഞചെയ്യുകയാണ് ഈ പ്രാർത്ഥനവഴി. തുടർന്നുള്ള പാട്ടിനുശേഷം ഏത്രോ വായിക്കുകയും ക്രിസ്തുവിന്റെ സാന്നിദ്ധ്യം മുഖേന, നവദമ്പതികളെ അനുഗ്രഹിക്കണമെന്നും കരുണാപൂർണ്ണമായ വലതുകൈ അവരുടെമേൽ ആവസിപ്പിക്കണമെന്നും കാർമ്മികൻ പ്രാർത്ഥിക്കുന്നു.

ഉൽബോധനങ്ങളിൽ ആദ്യമായി നമ്മുടെ ശ്രദ്ധ ആകർഷിക്കുക പൗലോസ് അപ്പസ്തോലന്റെ ലേഖന ഭാഗമാണ്. എഫേസിയർക്കെഴുതിയ ലേഖനം 5:20–33 വരെയുള്ള വാക്യങ്ങളാണ് നമ്മുടെ വിചിന്തനത്തിനായി സഭ നിർദ്ദേശിക്കുന്നത്. സഭ മിശിഹായുടെ ശരീരമാകുന്നു. ആയതിനാൽ സഭയുടെ ശിരസ്സ് മിശിഹാകർത്താവാകുന്നു. അതുപോലെ ഭർത്താവ് ഭാര്യയുടെ ശിരസ്സാകുന്നു. ആയതിനാൽ ഭാര്യ ഭർത്താവിനോട് അനുസരണമുള്ളവളായിരിക്കണം. ശിരസ്സായ കർത്താവ് സഭയെ സ്നേഹിക്കുകയും അവൾക്കായി സ്വയം സമർപ്പിക്കു

---

27. മലബാർ സഭയുടെ ആരാധനക്രമം–കൂദാശകൾ എറണാകുളം 1966.p. 61

www.malankaralibrary.com



കയും ചെയ്തു. മാമോദീസായാൽ അവളെ പരിശുദ്ധയാക്കി കുററങ്ങാക്കും കുറവുകാക്കും അതീതയായി അവളെ ഉയർത്തി. അതുപോലെ ഭർത്താവു് ഭാര്യയെ സ്വന്ത ശരീരത്തെപ്പോലെ കരുതണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെ സ്നേഹിക്കുന്നു (5;28). അതുപോലെ 27–ാം വാക്യവും നമ്മുടെ സവിശേഷ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടു്. സഭയെ കറയോ ചുളിവോ മററു കുറവുകളോ ഇല്ലാത്ത മഹത്വപൂർണ്ണയായി തനിക്കുതന്നെ കർത്താവു് പ്രതിഷ്ഠിച്ചിരിക്കുന്നതായി പറഞ്ഞിരിക്കുന്നു. സഭയുടെ സാദൃശ്യമായ വധു തൻെറ വൈവാഹിക ജീവിതം വഴിയായി കർത്താവിനു് പരിപൂർണ്ണമായി സമർപ്പിക്കപ്പെടുകയും അവിടുന്നു വഴിയായി തൻെറ ഭർത്താവിനു് വിധേയയായിരിക്കുകയും ചെയ്താൽ സഭയുടെ മഹത്വത്തിലും വിശുദ്ധിയിലും കർത്താവു് അവരെ പങ്കാളിയാക്കും.

ഏതാണ്ടു് ഇതേ ആശയംതന്നെയാണു് ലേഖനത്തിനു മുൻപു് ആലപിക്കുന്ന ''സുന്ദരികളിലധി സുന്ദരി നീ....'' എന്ന ഗാനത്തിൻെറയും സാരാംശം. ഈ ഗാനത്തിലും കർത്താവു് സഭയ്ക്കു നൽകിയിട്ടുള്ള ശോഭയെക്കുറിച്ചും അവരാം കർത്താവിനു് അർപ്പിക്കുന്ന സ്തുതി കീർത്തനങ്ങളെക്കുറിച്ചും വർണ്ണിച്ചിരിക്കുന്നു. ഇതു നമ്മുടെ ധ്യാനത്തിനു്, പരിപൂർണ്ണമായ സ്വയസമർപ്പണത്തിനു് നമ്മെ ആഹ്വാനംചെയ്യുന്നു.

ഇവയെ തുടർന്നുവരുന്ന സുവിശേഷഭാഗവും പ്രത്യേകം ശ്രദ്ധേയമാണു് (മത്താ. 19; 1–12). ഫരിസേയൻ കർത്താവിനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചു, ''ഏതെങ്കിലും കാരണത്താൽ ഒരുവൻ ഭാര്യയെ ഉപേക്ഷിക്കുന്നതു് നിയമാനുസൃതമാണോ''? ക്രിസ്തുനാഥൻ മറുപടി നല്കി ''സ്രഷ്ടാവു് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചുവെന്നും ഇക്കാരണത്താൽ പിതാവിനെയും മാതാവിനെയുംവിട്ടു് ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഏക ശരീരമായിത്തീരും എന്നു് അവിടുന്നു് അ

www.malankaralibrary.com



ത്ഥം ചെയ്തിട്ടുണ്ടെന്നും നിങ്ങഠം വായിച്ചിട്ടില്ലയോ? (ഉല്പത്തി 1; 27, 2:24, 5;27) ആകയാൽ ദൈവം യോജിപ്പിച്ചതു് മനുഷ്യൻ വേർപെടുത്തരുതു് (മത്താ. 19: 3–6).

സാധുവായി നടത്തപ്പെട്ട (Valid and consumated) ഒരു വിവാഹബന്ധം കാരണമെന്തായാലും വേർപിരിയുന്നതിനു് മനുഷ്യനനുവാദമില്ല. ഇതാണു് ക്രൈസ്തവ വിവാഹത്തെ സംബന്ധിച്ചുള്ള ദൈവിക പദ്ധതി. ഇതിനു് അടിസ്ഥാന കാരണമായി ക്രിസ്തുനാഥൻ പറയുന്നതു്, ആദിമുതൽ പുരുഷനെയും സ്ത്രീയേയും യോജിപ്പിച്ചതു ദൈവമാണു്. ദൈവം യോജിപ്പിച്ചതിനെ വേർതിരിക്കുവാൻ മനുഷ്യൻ തുനിയരുതെന്നാണു്. ഒരുവൻ വിവാഹമോചനത്തിനാഗ്രഹിച്ചാൽ അയാഠം ദൈവത്തിൻെറ പദ്ധതിക്കെതിരായിട്ടാണു് ആഗ്രഹിക്കുന്നതു്. കൂടാതെ, ഏകശരീരമായി തീർന്നിരിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കു് അന്യോന്യം ഉപേക്ഷിക്കാനോ വെറുക്കാനോ പാടില്ല. (Mt. 19:5, Eph 5: 28–29)

പഴയ നിയമത്തിൽ ഒരു പുരുഷനു് ഭാര്യയെ ചില കാരണങ്ങളാൽ ഉപേക്ഷിക്കുന്നതിനു് മോശയുടെ നിയമം അനുവദിച്ചിരുന്നു (Dt. 24: 1–4). ഒരു പുരുഷൻ ഒരു സ്ത്രീയെ പരിഗ്രഹിച്ചിട്ടു് കൂടെ പാർപ്പിച്ച ശേഷം അവളിൽ എന്തോ തെററു കണ്ടിട്ടു് അവളോടു് വെറുപ്പു തോന്നാനിടയായാൽ ഒരു ഉപേക്ഷപത്രം എഴുതി അവളെ ഏല്പിച്ചശേഷം അവൻെറ ഭവനത്തിൽനിന്നും അവളെ പറഞ്ഞയക്കാം. അവഠം പോയി വേറൊരാളെ വിവാഹം കഴിക്കയും അവനും അവളെ വെറുത്തു് ഒരു ഉപേക്ഷപത്രം നൽകി അവളെ സ്വഭവനത്തിൽനിന്നും പറഞ്ഞയയ്ക്കുകയോ അവൻ മരിക്കയോ ചെയ്യുന്നപക്ഷം ആദ്യത്തെ ഭർത്താവു് അവളെ ഭാര്യയായി സ്വീകരിച്ചുകൂടാ. എന്തെന്നാൽ അവഠം അശുദ്ധയും കർത്താവിൻെറ മുമ്പിൽ മ്ലേച്ഛ്യയുമാണു്. നിൻെറ ദൈവമായ കർത്താവു് നിനക്കു് അവകാശമായിത്തരുന്ന ദേശം പാപത്താൽ

www.malankaralibrary.com



അശുദ്ധമാക്കാതിരിക്കാനാണീ നിർദ്ദേശം. ഈ അനുവാദത്തിന്റെ മുഖ്യകാരണം യഹൂദരുടെ കഠിന ഹൃദയം മാത്രമാണെന്നു് ക്രിസ്തുനാഥൻ വ്യക്തമാക്കി. സനാതനവും ശാശ്വതവും പൂർണ്ണവുമായ പുതിയ നിയമം ദൈവപുത്രൻ ഈ മണ്ണിൽ സ്ഥാപിക്കുന്നതുവരെയുള്ള കാലത്തേയ്ക്കു മാത്രം ഉദ്ദേശിച്ചുള്ള താല്ക്കാലികവും അപൂർണ്ണവുമായ നിയമമായിരുന്നു മോശ ഇസ്രായേല്യർക്കു നൽകിയിരുന്നതു്. എന്നാൽ പുതിയതും നിത്യവുമായ ഉടമ്പടിയിൽ —പുതിയ നിയമത്തിൽ—ദൈവേഷ്ടം പരിപൂർണ്ണമായി നിറവേററപ്പെടേണ്ടതുണ്ടു്. പത്തും പതിനൊന്നും വാക്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഭാര്യാഭർത്തൃബന്ധം ഇത്ര "കഠിന"മാണെങ്കിൽ വിവാഹം ചെയ്യാതിരിക്കുന്നതല്ലേ നല്ലതെന്നു് ശിഷ്യർ ഉയർത്തുന്ന സംശയത്തിനു് അവിടുന്നു് മറുപടി നൽകുന്നു: "വരം ലഭിച്ചവനല്ലാതെ എല്ലാവരും ഇതിനു ശക്തരല്ല." ചുരുക്കിപ്പറഞ്ഞാൽ വൈവാഹിക ജീവിതത്തിനു് എല്ലാവരും അർഹരല്ല എന്നർത്ഥം. സഭയുടെയോ രാഷ്ട്രത്തിന്റെയോ വിലക്കിന്റെ കാലം കഴിയുമ്പോൾ, പ്രായപൂർത്തിയെത്തുമ്പോൾ ചാടിപ്പിടിക്കാവുന്ന ഒന്നല്ല വിവാഹം. അതു് ഒരു വരമാണു്, ദാനമാണു്, വിളിയാണു്. ആദിയിൽ ആദ്യമനുഷ്യനെ ഇല്ലായ്മയിൽനിന്നു് ഉള്ളായ്മയിലേയ്ക്കു് വിളിച്ച ദൈവം വിവാഹത്തിലേയ്ക്കുള്ള വിളി വഴി അവർക്കു് ഭാരിച്ച ഉത്തരവാദിത്വങ്ങൾ നൽകി. ഇന്നു് ഓരോ ദമ്പതികളും ഈ ഉത്തരവാദിത്വം പങ്കിട്ടെടുക്കുന്നു. അതേ ദൈവിക പദ്ധതികൾ തന്നെയാണു് വിവാഹത്തെ സംബന്ധിച്ചു് ഇന്നു ദൈവത്തിനുള്ളതു്. വിവാഹമെന്ന കൂദാശയിൽ ഇതിനുള്ള പ്രത്യേക വരം വധൂവരന്മാർക്കു് നൽകപ്പെടുന്നു. പക്ഷേ അവർ ദൈവകൃപയിൽ, വരപ്രസാദത്തിൽ നിലനിൽക്കണമെന്നു മാത്രം.

ഈ വിശദീകരണങ്ങളുടെ വെളിച്ചത്തിൽ "അതുകൊണ്ടു് ഞാൻ നിങ്ങളോടു പറയുന്നു പരസംഗം മൂലമല്ലാ

www.malankaralibrary.com



തെ സ്വഭാര്യയെ ഉപേക്ഷിച്ചിട്ട് മറെറാരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു; ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചാരം ചെയ്യുന്നു'' എന്ന വാക്യം മനസ്സിലാക്കുവാൻ വലിയ ബുദ്ധിമുട്ടില്ല. പരസംഗം ഹേതുവായി ഒരുവനു് സ്വന്തം ഭാര്യയെ ഉപേക്ഷിക്കാമോ എന്നതാണല്ലോ പ്രശ്നം. ഈ വാക്യം വി. മത്തായിയുടെ സുവിശേഷത്തിലല്ലാതെ മററു സുവിശേഷങ്ങളിലോ വി: പൗലോസിൻെറ ലേഖനങ്ങളിലോ കാണുന്നില്ല (See Mk 10:3, Lk 16:18). വി: മർക്കോസിൻെറ സുവിശേഷത്തിൽ ഈ പ്രസ്താവന ശിഷ്യരോടാണു്. വി: മത്തായിയുടെ സുവിശേഷത്തിലാകട്ടെ പ്രശ്നം ഉന്നയിച്ചവരോടാണുതാനും. വി: മർക്കോസിൻെറ പ്രസ്താവന ഭാര്യക്കോ, ഭർത്താവിനോ വിവാഹമോചനത്തിനനുവാദം നൽകുന്ന റോമൻനിയമത്തിൻെറ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ[28]. 1 കോറി. 7:10–11 ൽ വി: പൗലോസ് പറയുന്ന ''വിവാഹിതരോടു ഞാൻ – ഞാനല്ല കർത്താവ് – നിഷ്കർഷിക്കുന്നു; ഭാര്യ ഭർത്താവിൽ നിന്നും വേർപിരിയരുതു്. വേർപിരിയുന്നുവെങ്കിൽ അവരാം ഏകാകിയായി ജീവിക്കണം. അതല്ലെങ്കിൽ അവരാം ഭർത്താവുമായി രമ്യപ്പെടണം. ഭർത്താവു് ഭാര്യയെ പരിത്യജിക്കയുമരുതു്.'' ഭാര്യ ഭർത്താവിൽ നിന്നു് വേർപിരിയേണ്ട അവസരങ്ങരാം ഉണ്ടായേക്കാം. എന്നാൽ അതു് പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനുമുള്ള അവസരമായി വിനിയോഗിച്ചു് ദൈവസ്നേഹത്തിൽ വളന്നുവരുവാനും വീണ്ടും പൂർവ്വാധികം തീക്ഷ്ണവും ശക്തവുമായ ഒരു ദാമ്പത്യബന്ധത്തിൽ എത്തിച്ചേരാനുള്ള ഒരു ചവിട്ടുപടിയായി തീരുവാനും ശ്രമിക്കണം. ഈ സമയത്തു ഭർത്താവാകട്ടെ ഭാര്യയാകട്ടെ മറെറാരു വിവാഹത്തിനു് ഒരുമ്പെടുവാനും പാടുള്ളതല്ല. ദൈവത്തോടു കൂടുതൽ അടുക്കുന്നതിനു് കർത്താവു് എത്രയോ നല്ലവനാണെന്നു രുചിച്ചറിയുന്നതിനു് ഉള്ള കൃപ സമ്പാദിക്കുന്ന

28. Jerome Biblical Commentary Vol: II on Mt: 19:9.

www.malankaralibrary.com



തിനുള്ള കാലഘട്ടമായി അതിനെ മാററണം. ഇങ്ങനെ 1 കോറി 7: 10_11 നെ വിശദീകരിക്കാമെന്നു ചിന്തിക്കു ന്നവരുണ്ടു്. സിവിൽനിയമം വിവാഹമോചനം അനു വദിച്ചേക്കാം. എങ്കിലും സാധുവായ വിവാഹം കഴിച്ചു് വിവാഹബന്ധത്തിലേർപ്പെട്ടവക്കു് ദൈവികനിയമം വി വാഹ മോചനം അനുവദിക്കുന്നില്ല. അവർ അന്യോന്യം ആശ്വസിപ്പിക്കുവാനും ഭാരം ചുമക്കുവാനും നന്മയിലും തി ന്മയിലും ഒത്തൊരുമിച്ചു മുന്നോട്ടു നീങ്ങുവാനും പ്രതിജ്ഞാ ബദ്ധരാകുന്നു. ജീവിതപങ്കാളി എന്ന പദം തന്നെ അ താണല്ലോ വ്യക്തമാക്കുക.

വി: മത്തായി 19–ാം അദ്ധ്യായം 9_ാം വാക്യത്തെ വേദപുസ്തക പണ്ഡിതന്മാർ പല രീതിയിലാണു് വ്യാ ഖ്യാനിച്ചിരിക്കുന്നതു് എന്നു നാം കണ്ടു. എങ്കിലും ഏ ററം സ്വീകാര്യമായ അഭിപ്രായം ഇതാണെന്നു തോന്നു ന്നു.— ഏതെങ്കിലും കാരണത്താൽ ഒരുവനു് ഭാര്യയെ ഉ പേക്ഷിക്കാമോ? എന്നു് ക്രിസ്തുവിൻെറ നിയമപരിജ്ഞാ നം അളക്കാനുള്ള ഉപാധിയായിട്ടാണു് ചോദിക്കുന്നതു്. ഉത്തരം അവിതക്കമായിരുന്നു _ 'പാടില്ല'. അപ്പോൾ അവർ പഴയ നിയമത്തിൽ മോശ അനുവദിച്ചിരുന്നു എ ന്നു് ഓമ്മിപ്പിച്ചു, "ഒരു പുരുഷൻ ഒരു സ്ത്രീയെ തെരഞ്ഞെ ടുത്തു വിവാഹം ചെയ്തശേഷം ദൂഷ്യമായതു വല്ലതും ക ണ്ടിട്ടു് അവനു് അവളോടു് അനിഷ്ടം തോന്നിയാൽ ഒരു ഉപേക്ഷപത്രം എഴുതി കയ്യിൽ കൊടുത്തു് അവളെ വീട്ടിൽ നിന്നും പറഞ്ഞയയ്ക്കണം". 'ദൂഷ്യമായതു വല്ലതും' എന്നതു് വളരെ അവ്യക്തമാണു്. അതുകൊണ്ടാണു് 'ഏതു കാരണ ത്താൽ' എന്ന ചോദ്യം ഉദിക്കുന്നതുതന്നെ. യഹൂദക്കു് ഏററം പ്രശസ്തരായ രണ്ടു ഗുരുക്കന്മാർ ഉണ്ടായിരുന്നു_ഹില്ലേലും, ഷെമ്മായിയും. ഹില്ലേലിൻെറ വ്യാഖ്യാന പ്രകാരം ഭത്താ വിനു് ഇഷ്ടമില്ലാത്ത രീതിയിൽ പെരുമാറുന്ന ഭാര്യയെ അ വനുപേക്ഷിക്കാം. എന്നാൽ ഷെമ്മായിയുടെ ധാമ്മികോപ ദേശപ്രകാരം വ്യഭിചാരക്കുററം കണ്ടാൽ മാത്രമേ ഭാര്യയെ ഉപേക്ഷിക്കാവൂ എന്നത്രെ. യേശു ഈ പ്രശ്നത്തെപ്പററി

www.malankaralibrary.com



അവബോധവാനാണോ, എങ്കിൽ ഇതേപ്പററിയുള്ള അഭി പ്രായവും വ്യാഖ്യാനവും എന്തു് എന്നതാണു് ഫരിസേയരുടെ ചോദ്യത്തിൻെറ അന്തരാത്ഥം. യേശു, അത്ഥശങ്കയ്ക്കിടയില്ലാത്തവിധം മറുപടി നൽകുന്നു: വിവാഹമോചനം ദൈവികപദ്ധതിക്കെതിരാണു്, കാരണം ഭാര്യാഭർത്താക്കന്മാർ വിശുദ്ധ മദ്ബഹായുടെയും വിശുദ്ധ ഏവൻഗേല്യോൻെറയും മുമ്പാകെ അത്യുന്നതനായ ദൈവത്താൽ യോജിപ്പിക്കപ്പെട്ടവരാണു്; അവർ ഒരു ശരീരമാണു്. താൽക്കാലിക നിയമത്തിൻ കീഴിൽ യഹൂദരുടെ ഹൃദയകാഠിന്യം നിമിത്തം മോശ ഒരു വിട്ടുവീഴ്ച അനുവദിച്ചു. എന്നാൽ അതു് പരസംഗം മൂലമല്ലാതെ വിനിയോഗിക്കപ്പെടേണ്ട ഒന്നല്ല എന്നു് അതിർ വരമ്പും നൽകി. ഷമ്മായിയുടെ പഠിപ്പിക്കലിനാണു് മോശയുടെ ഉപദേശത്തോടു കൂടുതൽ സാധർമ്മ്യമുള്ളതു്. പക്ഷേ അതു് മോശയുടെ നിയമത്തിലെ ഒരു കല്പന അല്ലായിരുന്നു. അന്നത്തെ ആളുകളുടെ ഹൃദയകാഠിന്യംനിമിത്തം കൂടുതൽ കർക്കശമായ, ആദിമുതലേയുള്ള ദൈവത്തിൻെറ നിയമം പാലിക്കുവാനുള്ള മാനസിക പരിവർത്തനം അവർക്കില്ലായിരുന്നു. ഈ വസ്തുത മനസ്സിലാക്കിയ മോശ ഒരു വിട്ടുവീഴ്ച ചെയ്തു. ദൈവരാജ്യം സ്ഥാപിക്കപ്പെട്ടപ്പോൾ ദൈവത്തിൻെറ ആദിമുതലേയുള്ള നിയമം അനുസരിക്കപ്പെട്ടേ മതിയാവൂ എന്നു് ക്രിസ്തുനാഥൻ അവരെ ബോധവാന്മാരാക്കുന്നു. കർത്താവിൻെറ കർക്കശമായ നിലപാടു് യഹൂദപാരമ്പര്യത്തിൽ വളന്നു തൻെറ ശിഷ്യരെപ്പോലും വിസ്മയഭരിതരാക്കി.

വിവാഹമോചനത്തെക്കുറിച്ച് ഹൂദായ കാനനിൽ പറയുന്ന ഭാഗം ഇത്തരുണത്തിൽ ശ്രദ്ധേയമാണു്: വിവാഹ മോചനത്തിനു് നിയമപരമായ കാരണങ്ങൾ ശരിയായവ ഏഴെണ്ണം ഞങ്ങൾക്കറിയാം—സ്ത്രീയുടെ പ്രത്യേകമായ വ്യഭിചാരം, ക്ഷുദ്രപ്രവർത്തി, വിശ്വാസരാഹിത്യം, നിരോധനാർഹമായ കുടുംബബന്ധം, സന്യാസ

www.malankaralibrary.com



വൃത്തി, ദാസ്യത്വം, സംയോഗസാദ്ധ്യമല്ലാത്ത വിധത്തി ലുള്ള നിന്ദ്യമായ ന്യൂനതകൾ. 29

## കിരീടം വാഴ്വ്

സുവിശേഷ വായനയ്ക്കുശേഷം കിരീടം വാഴ്വിന്റെ ക്രമം ആരംഭിക്കുകയായി. കിരീടങ്ങളെയും അവ ധരി ക്കുന്നവരെയും ആശീർവദിക്കണമെന്ന് വൈദികൻ പ്രാ ർത്ഥിക്കുകയും കിരീടങ്ങൾ വാഴ്ത്തുകയും ചെയ്യുന്നു. തൽ സമയത്തു ചൊല്ലുന്ന പ്രാർത്ഥന, "ഈ കിരീടങ്ങളും ഇവ അണിയുന്ന ശിരസ്സുകളും + പിതാവിന്റെയും + പുത്ര ന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേ ക്കുമായി ആശീർവദിക്കപ്പെടുന്നു...." 30 എന്നാണ്. ഇതേ തുടർന്ന് കിരീടം ആഘോഷിക്കപ്പെടുന്നു. കിരീടമാണ്, മാലയല്ല, ഉപയോഗിക്കുന്നതെങ്കിൽ നിർദ്ദിഷ്ടഗാനം ചൊ ല്ലിക്കഴിയുമ്പോൾ രണ്ടു കൈകൊണ്ടും ആഘോഷിക്കുക യും ഗാനം തീരുമ്പോൾ തലയിൽ വയ്ക്കുകയും ചെയ്യുന്നു. ഇതു് മൂന്നു പ്രാവശ്യം ആവർത്തിക്കുന്നു.... 31 ഓരോ പ്രാ വശ്യവും കാർമ്മികൻ ഗാനം ചൊല്ലിക്കഴിയുമ്പോൾ ശു ശ്രൂഷകൻ വൈദിക ശമ്മാശ ........ എന്നു തുടങ്ങുന്ന ഗാനം ചൊല്ലുന്നു. കിരീടത്തിനു പകരം മാലയാണ് ഉ പയോഗിക്കുന്നതെങ്കിൽ, മാലയിലെ കുരിശ് തുങ്ങിക്കി ടക്കത്തക്കവണ്ണം മാലകൾ കാർമ്മികൻ വലതുകയ്യിൽ ചുററിപ്പിടിച്ച് മണവാളന്റെ ശിരസ്സിൽ ആഘോഷി ക്കുമ്പോൾ കാർമ്മികന്റെ ഇടതുകൈയുടെ വിരലുകൾ മ ണവാളന്റെ ചെന്നിയിൽ വയ്ക്കുന്നു. 32

"വാനിൽ നിന്നൊരു മകുടം
കർത്തൻ കൈയാലിറങ്ങി

29 ഏദായ കാനോൻ op. cit, p. 160.
30 കൂദാശകൾ (മലങ്കര), op. cit, p. 56.
31 വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം, op. cit, p. 87.
32 വി: ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം, op. cit, p. 87.

www.malankaralibrary.com



മണവാളനെയാചാര്യൻ
അണിയിസ്സം മകുടം രമ്യം.... '' 33 എന്നു പാടിക്കൊണ്ടു് വലത്തു കൈ ചലിപ്പിക്കുകയും വരൻെറ ശിരസ്സിൻമേൽ പടിഞ്ഞാറും പിന്നെ കിഴക്കും അനന്തരം തെക്കും വടക്കുമായി സ്ലീബാ രൂപത്തിൽ ആഘോഷിക്കുകയും അനന്തരം കിരീടം വയ്ക്കുന്നതുപോലെ സ്ലീബാ രണ്ടു പ്രാവശ്യം ഇടത്തോട്ടും ഒരു പ്രാവശ്യം വലത്തോട്ടും ചുററിക്കയും ചെയ്തിട്ടു് സ്ലീബാ നെററിയിലേയ്ക്കു കിടക്കത്തക്കവിധത്തിൽ തലയിൽ കൈ വയ്ക്കുകയും ചെയ്യുന്നു. 34

ഈ കിരീടങ്ങൾ പ്രത്യക്ഷമായി അണിയിക്കുന്നതു കാർമ്മികനാണെങ്കിലും അവ സ്വർഗ്ഗത്തിൽ നിന്നും കർത്താവിൻെറ കൈകളാൽത്തന്നെ ചൂടിക്കപ്പെടുന്നു എന്നു് തദവസരത്തിൽ ചൊല്ലുന്ന ഗാനം വ്യക്തമാക്കുന്നുണ്ടു്. പൂജ്യന്മാരായ ആചാര്യന്മാരുടെ കൈകളാൽ വധൂവരന്മാരുടെ ശിരസ്സുകളിൽ വയ്ക്കപ്പെടുവാൻ മിശിഹ രാജാവു് നിർമ്മിച്ച കിരീടം എത്രയോ മനോഹരമാകുന്നു. കർത്താവു നിന്നെ നീതിയുടെ കിരീടം ധരിപ്പിക്കുകയും അനശ്വരതയുടെ അലങ്കാരങ്ങളാൽ വിഭൂഷിതനാക്കുകയും ശത്രുവിൻെറ സർവ്വശക്തിയ്ക്കുമെതിരായി അജയ്യമായആയുധം നിന്നെ അണിയിക്കുകയും ചെയ്യട്ടെ 35 എന്നു ചൊല്ലിക്കൊണ്ടു് മണവാളനെ കിരീടം ധരിപ്പിക്കുന്നു. നീതിയുടെ കിരീടമാണതു്: ശത്രുവിനെതിരെയുള്ള അജയ്യമായ ആയുധവുമാണതു്. ദൈവരാജ്യ ഭരണം ഈ ഭൂമിയിൽ വരുമ്പോൾ നീതിയുടെ ഭരണം വരുന്നു. ''വഴിയും സത്യവും ജീവനുമായ'' മിശിഹായെ അറിയുമ്പോൾ നിത്യജീവനിൽ ദമ്പതികൾ ഭാഗഭാക്കുകളാകുന്നു, പങ്കുകാരാകുന്നു. ''നിത്യജീവൻ എന്നതു് ഏക സത്യ ദൈവ

33 കൂദാശകൾ (മലങ്കര, op. cit, p. 56.

34 വി: ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം op. cit, p. 87.

35 കൂദാശകൾ (മലങ്കര) op. cit, p. 57.

www.malankaralibrary.com



മായ അങ്ങയേയും അങ്ങയച്ച ഈശോമിശിഹായെയും അറിയുക എന്നതാകുന്നു'' (യോഹ. 17: 3) പിതാവിനെയും പിതാവയച്ച പുത്രനെയും അറിയുക. ഈ അറിവ് വെറും താത്വികമോ ബുദ്ധിപരമോ അല്ല. പിന്നെയോ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും തങ്ങളുടെ ജീവിതഭാഗധേയം നിശ്ചയിക്കുന്ന സജീവ സത്യമായി അംഗീകരിക്കുന്നവരുടെ ഹൃദയത്തിലേയ്ക്കാഴ്ന്നിറങ്ങുന്ന അനുഭവമത്രെ അത്. ഈ അനുഭവമാണ് കിരീടധാരണം വഴിയായി മണവാളനും മണവാട്ടിയും പ്രാപിക്കുക. നീതിയുടെ കിരീടമെന്നതുപോലെ അനശ്വരതയുടെ അടയാളവുമാണത്.

''എല്ലാം കടന്നു പോകുന്നു, എന്നാൽ നീ മാത്രം നിലനില്ക്കുന്നു'' എന്ന സങ്കീർത്തകൻെറ വചനം അനുസ്മരിപ്പിക്കുന്ന ഒന്നാണിത്. നശ്വരമായ ലോകത്തിൽ ജീവിക്കുന്ന മനുഷ്യന് അനശ്വരതയുടെ മഹനീയ കവാടത്തിലേയ്ക്കു പ്രവേശനം ലഭിച്ചിരിക്കുന്ന അവൻെറ ആത്മാവിലൂടെ അനശ്വരമായ ആത്മാവിനു് അക്ഷയമായ രാജ്യത്തിലെ മഹനീയ ഭാഗ്യങ്ങൾ അനുഭവിക്കുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. കിരീടം ശരീരത്തെ അലങ്കാരവിഭൂഷിതമാക്കുന്നതിലുപരി, ആത്മാവിനെ അണിയിച്ചൊരുക്കുകയത്രെ ചെയ്യുന്നത്. പ്രധാനപ്പെട്ടതും അതു തന്നെ. ക്രിസ്തു സഭയെ മോഹനീയാലങ്കാരങ്ങളാൽ ഒരുക്കിയതുപോലെ ഇവിടെ ഈ മണവാളനെയും മണവാട്ടിയെയും അണിയിച്ചൊരുക്കുന്നു.

'ശത്രുവിനെതിരായ, അജയ്യമായ ആയുധം' ആദിമാതാപിതാക്കളുടെ കാലം തൊട്ടിങ്ങോട്ട് പാവനവും പരിശുദ്ധവുമായ കുടുംബബന്ധത്തിനെതിരെ ശത്രുവിൻെറ വിനാശകരമായ ഹസ്തം ഉയർന്നിട്ടുണ്ട്. ഓരോ കാലത്തു് ഈ വിപത്തു് വ്യത്യസ്തമായ രൂപം കൈക്കൊള്ളുന്നു എന്നുമാത്രം. കുടുംബത്തിൽ അന്തഛിദ്രം വളർത്തുകയും അതിൻെറ വിശുദ്ധിക്ക് കളങ്കം വരുത്തുകയും ചെയ്യുന്ന

www.malankaralibrary.com



നാരകിയ ശക്തികൾ ഇന്നു് എക്കാലത്തെയും കാൾ ശക്ത മാണു് എന്നു സഭയ്ക്കറിയാം. അതിനാൽ ഈ കിരീടധാ രണത്തിലൂടെ ദമ്പതികൾ ശത്രുവിനെതിരായ പടച്ചട്ട അണിയുകയത്രെ ചെയ്യുന്നതു്. അതുകൊണ്ടു് പ്രശ്ന ങ്ങളും വിഷമങ്ങളും ഉണ്ടാകില്ല എന്നർത്ഥമില്ല. അവ ഉ ണ്ടാവുകതന്നെ ചെയ്യും. ദൈവത്തിൽ ശരണപ്പെട്ടുകൊ ണ്ടു് വിവാഹത്തിന്റെ കടമകളും അവകാശങ്ങളും ഉത്തര വാദിത്വങ്ങളും മനസ്സിലാക്കി പ്രവർത്തിക്കുന്നവർ ശത്രു വിന്റെ മുമ്പിൽ ഈ കിരീടത്താൽ അജയ്യരായി നില കൊള്ളുമെന്നതു തീർച്ചയാണു്. കാർമ്മികൻ:— കർത്താവു നിന്നെ നീതിയുടെ........ സംഗതിയാകട്ടെ'' എന്ന പ്രാ ത്ഥന ചൊല്ലിക്കൊണ്ടു് മണവാട്ടിയെയും കിരീടം ധരി പ്പിക്കുന്നു. കിരീടധാരണം കഴിഞ്ഞാലുടൻതന്നെ താലി (മിന്നു്) വാഴ്ത്തി വരനെ ഏല്പിക്കുന്നു. കാർമ്മികൻ മി ന്നു് കയ്യിലെടുത്തു് ''സ്ലീബായുടെ ഈ ചിഹ്നം + പി താവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവി ന്റെയും നാമത്തിൽ ആശീർവ്വദിക്കപ്പെടുന്നു'' 36 എന്ന പ്രാ ത്ഥന ചൊല്ലി മൂന്നു പ്രാവശ്യം റുശ്മാ ചെയ്തു് വാഴ്ത്തി വ രനെ ഏല്പിക്കുകയും വരൻ അതു് വധുവിന്റെ കഴുത്തിൽ ചാത്തുകയും (കെട്ടുകയും) ചെയ്യുന്നു. മിന്നുചരടിൽ ഒന്നു് മണവാളന്റെ വലതുകയ്യിലും പിന്നീടു് ഇടതു കയ്യിലുമാ ണു് നൽകേണ്ടതു്. ഈ അവസരത്തിൽ താലി മലർ ത്തി വധുവിന്റെ താടിയോടു് കാർമ്മികൻ അടുപ്പിച്ചു പിടിക്കുകയും മിന്നു കമിഴ്ന്നു വീഴാതെ സൂക്ഷിക്കുകയും ചെയ്യേണ്ടതാണു് 37. ഹൈന്ദവ ആചാരത്തിൽനിന്നും ക്രൈ സ്തവസഭ സ്വീകരിച്ചിട്ടുള്ള ഒരാചാരമാണു് താലികെട്ടു്. താലികെട്ടോടുകൂടി വിവാഹം ദൃഢവല്ക്കപ്പെടുന്നതായാണു് ഹിന്ദുക്കളുടെ വിശ്വാസം. ഈ കുരിശു് (താലി) ഐക്യ ത്തിന്റെ പ്രതീകവും ദമ്പതികളെ ബന്ധിപ്പിക്കുന്ന ശൃം

---

36 കൂദാശകൾ, op. cit, P. 58

37 വി. ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം op. cit, P. 88

www.malankaralibrary.com



ഖലയുമാണ്. 38 താലി കെട്ടാൻ ഉപയോഗിക്കുന്ന നൂൽ സുറിയാനിക്കാരും ഹിന്ദുക്കളും മന്ത്രകോടിയിൽ നിന്നാണ് എടുക്കുന്നത്. താലികെട്ട് ഭാരതത്തിൽ മാത്രമുള്ള ഒരു പാരമ്പര്യമാണ്. താലികെട്ടിനുശേഷം വൈദികൻ മന്ത്രകോടി മൂന്നു പ്രാവശ്യം റൂശ്മാ ചെയ്ത് വാഴ്ത്തി വരനെ ഏല്പിക്കുകയും അയാൾ അതു വധുവിന്റെ ശിരസ്സിൽ തലമൂടത്തക്കവണ്ണം ധരിപ്പിക്കുകയും ചെയ്യുന്നു. കാർമ്മികനുതന്നെ ഇക്കർമ്മം നിർവ്വഹിക്കാവുന്നതാണ് 39. തൽസമയം കാർമ്മികനും സഹായികളും കൂടി

"ശുഭ ചിഹ്നം താൻ സ്ലീബാ
വിജയക്കൊടി താനും സ്ലീബാ
സ്ലീബാ നമ്മെ രക്ഷിച്ചു

സ്ലീബായിൽ പുകഴുന്നു നാം" എന്ന ഗാനം ആലപിച്ചുകൊണ്ടിരിക്കും. "ഐക്യത്തിന്റെ പ്രതീകമായ താലി അഭേദ്യമായ സ്നേഹത്തിലും പൂർണ്ണമായ വിശ്വസ്തതയിലും ഇവരെ ബന്ധിക്കുവാ" 40 നുള്ളതാണ്. മന്ത്രകോടി വെഞ്ചരിച്ചുകൊണ്ട് മലബാർ റീത്തിൽ വൈദികൻ ചൊല്ലുന്നത് "കൃപാവരത്തിന്റെ അനശ്വരവസ്ത്രത്താൽ മനുഷ്യാത്മാവിനെ അലങ്കരിക്കുന്ന കാരുണ്യവാനായ കർത്താവേ, ഈ മന്ത്രകോടി ആശീർവദിക്കണമെ + പൂർണ്ണമായ ആത്മസമർപ്പണവും പരസ്പരസ്നേഹവും വഴി അങ്ങയെ ധരിക്കുവാൻ ഈ ദമ്പതിമാരെ അനുഗ്രഹിക്കണമെ. ലോകത്തിൽ നിഷ്കളങ്കമായി ജീവിച്ച് സ്വർഗ്ഗത്തിൽ മഹത്വത്തിന്റെ വസ്ത്രമണിയുവാൻ ഇവർക്കിടയാകട്ടെ". 41 സ്വർഗ്ഗത്തിൽ നിത്യമഹത്വത്തിന്റെ വസ്ത്രമണിയുന്നതിന്റെ ഒരു മുന്നാസ്വാദനമാണ് മന്ത്രകോടി ചൂടൽ. ഇതേ

---

38 വെള്ളിയാൻ ജേക്കബ്, op. cit. P. 128
39 വി. ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം op. cit, P. 88
40 മലബാർ സഭയുടെ ആരാധനക്രമം
കുദാശകൾ op. cit, P. 58.
41 കുദാശകൾ, op. cit., 59

www.malankaralibrary.com



ത്തുടർന്നു് ദമ്പതികൾക്കായുള്ള ആശംസാ പ്രാർത്ഥനയാണു്. ഇതുപോലെയുള്ള ആശംസാ പ്രാത്ഥനകൾ മലങ്കര ആരാധനക്രമത്തിന്റെ പ്രത്യേകതയാണു്. വിവാഹത്തിനായാലും പൗരോഹിത്യസ്വീകരണത്തിനായാലും അത്ഥികൾക്കു് കാർമ്മികൻ ദീർഘമായ ഉപദേശം കൊടുക്കുന്നുണ്ടു്. വിവാഹത്തിലെ ഉപദേശത്തിന്റെ പ്രധാന ഭാഗം ഇപ്രകാരമാണു്. ''അബ്രഹാം ഇസഹാക്കിലും, ഇസഹാക്കു് യാക്കോബിലും, യാക്കോബു് യൗസേപ്പിലും സന്തോഷിച്ച പ്രകാരം നിങ്ങളും സന്തോഷിക്കേണ്ടതിനു് സൽക്കർമ്മികളായ സന്താനങ്ങളെ കർത്താവു നിങ്ങൾക്കു പ്രദാനം ചെയ്യട്ടെ. നിങ്ങൾ വർദ്ധിച്ചു പെരുകി ഭൂമി നിറയുവിൻ എന്നു് നോഹയോടും മക്കളോടും കല്പിച്ചു കൊണ്ടു് ദൈവം അവരെ അനുഗ്രഹിച്ച വാഴ്‌വു് ;നിങ്ങളിൽ വസിക്കട്ടെ. ദൈവം അബ്രഹാമിനും ഇസഹാക്കിനും യാക്കോബിനും കൊടുത്ത അനുഗ്രഹം നിങ്ങളിലും വസിക്കട്ടെ. ആകാശത്തു നിന്നും മഞ്ഞും മഴയും ഭൂമി ഉല്പാദിപ്പിക്കുന്ന ഫലമൂലാദികളും ദൈവം നിങ്ങൾക്കു നൽകട്ടെ, യാക്കോബു്, സ്വപുത്രനായ യൗസേപ്പിനെ അനുഗ്രഹിച്ചുകൊണ്ടു് 'നിന്റെ പിതാവിന്റെ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ' എന്നു പറഞ്ഞ ആ വാഴ്‌വു് നിങ്ങളിൽ വസിക്കട്ടെ. ഐശ്വര്യത്താലും സൗഭാഗ്യത്താലും ദൈവം നിങ്ങളെ സമ്പന്നരാക്കട്ടെ. മെസ്രേനിൽ നിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന മണവാട്ടിയോടു് ഉടമ്പടി ഉണ്ടാക്കുവാൻ സീനായു് മലയിൽ ഇറങ്ങിയ മഹോന്നതൻ നിങ്ങളെയും നമ്മുടെ ഈ സംഘത്തെയും ആശീർവദിക്കട്ടെ. [42] ഈ ഉപദേശത്തിലെ അവസാനഭാഗം പ്രത്യേകം ശ്രദ്ധാർഹമാണു്. മെസ്രേനിൽ അടിമത്തത്തിന്റെ നാട്ടിൽ നിന്നു് സ്വാതന്ത്ര്യത്തിന്റെ നാട്ടിലേയ്ക്കു് യാഹ്‌വേ ഇസ്രായേലിനെ നയിച്ചു. 'പാലും തേനും ഒഴുകുന്ന' വാഗ്ദത്തനാട്ടിലേയ്ക്കു നയിക്കവേ ദൈവം സീനായു് മലമേൽ ഇറങ്ങി വന്നു് അവരുമായി ഒരു ഉടമ്പടി

42 കൂദാശകരം (മശങ്കര) Op. cit, P. 59-60

www.malankaralibrary.com



ടി ഉണ്ടാക്കി. അതുപോലെ ഇവിടെയും രണ്ടു വ്യക്തികൾ വ്യത്യസ്ത സ്ഥലസാഹചര്യങ്ങളിൽ നിന്നും വന്നു് അത്യുന്നതന്റെ ആവാസസ്ഥലത്തു് ഉടമ്പടി ഒപ്പു വയ്ക്കുകയാണു്. ഈ ഉടമ്പടിയിൽ പങ്കാളികളാകുന്ന ദമ്പതികളെയും ഇതിനു സാക്ഷ്യം വഹിക്കുന്ന എല്ലാവരെയും വാഴ്ത്തണമെയെന്നാണു് വൈദികന്റെ പ്രാർത്ഥന.

തുടർന്നുള്ള മാർ യാക്കോബിന്റെ ബോവൂസായിൽ ദമ്പതികളെ ആശീർവ്വദിക്കുന്നു. ഈ ദമ്പതികളെയും അവർ ശിരസ്സിൽ വഹിക്കുന്ന കിരീടങ്ങളെയും വാഴ്ത്തണമെ എന്നു പ്രാർത്ഥിച്ചുകൊണ്ടാണു് ആദ്യത്തെ ആശീർവ്വാദം. ഇവർ ഇഹലോകത്തിലെന്നതുപോലെ പരലോകത്തും ധന്യരാകുവാനായിട്ടു് ആണു് രണ്ടാമത്തെ ആശീർവ്വാദം. മൂന്നാമത്തെ ആശീർവ്വാദം മംഗളകരമായ ഈ കർമ്മത്തിൽ പങ്കെടുക്കാനെത്തിയിട്ടുള്ള വിശ്വാസികൾ ഏവർക്കുമാണു്.

ഇവയ്ക്കുശേഷം വൈദികൻ പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നു് ദമ്പതികളെയും വിശ്വാസികളെയും ഉദ്ബോധിപ്പിക്കുന്ന മർമ്മപ്രധാനമായ ഭാഗമാണു്. കാർമ്മികൻ ഇപ്രകാരം ചെയ്യുന്നതു് വി: പിതാക്കന്മാരിൽനിന്നും തനിക്കു കിട്ടിയിട്ടുള്ളതും തന്നെ ഭരമേല്പിച്ചിട്ടുള്ളതുമായ പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ വേണ്ടിയാണെന്നു് വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു: "........ മക്കളെ നിങ്ങൾ ഇപ്പോൾ നിൽക്കുന്നതു് ദൈവസന്നിധിയിലും നമ്മുടെ കർത്താവേശുമിശിഹായുടെ സിംഹാസനമായ ബലിപീഠത്തിന്റെയും സ്ലീബായുടെയും വി: ഏവൻഗേല്യോന്റെയും ഈ സമൂഹത്തിന്റെയും മുൻപാകെ ആകുന്നുവെന്നു് ശ്രദ്ധിപ്പിൻ. മനോഗതങ്ങൾ അറിയാത്തവന്റെയല്ല അറിയുന്നവന്റെ സന്നിധിയിലത്രെ നിങ്ങൾ നിൽക്കുന്നതു്. ഇപ്പോൾ മുതൽ ഞാൻ നിങ്ങളെ അന്യോന്യം

www.malankaralibrary.com



ഭരമേല്പിക്കുന്നു. (പരസ്പരം കൈ പിടിപ്പിക്കുന്നു)[43] എനിക്കും നിങ്ങൾക്കുമിടയിൽ ദൈവം മദ്ധ്യസ്ഥനായിരിക്കട്ടെ. നിങ്ങൾ ന്യായ രഹിതരായി എന്തെങ്കിലും ചെയ്യുന്നപക്ഷം ഞാൻ അതിൽ കുററമില്ലാത്തവനായിരിക്കും.. പട്ടക്കാരിലും ശമ്മാശന്മാരിലും വിശ്വാസികളായ ജനത്തിലും മണവാളനിലും മണവാട്ടിയിലും ക്ഷണിക്കപ്പെട്ടവരിലും ക്ഷണിച്ചവരിലും ദൈവത്തിൻെറ അനുഗ്രഹങ്ങളും കരുണയും സമൃദ്ധിയായി ആവസിക്കുമാറാകട്ടെ...

അനുഗ്രഹീതയും ദൈവമാതാവുമായ വി: കന്യകമറിയാമിൻെറയും നമ്മുടെ കർത്താവിനെ സ്നേഹിച്ച് അവിടുത്തെ കല്പനകൾ ആചരിച്ച് സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥന മുഖാന്തിരം യേശുമിശിഹായുടെ വലതുകൈ നാമെല്ലാവരിലും എപ്പോഴും വസിക്കുവാൻ ഇടയാകട്ടെ'' 44.

'ദൈവം എനിക്കും നിങ്ങൾക്കുമിടയിൽ മദ്ധ്യസ്ഥനായിരിക്കട്ടെ' എന്നു ചൊല്ലിക്കൊണ്ട് വിവാഹ ഉടമ്പടിയുടെ കാർമ്മികനും മദ്ധ്യസ്ഥനും സാക്ഷിയും അത്യുന്നതനായ ദൈവം തന്നെയാണെന്നു് ഉച്ചൈസ്തരം ഉത്ഘോഷിക്കുന്നു. പരിപാവനവും മഹനീയവുമായ ഈ സംഭവത്തിനു് ദൈവത്തെക്കാൾ വലിയ ഒരു സാക്ഷിയെ കിട്ടാനില്ലല്ലോ. ദൈവം മദ്ധ്യസ്ഥനാവുക എന്നതു

43 Schillebeckx, E, Marriage-secular reality and saving mystery Vol: II London 1965, P. 153: ഹാരാർപ്പണശേഷം വരൻെറയും വധുവിൻെറയും കരങ്ങൾ അന്യോന്യം വച്ചുകൊടുക്കുന്നു. ഇതു് വധുവിനെ കൊടുക്കുന്നതിൻെറ മൂർത്ത രൂപമായി മനസ്സിലാക്കിയിരുന്നു. ഈ 'ദാനം' നടത്തിയിരുന്നതു് പിതാവായിരുന്നു, ആദ്യകാലങ്ങളിൽ, പരസ്പരം കൈപിടിക്കുന്നതു് അവരെ ഒന്നാക്കുന്നതുപോലെതന്നെ, അവരെ ദൈവകരങ്ങളിലേൽപ്പിക്കുന്നതിൻെറ ചിഹ്നമായിപ്പോലും കരുതിയിരുന്നു.

44 കൂദാശകൾ (മലങ്കര) op. cit, p. 63.

www.malankaralibrary.com



തന്നെ വിവാഹമെന്ന കൂദാശയുടെ ഔന്നത്യത്തെ അല്ലേ വിളിച്ചറിയിക്കുക:

"ഇതാ ഈ സമയംമുതൽ നിങ്ങളെ പരസ്പരം ഭരമേല്പിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് വൈദികൻ വധൂവരന്മാരുടെ വലതുകൈകൾ തമ്മിൽ പിടിപ്പിക്കുന്നു. വിവാഹത്തിന്റെ ഒരു കർമ്മമെന്ന നിലയിൽ ഏററം മമ്മപ്രധാനമായ ഭാഗമാണിതു്. അന്യോന്യസമർപ്പണം എല്ലാററിനുമുപരി ആന്തരികമാണു്. ആ ആന്തരിക സമർപ്പണം ബാഹ്യമായി പ്രദർശിപ്പിക്കുകയാണു് ഈ കർമ്മത്തിലൂടെ. ദൈവിക പദ്ധതി ഇവരെ സംബന്ധിച്ചുള്ളതു് ഇവിടെ പൂർത്തിയാക്കപ്പെടുന്നു.

"നമ്മുടെ കർത്താവേശുമിശിഹായുടെ വലങ്കൈ" എന്നു പറയുന്നിടത്തു് വധൂവരന്മാർ കരങ്ങൾ വിടുകയും സ്വയം കുരിശുവരയ്ക്കുകയും ചെയ്യുന്നു. സ്ലീബായുടെ തണലിൽ ശരണപ്പെട്ടുകൊണ്ടു് പുകഴ്ചയുടെ ചിഹ്നത്തിൽ തങ്ങളുടെ ജീവിതം ആരംഭിക്കുകയാണു്. ഇവയെത്തുടർന്നു് കന്യക മറിയാമിന്റെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ ശരണപ്പെടുന്നതിനായി ആശംസയാണു്.

വിവാഹാനന്തരം, പ്രസ്തുത കൂദാശയിൽ സംബന്ധിക്കാനെത്തിയിരിക്കുന്ന വിശ്വാസികൾക്കുകൂടി നവീകരണത്തിനും വിചിന്തനത്തിനുമുള്ള അവസരമാണു്. തനിക്കു പ്രിയപ്പെട്ടവരെ പിരിഞ്ഞു ഭർത്താവിനോടു ചേർന്നിരിക്കുന്ന ഭാര്യയെ അവൻ ഭരമേല്ക്കുകയും സ്വന്തം താല്പര്യങ്ങളെക്കാൾ കൂടുതലായി അവളുടെ താല്പര്യങ്ങൾ പരിരക്ഷിക്കയും വേണം. അതുപോലെതന്നെ ഭാര്യ തന്റെ ഭർത്താവിനെ സ്നേഹിക്കുകയും ന്യായമായ എല്ലാക്കാര്യങ്ങളിലും അവനെ അനുസരിക്കയും പരിചരിക്കയും വേണം. അന്യോന്യം സുഖദുഃഖങ്ങൾ പങ്കിട്ടു് പൂർണ്ണവും നിർമ്മലവുമായ സ്നേഹത്തിൽ ഭാര്യാഭർത്താക്കന്മാർ ജീവിക്കണം, എന്നു് ദൈവാലയത്തിൽ കൂടിയിരിക്കുന്ന

www.malankaralibrary.com



എല്ലാ വിവാഹിതരെയും അനുസ്മരിപ്പിക്കുകയും നമ്മുടെ കർത്താവ് അതിനുവേണ്ട കൃപാവരം നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഭാഗ്യവതിയായ കന്യക മറിയാമിന്റെയും സകല വിശുദ്ധരുടെയും പ്രാർത്ഥനാ സഹായങ്ങൾ അപേക്ഷിച്ച് സമാപനാശീർവാദവും നൽകി ശുശ്രൂഷ അവസാനിപ്പിക്കുന്നു. സാധാരണയായി വിശ്വാസപ്രമാണവും ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും കുക്കിലിയോനും ചൊല്ലിയാണ് എല്ലാ ശുശ്രൂഷയും സമാപിക്കുന്നത്.

## രണ്ടാം വിവാഹം:

വധൂവരന്മാരിൽ ഒരാൾ തന്നെയോ, ചിലപ്പോൾ രണ്ടുപേരുമോ പുനർവിവാഹത്തിനു വന്നേക്കാം. രണ്ടുപേരിൽ ഒരാൾ മാത്രം പുനർവിവാഹം ചെയ്യുകയും മറ്റെയാൾക്ക് ആദ്യവിവാഹവും ആണെങ്കിൽ മേൽപ്പറഞ്ഞതുപോലെ എല്ലാ ശുശ്രൂഷകളും നടത്തേണ്ടതുണ്ട്. എന്നാൽ പുനർവിവാഹം ചെയ്യുന്ന ആളിന് മോതിരം വാഴ്ത്തിക്കൊടുക്കുന്നില്ല. ആ ആളിനെ കിരീടം ധരിപ്പിക്കുന്നില്ല.[45] ഹൂദായ കാനൻ പറയുന്നു: "രണ്ടാം വിവാഹത്തിന് പുരുഷന്മാർക്കും സ്ത്രീകൾക്കും മോതിരവാഴ്വോ കിരീടവാഴ്വോ നടത്താതെ അവർക്കുവേണ്ടി പ്രാർത്ഥന മാത്രം നടത്തുന്നു. മൂന്നാം വിവാഹം നിയമാനുസൃതമല്ല. ആകയാൽ അതിനു നിർബന്ധിതരായിത്തീർന്നാൽ നോമ്പ്, ധർമ്മം ആദിയായ പ്രായശ്ചിത്തങ്ങൾ നിശ്ചയിച്ചശേഷം അവർക്കുവേണ്ടിയുള്ള പ്രാർത്ഥന നടത്തിക്കൊള്ളണം.[46]

വധൂവരന്മാർ ഇരുവരും പുനർവിവാഹത്തിൽ ഏർപ്പെടുകയാണെങ്കിൽ, പുനർവിവാഹത്തിന്റെ പ്രത്യേക

---

45 വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം, op, cit, P. 90
46 ഹൂദായ കാനോൻ op, cit, P. 136

www.malankaralibrary.com



ശുശ്രൂഷ നടത്തുന്നു. മോതിരവും കിരീടവും ഉപയോഗി ക്കുന്നില്ല. പിന്നയോ താലിയും മന്ത്രകോടിയും മാത്രം മതിയാവും. 47

## ഉപസംഹാരം:

വിവാഹമെന്ന കൂദാശയുടെ ആന്തരിക ഘടനയും അതിന്റെ ചുരുങ്ങിയ വിവരണവുമാണ് മുകളിൽ കണ്ടത്. വിവാഹത്തിന്റെ പ്രസക്തിയെക്കുറിച്ച് സംശയി ക്കുന്നവരുണ്ടാകാം. എങ്കിലും ഇത്രമാത്രം പ്രാധാന്യമർ ഹിക്കുന്ന കർമ്മം ഏതു സമൂഹത്തിലായാലും ഉണ്ടെന്നു തോന്നുന്നില്ല. ക്രൈസ്തവ വിവാഹത്തിന് ഒരു കൂദാശ യെന്ന നിലയിൽ വലിയ പ്രാധാന്യമുണ്ട്. പൗരസ്ത്യ സഭകളിൽ പാശ്ചാത്യരെ അപേക്ഷിച്ച് മൂന്നു കാര്യങ്ങൾ വിവാഹത്തോടുള്ള സമീപനത്തിൽ പ്രാധാന്യമർഹിക്കു ന്നു. 48 1. നിശ്ചയിക്കപ്പെട്ട വിവാഹത്തിന്റെ അഭേ ദ്യത. 2. വിജാതിയരുടെ വിവാഹത്തിൽ അവരുടെ പുരോഹിതനു നൽകിയിരിക്കുന്നത്ര പ്രാധാന്യം പൗര സ്ത്യ വിവാഹത്തിലും കാണുന്നു. 3. ആരംഭകാലം മു തൽ വിവാഹത്തിനു നൽകിയിരുന്ന ദൈവശാസ്ത്രപര വും രഹസ്യാത്മക(mystery)വുമായ അടിസ്ഥാനം. മല ങ്കരസഭയിൽ വിവാഹത്തിനു നൽകിവരുന്ന സ്ഥാനം, അതിനോടുള്ള ഗൗരവാവഹമായ സമീപനം തീർച്ചയാ യും ശ്ലാഘനീയമാണ്. അവിടെ കുടുംബ ബന്ധങ്ങൾ ശക്തമാണ്, ക്രൈസ്തവ ജീവിതം ഉദാത്തമാണ്, ഭവന ങ്ങൾ വിശ്വാസ ജീവിതത്തിന്റെ തികഞ്ഞ മാതൃക കളാണ്. ഇതിനെല്ലാം മുഖ്യകാരണം അതിലെ പൂർവ്വി കർക്കും വിശ്വാസികൾക്കും വിവാഹത്തോടുള്ള ശരിയായ വീക്ഷണം തന്നെ.

---

47 വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം, op. cit, P. 90

48 Schillebeckx, E, op, cit, P. 164

www.malankaralibrary.com

## Selected Bibliography

Assemanus, J. A., Codex Liturgicus, Rome (MDCCLI)

Baumstark, A., Geschichte der Syrischen Literatur, Bonn, 1922

Chabot, J. B., Litterature Syriaque, Paris, 1934

Codrington, W., The Syrian Liturgies of the presanctified, Journal of Theological Studies, IV, I, (1902/3) p. 69ff; V, I (1904), p. 369ff

Connolly, R. H. & Codrington, W., Two Commentaries on the Jacob Liturgy, by George, Bishop of the Arab Tribes and Moses Bar Kepha, London, 1913

De Clercq, C., Ordre, Mariage, Extreme-onction, Paris, 1939

Denzinger, H., Ritus Orientalium, Austria (1961)

Elenjkal, M., Baptism in the Malankara Church, Bangalore 1974

Gordillo, M., Compendium Theologie Orientalis, Rome, ed. II, 1939

Hanssens, J. M., Institutiones Liturgicae de Ritibus Orientalibus, Romae, t. II, 1930; t. III, 1932

Jugie, M., Theologia dogmatica Christianorum Or. al. Eccl. Cath. dissidentium Paris, t. v, 1935

www.malankaralibrary.com



Mingnana A., Commentary of Theodore of Mospuestia on the Lord's Prayer and on the Sacrament of Baptism and the Eucharist, Cambridge, 1933

Rahmani, I.E., Studia Syriaca, Charfet, 1904ff

,, ,, Les Liturgies orientales et occidentales etudiees separement et comparees entre elles, Beirut, 1929

Wilhelm De Vries, S. J. Sacramenten Theologie bei den Syrischen Monophysiten, Or. Chri. A., (125), Roma, 1940

